# പതിനാലാം കേരള നിയമസഭ
# (FOURTEENTH KERALA LEGISLATIVE ASSEMBLY)

## സബ്ജക്ട് കമ്മിറ്റി VII
## (SUBJECT COMMITTEE VII)

## വിദ്യുച്ഛക്തിയും തൊഴിലും തൊഴിലാളിക്ഷേമവും
## (3LECTRICITY, LABOUR AND LABOUR WELFARE)

**ആനുകാലിക റിപ്പോർട്ട്**

**(2016 ഏപ്രിൽ 1 മുതൽ 2017 മാർച്ച് 31 വരെയുള്ളത്)**

**(PERIODICAL REPORT FROM 1ST APRIL 2016 TO 31ST MARCH 2017)**

കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 239(1) പ്രകാരമുള്ളത്

[Under Rule 239(1) of the Rules of Procedure and Conduct of Business in the Kerala Legislative Assembly]

2017 ആഗസ്റ്റ് 22-ാം തീയതി സമർപ്പിച്ചത്
(Presented on August 22, 2017)

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2017

SECRETARIAT OF THE KERALA LEGISLATURE
THIRUVANANTHAPURAM
2017

പതിനാലാം കേരള നിയമസഭ
(FOURTEENTH KERALA LEGISLATIVE ASSEMBLY)

# സബ്ജക്ട് കമ്മിറ്റി VII
# (SUBJECT COMMITTEE VII)

# വിദ്യുച്ഛക്തിയും തൊഴിലും തൊഴിലാളിക്ഷേമവും
# (ELECTRICITY, LABOUR AND LABOUR WELFARE)

ആനുകാലിക റിപ്പോർട്ട്
2016 ഏപ്രിൽ 1 മുതൽ 2017 മാർച്ച് 31 വരെയുള്ളത്

(PERIODICAL REPORT FROM 1ST APRIL 2016 TO
31ST MARCH 2017)

കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച
ചട്ടങ്ങളിലെ ചട്ടം 239(1) പ്രകാരമുള്ളത്

[Under Rule 239(1) of the Rules of Procedure and Conduct of Business
in the Kerala Legislative Assembly]

1189/2017.

# ഉള്ളടക്കം


| | | പേജ് |
|---|---|---|
| സമിതിയുടെ ഘടന | .. | v |
| അവതാരിക | .. | vii |
| റിപ്പോർട്ട് | .. | 1 |
| അനുബന്ധം I | .. | 56 |
| അനുബന്ധം II | .. | 69 |

# സബ്ജക്ട് കമ്മിറ്റി VII
## (വിദ്യുച്ഛക്തിയും തൊഴിലും തൊഴിലാളിക്ഷേമവും)
## (2016-2018)

### ഘടന

ചെയർമാൻ :

ശ്രീ. റ്റി. പി. രാമകൃഷ്ണൻ,
തൊഴിലും എക്സൈസും വകുപ്പുമന്ത്രി.

എക്സ്-ഒഫീഷ്യോ അംഗം :

ശ്രീ. എം. എം. മണി,*
വൈദ്യുതി വകുപ്പുമന്ത്രി.

അംഗങ്ങൾ :

ശ്രീമതി ഇ. എസ്. ബിജിമോൾ, എം.എൽ.എ.
ശ്രീ. കെ. ദാസൻ, ,,
ശ്രീ. ടി. വി. ഇബ്രാഹിം, ,,
ശ്രീ. എം. രാജഗോപാലൻ, ,,
ശ്രീ. വി. പി. സജീന്ദ്രൻ, ,,
ശ്രീ. തോമസ് ചാണ്ടി ** ,,
ശ്രീ. പി. ഉണ്ണി, ,,
ശ്രീമതി വീണാ ജോർജ്ജ്, ,,

നിയമസഭാ സെക്രട്ടേറിയറ്റ് :

ശ്രീ. വി. കെ. ബാബുപ്രകാശ്, സെക്രട്ടറി

ശ്രീ. എസ്. പ്രസന്നകുമാർ, അഡീഷണൽ സെക്രട്ടറി

ശ്രീമതി എസ്. ജയശ്രീ, ഡെപ്യൂട്ടി സെക്രട്ടറി

ശ്രീമതി ജയശ്രീ എം, അണ്ടർ സെക്രട്ടറി.

---

* ശ്രീ. കടകംപള്ളി സുരേന്ദ്രനു പകരം 17-12-2016-ലെ ബുള്ളറ്റിൻ ഭാഗം-2 പ്രകാരം എക്സ്-ഒഫീഷ്യോ അംഗമായി നിയമിതനായി.

** ശ്രീ. തോമസ് ചാണ്ടി, എം.എൽ.എ ഗതാഗത വകുപ്പുമന്ത്രിയായി സ്ഥാനമേറ്റതിനാൽ 1-4-2017 പ്രാബല്യത്തിൽ അംഗത്വം രാജിവച്ചു (ബുള്ളറ്റിൻ പാർട്ട്-2 നമ്പർ 197 തീയതി 18-4-2017)

# അവതാരിക

വിദ്യുച്ഛക്തിയും തൊഴിലും തൊഴിലാളിക്ഷേമവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VII-ന്റെ 2016 ഏപ്രിൽ 1 മുതൽ 2017 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ട്, കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 239-ാം ചട്ടത്തിന്റെ (1)-ാം ഉപചട്ടം അനുസരിച്ച് ഞാൻ സമർപ്പിക്കുന്നു.

പതിമൂന്നാം കേരള നിയമസഭയുടെ 2016 ജൂലൈ 7-ാം തീയതിയിലെ 26-ാം നമ്പർ ബുള്ളറ്റിൻ-ഭാഗം 2 പ്രകാരം രൂപീകരിച്ച 2016-18 കാലയളവിലേയ്ക്കുള്ള വിദ്യുച്ഛക്തിയും തൊഴിലും തൊഴിലാളിക്ഷേമവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VII, 2016 ഏപ്രിൽ 1 മുതൽ 2017 മാർച്ച് 31 വരെയുള്ള കാലയളവിൽ പരിഗണിച്ച വിഷയങ്ങളാണ് ഈ റിപ്പോർട്ടിൽ ഉൾക്കൊള്ളിച്ചിരിക്കുന്നത്.

റിപ്പോർട്ട് കാലയളവിൽ സമിതി 26-7-2016, 4-8-2016, 11-8-2016, 31-8-2016, 18-10-2016, 28-12-2016, 3-2-2017, 10-2-2017, 13-3-2017, 27-3-2017 എന്നീ തീയതികളിലായി ആകെ 10 യോഗങ്ങൾ ചേരുകയുണ്ടായി. ഇവയിൽ 26-7-2016, 4-8-2016 തീയതികളിൽ 2016-17 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധനയ്ക്കായും, 11-8-2016-ന് പ്രസ്തുത ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ടിന്റെ കരട് പരിഗണിക്കുന്നതിനുമായാണ് യോഗം ചേർന്നത്. 31-8-2016, 10-2-2017 തീയതികളിൽ സമിതിയുടെ വിവിധ റിപ്പോർട്ടുകളിലെ ശിപാർശകളിന്മേലുള്ള നടപടി സ്റ്റേറ്റ്മെന്റുകൾ പരിഗണിക്കുവാനും, 18-10-2016-ന് 2015-16 സാമ്പത്തികവർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ടിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടിന്റെ കരട് പരിഗണിക്കുവാനും സമിതി യോഗം ചേർന്നു. ഇതര സംസ്ഥാന തൊഴിലാളികളുടെ ആരോഗ്യ/പാർപ്പിട/സുരക്ഷാ പ്രശ്നങ്ങൾ, രജിസ്ട്രേഷൻ എന്നീ വിഷയങ്ങൾ ചർച്ച ചെയ്യുവാൻ 28-12-2016-നും, നഗരങ്ങളിലെ അസംഘടിതരായ ദരിദ്ര തൊഴിലാളി കൾക്കുള്ള ചെലവുകുറഞ്ഞ ഭവന നിർമ്മാണവും പ്ലാന്റേഷൻ പുനരധിവാസപദ്ധതിയും എന്ന വിഷയം പരിഗണിക്കുവാൻ 3-2-2017-നും ചട്ടം 235(1)(iii) പ്രകാരം സമിതി യോഗം ചേർന്നു.

13-3-2017-ലെ യോഗത്തിൽ 2016-ലെ വ്യാവസായിക തർക്കങ്ങൾ (കേരള ഭേദഗതി) ബിൽ, 2016-ലെ ഏറ്റവും കുറഞ്ഞ കൂലി (കേരള ഭേദഗതി) ബിൽ, 2016-ലെ കേരള ഷോപ്പ്സ് ആന്റ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ എന്നിവ പരിഗണിക്കുകയും 14-3-2017-ൽ പ്രസ്തുത ബില്ലുകളെ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടുകൾ സഭയിൽ സമർപ്പിക്കുകയും ചെയ്തു. 27-3-2017-ന് 2017-18 സാമ്പത്തികവർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധനയ്ക്കായി സമിതി യോഗം ചേർന്നു. സമിതി യോഗങ്ങളിൽ അംഗങ്ങളുടെ ഹാജർ നില 61% ആയിരുന്നു.

ഈ റിപ്പോർട്ട് അഞ്ച് ഭാഗങ്ങളായിട്ടാണ് തയ്യാറാക്കിയിരിക്കുന്നത്. ഒന്നാം ഭാഗത്തിൽ സഭയിൽ സമർപ്പിച്ച റിപ്പോർട്ടുകളെ സംബന്ധിച്ച വിവരങ്ങളും രണ്ടാം ഭാഗത്തിൽ സമിതി പരിഗണിച്ച ബില്ലുകൾ, കരട് ചട്ടങ്ങൾ, എസ്.ആർ.ഒ-കൾ എന്നിവയുടെ വിശദാംശങ്ങളും മൂന്നാം ഭാഗത്തിൽ ചട്ടം 235 (1) (iii) അനുസരിച്ച് ചേർന്ന യോഗങ്ങളുടെ വിവരങ്ങളും ഉൾപ്പെടുത്തിയിരിക്കുന്നു. നാലാം ഭാഗത്തിൽ കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടം 236(5) പ്രകാരം സഭയിൽ സമർപ്പിച്ച ഡിലേ സ്റ്റേറ്റ്മെന്റുകൾ, ചട്ടം 236(6)പ്രകാരം സഭയിൽ സമർപ്പിച്ച വിവിധ വകുപ്പുകളുടെ വാർഷിക പ്രവർത്തന റിപ്പോർട്ടുകൾ എന്നിവയുടെ വിവരങ്ങളും അഞ്ചാം ഭാഗത്തിൽ സമിതിയുടെ വിവിധ റിപ്പോർട്ടുകളിലെ ശിപാർശകളും, ആയതിന്മേൽ സർക്കാർ സ്വീകരിച്ച നടപടി സംബന്ധിച്ച സ്റ്റേറ്റ്മെന്റുകളും ചേർത്തിരിക്കുന്നു. സമിതിയുടെ യോഗനടപടിക്കുറിപ്പുകൾ അനുബന്ധം II ആയി ഉൾക്കൊള്ളിച്ചിരിക്കുന്നു.

2017 ആഗസ്റ്റ് മാസം 17-ാം തീയതി ചേർന്ന യോഗത്തിൽ ഈ റിപ്പോർട്ട് സമിതി അംഗീകരിച്ചു.

ടി. പി. രാമകൃഷ്ണൻ,
*ചെയർമാൻ,*
*സബ്ജക്ട് കമ്മിറ്റി VII.*

തിരുവനന്തപുരം,
2017 ആഗസ്റ്റ് 17.

# റിപ്പോർട്ട്

## ഭാഗം 1

2016-17 കാലയളവിൽ സബ്ജക്ട് കമ്മിറ്റി - VII
സഭയിൽ സമർപ്പിച്ച റിപ്പോർട്ടുകൾ

| | |
|---|---|
| 1 | 2016-17 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ട് 26.09.2016-ൽ സമർപ്പിച്ചു. |
| 2 | 2015-2016 സാമ്പത്തികവർഷത്തെ ധനാഭ്യർത്ഥനകളുടെപരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട് 19.10.2016-ൽ സമർപ്പിച്ചു. |
| 3 | 2015 ഏപ്രിൽ 1 മുതൽ 2016 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ട് 19.10.2016-ൽ സമർപ്പിച്ചു. |
| 4 | 2016-ലെ കേരള ഷോപ്പ്സ് ആന്റ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ സംബന്ധിച്ച റിപ്പോർട്ട് 14.03.2017-ൽ സഭയിൽ സമർപ്പിച്ചു |
| 5 | 2016-ലെ ഏറ്റവും കുറഞ്ഞ കൂലി (കേരള ഭേദഗതി) ബിൽ സംബന്ധിച്ച റിപ്പോർട്ട് 14.03.2017-ൽ സഭയിൽ സമർപ്പിച്ചു |
| 6 | 2016-ലെ വ്യാവസായിക തർക്കങ്ങൾ (കേരള ഭേദഗതി) ബിൽ സംബന്ധിച്ച റിപ്പോർട്ട് 14.03.2017-ൽ സഭയിൽ സമർപ്പിച്ചു. |

## ഭാഗം 2

(എ) 2016-17 കാലയളവിൽ സബ്ജക്ട് കമ്മിറ്റി - VII
പരിശോധിച്ച ബില്ലുകൾ.

| | |
|---|---|
| 1 | 2016-ലെ കേരള ഷോപ്പ്സ് ആന്റ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ പരിഗണിക്കുകയും ഭേദഗതികളോടെ അംഗീകരിക്കുകയും ചെയ്തു |
| 2 | 2016-ലെ ഏറ്റവും കുറഞ്ഞ കൂലി (കേരള ഭേദഗതി) ബിൽ പരിഗണിക്കുകയും ഭേദഗതികളോടെ അംഗീകരിക്കുകയും ചെയ്തു |
| 3 | 2016-ലെ വ്യാവസായിക തർക്കങ്ങൾ (കേരള ഭേദഗതി) ബിൽ പരിഗണിക്കുകയും ഭേദഗതികളോടെ അംഗീകരിക്കുകയും ചെയ്തു |

(ബി) കരട് ചട്ടങ്ങളുടെ പരിശോധന

ഇൻഷ്വറൻസ് മെഡിക്കൽ സർവ്വീസസ് (അമെന്റ്മെന്റ്) സ്പെഷ്യൽ റൂൾസ്, 2014-ൽ ആയുർവേദ സ്റ്റാഫ് നഴ്സ് തസ്തികയുടെ വിദ്യാഭ്യാസ യോഗ്യതയിൽ വരുത്തിയ തിരുത്തൽ സംബന്ധിച്ച വിജ്ഞാപനത്തിന്റെ കരട് 10.02.2017-ൽ ചേർന്ന യോഗം പരിഗണിക്കുകയും ഭേദഗതികളില്ലാതെ അംഗീകരിക്കുകയും ചെയ്തു.

## ഭാഗം 3

ചട്ടം 235 (1)(iii) പ്രകാരമുള്ള ചർച്ച

(i) കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 235 (1)(iii) പ്രകാരം ഇതര സംസ്ഥാന തൊഴിലാളികളുടെ ആരോഗ്യ/പാർപ്പിട/സുരക്ഷാ പ്രശ്നങ്ങൾ, രജിസ്ട്രേഷൻ എന്നീ വിഷയങ്ങൾ ചർച്ച ചെയ്യുന്നതിനായി 28.12.2016-ൽ യോഗം ചേർന്നു.

(ii) കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 235 (1)(iii) പ്രകാരം നഗരങ്ങളിലെ അസംഘടിതരായ ദരിദ്ര തൊഴിലാളികൾക്കുള്ള ചെലവുകുറഞ്ഞ ഭവനനിർമ്മാണവും, പ്ലാന്റേഷൻ പുനരധിവാസ പദ്ധതിയും എന്ന വിഷയം ചർച്ച ചെയ്യുന്നതിനായി 03.02.2017-ൽ യോഗം ചേർന്നു.

## ഭാഗം 4

1. **കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 236(5) പ്രകാരം സഭയിൽ സമർപ്പിച്ച ഡിലേ സ്റ്റേറ്റ്മെന്റുകൾ**

(1) വിദ്യുച്ഛക്തിയും തൊഴിലും തൊഴിലാളിക്ഷേമവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VII-ന്റെ 2014-15 സാമ്പത്തികവർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന

സംബന്ധിച്ച നാലാമത് റിപ്പോർട്ടിലെ ഖണ്ഡിക 33, 35, 44, 47 എന്നിവയിലെ ശിപാർശയിന്മേലുള്ള നടപടി സ്റ്റേറ്റ്മെന്റുകൾ സമിതിക്ക് സമർപ്പിക്കുന്നതിന് കാലതാമസം നേരിട്ടതിനുള്ള കാരണം കാണിക്കുന്ന സ്റ്റേറ്റ്മെന്റ് 12.07.2016-ന് സഭയിൽ സമർപ്പിച്ചു.

(2) 2014-2015 സാമ്പത്തികവർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ടിലെ ഖണ്ഡിക 51, 52, 53, 54, 55, 56, 57, 58, 59, 60, 61, 62 എന്നിവയിലെ ശിപാർശയിന്മേലുള്ള നടപടി സ്റ്റേറ്റ്മെന്റുകൾ സമിതിക്ക് സമർപ്പിക്കുന്നതിന് കാലതാമസം നേരിട്ടതിനുള്ള കാരണം കാണിക്കുന്ന സ്റ്റേറ്റ്മെന്റ് 17.10.2016-ന് സഭയിൽ സമർപ്പിച്ചു.

(3) 2014-2015 സാമ്പത്തികവർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ടിലെ ഖണ്ഡിക 5, 6, 7, 8, 9, 10, 11, 12 ,13, 14, 15, 16, 17, 18, 19, 20, 21, 22, 23, 24, 25 എന്നിവയിലെ ശിപാർശയിന്മേലുള്ള നടപടി സ്റ്റേറ്റ്മെന്റുകൾ സമിതിക്ക് സമർപ്പിക്കുന്നതിന് കാലതാമസം നേരിട്ടതിനുള്ള കാരണം കാണിക്കുന്ന സ്റ്റേറ്റ്മെന്റ് 08.11.2016-ന് സഭയിൽ സമർപ്പിച്ചു.

## 2. കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളടങ്ങിയ ചട്ടം 236 (6) പ്രകാരം സഭയിൽ സമർപ്പിച്ച വാർഷിക പ്രവർത്തന റിപ്പോർട്ടുകൾ

(1) 'XXXIX - വൈദ്യുത പദ്ധതികൾ' എന്ന ധനാഭ്യർത്ഥനയ്ക്ക് കീഴിൽ, 2014-15 സാമ്പത്തിക വർഷം എനർജി മാനേജ്മെന്റ് സെന്റർ എന്ന സ്ഥാപനത്തിന്റെയും, 2015-16 സാമ്പത്തിക വർഷം എനർജി മാനേജ്മെന്റ് സെന്റർ, ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ് എന്നീ സ്ഥാപനങ്ങളുടെയും ബഡ്ജറ്റ് വിഹിതം ചെലവഴിച്ചത് സംബന്ധിച്ച വാർഷിക പ്രവർത്തന റിപ്പോർട്ടുകൾ 19.10.2016-ന് സഭയിൽ സമർപ്പിച്ചു.

(2) 2014-15 സാമ്പത്തിക വർഷം 'XXXIX – വൈദ്യുത പദ്ധതികൾ' എന്ന ധനാഭ്യർത്ഥനയ്ക്ക് കീഴിൽ കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് എന്ന സ്ഥാപനത്തിന്റെ ബഡ്ജറ്റ് വിഹിതം ചെലവഴിച്ചത് സംബന്ധിച്ച വാർഷിക പ്രവർത്തന റിപ്പോർട്ട് 08.11.2016-ന് സഭയിൽ സമർപ്പിച്ചു.

(3) 2010-11, 2014-15 എന്നീ സാമ്പത്തികവർഷങ്ങളിലെ 'XVIII- തൊഴിലും തൊഴിലാളിക്ഷേമവും പ്രവാസിക്ഷേമവും' എന്ന ധനാഭ്യർത്ഥനയ്ക്ക് കീഴിൽ വരുന്ന തൊഴിൽ കോടതികൾ, ഇൻഡസ്ട്രിയൽ ട്രിബ്യൂണലുകൾ, കിലെ എന്നീ സ്ഥാപനങ്ങൾ ബഡ്ജറ്റ് വിഹിതം ചെലവഴിച്ചത് സംബന്ധിച്ച വാർഷിക പ്രവർത്തന റിപ്പോർട്ടുകൾ 9-3-2017-ന് സഭയിൽ സമർപ്പിച്ചു.

## ഭാഗം 5

ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച സമിതിയുടെ താഴെപ്പറയുന്ന വിവിധ റിപ്പോർട്ടുകളിലെ ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികളുടെ സ്റ്റേറ്റ്മെന്റ് സമിതി പരിശോധിക്കുകയും അംഗീകരിക്കുകയും ചെയ്തു.

1. <u>2009-10-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ട്</u>

<u>ശിപാർശ</u>

2230-03-800-92- <u>പട്ടികജാതി പട്ടികവർഗ്ഗക്കാർക്ക് പരിശീലനവും നിർദ്ദേശങ്ങളും നൽകാൻ കേന്ദ്രം സ്ഥാപിക്കൽ</u>

2009-10 സാമ്പത്തികവർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ടിലെ പട്ടികജാതി/പട്ടികവർഗ്ഗ ഉദ്യോഗാർത്ഥികൾക്കായി മത്സരപരീക്ഷകളിൽ പങ്കെടുക്കുന്നതിനുള്ള കോച്ചിംഗ് ക്ലാസ്സുകൾ നടത്തുന്നതിന് അധിക തുക അനുവദിക്കുന്നത് സംബന്ധിച്ച ഖണ്ഡിക

നമ്പർ 54-ലെ ശിപാർശയിന്മേൽ സർക്കാർ സ്വീകരിച്ച നടപടി സംബന്ധിച്ച സ്റ്റേറ്റ്മെന്റ് 21.10.2014-ലെ യോഗത്തിൽ പരിഗണിക്കവെ സമിതി നൽകിയ അധിക നിർദ്ദേശവും ആയതിനുള്ള മറുപടിയും ചുവടെ ചേർക്കുന്നു:

അധിക നിർദ്ദേശം

2009-10 സാമ്പത്തികവർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ടിലെ 54-ാം ഖണ്ഡികയിലെ ശിപാർശ പരിശോധിച്ച വിഷയനിർണ്ണയസമിതിയുടെ 21.10.2014-ലെ യോഗം പട്ടികജാതി പട്ടികവർഗ്ഗ വകുപ്പിന് ഫണ്ട് ഉണ്ടാകുവാൻ സാദ്ധ്യതയുള്ളതിനാൽ ടി വകുപ്പിന്റെ സഹകരണത്തോടെ പ്രസ്തുത ശിപാർശ നടപ്പിലാക്കുവാൻ സാധിക്കുമോ എന്ന് പരിശോധിക്കുവാൻ നിർദ്ദേശിച്ചിരുന്നു.

(ഖണ്ഡിക 54)

അധികനിർദ്ദേശത്തിനുള്ള മറുപടി

'2230-03-800-92' എന്ന ശീർഷകം തൊഴിൽ വകുപ്പുമായി ബന്ധപ്പെട്ടതായതിനാലും പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് മത്സര പരീക്ഷകളിൽ പങ്കെടുക്കുന്നതിന് പരിശീലന പരിപാടികൾ വകുപ്പ് നേരിട്ട് നടപ്പിലാക്കുന്നതിനാലും ഈ ആവശ്യത്തിന് പട്ടിക വർഗ്ഗ വികസന വകുപ്പിൽനിന്നും ഫണ്ട് അനുവദിക്കുവാൻ നിർവ്വാഹമില്ല എന്ന് പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് അറിയിച്ചിട്ടുള്ള വിവരം സമിതി മുമ്പാകെ ബോധിപ്പിക്കുന്നു.

2. 2013-14-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ട്

ശിപാർശ

2230-01-102-99- വ്യവസായശാല ഡയറക്ടറാഫീസ്

21(1)- മോട്ടോർ വാഹനങ്ങൾ - വാഹനം വാങ്ങൽ

2013-14 സാമ്പത്തികവർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ടിലെ, വ്യവസായശാലാ ഡയറക്ടറാഫീസിൽ 2

വാഹനങ്ങൾ വാങ്ങുന്നതിന് അധിക തുക അനുവദിക്കുന്നതു സംബന്ധിച്ച ഖണ്ഡിക നമ്പർ 13-ലെ ശിപാർശയിന്മേൽ സർക്കാർ സ്വീകരിച്ച നടപടി സംബന്ധിച്ച സ്റ്റേറ്റ്മെന്റ് 11.02.2015-ലെ യോഗത്തിൽ പരിഗണിക്കവെ സമിതി നൽകിയ അധിക നിർദ്ദേശവും ആയതിനുള്ള മറുപടിയും ചുവടെ ചേർക്കുന്നു:

<u>അധിക നിർദ്ദേശം</u>

വ്യവസായശാല ഡയറക്ടറാഫീസിന് വാങ്ങുവാൻ അനുമതി ലഭിച്ച 2 വാഹനങ്ങൾ വാങ്ങുന്നതിന് '2230-01-102-99-വ്യവസായശാല ഡയറക്ടറാഫീസ്' എന്ന ശീർഷകത്തിൽ 19.99 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 13)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

വ്യവസായശാല ഡയറക്ടറാഫീസിന് വാഹനങ്ങൾ വാങ്ങുന്നതിന് '2230-01-102-99' ശീർഷകത്തിൽ അധികമായി 19.99 ലക്ഷം രൂപ വകയിരുത്തണമെന്ന ശിപാർശ ധനകാര്യ വകുപ്പ് അംഗീകരിച്ചിട്ടില്ല.

3. <u>2014-15 -ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ട്</u>

<u>ശിപാർശ</u>

2230-01-103-59- <u>പീടിക വാണിജ്യ സ്ഥാപന തൊഴിലാളി ക്ഷേമനിധി ബോർഡ്</u>

കേരള ഷോപ്പ് ആന്റ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് തൊഴിലാളി ക്ഷേമ നിധിയിലെ ഓരോ അംഗവും അടയ്ക്കുന്ന വിഹിതത്തിന്റെ 25% സർക്കാർ ഗ്രാന്റായി ബോർഡിന് ലഭിക്കേണ്ടതാണ്. ഈയിനത്തിൽ 2007-08 മുതൽ 2013– 14 വരെയുള്ള കുടിശ്ശികയായ 175 ലക്ഷം രൂപയും, 2014-15 വർഷം ബോർഡ്

പ്രതീക്ഷിക്കുന്ന തൊഴിലാളി വിഹിതത്തിന്റെ 25% വരുന്ന തുകയും ഉൾപ്പെടെ 663 ലക്ഷം രൂപ സർക്കാർ ഗ്രാന്റായി അനുവദിക്കേണ്ട സാഹചര്യത്തിൽ 2014-15-ലെ ബഡ്ജറ്റ് വിഹിതത്തിനു പുറമെ 513 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 42)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

2014-15 സാമ്പത്തിക വർഷമാണ് 513 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് വിഷയനിർണ്ണയ സമിതി ശിപാർശ ചെയ്തത്. ബഡ്ജറ്റ് വിഹിതം വിനിയോഗിച്ചതിനുശേഷം ഭരണാനുമതി ഉൾപ്പെടെയുള്ള വിശദാംശങ്ങൾ സഹിതം ഭരണവകുപ്പ് ശിപാർശ ലഭ്യമാക്കുന്നമുറയ്ക്ക് ഉചിതമാർഗ്ഗത്തിലൂടെ അധിക തുക അനുവദിക്കുന്ന കാര്യം പരിഗണിക്കുന്നതാണെന്ന് ബഹു. ധനകാര്യ വകുപ്പ് മന്ത്രി നിയമസഭയിൽ പ്രസ്താവിച്ചിരുന്നു. 2014-15 സാമ്പത്തികവർഷം കേരള ഷോപ്പ്സ് ആന്റ് കൊമേഴ്ഷ്യൽ എസ്റ്റാബ്ലിഷ്മെന്റ് തൊഴിലാളി ക്ഷേമനിധി ബോർഡിന് '2230-01-103-59-10(NP)'-ൽ വകയിരുത്തിയിട്ടുണ്ടായിരുന്ന 150 ലക്ഷം രൂപ റിലീസ് ചെയ്ത് കൊടുക്കുന്നതിനുള്ള അനുമതി നൽകുകയുണ്ടായി. അംശദാനം സംബന്ധിച്ച വ്യവസ്ഥകൾക്കനുസൃതമായി ഉചിത മാർഗ്ഗത്തിലൂടെ അധിക വിഹിതം അനുവദിക്കുന്ന കാര്യം പരിഗണിക്കാവുന്നതാണെന്ന് ഭരണ വകുപ്പിനെ അറിയിച്ചിരുന്നു. തുടർന്ന് 2015-16 സാമ്പത്തികവർഷത്തെ സബ്ജക്ട് കമ്മിറ്റി ശിപാർശയിൽ മാച്ചിംഗ് ഗ്രാന്റ് കുടിശ്ശികയിനത്തിൽ 524 ലക്ഷം രൂപ അധിക തുകയായി അനുവദിക്കണമെന്ന വിഷയം കൈകാര്യം ചെയ്തിട്ടുള്ളതിനാലും സാമ്പത്തികവർഷത്തെ അവസാന SDG കഴിഞ്ഞതിനാലും, 2014-15 സാമ്പത്തികവർഷം 513 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന ശിപാർശ അനുവദിക്കാനാവില്ല എന്ന് ഭരണവകുപ്പിനെ അറിയിച്ചിരുന്നു.

ശിപാർശ

2230-01-103-34-കേരള ഓട്ടോമൊബൈൽ തൊഴിലാളി ക്ഷേമനിധി പദ്ധതി

ഈ ശീർഷകത്തിൽ അനുവദിച്ചിരുന്ന തുക അപര്യാപ്തമായതിനാൽ 1 ലക്ഷം രൂപ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 47)

സർക്കാർ സ്വീകരിച്ച നടപടി

സമിതിയുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ തുക അനുവദിക്കുന്നത് സംബന്ധിച്ച് ധനകാര്യ വകുപ്പിന്റെ അനുമതി തേടിയിരുന്നുവെങ്കിലും 2014-15 സാമ്പത്തികവർഷത്തിൽ ഇതിന്മേൽ തുകയൊന്നും അനുവദിച്ചു നൽകിയിരുന്നില്ല. തുടർന്ന്, കേരള ഓട്ടോമൊബൈൽ തൊഴിലാളി ക്ഷേമനിധി ബോർഡിന് '2230-01-103-34-10(NP)' എന്ന ശീർഷകത്തിൽ 2015-16 സാമ്പത്തിക വർഷത്തിൽ വകയിരുത്തിയിരുന്ന ഒരു ലക്ഷം രൂപ ചെലവഴിക്കുന്നതിന് ധനകാര്യ വകുപ്പ് അനുമതി നൽകുകയും ടി തുക ചെലവഴിക്കുന്നതിന് ലേബർ കമ്മീഷണർക്ക് അനുമതി നൽകി 11.12.2015-ലെ സ.ഉ.(സാധാ)നം.1682/15/തൊഴിൽ പ്രകാരം ഉത്തരവായിട്ടുണ്ടെന്ന വിവരം സമിതിയെ അറിയിക്കുന്നു.

ശിപാർശ

2230-02-001-99-എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ

01-4-മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ്

2013-14 സാമ്പത്തികവർഷം വകയിരുത്തിയ 10 ലക്ഷം രൂപ അപര്യാപ്തമായതിനാൽ എല്ലാ എം.ആർ.ഐ ക്ലെയിമുകളും അനുവദിക്കുവാൻ സാധിച്ചിട്ടില്ല. കഴിഞ്ഞ വർഷത്തെ ക്ലെയിം ഉൾപ്പെടെ നൽകുവാൻ 2014-15 സാമ്പത്തികവർഷം വകയിരുത്തിയ തുക പര്യാപ്തമല്ലാത്തതിനാൽ, ഈ ശീർഷകത്തിൽ 10 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 51)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

2014-15 സാമ്പത്തികവർഷത്തിൽ എംപ്ലോയ്മെന്റ് ഡയറക്ടർ യുക്തമായ ധനപുനർവിനിയോഗ നിർദ്ദേശം സമർപ്പിച്ചിട്ടില്ലാത്തതിനാൽ അധിക സഹായം അനുവദിക്കുവാൻ കഴിഞ്ഞിട്ടില്ല.

<u>ശിപാർശ</u>

04-1-<u>യാത്രാചെലവുകൾ-യാത്രാബത്ത</u>

2013-14 വർഷത്തെ യാത്രാപ്പടി ഉൾപ്പെടെ നിരവധി അപേക്ഷകൾ തീർപ്പാക്കാനുള്ളതിനാൽ 2014-15 വർഷം അനുവദിച്ചിട്ടുള്ള തുകയ്ക്കുപുറമെ 10 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 52)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

29.01.2015-ലെ സ.ഉ. (സാധാ) നം. 682/15/ധന. പ്രകാരം 2,00,000 രൂപ അനുവദിച്ചിട്ടുണ്ട്.

<u>ശിപാർശ</u>

04-4-<u>യാത്രാചെലവുകൾ-അവധി യാത്രാനുകൂല്യം</u>

15 വർഷം സേവനം പൂർത്തിയാക്കിയ 400-ഓളം ഉദ്യോഗസ്ഥർ സേവനമനുഷ്ഠിക്കുന്നതിനാൽ ഉദ്യോഗസ്ഥർക്ക് അവധിയാത്രാ ആനുകൂല്യം നൽകുന്നതിനായി നിലവിൽ വകയിരുത്തിയ തുക അപര്യാപ്തമാണ്. ആയതിനാൽ നിലവിലുള്ള ബഡ്ജറ്റ് വിഹിതത്തിന് പുറമെ 7 ലക്ഷം രൂപ കൂടി ഈ ശീർഷകത്തിൽ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 53)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

2014-15 സാമ്പത്തിക വർഷത്തിൽ എംപ്ലോയ്മെന്റ് ഡയറക്ടർ യുക്തമായ ധനപുനർവിനിയോഗ നിർദ്ദേശം സമർപ്പിച്ചിട്ടില്ലാത്തതിനാൽ അധിക സഹായം അനുവദിക്കുവാൻ കഴിഞ്ഞിട്ടില്ല.

ശിപാർശ

05-2-ഓഫീസ് ചെലവുകൾ-വൈദ്യുതി ചെലവ്

വൈദ്യുതി ചാർജ്ജിനത്തിൽ വന്ന വർദ്ധനവ് കണക്കിലെടുത്ത് ഈയിനത്തിൽ 20 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 54)

സർക്കാർ സ്വീകരിച്ച നടപടി

28.03.2015-ലെ സ.ഉ. (സാധാ) നം. 2881/15/ധന. പ്രകാരം 75,000 രൂപ അനുവദിച്ചിട്ടുണ്ട്.

ശിപാർശ

06-വാടക, കരം, നികുതി

എംപ്ലോയ്മെന്റ് വകുപ്പിന്റെ കീഴിലുള്ള അൻപത് ശതമാനത്തോളം കെട്ടിടങ്ങൾ വാടകകെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. കെട്ടിടവാടക പുതുക്കി നിശ്ചയിക്കുമ്പോൾ ഉണ്ടാകാവുന്ന കുടിശ്ശിക, ഇതുവരെ വാടക നിശ്ചയിക്കാതെ റവന്യൂ ടവറിൽ പ്രവർത്തിക്കുന്ന കെട്ടിടങ്ങളുടെ വാടകക്കുടിശ്ശിക എന്നിവ കണക്കിലെടുക്കുമ്പോൾ നിലവിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 2014-15 സാമ്പത്തികവർഷം 20 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 55)

സർക്കാർ സ്വീകരിച്ച നടപടി

2014-15 സാമ്പത്തിക വർഷത്തിൽ എംപ്ലോയ്മെന്റ് ഡയറക്ടർ യുക്തമായ ധനപുനർവിനിയോഗ നിർദ്ദേശം സമർപ്പിച്ചിട്ടില്ലാത്തതിനാൽ അധിക സഹായം അനുവദിക്കുവാൻ കഴിഞ്ഞിട്ടില്ല.

ശിപാർശ

34 - മറ്റു ചെലവുകൾ

സി.എൻ.വി ആക്ട് 1959 കാര്യക്ഷമമായി നടപ്പിലാക്കുന്നതിന്റെ ഭാഗമായി ചെയ്യേണ്ട പെരിയോഡിക് സർവ്വേ 2014-15 സാമ്പത്തികവർഷം മൂന്ന് ജില്ലകളിൽ നടത്തുന്നതിന് ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 2.73 ലക്ഷം രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 56)

സർക്കാർ സ്വീകരിച്ച നടപടി

2014-15 സാമ്പത്തികവർഷത്തിൽ എംപ്ലോയ്മെന്റ് ഡയറക്ടർ യുക്തമായ ധനപുനർവിനിയോഗ നിർദ്ദേശം സമർപ്പിച്ചിട്ടില്ലാത്തതിനാൽ അധിക സഹായം അനുവദിക്കുവാൻ കഴിഞ്ഞിട്ടില്ല.

ശിപാർശ

97- വാഹനങ്ങളുടെ വാടക

നാഷണൽ എംപ്ലോയ്മെന്റ് സർവ്വീസ് മുഖേന നടപ്പിലാക്കിവരുന്ന സ്വയംതൊഴിൽ പദ്ധതികളായ കെസ്റു, മൾട്ടിപർപ്പസ് സർവ്വീസ് സെന്റേഴ്സ്/ജോബ് ക്ലബ്സ്, ശരണ്യാ പദ്ധതികളുടെ കാര്യക്ഷമമായ നടത്തിപ്പ്, എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ ഇന്റേണൽ ആഡിറ്റ് ശാക്തീകരിക്കുക, തൊഴിൽരഹിത വേതന വിതരണം സംബന്ധിച്ച് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ പരിശോധന നടത്തുക, ഇ.എം.ഐ, വൊക്കേഷണൽ ഗൈഡൻസ് പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുക എന്നിവയിലേയ്ക്കായി 14 ജില്ലാ എംപ്ലോയ്മെന്റ് ഓഫീസുകളിലേയ്ക്കും, 3 റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർ ഓഫ് എംപ്ലോയ്മെന്റ് ഓഫീസുകളിലേയ്ക്കും വാഹനം വാങ്ങുന്നതിനായി ആരംഭിച്ച ഈ

ഉപശീർഷകത്തിൽ 1000 രൂപയേ വകയിരുത്തിയിട്ടുള്ളൂ. ആയതിനാൽ ഈയിനത്തിൽ 10 ലക്ഷം രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 57)

സർക്കാർ സ്വീകരിച്ച നടപടി

29.01.2015-ലെ സ.ഉ. (സാധാ) നം. 682/15/ധന. പ്രകാരം 40,000 രൂപ അനുവദിച്ചിട്ടുണ്ട്.

ശിപാർശ

99-വിവരസാങ്കേതികവിദ്യ

കമ്പ്യൂട്ടർവൽക്കരണം നടപ്പിലാക്കിയിട്ടുള്ള ഓഫീസുകളിലെ മറ്റ് അനുബന്ധ ഉപകരണങ്ങളുടെ മെയിന്റനൻസിനായി 2014-15 വർഷം വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 10 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 58)

സർക്കാർ സ്വീകരിച്ച നടപടി

2014-15 സാമ്പത്തിക വർഷത്തിൽ എംപ്ലോയ്മെന്റ് ഡയറക്ടർ യുക്തമായ ധനപുനർവിനിയോഗ നിർദ്ദേശം സമർപ്പിച്ചിട്ടില്ലാത്തതിനാൽ അധിക സഹായം അനുവദിക്കുവാൻ കഴിഞ്ഞിട്ടില്ല.

ശിപാർശ

2230-02-001-98-എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളുടെയും എംപ്ലോയ്മെന്റ് ഡയറക്ടറേറ്റിന്റെയും കമ്പ്യൂട്ടർവൽക്കരണം

നിലവിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി നൽകുന്ന സേവനങ്ങൾ ഓൺലൈനായി നൽകുവാൻ വെബ് അധിഷ്ഠിത ആപ്ലിക്കേഷൻ സോഫ്റ്റ്വെയർ വികസിപ്പിക്കുന്നതിന് കെ.എസ്.ഐ.റ്റി.എം-മായി കരാർ ആയിട്ടുണ്ടെന്നും സംസ്ഥാനത്തെ എല്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളെയും ആട്ടോമേറ്റഡ്

സംവിധാനത്തിലേയ്ക്ക് മാറ്റുന്നതിന് 2014-15 സാമ്പത്തികവർഷം ലക്ഷ്യമിടുന്നുവെന്നും സമിതി മനസ്സിലാക്കുന്നു. കൂടാതെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിലെ പഴയ കമ്പ്യൂട്ടറുകളും പ്രിന്ററുകളും മാറ്റി സ്ഥാപിക്കേണ്ടതും ആവശ്യമാണ്. പ്രസ്തുത ആവശ്യങ്ങൾക്കായി 2014-15 വർഷത്തെ ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ ബഡ്ജറ്റ് വിഹിതത്തിനുപുറമെ 60.02 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 59)

സർക്കാർ സ്വീകരിച്ച നടപടി

2014-15 സാമ്പത്തിക വർഷത്തിൽ എംപ്ലോയ്മെന്റ് ഡയറക്ടർ യുക്തമായ ധനപുനർവിനിയോഗ നിർദ്ദേശം സമർപ്പിച്ചിട്ടില്ലാത്തതിനാൽ അധിക സഹായം അനുവദിക്കുവാൻ കഴിഞ്ഞിട്ടില്ല.

ശിപാർശ

2230-02-101-91-രജിസ്റ്റർ ചെയ്തിട്ടുള്ള തൊഴിൽരഹിതരായ വിധവകൾ/ ഉപേക്ഷിക്കപ്പെട്ടവർ/ വേർപിരിഞ്ഞവർ/ അവിവാഹിതർ/ വിവാഹംകഴിക്കാത്ത അമ്മമാർ എന്നിവർക്കായുള്ള സ്വയംതൊഴിൽ പദ്ധതി

നാഷണൽ എംപ്ലോയ്മെന്റ് വകുപ്പ് 2010-2011-ൽ പുതുതായി അനുവദിച്ച സ്വയംതൊഴിൽ പദ്ധതിയാണിത്. എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുള്ള ദാരിദ്ര്യരേഖയ്ക്ക് താഴെമാത്രം വരുമാനമുള്ള വിധവ/ ഉപേക്ഷിക്കപ്പെട്ട/വിവാഹമോചിത/അവിവാഹിത അമ്മ/ 35-ന് മേൽ പ്രായമുള്ള അവിവാഹിത വിഭാഗങ്ങളിൽപ്പെടുന്ന വനിതകൾക്ക് സ്വയംതൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനായി പരമാവധി 50,000 രൂപവരെ പലിശരഹിതവായ്പ അനുവദിക്കുന്നു. നിലവിൽ പരിശീലനം നൽകിയ 700 അപേക്ഷകരുണ്ട്. കൂടാതെ 5000 അപേക്ഷകൾ ധനസഹായം

ലഭിക്കുന്നതിനായി വകുപ്പിൽ ലഭ്യമായിട്ടുണ്ട്. നിലവിലെ ബഡ്ജറ്റ് വിഹിതം ഉപയോഗിച്ച് 3000 പേർക്ക് മാത്രമേ ധനസഹായം നൽകുവാൻ കഴിയുകയുള്ളുവെന്നതിനാൽ, 2014-15 വർഷം ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുകയ്ക്കുപുറമെ 600 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 60)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

20.03.2015-ലെ സ.ഉ. (സാധാ) നം. 2390/15/ധന. പ്രകാരം 3,00,00,000 രൂപ അനുവദിച്ചിട്ടുണ്ട്.

<u>ശിപാർശ</u>

2230-02-101-89-<u>പട്ടികജാതി പട്ടികവർഗ്ഗക്കാർക്ക് പരിശീലനവും നിർദ്ദേശങ്ങളും നൽകാൻ കേന്ദ്രം സ്ഥാപിക്കൽ</u>

എറണാകുളം, കോഴിക്കോട് എന്നീ സി.ജി.സി-കളുടെ പ്രവർത്തനം മെച്ചപ്പെട്ട രീതിയിൽ നടത്തിക്കൊണ്ടുപോകുന്നതിനായി 2014-15 സാമ്പത്തികവർഷത്തേയ്ക്ക് '34-മറ്റു ചെലവുകൾ' എന്ന ഇനത്തിൽ 2.60 ലക്ഷം രൂപ ആവശ്യപ്പെട്ടെങ്കിലും 2.33 ലക്ഷം രൂപ മാത്രമാണ് ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ളത്. പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങളിൽപ്പെട്ട ഉദ്യോഗാർത്ഥികൾക്ക് പ്രയോജനപ്പെടുന്നതാകയാൽ സി.ജി.സി.-കളുടെ പ്രവർത്തനം കൂടുതൽ മെച്ചപ്പെടുത്തുന്നതിന് നിലവിൽ വകയിരുത്തിയിരിക്കുന്ന തുകയ്ക്കു പുറമെ 27,000 രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 61)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

2014-15 സാമ്പത്തികവർഷത്തിൽ എംപ്ലോയ്മെന്റ് ഡയറക്ടർ യുക്തമായ ധനപുനർവിനിയോഗ നിർദ്ദേശം സമർപ്പിച്ചിട്ടില്ലാത്തതിനാൽ അധിക സഹായം അനുവദിക്കുവാൻ കഴിഞ്ഞിട്ടില്ല.

ശിപാർശ

2230-02-101-88-എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളെ എംപ്ലോയബിലിറ്റി ഡെവലപ്മെന്റ് കേന്ദ്രങ്ങളും മികവിന്റെ കേന്ദ്രങ്ങളുമാക്കി മാറ്റൽ

2014-15 സാമ്പത്തികവർഷം അനുവദിച്ചിട്ടുള്ള 270 ലക്ഷം രൂപ വിനിയോഗിച്ച് സ്വന്തമായി കെട്ടിടമുള്ള ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ അനുയോജ്യമെന്ന് കണ്ടെത്തിയിട്ടുള്ള 5 ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളെ തൊഴിൽ നൈപുണ്യ കേന്ദ്രങ്ങളാക്കി മാറ്റുന്നതിനുവേണ്ടിയുള്ള തുടർ ചെലവുകൾക്കായി ഈ ശീർഷകത്തിൽ 280 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 62)

സർക്കാർ സ്വീകരിച്ച നടപടി

2014-15 സാമ്പത്തിക വർഷത്തിൽ എംപ്ലോയ്മെന്റ് ഡയറക്ടർ യുക്തമായ ധനപുനർവിനിയോഗ നിർദ്ദേശം സമർപ്പിച്ചിട്ടില്ലാത്തതിനാൽ അധിക സഹായം അനുവദിക്കുവാൻ കഴിഞ്ഞിട്ടില്ല.

2230-01-103-78- 01.04.1997-ന് 60 വയസ്സ് തികയുന്ന ചുരുട്ടുതൊഴിലാളികൾക്ക് പെൻഷൻ നൽകുന്നതിന്

60 വയസ് തികഞ്ഞ ചുരുട്ടുതൊഴിലാളികൾക്ക് പെൻഷൻ നൽകുന്നതിനുള്ള തുക വകയിരുത്തുന്ന ഈ ശീർഷകത്തിൽ അധിക തുക അനുവദിക്കുന്നതു സംബന്ധിച്ച ഖണ്ഡിക 36-ലെ ശിപാർശയിന്മേൽ സർക്കാർ സ്വീകരിച്ച നടപടി സംബന്ധിച്ച സ്റ്റേറ്റ്മെന്റ് 17.11.2015-ലെ യോഗത്തിൽ പരിഗണിക്കവെ സമിതി നൽകിയ അധിക നിർദ്ദേശവും, ആയതിനുള്ള മറുപടിയും ചുവടെ ചേർക്കുന്നു.

അധിക നിർദ്ദേശം

ചുരുട്ടുതൊഴിലാളികൾക്ക് പെൻഷൻ നൽകാനായി 25 ലക്ഷം രൂപ അനുവദിച്ചിട്ടും 2015 ജൂലൈ മാസത്തിനു ശേഷമുള്ള പെൻഷൻ നൽകാത്തതിനുള്ള വിശദീകരണം സമിതി ആവശ്യപ്പെട്ടതിന്, ജില്ലകളിൽ നിന്ന് ആവശ്യപ്പെടുന്നതനുസരിച്ചാണ് തുക ചെലവാക്കുന്നതെന്നും നാളിതുവരെ ജില്ലകളിൽ നിന്ന് അധികമായി തുക ആവശ്യപ്പെട്ടിട്ടില്ലെന്നും അഡീഷണൽ ലേബർ കമ്മീഷണർ സമിതിയെ അറിയിച്ചതിനെത്തുടർന്ന് പാവപ്പെട്ട ചുരുട്ടുതൊഴിലാളികൾക്ക് പെൻഷൻ നൽകുന്നതിന് യഥാസമയം റിക്വയർമെന്റ് നൽകാത്ത ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിച്ചു.

(ഖണ്ഡിക 36)

അധികനിർദ്ദേശത്തിനുള്ള മറുപടി

2015-16 സാമ്പത്തിക വർഷം ചുരുട്ട് തൊഴിലാളി പെൻഷൻ നൽകുന്നതിനായി 25,79,000/- (ഇരുപത്തിയഞ്ച് ലക്ഷത്തി എഴുപത്തി ഒൻപതിനായിരം) രൂപ ബഡ്ജറ്റിൽ വകയിരുത്തിയിരുന്നു. 10.07.2015-ലെ സ.ഉ.(സാധാ)942/2015/തൊഴിൽ നമ്പർ ഉത്തരവ് പ്രകാരം 7,36,800 രൂപയും, 26.08.2015-ലെ സ.ഉ.(സാധാ) 1186/2015/തൊഴിൽ നമ്പർ ഉത്തരവ് പ്രകാരം 5,52,600 രൂപയും, 26.02.2016-ലെ സ.ഉ.(സാധാ)321/2016/തൊഴിൽ നമ്പർ ഉത്തരവ് പ്രകാരം 4,17,600 രൂപയും കൂടി ആകെ 17,07,000 (പതിനേഴ് ലക്ഷത്തി ഏഴായിരം) രൂപ 2015 ഒക്ടോബർ വരെയുള്ള ചുരുട്ട് തൊഴിലാളി പെൻഷൻ വിതരണത്തിനായി അനുവദിച്ചു കഴിഞ്ഞിട്ടുണ്ട്. 2015 ഒക്ടോബർ മുതൽ 2016 മാർച്ച് വരെയുള്ള കുടിശ്ശിക പെൻഷൻ നൽകുന്നതിനായുള്ള പുതിയ ശിപാർശ സമർപ്പിക്കുവാൻ ലേബർ കമ്മീഷണർക്ക് നിർദ്ദേശം നൽകിയിരിക്കുകയാണ്. ശിപാർശ ലഭ്യമാകുന്നമുറയ്ക്ക് തുക അനുവദിക്കുന്നതാണ്. ഈ സാഹചര്യത്തിൽ മേൽ റിപ്പോർട്ട് സ്വീകരിച്ച് തുടർനടപടികൾ അവസാനിപ്പിക്കണമെന്ന് അപേക്ഷിക്കുന്നു.

ശിപാർശ

2801-80-101-99-വിദ്യുച്ഛക്തി സൗജന്യനിരക്കിൽ വിതരണം ചെയ്യുന്നതിന് വിദ്യുച്ഛക്തി ബോർഡിനുള്ള ദ്രവ്യസഹായം

2014-15 സാമ്പത്തികവർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ടിലെ ഗാർഹിക ഉപഭോക്താക്കളെ തെർമൽ സർച്ചാർജിൽ നിന്നും ഒഴിവാക്കിയതുമൂലം ബോർഡിനുണ്ടായ ബാധ്യത നികത്തുന്നതിലേയ്ക്കായി അനുവദിച്ച സബ്സിഡിക്ക് അധിക തുക അനുവദിക്കുന്നതു സംബന്ധിച്ച ഖണ്ഡിക 77-ലെ ശിപാർശക്കുള്ള നടപടി സ്റ്റേറ്റ്മെന്റ് 11.02.2015 -ലെ യോഗത്തിൽ പരിഗണിക്കവെ സമിതി നൽകിയ അധിക നിർദ്ദേശവും ആയതിനുള്ള മറുപടിയും ചുവടെ ചേർക്കുന്നു.

അധിക നിർദ്ദേശം

77-ാം നമ്പർ ശിപാർശയിൽ ആവശ്യപ്പെട്ട അധികതുക അനുവദിക്കേണ്ടതാണ്.

(ഖണ്ഡിക 77)

സർക്കാർ സ്വീകരിച്ച നടപടി

പ്രതിമാസം 120 യൂണിറ്റിന് താഴെ വൈദ്യുതി ഉപയോഗിക്കുന്ന ഗാർഹിക ഉപഭോക്താക്കളെ ഒക്ടോബർ 2012 മുതൽ ഡിസംബർ 2012 വരെയുള്ള കാലയളവിൽ തെർമൽ സർചാർജ്ജിൽനിന്നും ഒഴിവാക്കിയ ഇനത്തിൽ 21.03.2013 തീയതിയിലെ സർക്കാർ ഉത്തരവ് നമ്പർ (ആർ.റ്റി) 87/2013/ഊ.വ പ്രകാരം 25 കോടി രൂപ അനുവദിച്ചിരുന്നു. എന്നാൽ ഈയിനത്തിൽ ബോർഡിന് ആകെ ചെലവായ 26.46 കോടി രൂപ സർക്കാർ ഉത്തരവ് നമ്പർ 17/2015/ഊ.വ തീയതി 13.05.2015 പ്രകാരം ബോർഡ് സർക്കാരിന് നൽകേണ്ട ഇലക്ട്രിസിറ്റി ഡ്യൂട്ടിയുമായി തട്ടിക്കിഴിക്കുകയുണ്ടായി.

കൂടാതെ 20 യൂണിറ്റിന് താഴെ പ്രതിമാസ ഉപയോഗമുള്ള ഗാർഹിക ഉപഭോക്താക്കളെ വൈദ്യുതി ചാർജ്ജ് അടയ്ക്കുന്നതിൽ നിന്ന്

ഒഴിവാക്കിയതുമൂലമുണ്ടായ നഷ്ടം നികത്താനായി സർക്കാർ ഉത്തരവ് നമ്പർ (എം.എസ്) 27/2013/ഊ.വ. തീയതി 20-06-2013 പ്രകാരം അനുവദിച്ച പ്രതിവർഷം 40 ലക്ഷം രൂപയിൽ 2012-13 മുതൽ 2015-16 വരെയുള്ള 1.60 കോടി രൂപ സർക്കാർ ഉത്തരവ് നമ്പർ (ആർ.റ്റി) 14/2016/ഊ.വ. തീയതി 27-01-2016 പ്രകാരം ബോർഡ് സർക്കാരിന് നൽകേണ്ട ഇലക്ട്രിസിറ്റി ഡ്യൂട്ടിയുമായി തട്ടിക്കിഴിക്കുന്നതിന് അനുവദിച്ചു

4. **<u>സ്കിൽ ഡവലപ്പ്മെന്റ് പ്രോഗ്രാം, ഐ.ടി.ഐ കൾ മികവിന്റെ കേന്ദ്രങ്ങളാക്കി ഉയർത്തൽ, എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളെ നൈപുണ്യതൊഴിൽ ക്ഷമതാ വികസന കേന്ദ്രങ്ങളാക്കി മാറ്റൽ എന്നീ വിഷയങ്ങളിന്മേൽ നടന്ന ചർച്ചയെ അടിസ്ഥാനമാക്കിയുള്ള റിപ്പോർട്ട്</u>**

എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളെ എംപ്ലോയബിലിറ്റി സെന്ററുകൾ ആക്കാനുള്ള പുതിയ പദ്ധതിയുടെ ഭാഗമായി 2012-ൽ തെരഞ്ഞെടുത്ത കൊല്ലം, എറണാകുളം, കോഴിക്കോട് എന്നീ മൂന്ന് എക്സ്ചേഞ്ചുകളിൽ രജിസ്റ്റർ ചെയ്യുന്ന ഉദ്യോഗാർത്ഥികളുടെ സ്കിൽ പരിശോധിച്ച് അതിലെന്തെങ്കിലും പോരായ്മയുണ്ടെങ്കിൽ വി.റ്റി.പി (വൊക്കേഷണൽ ട്രെയിനിംഗ് പ്രൊവൈഡർ) മുഖാന്തരം പരിഹരിക്കുന്നതിനും, ഉദ്യോഗാർത്ഥികൾക്ക് സർക്കാർ പൊതുമേഖലാ സ്ഥാപനങ്ങളിൽ മാത്രമല്ല സ്വകാര്യ സ്ഥാപനങ്ങളിലും ആവശ്യമായ പ്ലേസ്മെന്റ് നൽകുവാനും ആവശ്യമായ നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 21)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

എംപ്ലോയബിലിറ്റി സെന്ററുകളിൽ രജിസ്റ്റർ ചെയ്യുന്ന ഉദ്യോഗാർത്ഥികളുടെ സ്കിൽഗ്യാപ്പ് കണ്ടുപിടിച്ച്, അവർക്കാവശ്യമായ വിധം സോഫ്റ്റ് സ്കിൽ പരിശീലനങ്ങൾ എംപ്ലോയബിലിറ്റി സെന്ററുകൾ മുഖേനയും, വിദഗ്ധ പരിശീലനം ആവശ്യമായപക്ഷം അത്തരം പരിശീലന കേന്ദ്രങ്ങൾ മുഖേനയും

വൊക്കേഷണൽ ട്രെയിനിംഗ് പ്രൊവൈഡർമാർ മുഖേനയും നൽകി വരുന്നുണ്ടെന്നും എന്നാൽ വിദഗ്ധ പരിശീലനം ആവശ്യമുള്ളവർക്ക് അത്തരം പരിശീലന കേന്ദ്രങ്ങളെക്കുറിച്ചും, വൊക്കേഷണൽ ട്രെയിനിംഗ് പ്രൊവൈഡർമാരെക്കുറിച്ചുള്ള മാർഗ്ഗനിർദ്ദേശങ്ങൾ നൽകുകയാണ് ഇപ്പോൾ ചെയ്തുവരുന്നതെന്നും ഭാവിയിൽ എംപ്ലോയബിലിറ്റി സെന്ററുകൾ ഇത്തരം പരിശീലന കേന്ദ്രങ്ങളുമായി link up ചെയ്ത്, ഉദ്യോഗാർത്ഥികൾക്ക് നേരിട്ട് പരിശീലനം ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണെന്നും എംപ്ലോയ്മെന്റ് വകുപ്പ് ഡയറക്ടർ അറിയിച്ചിട്ടുണ്ട്. എംപ്ലോയബിലിറ്റി സെന്ററുകൾ മുഖേന നിലവിൽ സ്വകാര്യമേഖലയിലെ തൊഴിൽ സാധ്യതകളിലാണ് ശ്രദ്ധ കേന്ദ്രീകരിച്ചിട്ടുള്ളതെന്നും, സർക്കാർ പൊതുമേഖലാ സ്ഥാപനങ്ങളിലെ ഒഴിവുകൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ മുഖേന നിലവിലുള്ള ചട്ടങ്ങൾക്ക് വിധേയമായി സീനിയോറിറ്റിയുടെയും സംവരണ ക്രമത്തിന്റെയും അടിസ്ഥാനത്തിൽ തന്നെയാണ് നടത്തുന്നതെന്നും ഡയറക്ടർ അറിയിച്ചിരിക്കുന്നു.

## 5. <u>കേരളത്തിലെ വിവിധ ഊർജ്ജ പദ്ധതികളുടെയും എനർജി മാനേജ്മെന്റ് സെന്ററിന്റെയും പ്രവർത്തനങ്ങൾ സംബന്ധിച്ച റിപ്പോർട്ട് സംബന്ധിച്ച്</u>

<u>ശിപാർശ</u>

2012-13 വർഷത്തെ സൗരോർജ്ജ പദ്ധതിയുടെ ഭാഗമായി കേന്ദ്ര നവീന നവീകരണീയ ഊർജ്ജ മന്ത്രാലയത്തിന്റെ (എം.എൻ.ആർ.ഇ) സഹായത്തോടെ നടപ്പാക്കിയ 10000 റൂഫ് ടോപ്പ് സോളാർ പവർപ്ലാന്റ് പദ്ധതിയുടെ ആദ്യഘട്ടമായി 6400 ഓഫ്-ഗ്രിഡ് സോളാർ പവർ പ്ലാന്റുകൾ സ്ഥാപിക്കുകയുണ്ടായി. പ്ലാന്റ് ഒന്നിന് സംസ്ഥാന സർക്കാർ സബ്സിഡിയായി 39,000 രൂപയും, കേന്ദ്ര സർക്കാർ സബ്സിഡിയായി 53,262 രൂപയും അനുവദിച്ചാണ് ഇവ സ്ഥാപിച്ചതെന്നും പ്രസ്തുത പദ്ധതിക്കായി എംപാനൽ ചെയ്ത

കമ്പനികളിൽ നിന്നും എക്സ്പ്രഷൻ ഓഫ് ഇന്ററസ്റ്റ് വാങ്ങുകയും അതിൽ എക്സ്പ്രഷൻ ഓഫ് ഇന്ററസ്റ്റ് കുറഞ്ഞ തുക ക്വാട്ട് ചെയ്ത ഇരുപത്തിയഞ്ച് കമ്പനികളെ തെരഞ്ഞെടുക്കുകയും അതിൽ ഏറ്റവും കുറഞ്ഞ തുക 1,77,540 രൂപയാണെന്നും, എംപാനൽ ചെയ്തിട്ടുള്ള ഏത് കമ്പനിയിൽ നിന്നു വേണമെങ്കിലും ഉപഭോക്താക്കൾക്ക് റൂഫ് ടോപ്പ് സോളാർ പവർ പ്ലാന്റ് വാങ്ങാവുന്നതാണെന്നും ഇടുക്കിയിലുള്ള അമ്മിണി സോളാർ എന്ന കമ്പനിയാണ് കേരളത്തിൽ എംപാനൽ ചെയ്തിട്ടുള്ളതെന്നും സമിതിയിൽ വ്യക്തമാക്കപ്പെട്ടു. പദ്ധതിയുടെ രണ്ടാം ഘട്ടമായി 2014-15 വർഷം 3600 ഓഫ്-ഗ്രിഡ് പ്ലാന്റുകൾ കൂടി സ്ഥാപിച്ച് 2014 ഡിസംബർ മാസത്തോടെ 10000 എണ്ണം എന്ന ലക്ഷ്യം കൈവരിക്കാനുദ്ദേശിക്കുന്നതെന്നും സമിതി മുമ്പാകെ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ വെളിപ്പെടുത്തുകയുണ്ടായി. പ്രസ്തുത ലക്ഷ്യം കൈവരിച്ചത് സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 2)

## സർക്കാർ സ്വീകരിച്ച നടപടി

കേന്ദ്ര നവ നവീകരണീയ ഊർജ്ജ മന്ത്രാലയത്തിന്റെയും (എം.എൻ.ആർ.ഇ) സംസ്ഥാന സർക്കാരിന്റെയും ധനസഹായത്തോടെ അനെർട്ട് ആവിഷ്കരിച്ച നടപ്പിലാക്കുന്ന പദ്ധതിയായ 10000 സൗരഗൃഹ പദ്ധതിയിൽ 9500-ലധികം സൗരനിലയങ്ങൾ സ്ഥാപിക്കുകയും അതിൽ 8217 എണ്ണത്തിനുള്ള ധനസഹായ വിതരണം ചെയ്യുകയുമുണ്ടായി. 2016 സെപ്റ്റംബർ 30-ഓടുകൂടി ശേഷിക്കുന്ന 500-ഓളം സൗരനിലയങ്ങൾ സ്ഥാപിച്ച് പദ്ധതി ലക്ഷ്യം പൂർത്തിയാക്കുവാനും ധനസഹായം പൂർണ്ണമായും വിതരണം ചെയ്യുവാനും നടപടി സ്വീകരിക്കുന്നതാണ്.

## ശിപാർശകൾ

## വാതകാധിഷ്ഠിത വൈദ്യുത പദ്ധതികൾ (പുതിയ പദ്ധതികൾ)

സംസ്ഥാനത്ത് പ്രകൃതിവാതകം ഉപയോഗിച്ച് വൈദ്യുത പദ്ധതികൾ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നതായും കൊച്ചി പുതുവൈപ്പിനിലെ പെട്രോനെറ്റ്

എൽ.എൻ.ജി ടെർമിനലിനോട് ചേർന്ന് 1200 മെഗാവാട്ട് ശേഷിയുള്ള വാതകാധിഷ്ഠിത വൈദ്യുതി നിലയം സ്ഥാപിക്കൽ, ബ്രഹ്മപുരം ഡീസൽ വൈദ്യുത നിലയത്തോട് അനുബന്ധമായി ഒഴിഞ്ഞുകിടക്കുന്ന സ്ഥലത്ത് ഏകദേശം 400 മെഗാവാട്ട് സ്ഥാപിതശേഷിയുള്ള പ്രകൃതിവാതകം ഇന്ധനമായി ഉപയോഗിക്കുന്ന കമ്പയിൻഡ് സൈക്കിൾ വൈദ്യുത പദ്ധതി സ്ഥാപിക്കുക എന്നിവ പരിഗണനയിലാണെന്നും ഇവയുടെ പരിസ്ഥിതി ആഘാത പഠനവുമായി ബന്ധപ്പെട്ട് കൺസൾട്ടന്റായ M/s. Bhagavathi Ana Labs, Hyderabad-നെ നിയമിച്ച് പഠനം നടന്നുവരുന്നതായി സമിതി മനസ്സിലാക്കുന്നു. കൂടാതെ ബ്രഹ്മപുരം ഡീസൽ നിലയത്തിലെ നിലവിൽ പ്രവർത്തനസജ്ജമല്ലാത്ത രണ്ട് ഡീസൽ ജനറേറ്റർ സെറ്റുകൾ മാറ്റി പകരം വാതകമാക്കി മാറ്റിയ എൽ.എൻ.ജി ഉപയോഗിച്ച് പ്രവർത്തിക്കുന്ന ഗ്യാസ് എഞ്ചിൻ ജനറേറ്റർ സെറ്റുകൾ (18 മെഗാവാട്ട് വീതം ശേഷിയുള്ള രണ്ട് വാതകാധിഷ്ഠിത യൂണിറ്റുകൾ - ആകെ 36 മെഗാവാട്ട്) സ്ഥാപിക്കുന്നതിനുള്ള ടെണ്ടർ നടപടികൾ പുരോഗമിച്ചുവരുന്നതായും 360 മെഗാവാട്ടിന്റെ കായംകുളം എൻ.റ്റി.പി.സി താപനിലയത്തിൽ നാഫ്തയ്ക്ക് പകരം പ്രകൃതിവാതകം ഉപയോഗിക്കുന്നതിനുള്ള അനുമതി നൽകിയിട്ടുള്ളതായും ഈ താപനിലയം വികസിപ്പിക്കുന്നതിന്റെ ഭാഗമായി പ്രകൃതി വാതകപദ്ധതികളാണ് ഉദ്ദേശിക്കുന്നതെന്നും സമിതിയിൽ വ്യക്തമാക്കപ്പെട്ടു. എൻ.റ്റി.പി.സി-യുടെ നിലവിലുള്ള 360 മെഗാവാട്ട് പദ്ധതി വാതകാധിഷ്ഠിതമാക്കി മാറ്റിക്കഴിഞ്ഞാൽ അതിൽനിന്ന് വൈദ്യുതി വാങ്ങാൻ കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ്, പി.പി.എ ഒപ്പ് വച്ചിട്ടുള്ളതായും ആയതിൻപ്രകാരം നിലവിലുള്ള പ്ലാന്റിൽ സാങ്കേതിക ക്രമീകരണങ്ങൾ എൻ.റ്റി.പി.സി ചെയ്തുവരികയാണെന്നും, ഈ പ്രവർത്തനം 2014 ഒക്ടോബർ മാസം പൂർത്തിയാക്കുന്നതാണ് എന്ന് എൻ.റ്റി.പി.സി അറിയിച്ചിട്ടുള്ള വിവരവും സമിതിയെ ധരിപ്പിച്ചു. കായംകുളം എൻ.റ്റി.പി.സി നിലയത്തിന്റെ വിപുലീകരണത്തിനു ശേഷം ലഭ്യമാകുന്ന വൈദ്യുതി മറ്റ് തെക്കൻ സംസ്ഥാനങ്ങളും വാങ്ങാൻ തയ്യാറാണോ എന്ന് എൻ.റ്റി.പി.സി-യും കേന്ദ്ര ഊർജ്ജ മന്ത്രാലയവും

ആരാഞ്ഞു വരികയാണെന്നും ഇക്കാര്യത്തിൽ ഒരു വ്യക്തത വരുന്നമുറയ്ക്ക് കായംകുളത്ത് വാതകപൈപ്പ് ലൈൻ സ്ഥാപിച്ച് നിലയത്തിന്റെ ശേഷി വർദ്ധിപ്പിക്കുന്ന നടപടി ആരംഭിക്കുവാൻ എൻ.റ്റി.പി.സി-യുമായി നടത്തിയ ചർച്ചയിൽ എൻ.റ്റി.പി.സി സന്നദ്ധത അറിയിച്ചിട്ടുള്ളതായും കൊച്ചിയിലെ 157 മെഗാവാട്ടിന്റെ ബി.എസ്.ഇ.എസ് താപനിലയത്തിലും നാഫ്തയ്ക്കുപകരം വാതകം ഉപയോഗിക്കുന്നതു പരിഗണനയിലാണെന്നും കായംകുളം നിലയത്തിൽ 1050 മെഗാവാട്ട് ശേഷിയുള്ള പുതിയ വാതകാധിഷ്ഠിത യൂണിറ്റുകൾ സ്ഥാപിക്കുന്ന പദ്ധതിയും പരിഗണനയിലാണെന്നും സമിതി മനസ്സിലാക്കുന്നു.

(ഖണ്ഡിക 11)

ഗ്യാസ് അതോറിറ്റി ഓഫ് ഇന്ത്യ (ഗെയിൽ) സ്ഥാപിക്കാനുദ്ദേശിക്കുന്ന കൊച്ചിൻ മംഗലാപുരം പ്രകൃതിവാതക പൈപ്പ് ലൈനിന്റെ പണികൾ പൂർത്തിയാകുന്നമുറയ്ക്ക് പുതിയ വാതകാധിഷ്ഠിത പദ്ധതികൾ പ്രവർത്തനസജ്ജമാക്കുമെന്നും എൽഎൻ.ജി ഉപയോഗിച്ചുകൊണ്ടുള്ള വൈദ്യുതോൽപ്പാദനത്തെപ്പറ്റി കൃത്യമായ ധാരണ ആർക്കും ഇല്ലാത്തതിനാൽ പ്രസ്തുത പദ്ധതിയുടെ സാധ്യതകളെപ്പറ്റി ഒരു പ്രസന്റേഷൻ നടത്താൻ അനുവദിക്കണമെന്നും, ശേഷം പദ്ധതി മുന്നോട്ട് കൊണ്ടുപോകുന്നതിനെക്കുറിച്ച് തീരുമാനമെടുക്കാവുന്നതാണെന്നും വകുപ്പ് ഉദ്യോഗസ്ഥൻ സമിതിയെ ധരിപ്പിച്ചു നാലായിരം കോടി രൂപ ചെലവുവരുന്ന പ്രസ്തുത എൽഎൻ.ജി പദ്ധതിയ്ക്കായി ഭൂമിക്കടിയിലൂടെ ലൈൻ കൊണ്ടുപോകുന്നതിന് തടസ്സമുണ്ടെന്നും ടി പദ്ധതി സംബന്ധിച്ച് ഒരു പ്രസന്റേഷൻ നടത്തുന്നത് അഭികാമ്യമാണെന്നും സമിതി നിരീക്ഷിച്ചു

(ഖണ്ഡിക 12)

കൊച്ചിയിലുള്ള BSES സ്ഥിതിചെയ്യുന്ന റ്റി.സി.സി-യുടെ ഭൂമിയുടെ പാട്ടക്കാലാവധി കഴിഞ്ഞിട്ടുള്ളതായും ഇക്കാര്യത്തിൽ ഒരു തീരുമാനമാകുന്നമുറയ്ക്ക് BSES പ്ലാന്റ് വാതകാധിഷ്ഠിത പ്ലാന്റായി മാറ്റാനുള്ള അപേക്ഷയിൽ കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് തീരുമാനം കൈക്കൊള്ളുന്നതാണെന്നും സമിതി നിരീക്ഷിച്ചു.

(ഖണ്ഡിക 13)

പ്രകൃതിവാതകം ഉപയോഗിച്ചുള്ള വൈദ്യുത പദ്ധതികളിൽ ഇപ്പോഴുള്ള താപവൈദ്യുത നിലയങ്ങളിൽ ഉപയോഗിച്ചുവരുന്ന ഇന്ധനങ്ങളായ നാഫ്ത ഡീസൽ ഓയിൽ, എൽ.എസ്.എച്ച്.എസ് തുടങ്ങിയവ ഉപയോഗിച്ചുള്ള വൈദ്യുത ഉത്പാദനത്തിന് വേണ്ടിവരുന്ന ചെലവ് പ്രകൃതിവാതകം ഉപയോഗിക്കുമ്പോൾ കുറയുന്നതായും പരിസ്ഥിതി മലിനീകരണം താരതമ്യേന കുറവാണെന്നും കൽക്കരി ഉപയോഗിച്ചുള്ള പദ്ധതികളേക്കാൾ സ്ഥലം കുറച്ചുമതിയാകുമെന്നും ആഗോള താപനത്തിന് കാരണമാകുന്ന ഹരിതവാതകങ്ങൾ പുറന്തള്ളുന്നത് ഇത്തരം പദ്ധതികളിൽ കുറവാണെന്നും സമിതിയിൽ വിലയിരുത്തപ്പെട്ടു.

(ഖണ്ഡിക 14)

## പ്രകൃതിവാതക പദ്ധതികളുടെ ഉത്പാദന ചെലവ്

ആഭ്യന്തര അന്താരാഷ്ട്ര പ്രകൃതിവാതക വില ഡോളറായാണ് നിശ്ചയിച്ചിരിക്കുന്നത്. കൂടാതെ അന്താരാഷ്ട്ര പ്രകൃതിവാതക വില സൂചികകളിൽ പലതും പെട്രോൾ വിലയുമായും ബന്ധിപ്പിച്ചിരിക്കുമെന്നതിനാൽ ഡോളർ-പെട്രോൾ വിലവ്യതിയാനങ്ങൾ പ്രകൃതിവാതക വിലയെ സ്വാധീനിക്കും. ഈ സന്ദിഗ്ധതകളാണ് പ്രകൃതിവാതക വൈദ്യുതി ഉല്പാദിപ്പിക്കുന്നതിനുള്ള പ്രതിബന്ധമാകുന്നതെന്ന് സമിതി നിരീക്ഷിക്കുന്നു.

(ഖണ്ഡിക 15)

പ്രകൃതിവാതക പദ്ധതികളിൽ നിന്നുള്ള ചെലവ് ഇറക്കുമതി ചെയ്യുന്ന വാതകം ഉപയോഗിച്ചാണെങ്കിൽ നിലവിലെ വിലയനുസരിച്ച് 8 മുതൽ 10 വരെ രൂപയും ആഭ്യന്തര വാതകം ഉപയോഗിച്ചാണെങ്കിൽ 3.50 മുതൽ 5 രൂപയും യൂണിറ്റൊന്നിന് വരുമെന്നാണ് കണക്കാക്കിയിരിക്കുന്നതെന്നും സമിതി മനസ്സിലാക്കുന്നു.

(ഖണ്ഡിക 16)

## കൽക്കരി അധിഷ്ഠിത വൈദ്യുതി ഉത്പാദിപ്പിക്കുന്നതിനുള്ള പുതിയ പദ്ധതികൾ

കാസർഗോഡ് ജില്ലയിലെ ചീമേനിയിൽ 1320 മെഗാവാട്ട് ശേഷിയുള്ള കൽക്കരി അധിഷ്ഠിത വൈദ്യുതിനിലയം സ്ഥാപിക്കുവാൻ സാധിക്കുമോ എന്നുള്ള

പരിശോധിച്ചുവരുന്നതായും ചീമേനി പദ്ധതിയുടെ പാരിസ്ഥിതിക അനുമതി നേടി പദ്ധതി മുന്നോട്ട് കൊണ്ടുപോകാൻ ഉദ്ദേശിക്കുന്നതായും സമിതി മനസ്സിലാക്കുന്നു. (ഖണ്ഡിക 17)

കേരളത്തിലെ വൈദ്യുത പ്രതിസന്ധി പരിഹരിക്കുന്നതിനുള്ള ഒരു ബൃഹത്തായ പദ്ധതിയെന്ന നിലയിലാണ് ചീമേനി പദ്ധതിക്ക് രൂപം നൽകിയതെന്നും ആയതിനായി കൃഷി വകുപ്പിൽ നിന്നും രണ്ടായിരത്തിയഞ്ഞൂറ് ഏക്കറോളം ഭൂമി വാങ്ങിക്കുകയും ചെയ്യുവെന്നും കൂടാതെ ആയിരം മെഗാവാട്ടിന്റെ വൈതരണി കൽക്കരിപ്പാടം പദ്ധതി വലിയ സാധ്യതകൾ ഉണ്ടായിരുന്നുവെങ്കിലും പ്രദേശത്തെ കൃഷിക്കാരുടെ പ്രശ്നങ്ങൾക്ക് പരിഹാരമുണ്ടാക്കിയാൽ മാത്രമേ പദ്ധതിയുമായി മുന്നോട്ടുപോകാൻ കഴിയൂ എന്ന ധാരണയിൽ അഞ്ഞൂറ് കൃഷിക്കാർക്ക് പട്ടയം നൽകുകയുണ്ടായിയെങ്കിലും പട്ടയം ലഭിച്ചതോടെ അവർ പദ്ധതിയിൽ നിന്നും പിൻമാറുകയും സർക്കാരിന് പദ്ധതിയുമായി മുന്നോട്ടുപോകാൻ പറ്റാത്ത അവസ്ഥയുണ്ടാകുകയും ചെയ്യുവെന്ന് സമിതിയിൽ വ്യക്തമാക്കപ്പെട്ടു. തുടർന്ന് 1200 മെഗാവാട്ടിന്റെ പദ്ധതിയുമായി ഗെയിൽ (GAIL) മുന്നോട്ടുവന്നിട്ടുണ്ടെങ്കിലും നിലവിൽ ഭൂമിയുടെ വില, ഉല്പാദനചെലവ് എന്നിവമൂലം പദ്ധതിയുമായി മുന്നോട്ടുപോകാൻ കഴിയാത്ത സാഹചര്യമായതിനാൽ, കൽക്കരിക്ക് പ്രാധാന്യം കൊടുത്ത് കുറഞ്ഞ ചെലവിൽ വൈദ്യുതി ഉൽപ്പാദിപ്പിക്കുന്നതിന് മുൻതൂക്കം നൽകേണ്ടതാണെന്ന് സമിതി അഭിപ്രായപ്പെടുന്നു. കേന്ദ്രാനുമതി ലഭിച്ചാൽ കൽക്കരി ഉപയോഗിച്ചുള്ള വൈദ്യുതോല്പാദന പദ്ധതിയുമായി മുന്നോട്ടുപോകാൻ സാധിക്കുമെന്നും പ്രസ്തുത പദ്ധതിക്കായി ഇൻഡോനേഷ്യയിൽ നിന്നും കുറഞ്ഞ ചെലവിൽ ഗുണനിലവാരമുള്ള കൽക്കരി ഇറക്കുമതി ചെയ്യാൻ സാധിക്കുമെന്നും സമിതി ചൂണ്ടിക്കാണിക്കുന്നു. ആഭ്യന്തരമായി ഉല്പാദിപ്പിക്കുന്ന ഗ്യാസും, ഇറക്കുമതി ചെയ്യുന്ന ഗ്യാസും ഇടകലർത്തി ചെലവ് കുറഞ്ഞ ഒരു പദ്ധതിക്ക് ഗുജറാത്ത് സർക്കാർ അംഗീകാരം നേടിയെടുത്തിട്ടുണ്ടെന്നും പ്രസ്തുത മാതൃക പരിശോധിച്ച്

അത്തരത്തിലുള്ള ഒരു നിർദ്ദേശം കേരള സർക്കാരും നൽകിയിട്ടുണ്ടെന്നും സമിതി മനസ്സിലാക്കുന്നു.

(ഖണ്ഡിക 18)

<u>സർക്കാർ സ്വീകരിച്ച നടപടി (11-18)</u>

സംസ്ഥാനത്ത് പ്രകൃതിവാതകം ഉപയോഗിച്ച് സ്ഥാപിക്കാനുദ്ദേശിച്ച് കൊച്ചി പുതുവൈപ്പിനിൽ പെട്രോനെറ്റ് എൽ.എൻ.ജി-യുമായി ചേർന്നുള്ള സംയുക്തമായ പദ്ധതിക്ക് വേണ്ട വിശദമായ സാദ്ധ്യതാ പഠന റിപ്പോർട്ട് തയ്യാറാക്കിയിരുന്നു. പ്രകൃതി വാതകത്തിന്റെ വിലയിലെ സന്ദിഗ്ധതകൾ കാരണം പദ്ധതിയുമായി മുന്നോട്ട് പോകുന്നതിന് സാധിച്ചിട്ടില്ല. ബ്രഹ്മപുരത്ത് സ്ഥാപിക്കാനുദ്ദേശിക്കുന്ന 400 മെഗാവാട്ട് വാതകാധിഷ്ഠിത പദ്ധതിയ്ക്ക് വേണ്ട പാരിസ്ഥിതിക ആഘാതവുമായി ബന്ധപ്പെട്ട Terms of Reference, State Environment Impact Assessment Authority അംഗീകരിച്ച് പാരിസ്ഥിതിക ആഘാത പഠനം നടത്തി വരുന്നു. പഠന റിപ്പോർട്ട് ലഭിച്ച ശേഷം Public hearing നടത്തി Environment Clearance Certificate നേടിയെടുത്ത് തുടർനടപടികൾ സ്വീകരിക്കാവുന്നതാണ്. ബ്രഹ്മപുരം ഡീസൽ നിലയത്തിലെ കേടായ 2 ജനറേറ്ററുകൾക്കു പകരം 39.86 മെഗാവാട്ട് ശേഷിയുള്ള വാതകാധിഷ്ഠിത ജനറേറ്ററുകൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതിയുടെ ടെണ്ടർ വിളിക്കുകയും Wartsila എന്ന കമ്പനിക്ക് Letter of Award നൽകുകയും, വിവിധ തുടർകരാറുകളിൽ ഏർപ്പെടുകയും ചെയ്തിട്ടുണ്ട്. എന്നാൽ വൈദ്യുതോത്പാദനത്തിനുള്ള പ്രോജക്ടിനുള്ള മുതൽമുടക്കിനുള്ള അനുമതി Kerala State Electricity Regulatory Commission തടഞ്ഞിട്ടുണ്ട്. പ്രകൃതി വാതകത്തിന്റെ വിലകുറഞ്ഞു കാണുന്ന സാഹചര്യത്തിൽ കമ്മീഷന്റെ വിലയിരുത്തലിനെ പുനഃപരിശോധിക്കുന്നതിനായി വസ്തുതകൾ കമ്മീഷനെ ധരിപ്പിക്കുവാൻ റിവ്യൂ പെറ്റീഷൻ ഫയൽ ചെയ്തിട്ടുണ്ട്. വാതക പൈപ്പ് ലൈനിന്റെ പണികൾ പൂർത്തിയാകുന്നമുറയ്ക്ക് കായംകുളം നിലയം വിപുലീകരിച്ച് ആഭ്യന്തര പ്രകൃതിവാതകത്തിന്റെ ലഭ്യത കൂടി കണക്കിലെടുത്ത് മാത്രമേ വാതകാധിഷ്ഠിത പദ്ധതി തുടങ്ങുന്നതിനുള്ള തീരുമാനം

കൈകൊള്ളുകയുള്ളൂ. കൊച്ചിയിലെ ബി.എസ്.ഇ.എസ് നിലയവും കെ.എസ്.ഇ.ബി.എൽ-മായി വച്ചിരുന്ന Power Purchase Agreement-ന്റെ കാലാവധി 31.10.2015-ൽ കഴിഞ്ഞു. രണ്ട് വർഷത്തേയ്ക്കുകൂടി നാഫ്തയിൽതന്നെ തുടരുന്നതിന് കെ.എസ്.ഇ.ബി.എൽ-ന് തത്വത്തിൽ അംഗീകാരം നൽകിയിട്ടുണ്ട്. കൂടാതെ, പ്രസ്തുത നിലയത്തിലെ ഇന്ധനം നാഫ്തയിൽനിന്ന് പ്രകൃതിവാതകത്തിലേക്ക് മാറ്റുന്നത് പഠിച്ച് തീരുമാനമെടുക്കാൻ സർക്കാർ കെ.എസ്.ഇ.ബി. എൽ-ന് 24.02.2016-ലെ ജി.ഒ (എം.എസ്) നമ്പർ 3/2016/പി.ഡി പ്രകാരം അനുവാദം നൽകിയിട്ടുണ്ട്. കാസർഗോഡ് ജില്ലയിലെ ചീമേനിയിൽ കൽക്കരി അധിഷ്ഠിതമായി ഒരു താപവൈദ്യുത നിലയം സ്ഥാപിക്കുന്നകാര്യം സർക്കാരിന്റെയും കെ.എസ്.ഇ.ബി-യുടെയും സജീവ പരിഗണനയിലാണ്. അനുദിനം വർദ്ധിച്ചുവരുന്ന വൈദ്യുത ആവശ്യകതയും, പുതിയ ജലവൈദ്യുത നിലയങ്ങൾ സ്ഥാപിക്കുന്നതിനുള്ള പാരിസ്ഥിതിക പ്രശ്നങ്ങളും, കാറ്റ്, സൗരോർജ്ജം തുടങ്ങിയവയിൽനിന്നുള്ള വൈദ്യുതി ഉല്പാദനത്തിന്റെ അസ്ഥിര സ്വഭാവവും, പുറമേനിന്ന് വൈദ്യുതി കൊണ്ടുവരുന്നതിനുള്ള പരിമിതികളും മറ്റും കണക്കിലെടുക്കുമ്പോൾ, സ്ഥിരമായും തുടർച്ചയായും വൈദ്യുതി ഉല്പാദനം സാധ്യമാകുന്ന ഉയർന്ന ശേഷിയുള്ള ഒരു കൽക്കരി അധിഷ്ഠിത വൈദ്യുതി നിലയം സംസ്ഥാനത്തിനകത്ത് സ്ഥാപിക്കേണ്ടത് അനിവാര്യമാണ്. ഈ നിലയ്ക്കാണ് ചീമേനി വൈദ്യുതി പദ്ധതിയുടെ പ്രസക്തിയെ വിലയിരുത്തേണ്ടത്. തുടക്കത്തിൽ 2400 മെഗാവാട്ട് ശേഷിയുള്ള ഒരു കൽക്കരി അധിഷ്ഠിത വൈദ്യുതി നിലയം ചീമേനിയിൽ സ്ഥാപിക്കാനാണ് 2009-ൽ സർക്കാർ അംഗീകാരം നൽകിയത്. കെ.എസ്.ഐ.ഡി.സി-യും കെ.എസ്.ഇ.ബി-യും ചേർന്ന് രൂപീകരിക്കുന്ന ഒരു Special Purpose Vehicle (SPV) വഴി പദ്ധതി നടപ്പാക്കാനും, കെ.എസ്.ഐ.ഡി.സി-യെ നോഡൽ ഏജൻസിയായി നിയമിക്കാനും സർക്കാർ തീരുമാനിച്ചു. പദ്ധതി നടപ്പാക്കാനായി ചീമേനി വില്ലേജിൽ പ്ലാന്റേഷൻ കോർപ്പറേഷന്റെ കൈവശമുള്ള 2000 ഏക്കർ ഭൂമി SPV-യ്ക്ക് കൈമാറുന്നതിനും തീരുമാനം എടുത്തു. ഇതനുസരിച്ച് പദ്ധതിയുടെ വിവിധ പ്രാരംഭ പ്രവർത്തനങ്ങൾ

കെ.എസ്.ഐ.ഡി.സി നടത്തുകയും, പാരിസ്ഥിതികാനുമതി നേടുന്നതിനുള്ള നടപടികൾ കൈക്കൊള്ളുകയും ചെയ്തു. ഒറീസ്സയിലെ ബൈതരണി കൽക്കരി പാടത്തുനിന്നും കെ.എസ്.ഇ.ബി-യ്ക്ക് അനുവദിച്ച കൽക്കരി ചീമേനി പദ്ധതിയിൽ ഉപയോഗപ്പെടുത്താൻ കെ.എസ്.ഇ.ബി-യും തീരുമാനിച്ചു. എന്നാൽ പാരിസ്ഥിതികാനുമതിയുമായി ബന്ധപ്പെട്ട് നടത്തിയ തെളിവെടുപ്പിലും മറ്റും കൽക്കരി പദ്ധതിയ്ക്കെതിരെ ഉയർന്നുവന്ന പ്രാദേശികമായ എതിർപ്പ് പരിഗണിച്ച് ചീമേനിയിൽ കൽക്കരി അധിഷ്ഠിത വൈദ്യുതി നിലയം സ്ഥാപിക്കുന്നതിനുള്ള നീക്കത്തിൽനിന്ന് സർക്കാർ പിൻമാറുകയും, പകരം 1200 മെഗാവാട്ട് ശേഷിയുള്ള ഒരു വാതകാധിഷ്ഠിത നിലയം അവിടെ സ്ഥാപിക്കാൻ 2011-ൽ സർക്കാർ തീരുമാനിക്കുകയും ചെയ്തു. എന്നാൽ കൊച്ചിയിലെ ടെർമിനലിൽ നിന്നും പ്രകൃതിവാതകം എത്തിക്കുന്നതിനുള്ള പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിൽ നേരിട്ട തടസ്സങ്ങളും ഇറക്കുമതി ചെയ്യുന്ന പ്രകൃതി വാതകത്തിന്റെ വളരെ ഉയർന്ന വിലയും, കുറഞ്ഞവിലയുള്ള ആഭ്യന്തരപ്രകൃതി വാതകത്തിന്റെ ലഭ്യതക്കുറവും കണക്കിലെടുത്താൽ വാതകാധിഷ്ഠിത വൈദ്യുതി നിലയം സ്ഥാപിക്കുന്നതിനുള്ള പദ്ധതിയുമായി മുന്നോട്ടുപോകാൻ കഴിയാത്ത സാഹചര്യമാണ് നിലവിലുള്ളത്. ഇത്തരുണത്തിൽ പാരിസ്ഥിതിക പ്രശ്നങ്ങൾ പരമാവധി ലഘൂകരിക്കാനുതകുന്ന സാങ്കേതിക വിദ്യകൾ ഉപയോഗപ്പെടുത്തിയും പ്രദേശവാസികളുടെ വിശ്വാസം നേടാനുതകുന്ന മറ്റ് നടപടികൾ സ്വീകരിച്ചും ഒരു കൽക്കരി അധിഷ്ഠിത വൈദ്യുതി നിലയം തന്നെ ചീമേനിയിൽ സ്ഥാപിക്കുന്നതിനുള്ള നീക്കമാണ് സർക്കാരും കെ.എസ്.ഇ.ബി-യും നടത്തുന്നത്. പ്രസ്തുത പദ്ധതിയിൽ ഉപയോഗപ്പെടുത്തുന്നതിനായി ബൈതരണിയോ, മറ്റേതെങ്കിലും കൽക്കരിപ്പാടമോ കേന്ദ്രസർക്കാരിൽ നിന്നും അനുവദിച്ചു കിട്ടുന്നതിനുള്ള നടപടികളും സർക്കാരും കെ.എസ്.ഇ.ബി-യും സ്വീകരിച്ചു വരുന്നുണ്ട്. ഏതെങ്കിലും കാരണത്താൽ കൽക്കരിപ്പാടം ലഭിക്കാത്ത സാഹചര്യമുണ്ടായാൽപ്പോലും ഇറക്കുമതി ചെയ്യുന്ന കൽക്കരി ഉപയോഗിച്ച് പദ്ധതി നടപ്പാക്കുന്നകാര്യം ആലോചിക്കാവുന്നതാണ്.

സംസ്ഥാനത്തിന്റെ ദീർഘകാല വൈദ്യുതാവശ്യകത നിറവേറ്റുന്നതിൽ ഈ പദ്ധതിയ്ക്കുള്ള അടിയന്തര പ്രാധാന്യം കണക്കിലെടുത്ത് ഒത്തൊരുമിച്ചുള്ള പ്രവർത്തനം ഇക്കാര്യത്തിൽ ആവശ്യമാണ്.

ശിപാർശ

എനർജി മാനേജ്മെന്റ് സെന്റർ

ഉപഭോക്താക്കൾക്ക് എൽ.ഇ.ഡി ബൾബുകൾ, ഫാനുകൾ എന്നിവ വിതരണം ചെയ്യുന്ന ഒരു പദ്ധതി തയ്യാറായികൊണ്ടിരിക്കുകയാണെന്നും, എനർജി എഫിഷ്യൻസി സർവ്വീസസ് ലിമിറ്റഡ് എന്ന കമ്പനിയെയാണ് കേന്ദ്രസർക്കാർ ഇതിനായി കണ്ടെത്തിയിരിക്കുന്നതെന്നും, പോണ്ടിച്ചേരി മണ്ഡലത്തിൽ വിജയകരമായി നടപ്പിലാക്കിയ ഒരു പദ്ധതിയാണെന്നും സമിതി മനസ്സിലാക്കുന്നു. ഓരോ വീടുകളിലും ഇൻകാന്റസന്റ് ബൾബിന് പകരം രണ്ട് എൽ.ഇ.ഡി ബൾബുകൾ നൽകുന്ന ഒരു പദ്ധതി നിലവിലുള്ളതായും, പ്രസ്തുത പദ്ധതി വഴി ചെലവാകുന്ന തുക ഉപഭോക്താക്കളുടെ ബില്ലിലെ മിച്ചം തുകയിൽ നിന്നും നാല് വർഷം കൊണ്ട് തിരിച്ചുപിടിക്കുകയാണ് ചെയ്യുന്നതെന്നും, കേരളത്തിൽ അറുപത് വാട്ടിന്റെ ഇൻകാന്റസന്റ് ബൾബ് പതിനാല് വാട്ടിന്റെ സി.എഫ്.എൽ വച്ച് റീപ്ലേസ് ചെയ്തു കഴിഞ്ഞതായും, വകുപ്പ് ഉദ്യോഗസ്ഥൻ സമിതിയെ ധരിപ്പിച്ചു.

(ഖണ്ഡിക 19)

സർക്കാർ സ്വീകരിച്ച നടപടി

കേരളത്തിലെ വൈദ്യുത ഉപഭോക്താക്കൾക്ക് രണ്ട് എൽ.ഇ.ഡി ബൾബുകൾ വീതം സൗജന്യ നിരക്കിൽ വിതരണം ചെയ്യുന്ന പദ്ധതി കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡിന്റെ ആഭിമുഖ്യത്തിൽ ആരംഭിച്ചു കഴിഞ്ഞു. കേന്ദ്ര സർക്കാരിന്റെ കീഴിലുള്ള എനർജി എഫിഷ്യൻസി സർവ്വീസസ് ലിമിറ്റഡ് എന്ന കമ്പനിയാണ് ഈ പദ്ധതിയ്ക്കാവശ്യമായ എൽ.ഇ.ഡി ബൾബുകൾ ടെണ്ടർ നടപടികൾ പൂർത്തീകരിച്ച് കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡിന് ലഭ്യമാക്കുന്നത്. ആദ്യഘട്ടമായി 9 വാട്ട്സിന്റെ രണ്ട് എൽ.ഇ.ഡി ബൾബുകൾ വീതമാണ് കെ.എസ്.ഇ.ബി വിതരണം ചെയ്യുന്നത്.

ശിപാർശ

കേരളത്തിൽ പ്രാധാന്യമർഹിക്കുന്ന വിഷയം ഫാനിന്റെ കാര്യത്തിലാണെന്ന് സമിതി ചൂണ്ടിക്കാണിക്കുന്നു. ഫാനുകളുടെ ഊർജ്ജ ഉപഭോഗം 72 മെഗാവാട്ടാണെന്നും, പുതിയ എനർജി എഫിഷ്യൻസിയുള്ള 40 വാട്ട് വരെയുള്ള ഫാനുകൾ വരുമ്പോൾ, ആയതിന് അഞ്ഞൂറ് രൂപയുടെ അധിക ചെലവ് ഉണ്ടാകുമെന്നും, കേരളത്തിനുവേണ്ടി തയ്യാറാക്കിക്കൊണ്ടിരിക്കുന്ന പദ്ധതിപ്രകാരം രണ്ട് എൽ.ഇ.ഡി ബൾബുകളും രണ്ട് ഫാനുകളാണ് വിതരണം ചെയ്യാനുദ്ദേശിക്കുന്നതെന്നും ആയതിന് നാലായിരം രൂപയുടെ ചെലവു വരുമെന്നും പ്രസ്തുത തുക ഉപഭോക്താക്കളിൽ നിന്നും തിരിച്ചുപിടിക്കുന്നതിനെക്കുറിച്ചുള്ള ആലോചനകൾ നടന്നുവരികയാണെന്നും സമിതി മനസ്സിലാക്കുന്നു.

(ഖണ്ഡിക 20)

സർക്കാർ സ്വീകരിച്ച നടപടി

ഊർജ്ജകാര്യക്ഷമത കൂടിയ ഫാനുകളുടെ പ്രചാരണം വർദ്ധിപ്പിക്കുന്നതിനായി എനർജി എഫിഷ്യൻസി സർവ്വീസസ് ലിമിറ്റഡ് എന്ന സ്ഥാപനം ടെണ്ടർ നടപടികൾ ആരംഭിച്ചു കഴിഞ്ഞു. ഈ ടെണ്ടർ നടപടികൾ പൂർത്തീകരിച്ചു കഴിഞ്ഞാൽ കേരളത്തിലും കാര്യക്ഷമത കൂടിയ ഫാനുകളുടെ വിതരണം ആരംഭിക്കുന്നതാണ്.

ശിപാർശ

എൽ.ഇ.ഡി ഫാൻ ഉപഭോക്താവിന് നൽകുമ്പോൾ നിലവിലുള്ള ഫാനുകൾ തിരിച്ചെടുക്കാനാണുദ്ദേശിക്കുന്നതെന്നും, എക്സ്ചേഞ്ച് ചെയ്യുമ്പോൾ മോട്ടോർ മാത്രമെടുത്ത് രണ്ടാമത് ഉപയോഗിക്കാവുന്നതാണെന്നും എല്ലാ മുനിസിപ്പാലിറ്റികളിലും തെരുവ് വിളക്കുകളെല്ലാം എൽ.ഇ.ഡി ആക്കി മാറ്റുന്നതിനുള്ള പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടെന്നും വകുപ്പ് ഉദ്യോഗസ്ഥൻ സമിതിയെ അറിയിച്ചു.

(ഖണ്ഡിക 21)

## സർക്കാർ സ്വീകരിച്ച നടപടി

ഊർജ്ജകാര്യക്ഷമത കുറഞ്ഞ ഫാനുകൾ മാറ്റി ഊർജ്ജ കാര്യക്ഷമത കൂടിയ ഫാനുകൾ ലഭ്യമാക്കുന്ന പദ്ധതി നടപ്പിലാക്കുന്നത് എനർജി എഫിഷ്യൻസി സർവ്വീസസ് ലിമിറ്റഡ് എന്ന സ്ഥാപനമാണ്. ഊർജ്ജ കാര്യക്ഷമത കൂടിയ ഫാനുകൾ ഉപഭോക്താവിന് നൽകുമ്പോൾ പഴയ ഫാനുകൾ തിരിച്ചെടുക്കാനാണ് ഉദ്ദേശിക്കുന്നത്. അല്ലാത്തപക്ഷം കാര്യക്ഷമത കുറഞ്ഞ ഫാനുകൾ വീണ്ടും ഊർജ്ജനഷ്ടം ഉണ്ടാക്കുവാൻ ഇടവരുത്തും.

കേരളത്തിലെ എല്ലാ മുനിസിപ്പാലിറ്റികളിലും കോർപ്പറേഷനുകളിലും സാധാരണ തെരുവ് വിളക്കുകൾ മാറ്റി ഊർജ്ജ കാര്യക്ഷമതയുള്ള എൽ.ഇ.ഡി അധിഷ്ഠിതമായ തെരുവുവിളക്കുകൾ സ്ഥാപിക്കുന്നതിനായി കേരള സസ്റ്റൈനബിൾ അർബൻ ഡവലപ്പ്മെന്റ് പ്രോജക്ടിന്റെ ചുമതലയിൽ നടപ്പിലാക്കുന്ന നഗരജ്യോതി എന്ന പദ്ധതിയുടെ ടെണ്ടർ നടപടികൾ അവസാന ഘട്ടത്തിലാണ്.

കൂടാതെ കേരളത്തിലെ ആലപ്പുഴ മുനിസിപ്പാലിറ്റിയിൽ എനർജി എഫിഷ്യൻസി സർവ്വീസസ് ലിമിറ്റഡിന്റെ സഹകരണത്തോടെ ഊർജ്ജകാര്യക്ഷമതയുള്ള എൽ.ഇ.ഡി തെരുവുവിളക്കുകൾ സ്ഥാപിക്കുന്ന പദ്ധതിയും പൂർത്തിയായി വരുന്നു.

## ശിപാർശ

ഓരോ നിയോജകമണ്ഡലത്തിലും ഊർജ്ജവിതരണ പ്രവൃത്തികൾക്കായി 10 ലക്ഷം രൂപ വീതം അനുവദിക്കുന്നതിനുള്ള പദ്ധതി സംബന്ധിച്ച് കെ.എസ്.ഇ.ബി-യിൽ നിന്നും ഉത്തരവായിട്ടുണ്ടെന്നും, ആയത് സംബന്ധിച്ച് സർക്കാരിൽ നിന്നും ഉത്തരവ് പുറപ്പെടുവിക്കേണ്ടതുണ്ടെന്നും സമിതി മനസ്സിലാക്കുന്നു.

(ഖണ്ഡിക 22)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

ഓരോ നിയോജകമണ്ഡലത്തിലും ഊർജ്ജ വിതരണ പ്രവർത്തികൾക്കായി 10 ലക്ഷം രൂപ വീതം അനുവദിക്കുന്നതിനുള്ള പദ്ധതി സംബന്ധിച്ച് സർക്കാരിൽ നിന്നും ഉത്തരവ് പുറപ്പെടുവിച്ചിട്ടില്ല.

<u>ശിപാർശ</u>

ഊർജ്ജോല്പാദനത്തിനും ഊർജ്ജ സംരക്ഷണത്തിനും വിഭാവനം ചെയ്തിട്ടുള്ളതും ഏറ്റെടുത്തിട്ടുള്ളതും പുതിയതും നിലവിലുള്ളതും പരിഗണനയിലുള്ളതുമായ മേൽപ്പറയുന്ന വിവിധ പദ്ധതികൾ നടപ്പിലാക്കിയതു സംബന്ധിച്ച വിശദാംശങ്ങളടങ്ങിയ റിപ്പോർട്ട് ലഭ്യമാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 23)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് മുഖേന ഏറ്റെടുത്തിട്ടുള്ള / നടപ്പിലാക്കിവരുന്ന ഊർജ്ജ ഉല്പാദന പദ്ധതികൾ സംബന്ധിച്ച വിശദ വിവരങ്ങൾ 11 മുതൽ 18 വരെ ഖണ്ഡികകളിലെ ശിപാർശകളുടെ മറുപടിയായി നൽകിയിട്ടുണ്ട്. കെ.എസ്.ഇ.ബി മുഖേന 2015-16-ൽ ഏറ്റെടുത്ത് നടപ്പിലാക്കിവരുന്ന ഊർജ്ജ സംരക്ഷണ പദ്ധതികളുടെ വിശദ വിവരങ്ങളും, എനർജി മാനേജ്മെന്റ് സെന്റർ മുഖേന 2015-16-ൽ ഏറ്റെടുത്ത് നടപ്പിലാക്കി വരുന്ന ഊർജ്ജ ഉല്പാദന-ഊർജ്ജ സംരക്ഷണ പദ്ധതികൾ സംബന്ധിച്ച വിശദ വിവരങ്ങളും സമിതിയ്ക്ക് സമർപ്പിച്ചിട്ടുണ്ട് (റിപ്പോർട്ടിൽ പേജ് 56-ൽ അനുബന്ധം - I ആയി ചേർത്തിരിക്കുന്നു).

<u>ശിപാർശ</u>

ജോലിക്കിടയിൽ പോസ്റ്റിൽ നിന്നും മറ്റും വീണ് മരിക്കുന്ന കരാർ തൊഴിലാളികളുടെ വിഷയം അടിയന്തര പ്രാധാന്യമർഹിക്കുന്ന ഒന്നാണെന്ന് സമിതി അഭിപ്രായപ്പെടുന്നു. മൂന്ന് ലക്ഷം രൂപയ്ക്ക് താഴെയുള്ള കോൺട്രാക്ടുകളിൽ നഷ്ടപരിഹാരം ബോർഡ് നൽകുന്നുണ്ടെന്നും, മൂന്ന് ലക്ഷം രൂപയ്ക്ക് മുകളിൽ

ഉള്ളതിന് വർക്ക്മെൻ കോമ്പൻസേഷൻ ആക്റ്റ് അനുസരിച്ച് നഷ്ടപരിഹാരം നൽകുന്നതായും ഡെപ്യൂട്ടി ലേബർ കമ്മീഷണർ അവാർഡ് ചെയ്യുന്ന തുകയനുസരിച്ചാണ് നഷ്ടപരിഹാരം നൽകി വന്നിരുന്നതെന്നും എന്നാൽ നിലവിൽ ഡെപ്യൂട്ടി ലേബർ കമ്മീഷണർക്ക് പ്രസ്തുത അധികാരം ഇല്ലെന്നും കേന്ദ്ര നിയമത്തിൽ ഭേദഗതി വരുത്തി പ്രസ്തുത അധികാരം നിലവിൽ ഇൻഡസ്ട്രീസ് ട്രിബ്യൂണലിലേക്ക് മാറ്റിയിരിക്കുന്നതായും സമിതി ചൂണ്ടിക്കാണിക്കുന്നു.

(ഖണ്ഡിക 24)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

കരാർ തൊഴിലാളികൾക്കും കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിലെ സ്ഥിരം ജീവനക്കാർക്കും ജോലിയിൽ ഏർപ്പെട്ടിരിക്കുമ്പോൾ അപകടമോ അപകടമരണമോ സംഭവിക്കുകയാണെങ്കിൽ വിവേചനമില്ലാതെ 1923-ലെ തൊഴിലാളി നഷ്ടപരിഹാര നിയമത്തിലെ വ്യവസ്ഥകൾ പ്രകാരം മാസവേതനത്തിനും പ്രായത്തിനും ആനുപാതികമായ 3,97,480 രൂപ മുതൽ 9,14,160 രൂപ വരെ മരണാനന്തര നഷ്ടപരിഹാരവും, അപകടം മുഖാന്തരം ഉണ്ടായ അംഗവൈകല്യത്തിന്റെ ശതമാനത്തിന് ആനുപാതികമായി അവശതാനഷ്ടപരിഹാരവും കൂടാതെ അർദ്ധ മാനസികാ നഷ്ടപരിഹാരവും കെ.എസ്.ഇ.ബി ലിമിറ്റഡ് അനുവദിച്ചുവരുന്നുണ്ട്.

മൂന്ന് ലക്ഷം രൂപയിൽ കവിയുന്ന അടങ്കൽ തുകയുള്ള കരാർ ജോലികളിൽ സംഭവിക്കുന്ന അപകടങ്ങൾക്ക് നഷ്ടപരിഹാരം നൽകുന്നതിനുള്ള ബാധ്യത അതത് കരാറുകാരനായിരിക്കും. കരാർ ഏറ്റെടുക്കുന്നതോടെ അയാൾ തൊഴിലാളികൾക്കായി അപകട ഇൻഷ്വറൻസ് എടുത്തിട്ടുണ്ട് എന്നത് ഉറപ്പാക്കുന്നു. ഏതുതരം അപകടത്തിനും നഷ്ടപരിഹാര തുക കണക്കാക്കുന്നതും അനുവദിക്കുന്നതും 1923-ലെ തൊഴിലാളി നഷ്ടപരിഹാര നിയമത്തിലെ വ്യവസ്ഥകൾ പ്രകാരവും, എംപ്ലോയീസ് കോമ്പൻസേഷൻ കമ്മീഷണറുടെ ഉത്തരവ് പ്രകാരവുമാണ്.

നഷ്ടപരിഹാരത്തിന്റെ അർഹത പരിശോധിക്കുകയും അതു വിതരണം ചെയ്യുന്നതും ഉൾപ്പെടെയുള്ള അധികാരം ഇൻഡസ്ട്രിയൽ ട്രിബ്യൂണലിലേക്ക് മാറ്റിയിരിക്കുന്നത് കേന്ദ്ര നിയമത്തിന്റെ ഭേദഗതി പ്രകാരമായതിനാൽ സംസ്ഥാന സർക്കാരിനോ ബോർഡിനോ ഈ വിഷയത്തിൽ മറ്റു നടപടി സാധ്യമല്ല

ശിപാർശ

വിദ്യുച്ഛക്തി ബോർഡിനുവേണ്ടി പണി ചെയ്യുന്ന സ്ഥിരം ജീവനക്കാരനാണ് മരിക്കുന്നതെങ്കിൽ അവരുടെ ആശ്രിതർക്ക് ജോലി നൽകുന്നതിന് നിലവിൽ നിയമമുള്ളതായും, എന്നാൽ കരാർ തൊഴിലാളികളുടെ വിഷയത്തിൽ ആശ്രിതർക്ക് ജോലി നൽകുന്നതുപോലുള്ള ആനുകൂല്യങ്ങൾ പ്രായോഗികമല്ലെന്നും, ചില അവസരങ്ങളിൽ നഷ്ടപരിഹാരം നൽകിവരുന്നതായും, സ്ഥിരം ജീവനക്കാരനാണെങ്കിൽ വർക്ക്മെൻ കോമ്പൻസേഷൻ സംഖ്യയ്ക്ക് പുറമേ ബോർഡിൽ നിന്നും 5 ലക്ഷം രൂപയും, ഇൻഷ്വറൻസ് തുകയായി 5 ലക്ഷം രൂപയും കൂടാതെ ക്ഷേമനിധി ഫണ്ടിൽ നിന്നുള്ള ഒരു നിശ്ചിത തുകയുൾപ്പെടെ ഏകദേശം 25 ലക്ഷം രൂപ മരിച്ചയാളുടെ ആശ്രിതന് നൽകിവരുന്നതായും സമിതി മനസ്സിലാക്കുന്നു.

(ഖണ്ഡിക 25)

സർക്കാർ സ്വീകരിച്ച നടപടി

കരാർ തൊഴിലാളികൾ കെ.എസ്.ഇ.ബി-യുടെ രേഖാമൂലമായ അറിവോടും സമ്മതത്തോടുംകൂടി ചെയ്യപ്പെടുന്ന ജോലികളിൽ സംഭവിക്കുന്ന എല്ലാ അപകടങ്ങൾക്കും 1923-ലെ തൊഴിലാളി നഷ്ടപരിഹാര നിയമത്തിലെ വ്യവസ്ഥകൾ പ്രകാരം നഷ്ടപരിഹാരം അനുവദിച്ചുവരുന്നു.

അപകടത്തിൽ മരണപ്പെടുന്ന കരാർ തൊഴിലാളിയെ അപേക്ഷിച്ച് സമാനമായ ദൗർഭാഗ്യം നേരിട്ട വൈദ്യുത ബോർഡ് തൊഴിലാളിയുടെ കുടുംബത്തിന് അധികമായ തുക ലഭിക്കുന്നുണ്ട്. ഇതു രണ്ട് സ്രോതസ്സുകളിൽ നിന്നാണ്.

1. സർക്കാർ നടപ്പിലാക്കിയിട്ടുള്ള ഗ്രൂപ്പ് പേഴ്സണൽ ആക്സിഡന്റ് ഇൻഷ്വറൻസ് പദ്ധതി - 10 ലക്ഷം രൂപയുടെ മരണാനന്തര ആനുകൂല്യം.

2. തൊഴിലാളി ക്ഷേമനിധി - 5 ലക്ഷം രൂപയുടെ മരണാനന്തര ആനുകൂല്യം.

ഇതിൽ ആദ്യത്തെ പദ്ധതിക്ക് 750 രൂപ വാർഷിക പ്രീമിയം തൊഴിലാളികൾ നൽകുന്നു. നിലവിലുള്ള വ്യവസ്ഥകൾ പ്രകാരം ഈ പദ്ധതിയിൽ കരാർ തൊഴിലാളിക്ക് പങ്കാളിയാകാൻ പറ്റില്ല.

രണ്ടാമത് പറഞ്ഞിട്ടുള്ള ക്ഷേമനിധി 1990-ലെ എംപ്ലോയീസ് വെൽഫെയർ ഫണ്ട് റഗുലേഷൻ പ്രകാരമുള്ളതാണ്. 150 രൂപ മാസവരി അടയ്ക്കേണ്ട ഈ പദ്ധതിയും കരാർ തൊഴിലാളിക്ക് ലഭ്യമല്ല.

ഒരു പൊതുമേഖലാ സ്ഥാപനമായ കെ.എസ്.ഇ.ബി-ക്ക് ബാധകമായ കേരള സർവ്വീസ് റൂൾസ്, കേരള സ്റ്റേറ്റ് ആന്റ് സബോർഡിനേറ്റ് സർവ്വീസ് റൂൾസ് എന്നിവയിലെ വ്യവസ്ഥകൾക്ക് വിധേയമായാണ് ആശ്രിതനിയമനം നടപ്പിലാക്കി വരുന്നത്. കരാർ തൊഴിലാളികൾ മേൽപ്പറഞ്ഞ നിയമങ്ങളുടെ പരിധിയിൽ വരുന്നില്ല എന്നതിനാൽ ഈ ആനുകൂല്യങ്ങൾ ലഭ്യമാക്കാൻ നിർവ്വാഹമില്ല.

<u>ശിപാർശ</u>

വൈദ്യുതി ബോർഡിന്റെ പ്രധാനപ്പെട്ട ജോലികളെല്ലാം ചെയ്തുവരുന്ന കരാർ തൊഴിലാളികളിലേറെയും ചെറുപ്പക്കാരാണെന്ന് നിരീക്ഷിക്കുന്ന സമിതി ജോലിക്കിടയിൽ മരണപ്പെടുന്ന കരാർ തൊഴിലാളികളുടെ ആശ്രിതർക്ക് വൈദ്യുതി ബോർഡിൽ ജോലി നൽകുന്ന കാര്യം അനുഭാവപൂർവ്വം പരിഗണിക്കണമെന്ന് നിർദ്ദേശിക്കുന്നു. കരാർ തൊഴിലാളികൾ സുരക്ഷാ മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ടാണ് തൊഴിലിൽ ഏർപ്പെടുന്നതെന്ന് ഉറപ്പുവരുത്തണമെന്നും സമിതി നിർദ്ദേശിക്കുന്നു.

(ഖണ്ഡിക 26)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

1963-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (അഡീഷണൽ

ഫങ്ഷൻസ്) ആക്ട് (Act 16 of 1964) ഖണ്ഡിക 3(1) (a) പ്രകാരം വൈദ്യുതി ബോർഡിലെ എല്ലാ വിഭാഗത്തിലുമുള്ള ജീവനക്കാരുടെ നിയമനവും കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖേനയാണ് നടന്നുവരുന്നത്.

ജോലിക്കിടെ അപകടം സംഭവിച്ച് മരണപ്പെടുന്ന കെ.എസ്.ഇ.ബി.എൽ ജീവനക്കാരുടെ അനന്തരാവകാശികൾക്ക് ആശ്രിതനിയമനം നൽകുന്നത് കേരള സർവ്വീസ് റൂൾസ്, കേരള സ്റ്റേറ്റ് ആന്റ് സബോർഡിനേറ്റ് സർവ്വീസ് റൂൾസ് എന്നിവയിലെ വ്യവസ്ഥകൾ പ്രകാരമാണ്. എന്നാൽ നിലവിലുള്ള നിയമപ്രകാരം കരാർ ജീവനക്കാരുടെ അനന്തരാവകാശികൾക്ക് സ്ഥിരനിയമനം നൽകുന്നതിന് വ്യവസ്ഥയില്ല.

അപകടങ്ങൾ ഒഴിവാക്കുവാൻ ശാസ്ത്രീയമായ നടപടികൾ സ്വീകരിക്കുകയും സമ്പൂർണ്ണ സുരക്ഷ ലക്ഷ്യമാക്കി ഉല്പാദനം, പ്രസരണം, വിതരണം തുടങ്ങിയ മേഖലകളിൽ Safety Officers-നെ നിയമിച്ച് പ്രവർത്തനങ്ങളെ ഏകോപിപ്പിച്ച് വരുന്നു. ജീവനക്കാർക്ക് ഉത്തരവാദിത്വബോധവും സുരക്ഷയും ഉറപ്പുവരുത്തുവാൻ തീവ്രപരിശീലന പരിപാടികൾ സംഘടിപ്പിക്കുകയും സുരക്ഷാ ഉപകരണങ്ങൾ ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. ഫീൽഡ് ജീവനക്കാരുടെ എണ്ണം വർദ്ധിപ്പിക്കുകയും ചെയ്തിട്ടുണ്ട്.

## 6. <u>തൊഴിലും നൈപുണ്യവുമായി ബന്ധപ്പെട്ട ആധുനിക സങ്കേതങ്ങൾ, വിവിധ ഊർജ്ജാവശ്യങ്ങൾക്കായി സ്ഥാപിതമായ ഊർജ്ജ പദ്ധതികൾ എന്നിവയുടെ പഠനം സംബന്ധിച്ച് കർണ്ണാടക, മഹാരാഷ്ട്ര, ഡൽഹി, ഹരിയാന എന്നീ സംസ്ഥാനങ്ങൾ സന്ദർശിച്ചതിന്റെ അടിസ്ഥാനത്തിലുള്ള റിപ്പോർട്ട്</u>

<u>ശിപാർശ</u>

കർണ്ണാടക സംസ്ഥാനത്തിന്റെ മാതൃകയിൽ അസംഘടിത മേഖലയിലെ കൂടുതൽ തൊഴിലാളികൾക്ക് പെൻഷനും മറ്റ് ആനുകൂല്യങ്ങളും നൽകുന്ന പദ്ധതികൾ ആരംഭിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

(ഖണ്ഡിക 11)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

അസംഘടിത മേഖലയിൽ ജോലി ചെയ്യുന്ന തൊഴിലാളികളുടെ ക്ഷേമത്തിനും സാമൂഹ്യസുരക്ഷിതത്വം ഉറപ്പു വരുത്തുന്നതിനും വേണ്ടി 02.02.2016 ലെ സ.ഉ.(അച്ചടി) നമ്പർ 24/2016/തൊഴിൽ പ്രകാരം 2015-ലെ കേരള അസംഘടിത തൊഴിലാളി സാമൂഹ്യ സുരക്ഷാപദ്ധതി രൂപീകരിച്ച് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതിയിൽ അംഗങ്ങളാകുന്ന തൊഴിലാളികൾക്ക് താഴെപറയുന്ന ആനുകൂല്യങ്ങൾക്ക് അർഹത ഉണ്ടായിരിക്കുന്നതാണ്.

- റിട്ടയർമെന്റ് ആനുകൂല്യം
- വാർദ്ധക്യകാല പെൻഷൻ
- കുടുംബപെൻഷൻ
- അവശതാ പെൻഷൻ
- ചികിൽസാ പെൻഷൻ
- വിദ്യാഭ്യാസാനുകൂല്യം
- വിവാഹധനസഹായം
- പ്രസവാനുകൂല്യം
- മരണാനന്തര സഹായവും അപകട ആനുകൂല്യവും.

<u>ശിപാർശ</u>

വൈദ്യുതി ഉത്പാദനം, പ്രസരണം, വിതരണം എന്നിവ ഒരു കമ്പനിയുടെ കീഴിലാക്കിയാൽ മാത്രമേ ഗ്രോസ് സബ്സിഡിയുടെ വിതരണം കാര്യക്ഷമമാക്കുവാൻ സാധ്യമാകുകയുള്ളൂവെന്ന് സമിതി അഭിപ്രായപ്പെടുന്നു.

(ഖണ്ഡിക 42)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

31.10.2013-ലെ സർക്കാർ ഉത്തരവ് നമ്പർ 46/2013/പി.ഡി പ്രകാരം കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡിനെ കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് എന്ന കമ്പനിയിലേക്ക് കൈമാറ്റം ചെയ്യുകയുണ്ടായി. ഇപ്രകാരം

കേരളത്തിൽ കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് എന്ന ഒറ്റ കമ്പനിയുടെ കീഴിൽ വൈദ്യുതി ഉല്പാദനം, പ്രസരണം, വിതരണം എന്നീ സ്റ്റാറ്റജിക് ബിസിനസ് യൂണിറ്റുകളായി കൃത്യങ്ങൾ നിർവ്വഹിക്കുന്നു.

ശിപാർശ

ചീമേനിയിലെ പ്ലാന്റേഷൻ കോർപ്പറേഷന്റെ കൈവശമുള്ള 2500 ഏക്കർ സ്ഥലത്ത് കൽക്കരി ഉപയോഗിച്ച് വൈദ്യുതി ഉൽപ്പാദിപ്പിക്കുന്നതോടൊപ്പം എൽ.എൻ.ജി ഉപയോഗിച്ചും വൈദ്യുതി ഉല്പാദിപ്പിക്കുന്ന സംയുക്ത പദ്ധതിക്ക് മുൻതൂക്കം നൽകണമെന്നും, പദ്ധതി പ്രദേശത്ത് മരങ്ങൾ നട്ടുപിടിപ്പിക്കേണ്ടതാണെന്നും സമിതി അഭിപ്രായപ്പെട്ടു.

(ഖണ്ഡിക 43)

സർക്കാർ സ്വീകരിച്ച നടപടി

കാസർഗോഡ് ജില്ലയിലെ ചീമേനിയിൽ (400x3) 1200 മെഗാവാട്ട് സ്ഥാപിത ശേഷിയുള്ള പ്രകൃതി വാതകാധിഷ്ഠിതമായ വൈദ്യുതി നിലയം സ്ഥാപിക്കുന്നതിനുവേണ്ടി പരിസ്ഥിതി ആഘാത പഠനം നടന്നിട്ടുണ്ട്. പക്ഷെ പദ്ധതിയ്ക്കാവശ്യമായ പ്രകൃതി വാതകം അനുവദിച്ചു കിട്ടിയിട്ടില്ലാത്തതിനാലും ഗ്യാസ് അതോറിറ്റി ഓഫ് ഇന്ത്യ ലിമിറ്റഡ് (ഗെയിൽ)-ന്റെ നിർദ്ദിഷ്ട കൊച്ചിൻ മംഗലാപുരം പ്രകൃതി വാതക പൈപ്പ് ലൈൻ പദ്ധതി വടക്കൻ കേരളത്തിൽ തടസ്സപ്പെട്ടിരിക്കുന്നതിനാലും എൺവയോൺമെന്റ് ക്ലിയറൻസ് (പരിസ്ഥിതി അനുമതി) സർട്ടിഫിക്കറ്റ് ലഭ്യമായിട്ടില്ല. പൈപ്പ് ലൈനിന്റെ പണികൾ യാഥാർത്ഥ്യമാകുംമുമ്പ് ഈ പദ്ധതിയുടെ പാരിസ്ഥിതിക അനുമതി നേടി പദ്ധതി മുന്നോട്ടുകൊണ്ടുപോകാൻ നടപടി സ്വീകരിക്കുന്നതാണ്.

കാസർഗോഡ് ജില്ലയിലെ ചീമേനിയിൽ കൽക്കരി ഇന്ധനമായുള്ള (660x2) 1320 മെഗാവാട്ട് ശേഷിയുള്ള ഒരു താപവൈദ്യുതി നിലയം സ്ഥാപിക്കുന്നതു സംബന്ധിച്ച് ചീമേനിയിലേയും പരിസര പ്രദേശങ്ങളിലെയും ജനങ്ങളെയും, വിവിധ രാഷ്ട്രീയ, സാമൂഹിക, പരിസ്ഥിതി പ്രവർത്തകരെയും

വിശ്വാസത്തിലെടുത്തും ഏറ്റവും നൂതനമായ സാങ്കേതികവിദ്യ ഉപയോഗിച്ചും പരിസ്ഥിതി മലിനീകരണം ഏറ്റവും കുറഞ്ഞതും, ചീമേനി പ്രദേശത്തിന്റെ സമഗ്രവികസനത്തിന് ഉതകുന്നതുമായ അനുബന്ധപദ്ധതികളടക്കം കൽക്കരി ഇന്ധനമായ ഒരു താപവൈദ്യുതി നിലയം സ്ഥാപിക്കാനുള്ള സാധ്യത പരിശോധിച്ചുവരുന്നു. ഇതിനായി ഒരു 20 അംഗകമ്മിറ്റി 04.07.2014-ൽ ബോർഡ് രൂപവൽക്കരിച്ചിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട മംഗലാപുരം പോർട്ടിൽ നിന്നും റെയിൽമാർഗ്ഗം ചീമേനിയിൽ കൽക്കരി എത്തിക്കുന്നതിനുള്ള സാധ്യതാ പഠനം നടത്തുന്നതിനായി ഒരു കൺസൾട്ടന്റിനെ ഏർപ്പാടാക്കുവാനായി നടപടികൾ തുടങ്ങിയിരിക്കുന്നു. ഈ പദ്ധതിക്കാവശ്യമായ കൽക്കരി ലഭിക്കുന്നതിനായി കൽക്കരിപ്പാടം അനുവദിക്കുന്നതിനുള്ള അപേക്ഷ, കേന്ദ്രസർക്കാരിന്റെ കൽക്കരി മന്ത്രാലയം അപേക്ഷകൾ ക്ഷണിക്കുന്നമുറയ്ക്ക് സമർപ്പിക്കാൻ തീരുമാനിച്ചിട്ടുണ്ട്.

ശിപാർശ

തൊഴിൽ മേഖലയിൽ വിവിധ സംസ്ഥാനങ്ങളിൽ വൈവിധ്യമാർന്ന നിരവധി പദ്ധതികൾ നടപ്പിലാക്കുന്നുണ്ടെങ്കിലും കേരളത്തിലെ ക്ഷേമ പദ്ധതികൾ പൊതുവെ മികച്ചതാണെന്ന് സമിതി നിരീക്ഷിക്കുന്നു. എന്നാലും മറ്റു സംസ്ഥാനങ്ങൾ നടപ്പിലാക്കുന്ന മെച്ചപ്പെട്ട പദ്ധതികളിൽ നമ്മുടെ സംസ്ഥാനത്തിന് അനുയോജ്യമായവ ഉണ്ടെങ്കിൽ അവ പ്രാവർത്തികമാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. നിർമ്മാണ, ഊർജ്ജ മേഖലകളിൽ സമിതി സന്ദർശിച്ച സംസ്ഥാനങ്ങൾ വളരെ ആധുനികവും മികച്ചതുമായ സങ്കേതങ്ങൾ പ്രയോജനപ്പെടുത്തുന്നതായാണ് സമിതി മനസ്സിലാക്കുന്നത്. കേരളത്തിലെ സാഹചര്യത്തിനും ജനങ്ങളുടെ അഭിലാഷങ്ങൾക്കും സർക്കാരിന്റെ നയങ്ങൾക്കും അനുഗുണമാകുംവിധമുള്ള പദ്ധതികൾ ആസൂത്രണം ചെയ്ത് പ്രസ്തുത മേഖലകൾ നവീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 57)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

സംസ്ഥാനത്തിന്റെ സാഹചര്യം, ജനങ്ങളുടെ അഭിലാഷം, സർക്കാരിന്റെ നയം, ഇവയ്ക്കനുഗുണമായി വിവിധ പദ്ധതികൾ ആസൂത്രണം ചെയ്ത് ഊർജ്ജ മേഖല നവീകരിക്കുന്നതിന് സമിതി ശിപാർശ ചെയ്തിട്ടുണ്ട്.

പാരിസ്ഥിതികമായി ഏറെ ദൗർലഭ്യങ്ങളുള്ള സംസ്ഥാനത്തിന്റെ ഭൂപ്രദേശങ്ങളിൽ ഖനിജ ഇന്ധനങ്ങളെ അടിസ്ഥാനമാക്കി പദ്ധതികൾ നടപ്പിലാക്കുന്നത് സുഗമമല്ല എന്ന് വിലയിരുത്തുന്നു. ഇത് മുൻനിർത്തി പാരമ്പര്യേതരസങ്കേതങ്ങൾ ഉപയോഗിച്ചും ജലപദ്ധതികളിലൂടെയും ഉള്ള വൈദ്യുതി ഉല്പാദനത്തിന് മുൻഗണന നൽകുന്നുണ്ട്. പൊതുവെ ഉയർന്ന അവബോധം പുലർത്തുന്ന കേരളത്തിലെ പൊതു സമൂഹത്തിൽ പുരപ്പുറം സൗരപദ്ധതിക്ക് ഇപ്പോൾ തന്നെ നല്ല സ്വീകാര്യത ലഭിച്ചിട്ടുണ്ട്. വിതരണ വോൾട്ടേജിൽ ബന്ധിപ്പിക്കാവുന്നതരം കാറ്റിൽ നിന്നുള്ള വൈദ്യുതി ഉല്പാദന സംവിധാനങ്ങൾ പരീക്ഷണത്തിലാണ്. ബയോമാസ്, ബയോഗ്യാസ് എന്നിവയ്ക്കും ധാരാളം സാധ്യതകൾ ഉണ്ട് എന്ന നിരീക്ഷണത്തിന്മേലും പ്രവർത്തനങ്ങൾ തുടങ്ങുന്നതാണ്. ചെറുകിടയും അല്ലാത്തതുമായ എല്ലാ ജലവൈദ്യുതി പദ്ധതികൾക്കും പരമാവധി പിന്തുണ ലഭ്യമാക്കുന്നുണ്ട്.

ജനസാന്ദ്രത കൂടിയതും സസ്യനിബിഡവുമായ സംസ്ഥാനത്ത് ഉയർന്ന വോൾട്ടതയിലുള്ള പ്രസരണ ലൈനുകളുടെ നിർമ്മാണം പ്രതിഷേധം ക്ഷണിച്ചുവരുത്തുന്നത് സാധാരണയായിട്ടുണ്ട്. ഇത് കണക്കിലെടുത്ത് നിലവിലുള്ള ലൈനുകളുടെ ശേഷി നൂതനമായ സാമഗ്രികളും വസ്തുക്കളും ഉപയോഗിച്ച് വർദ്ധിപ്പിക്കുന്നതിന് നിരവധി പദ്ധതികൾ നടപ്പിലാക്കുന്നുണ്ട്. കൂടാതെ, പുതിയ ലൈനുകളുടെ നിർമ്മാണത്തിൽ ആധുനിക സാങ്കേതിക വിദ്യയുടെ ഉപയോഗത്തിലൂടെ ഭൂമിയുടെ ആവശ്യകത പരമാവധി കുറയ്ക്കാനും ഉദ്യമിക്കുന്നു.

വിവരസാങ്കേതിക വിദ്യയിലൂന്നിയ നിരവധി പരിഷ്കരണ പദ്ധതികൾ കേന്ദ്ര സർക്കാർ സഹായത്തോടുകൂടിയും അല്ലാതെയും വിതരണ മേഖലയിൽ നടപ്പിലാക്കുന്നുണ്ട്.

## 7. വ്യാവസായിക പരിശീലന വകുപ്പിന്റെ നൈപുണ്യ വികസന പരിപാടി സംബന്ധിച്ച റിപ്പോർട്ട്

ശിപാർശ

3D ഇന്ററാക്ടീവ് ടീച്ചിംഗ് എയ്ഡ്

3D ഇന്ററാക്ടീവ് ടീച്ചിംഗ് എയ്ഡ് വിദ്യാർത്ഥികളുടെ പഠനനിലവാരത്തിൽ പ്രതിഫലിച്ചിട്ടുണ്ടോയെന്ന് പരിശോധിക്കണമെന്നും പദ്ധതി സംബന്ധിച്ച് ശാസ്ത്രീയമായ അവലോകനം നടത്തണമെന്നും സമിതി നിർദ്ദേശിക്കുന്നു.

(ഖണ്ഡിക 8)

സർക്കാർ സ്വീകരിച്ച നടപടി

ഐ.ടി.ഐ. പരിശീലനാർത്ഥികൾക്ക് മനസ്സിലാക്കാൻ ബുദ്ധിമുട്ടുള്ള വിഷയമായ എഞ്ചിനീയറിംഗ് ഡ്രോയിംഗിലും, ഓട്ടോമൊബൈൽ, ഡ്രാഫ്റ്റ്സ്മാൻ സിവിൽ, ഇലക്ട്രീഷ്യൻ, ഫിറ്റർ, ടർണർ, മെഷീനിസ്റ്റ് എന്നീ ട്രേഡുകളിലും 3 ഡി ഇന്ററാക്ടീവ് ടീച്ചിംഗ് എയ്ഡ് സോഫ്റ്റ്വെയർ രൂപീകരിച്ച് നടപ്പിലാക്കിയിട്ടുണ്ട്. ബന്ധപ്പെട്ട ട്രേഡുകൾ നിലവിലുള്ള ഐ.ടി.ഐ-കളിൽ ടി സോഫ്റ്റ്വെയർ ഉപയോഗിച്ച് പരിശീലനം നടത്തിവരുന്നു. ഇത് പരിശീലനാർത്ഥികളുടെ പഠന നിലവാരം ഉയർത്തുകയും വിജയശതമാനത്തിൽ പുരോഗതി കൈവരിക്കുന്നതിന് സഹായകമാവുകയും ചെയ്തിട്ടുണ്ട്.

ശിപാർശ

ഐ.എസ്.ഒ സർട്ടിഫിക്കേഷൻ

ഇക്കാര്യത്തിൽ ലക്ഷ്യപ്രാപ്തി കൈവരിച്ചത് സംബന്ധിച്ച വിശദാംശങ്ങൾ സമർപ്പിക്കാൻ സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 10)

## സർക്കാർ സ്വീകരിച്ച നടപടി

2015-16 അദ്ധ്യായന വർഷം തിരഞ്ഞെടുക്കപ്പെട്ട 10 ഐ.ടി.ഐ.-കളായ ഐ.ടി.ഐ. ധനുവച്ചപുരം, ഐ.ടി.ഐ. ചാക്ക, ഐ.ടി.ഐ. ചന്ദനത്തോപ്പ്, ഐ.ടി.ഐ.(വനിത) കൊല്ലം, ഐ.ടി.ഐ. പള്ളിക്കത്തോട്, ഐ.ടി.ഐ. കട്ടപ്പന, ഐ.ടി.ഐ. ചാലക്കുടി, ഐ.ടി.ഐ. മലമ്പുഴ, ഐ.ടി.ഐ (വനിത) കണ്ണൂർ, ഐ.ടി.ഐ. കാസർഗോഡ് എന്നീ സ്ഥാപനങ്ങളിൽ ഐ.എസ്.ഒ. സർട്ടിഫിക്കേഷൻ നേടിയെടുക്കുന്നതിനുള്ള നടപടികൾ വ്യാവസായിക പരിശീലന വകുപ്പിൽ സ്വീകരിച്ചുവരുന്നു. ടി സ്ഥാപനങ്ങളെ ഐ.എസ്.ഒ സർട്ടിഫിക്കേഷൻ ലഭ്യമാക്കുന്നതിന് ഉതകുന്ന രീതിയിൽ മാറ്റുന്നതിനുള്ള പ്രവർത്തനങ്ങൾ കൺസൾട്ടിംഗ് ഏജൻസിയുടെ സഹായത്താൽ ഐ.ടി.ഐ-കളിൽ നടന്നുവരുന്നു. പ്രസ്തുത ഐ.ടി.ഐ-കളിൽ സർട്ടിഫിക്കേഷൻ ആഡിറ്റ് ആരംഭിച്ചിട്ടുണ്ട്. ഏപ്രിൽ മാസത്തിൽ ആഡിറ്റ് പൂർത്തിയാക്കുന്നതിനും ഐ.എസ്.ഒ സർട്ടിഫിക്കേഷൻ നേടിയെടുക്കുന്നതിനും ലക്ഷ്യം വയ്ക്കുന്നു.

## ശിപാർശ

### സ്കിൽ ഡെവലപ്പ്മെന്റ് ഇനിഷ്യേറ്റീവ് (എസ്.ഡി.ഐ) സ്കീം

വ്യാവസായിക പരിശീലന വകുപ്പ് മുഖേന പ്രസ്തുത പദ്ധതി തുടരുന്നതാണ് ഉചിതമെന്ന് സമിതി അഭിപ്രായപ്പെടുന്നു. പദ്ധതി കൂടുതൽ വിപുലപ്പെടുത്തി കാര്യക്ഷമമാക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു.

(ഖണ്ഡിക 12)

## സർക്കാർ സ്വീകരിച്ച നടപടി

2015-16 സാമ്പത്തിക വർഷം കേന്ദ്രത്തിൽ നിന്നും 91.9 ലക്ഷം രൂപ (തൊണ്ണൂറ്റി ഒന്ന് ലക്ഷത്തി തൊണ്ണൂറായിരം രൂപ) മാത്രമേ ലഭിച്ചിട്ടുള്ളൂ. ആയതിനാൽ, കൂടുതൽ പേർക്ക് ട്രെയിനിംഗ് നൽകുവാൻ സാധിച്ചിട്ടില്ല. ഫണ്ടിന്റെ അഭാവത്തിൽ എസ്.സി.വി.റ്റി-യിൽ ടി പദ്ധതിയിലെ കോഴ്സുകൾ നടത്തുവാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ 2016-17 സാമ്പത്തിക

വർഷം കേന്ദ്ര സർക്കാരിൽ നിന്നും ഫണ്ട് ലഭിക്കുന്നമുറയ്ക്ക് വ്യാവസായിക പരിശീലന വകുപ്പ് മുഖേന തന്നെ കൂടുതൽ പേർക്ക് ട്രെയിനിംഗ് നൽകുന്നതാണ്.

ശിപാർശ

പൊതു സ്വകാര്യ പങ്കാളിത്ത (പി.പി.പി) പദ്ധതി

ഐ.ടി.ഐ-കളിൽ ആരംഭിച്ചിട്ടുള്ള വരുമാനദായക പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തണമെന്നും പ്രസ്തുത പ്രവർത്തനങ്ങൾ ആരംഭിക്കാത്ത ഐ.ടി.ഐ-കളിൽ ആയത് ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 16)

സർക്കാർ സ്വീകരിച്ച നടപടി

പൊതു സ്വകാര്യ പങ്കാളിത്തത്തോടെ 1396 ഗവൺമെന്റ് ഐ.ടി.ഐ-കളുടെ നിലവാരമുയർത്തൽ പദ്ധതിയിൽ ഉൾപ്പെട്ട ഐ.ടി.ഐ-കളിൽ വരുമാനദായക പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. കൂടാതെ ഇതേവരെ പ്രസ്തുത പ്രവർത്തനങ്ങൾ ആരംഭിക്കാത്ത ഐ.ടി.ഐ- കളിൽ വരുമാനദായക പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

ശിപാർശ

വിവിധ മേഖലകളിലെ മികവിന്റെ കേന്ദ്രങ്ങൾ

സെന്റർ ഓഫ് എക്സലൻസ് ഇൻ നഴ്സിംഗ്

NICE-ന്റെ പ്രവർത്തന പുരോഗതി സംബന്ധിച്ച വിശദാംശങ്ങൾ അറിയിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

(ഖണ്ഡിക 21)

സർക്കാർ സ്വീകരിച്ച നടപടി

കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസ് (KASE)-ന്റെ കീഴിൽ നഴ്സിംഗ് മേഖലയിൽ നൈപുണ്യവികസനത്തിനായി NICE (Nursing Institute

for Career Enhancement) എന്ന സ്ഥാപനം തിരുവനന്തപുരം കിൻഫ്രായിൽ 2015 ജൂലൈ മാസം 2-ാം തീയതി പ്രവർത്തനമാരംഭിച്ചു. പരിശീലനം പൂർത്തിയാക്കിയ ആദ്യ ബാച്ചിലെ 116 വിദ്യാർത്ഥികൾക്കും വിദേശത്ത് ജോലി ലഭ്യമാക്കാനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. രണ്ടാം ബാച്ചിൽ 23 കുട്ടികളാണ് NICE-ൽ പരിശീലനം നേടുന്നത്.

<u>ശിപാർശ</u>

<u>സെന്റർ ഓഫ് എക്സലൻസ് ഇൻ ഓയിൽ ആന്റ് റിഗ്</u>

പ്രസ്തുത കേന്ദ്രം പ്രവർത്തനമാരംഭിച്ചിട്ടുണ്ടോയെന്നും ആയതിന്റെ നിലവിലെ സ്ഥിതി എന്താണെന്ന് അറിയിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 23)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

ഓയിൽ & റിഗ് മേഖലയിൽ മികവിന്റെ കേന്ദ്രമായ എൻലൈറ്റൻ സ്കിൽസ് ട്രെയിനിംഗ് പ്രോഗ്രാം ഇൻ ഓയിൽ & റിഗ് (ESPOIR) അങ്കമാലിയിലെ ഇന്റർനാഷണൽ സ്കിൽസ് പാർക്കിൽ 2015 ഡിസംബർ മാസം ആറാം തീയതി പ്രവർത്തനമാരംഭിച്ചു. ESPOIR-ന്റെ ആദ്യ ബാച്ചിൽ 86 വിദ്യാർത്ഥികളാണ് പരിശീലനം നേടുന്നത്. രണ്ടാം ബാച്ചിന്റെ അഡ്മിഷൻ നടപടികൾ പുരോഗമിച്ചുവരുന്നു.

<u>ശിപാർശ</u>

<u>സെന്റർ ഓഫ് എക്സലൻസ് ഇൻ സെക്യൂരിറ്റി</u>

പ്രസ്തുത കേന്ദ്രം പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോയെന്നും, പ്രവർത്തന പുരോഗതിയുടെ വിശദാംശങ്ങളും അറിയിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 26)

സർക്കാർ സ്വീകരിച്ച നടപടി

സെക്യൂരിറ്റി (നാഷണൽ) മേഖലയിൽ നൈപുണ്യ വികസനത്തിനായി CATS (Centre for Advanced Training in Security) എന്ന സ്ഥാപനം തിരുവനന്തപുരം കിൻഫ്രയിൽ 2015 സെപ്തംബർ മാസം 29-ാം തീയതി പ്രവർത്തനമാരംഭിച്ചു. CATS-ൽ Diploma in Security Management (DSM), Unarmed Security Guard (USG) എന്നീ കോഴ്സുകളിലായി 24 വിദ്യാർത്ഥികളാണ് പരിശീലനം നേടുന്നത്.

ശിപാർശ

കൗശൽ കേന്ദ്രങ്ങൾ

കൗശൽ കേന്ദ്രയുടെ പ്രവർത്തനങ്ങൾ എല്ലാ ജില്ലകളിലും ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 30)

സർക്കാർ സ്വീകരിച്ച നടപടി

കൗശൽ കേന്ദ്ര കൊല്ലം ജില്ലയിലെ ചവറയിൽ 2015 ജൂലൈ മാസം പതിനൊന്നാം തീയതിയും, കോഴിക്കോട് ജില്ലയിലെ മാനാഞ്ചിറയിൽ 2015 സെപ്റ്റംബർ മാസം പതിനഞ്ചാം തീയതിയും, പാലക്കാട് ജില്ലയിലെ കുറ്റനാടിൽ 2016 ഫെബ്രുവരി മാസം ഇരുപത്തിയേഴാം തീയതിയും പ്രവർത്തനമാരംഭിച്ചു. മലപ്പുറം ജില്ലയിലെ വളവന്നൂരിൽ കൗശൽ കേന്ദ്ര ആരംഭിക്കുന്നതിനുള്ള സ്ഥലം കണ്ടെത്തുകയും ചെയ്തു. കൂടാതെ, എല്ലാ ജില്ലകളിലും കൗശൽ കേന്ദ്രങ്ങൾ ആരംഭിക്കാനുള്ള പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. കൊല്ലം ജില്ലയിലെ കൗശൽ കേന്ദ്രയിൽ 1003 പേർ രജിസ്റ്റർ ചെയ്യുകയും, 238 പേർക്ക് ലാംഗ്വേജ് ലാബിലൂടെ പരിശീലനം നൽകുകയും ചെയ്തിട്ടുണ്ട്. കോഴിക്കോട് ജില്ലയിലെ കൗശൽ കേന്ദ്രയിൽ 796 പേർ രജിസ്റ്റർ ചെയ്യുകയും, 150 പേർക്ക് ലാംഗ്വേജ് ലാബിലൂടെ പരിശീലനം നൽകുകയും ചെയ്തിട്ടുണ്ട്. പാലക്കാട് ജില്ലയിലെ കൗശൽ കേന്ദ്രയിൽ 57 പേർ രജിസ്റ്റർ ചെയ്യുകയും, 10 പേർക്ക് ലാംഗ്വേജ് ലാബിലൂടെ പരിശീലനം നൽകുകയും ചെയ്തിട്ടുണ്ട്.

ഇത്തരത്തിൽ നാളിതുവരെ കൗശൽ കേന്ദ്രങ്ങളിൽ 1856 വിദ്യാർത്ഥികൾ രജിസ്റ്റർ ചെയ്യുകയും, രജിസ്റ്റർ ചെയ്തതിലൂടെ CDM Assessment-ഉം ഡിജിറ്റൽ ലൈബ്രറിയും ഉപയോഗിക്കാൻ സാധിക്കുകയും ചെയ്തു. ലാംഗ്വേജ് ലാബിലൂടെ 398 പേർക്ക് പരിശീലനം നൽകി.

ശിപാർശ

ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫ്രാസ്ട്രക്ച്ചർ ആന്റ് കൺസ്ട്രക്ഷൻ (IIIC)

പ്രസ്തുത പദ്ധതി പ്രവർത്തനമാരംഭിച്ചിട്ടുണ്ടോയെന്നും ആയതിന്റെ നിലവിലെ സ്ഥിതി എന്താണെന്ന് അറിയിക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു.

(ഖണ്ഡിക 32)

സർക്കാർ സ്വീകരിച്ച നടപടി

കൺസ്ട്രക്ഷൻ മേഖലകളിൽ ഉരുത്തിരിയുന്ന തൊഴിലവസരങ്ങളെ പ്രയോജനപ്പെടുത്താൻ ശാസ്ത്രീയമായി തയ്യാറാക്കിയ പ്രത്യേക പരിശീലന പദ്ധതികളിലൂടെ തീവ്ര പരിശീലനം നൽകി അതിവിദഗ്ധ തൊഴിൽ പ്രൊഫഷണലുകളെ വാർത്തെടുക്കുക എന്ന ലക്ഷ്യത്തോടെ കൊല്ലം ജില്ലയിലെ ചവറയിൽ Indian Institute Of Infrastructure and Construction (IIIC)-ന്റെ ആദ്യഘട്ടനിർമ്മാണ പ്രവർത്തനങ്ങൾ ദ്രുതഗതിയിൽ പുരോഗമിച്ചുവരുന്നു. IIIC-ൽ അന്താരാഷ്ട്ര നിലവാരത്തിലുള്ള കൺസ്ട്രക്ഷൻ എഞ്ചിനീയറിംഗ് & മാനേജ്മെന്റ് കോഴ്സുകളും, മേസണറി, കാർപ്പന്ററി, പ്ലംബിംഗ്, ഇലക്ട്രിക്കൽ, ഡ്രാഫ്റ്റ്സ്മാൻ, സൂപ്പർവൈസർ, സൈറ്റ് മാനേജർ, എന്നീ വ്യത്യസ്ത മേഖലകളിൽ നൈപുണ്യ വികസനത്തിനുതകുന്ന കോഴ്സുകളും ലഭ്യമാക്കിയിട്ടുണ്ട്. ഐ.ടി.ഐ. സർട്ടിഫിക്കറ്റ്/ഡിപ്ലോമ, എഞ്ചിനീയറിംഗ് ബിരുദധാരികൾക്ക് രാജ്യത്തിനകത്തും പുറത്തും തൊഴിൽ സാധ്യത ഉറപ്പു വരുത്തുവാൻ IIC-യിലൂടെ സാധിക്കും. Building Construction Academy of Singapore, National Construction College of United Kingdom തുടങ്ങിയ അന്താരാഷ്ട്ര സ്ഥാപനങ്ങളുടെ അതേ നിലവാരത്തിലുള്ള പഠന സൗകര്യങ്ങളാണ് IIIC-ൽ

ഒരുക്കിയിട്ടുള്ളത്. സ്പെഷ്യലൈസ്ഡ് കോഴ്സുകൾ രൂപകല്പന ചെയ്തു നടപ്പിലാക്കുന്നതിനായി നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കൺസ്ട്രക്ഷൻ മാനേജ്മെന്റ് & റിസർച്ച് (NICMAR, Pune)-നെ knowledge partner ആയി തെരഞ്ഞെടുക്കുകയും കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസ് (KASE)-മായി ധാരണാപത്രം ഒപ്പ് വയ്ക്കുകയും ചെയ്തു. പ്രസ്തുത കോഴ്സുകൾ 2016 ജൂൺ-ജൂലൈ മാസത്തിൽ ആരംഭിക്കുന്നതാണ്.

<u>ശിപാർശ</u>

തൊഴിൽ നൈപുണ്യ വികസന മേഖലയിൽ വകുപ്പ് ആരംഭിച്ചിട്ടുള്ള നൂതന പദ്ധതികൾ സംസ്ഥാനത്തിന്റെ വ്യാവസായിക മേഖലയെ ശക്തിപ്പെടുത്തുന്നതിനും വിദഗ്ദ്ധ തൊഴിലാളികളുടെ വർദ്ധിച്ചുവരുന്ന ആവശ്യകത പൂർത്തീകരിക്കുന്നതിനും തൊഴിലന്വേഷകർക്ക് മെച്ചപ്പെട്ട തൊഴിലവസരങ്ങൾ ലഭിക്കുന്നതിനും സഹായകരമാകുമെന്ന് സമിതി വിലയിരുത്തുന്നു. തൊഴിലും നൈപുണ്യവും വകുപ്പ് പ്രസ്തുത പദ്ധതികളുടെ വിജയകരമായ നടത്തിപ്പിനായി കാലാകാലങ്ങളിൽ ശാസ്ത്രീയമായ വിലയിരുത്തൽ നടത്തുകയും ആയതിന്റെ അടിസ്ഥാനത്തിൽ ആവശ്യമായ നടപടികൾ സ്വീകരിക്കുകയും ചെയ്യേണ്ടതാണെന്ന് സമിതി നിർദ്ദേശിക്കുന്നു.

(ഖണ്ഡിക 37)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

തൊഴിൽ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി ചെയർമാനായി വ്യാവസായിക പരിശീലന വകുപ്പിൻ കീഴിൽ കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസ് (KASE) എന്ന സ്ഥാപനം രൂപീകരിച്ചതിലൂടെ തൊഴിൽ നൈപുണ്യ വികസന മേഖലയിൽ വകുപ്പ് ആരംഭിച്ചിട്ടുള്ള നൂതന പദ്ധതികൾ കാലാകാലങ്ങളിൽ ശാസ്ത്രീയമായ വിലയിരുത്തൽ നടത്തുകയും ആയതിന്റെ അടിസ്ഥാനത്തിൽ ആവശ്യമായ നടപടികൾ സ്വീകരിക്കുകയും ചെയ്തു വരുന്നു.

8. **<u>അന്യസംസ്ഥാന തൊഴിലാളി ക്ഷേമപദ്ധതി എന്ന വിഷയത്തിന്മേൽ നടത്തിയ ചർച്ചയുടെ അടിസ്ഥാനത്തിലുള്ള റിപ്പോർട്ട്</u>**

<u>ശിപാർശ</u>

ആസ്സാം, ബംഗാൾ, ഒറീസ്സ, ബീഹാർ, ഉത്തർപ്രദേശ് തുടങ്ങിയ സംസ്ഥാനങ്ങളിൽ നിന്നുമാണ് കൂടുതലും അന്യസംസ്ഥാന തൊഴിലാളികൾ കേരളത്തിൽ എത്തിച്ചേരുന്നത്. ടി സംസ്ഥാനങ്ങളുമായി ഒരു ധാരണ ഉണ്ടാക്കുവാൻ കേന്ദ്ര തൊഴിൽ വകുപ്പുമന്ത്രിയുമായി നടത്തിയ ചർച്ച അധികം മുന്നോട്ടുപോയില്ലെന്നും, ആയതിനാൽ പ്രസ്തുത വിഷയത്തിൽ തുടർചർച്ചകൾ ആവശ്യമാണെന്നും സമിതി അഭിപ്രായപ്പെട്ടു.

(ഖണ്ഡിക 3)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

സർക്കാർ അധീനതയിൽ പ്രവർത്തിക്കുന്ന ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിനാൻസ് & ടാക്സേഷൻ 2013-ൽ നടത്തിയ പഠന റിപ്പോർട്ട് പ്രകാരം ഏകദേശം 25 ലക്ഷത്തിൽ കൂടുതൽ ഇതര സംസ്ഥാന തൊഴിലാളികൾ കേരളത്തിൽ വിവിധ തൊഴിലിടങ്ങളിൽ ജോലി ചെയ്തു വരുന്നതായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഇവരിൽ പശ്ചിമ ബംഗാളിൽ നിന്നുള്ള തൊഴിലാളികളാണ് സംസ്ഥാനത്ത് കൂടുതലായി ജോലി ചെയ്തു വരുന്നത്. ഇതര സംസ്ഥാന തൊഴിലാളികളുടെ കൃത്യമായ കണക്ക് ലഭ്യമാക്കുന്നതിനായി ആസ്സാം, ബംഗാൾ, ഒറീസ്സ, ബീഹാർ, ഉത്തർപ്രദേശ് തുടങ്ങിയ സംസ്ഥാനങ്ങളുമായി ഒരു ധാരണ ഉണ്ടാക്കുവാൻ കേന്ദ്ര തൊഴിൽ വകുപ്പ് മന്ത്രിയുമായി നടത്തിയ ചർച്ച അധികം മുന്നോട്ടുപോയിട്ടില്ല. ഈ സാഹചര്യത്തിൽ ഇതരസംസ്ഥാന തൊഴിലാളികളുടെ വിവരശേഖരണത്തിനും തിരിച്ചറിയൽ കാർഡ് നൽകുന്നതിനുമായി സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയുടെ മാതൃകയിൽ ഇൻഷ്വറൻസ് പദ്ധതിക്ക് രൂപം നൽകി വരുന്നു. ഈ പദ്ധതി ആരംഭിച്ച ശേഷം ടി വിഷയത്തിന്മേൽ ആവശ്യമെങ്കിൽ തുടർചർച്ച നടത്തുന്നതാണ്.

ശിപാർശ

അന്യസംസ്ഥാന തൊഴിലാളികളുമായി ബന്ധപ്പെട്ട് പ്രധാനമായും വരുന്ന വിഷയങ്ങൾ താഴെപ്പറയും പ്രകാരമാണെന്ന് സമിതി അഭിപ്രായപ്പെട്ടു

അന്യസംസ്ഥാന തൊഴിലാളികൾ താമസിക്കുന്ന പ്രദേശങ്ങളിൽ ഉണ്ടാകുന്ന ക്രമസമാധാന പ്രശ്നങ്ങൾ പത്രമാധ്യമങ്ങളിലെല്ലാം ഊതിപ്പെരുപ്പിച്ചു കാണിക്കുന്നു. ക്രിമിനൽ കുറ്റകൃത്യങ്ങളിൽ ഏർപ്പെടുന്നവർ വളരെ ചെറിയ ശതമാനമാണെന്നും, ഭൂരിപക്ഷവും സമാധാനപരമായും നിയമത്തിന് വിധേയരായും ജീവിക്കുന്നവരാണെന്നും സമിതി അറിയിച്ചു

[ഖണ്ഡിക 4(i)]

സ്വീകരിച്ച നടപടി

സമിതിയുടെ നിരീക്ഷണം പൂർണ്ണമായും ശരിയാണ്. അന്യസംസ്ഥാന തൊഴിലാളികളെ സംബന്ധിച്ച വിവരശേഖരണം പൂർത്തിയാകുന്നമുറയ്ക്ക് ക്രിമിനൽ കുറ്റങ്ങളിൽ ഏർപ്പെടുന്നവരെ നിരീക്ഷിക്കാൻ സാധിക്കുന്നതാണ്.

ശിപാർശ

ആരോഗ്യവുമായി ബന്ധപ്പെട്ടതാണ് രണ്ടാമത്തെ വിഷയമെന്നും, അന്യസംസ്ഥാന തൊഴിലാളികൾ വാഹകരായി കൊണ്ടുവരുന്ന രോഗങ്ങളും ഇവർ താമസിക്കുന്ന വൃത്തിഹീനമായ പ്രദേശങ്ങളിൽ നിന്നും പൊട്ടിപ്പുറപ്പെടുന്ന പുതിയ രോഗങ്ങളുമാണ് ഏറ്റവും വലിയ ഭീഷണിയെന്നും ചൂണ്ടിക്കാട്ടിയ സമിതി ഇവരെ അധിവസിക്കുവാൻ ശ്രമിക്കുമ്പോൾ തദ്ദേശവാസികളിൽ നിന്നും എതിർപ്പുണ്ടാകുന്നുണ്ടെന്നും, നല്ല ടോയ്‌ലെറ്റ് സംവിധാനത്തോടു കൂടിയ വൃത്തിയായ താമസസൗകര്യം ഒരുക്കിയാലും അവർ ആയത് ഉപയോഗിക്കാതെ പരിസരം വൃത്തിഹീനമാക്കുന്നതിലാണ് നാട്ടുകാരിൽ നിന്നും വളരെയധികം എതിർപ്പുണ്ടാകുന്നതെന്നും വ്യക്തമാക്കി.

[ഖണ്ഡിക 4(ii)]

<u>സർക്കാർ സ്വീകരിച്ച നടപടി</u>

ഇതര സംസ്ഥാന തൊഴിലാളികളുടെ ആരോഗ്യവും ശുചിത്വവും സംബന്ധിച്ച കാര്യങ്ങൾ പരിശോധിക്കുന്നതിനും അവർക്ക് ബോധവൽക്കരണം നടത്തുന്നതിനും, നിയമലംഘനങ്ങൾക്കെതിരെ നടപടി സ്വീകരിക്കുന്നതിനുമായി ജില്ലാ ലേബർ ഓഫീസർ (ഇ)-യെ കൺവീനറാക്കിയും, തദ്ദേശസ്വയംഭരണ വകുപ്പിലെ ഡെപ്യൂട്ടി ഡയറക്ടർമാരെയും, ഫാക്ടറീസ് & ബോയിലേഴ്സ് ഇൻസ്പെക്ടർമാരെയും, ജില്ലാ മെഡിക്കൽ ഓഫീസർമാരെയും അംഗങ്ങളാക്കി ഒരു ടാസ്ക്ഫോഴ്സ് സർക്കാർ ഉത്തരവ് പ്രകാരം രൂപീകരിക്കുകയും, ടി സ്ക്വാഡിന്റെ പ്രവർത്തനം വകുപ്പുതലത്തിൽ നിരീക്ഷിക്കുകയും ചെയ്തുവരുന്നു. ഇവരുടെ പരിശോധനകളിൽ ടി തൊഴിലാളികൾ വൃത്തിഹീനമായ സാഹചര്യങ്ങളിൽ ജീവിക്കുന്നതായും, ഇവിടെ നിന്നും നിർമ്മാർജ്ജനം ചെയ്തിരുന്നതായ കോളറ, മലേറിയ തുടങ്ങിയ രോഗങ്ങൾ പടരുന്നതായും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇതര സംസ്ഥാന തൊഴിലാളികളുടെ ലേബർ ക്യാമ്പുകളിലെ ശുചിത്വ/താമസ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നത് ഉറപ്പാക്കുന്നത് സംബന്ധിച്ച നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചുകൊണ്ട് 03.08.2016 ലെ സ.ഉ. (സാധാ) നം. 960/2016/തൊഴിൽ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

<u>ശിപാർശ</u>

അന്യസംസ്ഥാന തൊഴിലാളികൾക്ക് മെച്ചപ്പെട്ട താമസസൗകര്യം നൽകുന്നതിന് ലേബർ ലെയിനുകൾ തയ്യാറാക്കാൻ പദ്ധതിയിട്ടിട്ടുണ്ട്. എന്നാൽ നിലവിൽ ഇവ സ്ഥാപിക്കുന്നതിനുള്ള സ്ഥലത്തിന്റെ ബുദ്ധിമുട്ട് പരിഹരിക്കുന്നതിനായി റ്റോഡി വർക്കേഴ്സ് വെൽഫെയർ ഫണ്ട് ബോർഡിന്റെ അധീനതയിലുള്ള കണ്ടുകെട്ടിയ സ്ഥലങ്ങൾ ഉപയോഗിക്കാവുന്നതാണെന്ന് സമിതി അറിയിച്ചു. നഗരത്തിൽ ഇവർക്കായി കുറച്ച് നീക്കിവയ്ക്കുന്നതിനേക്കാൾ നഗരത്തിൽ നിന്നും 20 കിലോമീറ്റർ ചുറ്റളവിൽ താമസസൗകര്യവും യാത്രാസൗകര്യവും ഏർപ്പെടുത്തിയാൽ മതിയാകുമെന്നും സമിതി അഭിപ്രായപ്പെട്ടു

റ്റോഡി വർക്കേഴ്സ് വെൽഫെയർ ഫണ്ട് ബോർഡ് കണ്ടുകെട്ടിയ സ്ഥലം എല്ലാ പട്ടണങ്ങളിലും ഉള്ളതായും അവർക്ക നൽകാനുള്ള തുക നൽകി ഒന്നോ രണ്ടോ പൈലറ്റ് പദ്ധതികൾ എറണാകുളത്തോ തിരുവനന്തപുരത്തോ തുടങ്ങാവുന്നതാണെന്നും രജിസ്ട്രേഷൻ ചെയ്യുതനുസരിച്ച് താമസസൗകര്യങ്ങൾ നൽകുമെന്ന വ്യവസ്ഥ ഏർപ്പെടുത്താവുന്നതാണെന്നും സമിതി വ്യക്തമാക്കി. സ്വകാര്യമേഖലയെക്കൂടി പ്രസ്തുത പദ്ധതിയിൽ പങ്കാളികളാക്കാവുന്നതാണെന്നും ആയത് നിർമ്മാണമേഖലയിൽ ഉണർവുണ്ടാക്കുമെന്നും, തൊഴിലാളികൾക്ക് ഒരു മുറിക്ക് പ്രതിശീർഷ വാടക ഈടാക്കാവുന്നതാണെന്നും, ഗൾഫ് രാജ്യങ്ങളിലെ തൊഴിലാളികൾക്ക് ഇത്തരത്തിലുള്ള താമസസൗകര്യങ്ങളാണ് ഒരുക്കിയിരുന്നതെന്നും സമിതി അഭിപ്രായപ്പെട്ടു. തൊഴിലാളികൾക്ക് താമസസൗകര്യം ഏർപ്പെടുത്തുന്ന കെട്ടിടത്തിന്റെ അറ്റകുറ്റപ്പണികളും വൃത്തിയാക്കലും ഭംഗിയായി നടത്തുന്നതുൾപ്പെടെയുള്ള തുക വാടകയിനത്തിൽ കിട്ടേണ്ടതുണ്ടെന്നും, പ്രസ്തുത പദ്ധതിക്കായി കഴിഞ്ഞ ബഡ്ജറ്റിൽ 5 കോടി രൂപ വകകൊള്ളിച്ചിട്ടുള്ളതായും, പദ്ധതി നടപ്പിലാക്കുന്നതിന് 'ഭവനം ഫൗണ്ടേഷൻ' എന്ന നോൺ-പ്രോഫിറ്റ് കമ്പനി രൂപീകരിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നതായും ആയതിന് ക്യാബിനറ്റിന്റെ അംഗീകാരം ലഭിച്ചിട്ടുള്ളതായും, ആയതിന്റെ കമ്പനി ആക്ട് പ്രകാരമുള്ള രജിസ്ട്രേഷൻ നടപടികൾ നടന്നുവരികയാണെന്നും തൊഴിലും നൈപുണ്യവും വകുപ്പ് അഡ്വൈസർ വിശദമാക്കി.

[ഖണ്ഡിക 4(iii)]

<u>സർക്കാർ സ്വീകരിച്ച നടപടി</u>

തൊഴിൽ വകുപ്പിന്റെ കീഴിലുള്ള ഭവനം ഫൗണ്ടേഷൻ കേരള നടപ്പിലാക്കി വരുന്ന ഭവനം പദ്ധതികളിൽ ഒന്നാണ് അപ്നാഘർ പദ്ധതി. ഇതര സംസ്ഥാന തൊഴിലാളികൾക്ക വേണ്ടി ഹോസ്റ്റൽ രീതിയിലുള്ള പാർപ്പിട സമുച്ചയമാണ് ഈ പദ്ധതി വഴി നടപ്പിലാക്കുന്നത്. ഇതിന്റെ ആദ്യസ്കീം പാലക്കാട് ജില്ലയിലെ

കിൻഫ്ര, കഞ്ചിക്കോട് ആരംഭിച്ചിട്ടുണ്ട്. ഇതിന്റെ ആകെ ചെലവ് പ്രതീക്ഷിക്കുന്നത് 8 കോടി രൂപയാണ്. ഈ പദ്ധതിയുടെ നിർമ്മാണം 2016 ഒക്ടോബറോട്കൂടി പൂർത്തിയാക്കാൻ കഴിയും. 768 പേർക്ക് എല്ലാവിധ സൗകര്യങ്ങളുമുള്ള ഹോസ്റ്റലാണിത്. ഈ മാതൃകയിൽ തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് നഗരങ്ങളിലും ഇതര സംസ്ഥാന തൊഴിലാളികൾക്കുവേണ്ടി പാർപ്പിട സൗകര്യം നിർമ്മിക്കുന്നതിനുള്ള പദ്ധതി സർക്കാരിന്റെ പരിഗണനയിലാണ്.

ശിപാർശ

അന്യസംസ്ഥാന തൊഴിലാളി ഒരു മാസത്തിനകം കേരള വെൽഫെയർ ബോർഡിൽ രജിസ്റ്റർ ചെയ്തിരിക്കണമെന്നും, അങ്ങനെ ചെയ്യാത്ത തൊഴിലാളികളിൽനിന്ന് ഒരു നിശ്ചിത തുക പിഴ ഈടാക്കണമെന്നും, രജിസ്ട്രേഷൻ നിർബന്ധമാക്കുന്ന നിലയിലുള്ള പെനാൽറ്റിയാണ് കരട് ബില്ലിൽ വ്യവസ്ഥ ചെയ്തിട്ടുള്ളതെന്നും അദ്ധ്യക്ഷൻ വ്യക്തമാക്കി. അന്യസംസ്ഥാന തൊഴിലാളികളുടെ രജിസ്ട്രേഷൻ, തൊഴിൽ വകുപ്പിന് കീഴിലാണ് നടത്താനുദ്ദേശിക്കുന്നതെന്നും, ക്ഷേമപദ്ധതികൾ നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് മാത്രമേ രജിസ്ട്രേഷൻ ഏർപ്പെടുത്താൻ സാധിക്കുകയുള്ളുവെന്നും, കേരളത്തിൽ ജോലി ചെയ്യണമെങ്കിൽ തൊഴിൽ വകുപ്പിൽ രജിസ്റ്റർ ചെയ്തിരിക്കണമെന്ന് നിഷ്കർഷിക്കാൻ സാധിക്കില്ലെന്നും, പ്രസ്തുത വിഷയം നിസ്സാരമായി കാണാവുന്ന കാര്യമല്ലെന്നും, ആയതിന്മേൽ തുടർപഠനങ്ങൾ ആവശ്യമാണെന്നും സമിതി അഭിപ്രായപ്പെട്ടു.

(ഖണ്ഡിക 7)

സർക്കാർ സ്വീകരിച്ച നടപടി

കേരള സർക്കാർ ഇതര സംസ്ഥാനങ്ങളിൽനിന്ന് വരുന്ന തൊഴിലാളികളുടെ ക്ഷേമം ഉറപ്പുവരുത്തുന്നതിലേക്കായി [29.03.2010-ലെ സർക്കാർ ഉത്തരവ് (എംഎസ്.) നമ്പർ 46/2010/തൊഴിൽ ഉത്തരവ് പ്രകാരം] 2010-ലെ

കേരള കടിയേറ്റ തൊഴിലാളി ക്ഷേമ പദ്ധതി എന്ന പേരിൽ കേരള ബിൽഡിംഗ് & അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ ബോർഡിന്റെ കീഴിൽ ഒരു പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. ടി തൊഴിലാളികളിൽ 18 വയസ്സ് പൂർത്തിയായവരും, 60 വയസ്സ് കഴിയാത്തവരുമായിട്ടുള്ളവർക്ക് ഈ പദ്ധതിയിൽ രജിസ്റ്റർ ചെയ്യാം. ടി ക്ഷേമ പദ്ധതി പ്രകാരം അപകട ആശ്വാസ സഹായം, ചികിത്സാ സഹായം, ടെർമിനൽ ബെനിഫിറ്റ്, വിദ്യാഭ്യാസ ആനുകൂല്യം, സാധാരണ മരണാനന്തര ധനസഹായം, അപകട മരണ ധനസഹായം, ഭൗതിക ശരീരം നാട്ടിലെത്തിക്കുന്നതിനുള്ള ധനസഹായം, പ്രസവ ധനസഹായം തുടങ്ങിയ ആനുകൂല്യങ്ങൾ നല്കുന്നു. ടി പദ്ധതി പ്രകാരം സംസ്ഥാനത്ത് ഇതുവരെ 53136 ഇതര സംസ്ഥാന തൊഴിലാളികളെ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇതര സംസ്ഥാന തൊഴിലാളികളുടെ വിവരശേഖരണത്തിനും തിരിച്ചറിയൽ കാർഡ് നൽകുന്നതിനും കൂടുതൽ തൊഴിലാളികളെ രജിസ്ട്രേഷൻ നടപടികളിലേക്ക് ആകർഷിക്കുന്നതിനുമായി ഇതരസംസ്ഥാന തൊഴിലാളികൾക്ക് സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയുടെ മാതൃകയിൽ ഒരു ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി (ആവാസ്) നടപ്പിലാക്കുവാൻ സർക്കാർ തലത്തിൽ നടപടികൾ സ്വീകരിച്ചു വരുന്നു. ഈ പദ്ധതി നടപ്പിലാക്കുന്നതോടുകൂടി ഇവരുടെ രജിസ്ട്രേഷനും അതോടൊപ്പം വിവരശേഖരണവും ആരോഗ്യ സുരക്ഷിതത്വവും ഉറപ്പു വരുത്തുവാൻ കഴിയും.

<u>ശിപാർശ</u>

ഇതരസംസ്ഥാന തൊഴിലാളികൾക്കിടയിൽ ഉയർന്നുവരുന്ന മറ്റൊരു പ്രശ്നം തൊഴിലില്ലായ്മയാണെന്നും നിർമ്മാണ മേഖലയിലെ സ്തംഭനാവസ്ഥ ഇതിന് കാരണമാണെന്നും, ആയതിനാൽ അവർക്ക് എല്ലാ ദിവസവും ജോലി ലഭിക്കുന്നില്ലെന്നും നിർമ്മാണ മേഖലയിലും കാർഷികമേഖലയിലും തൊഴിൽ കുറഞ്ഞുവരുന്നതിനാൽ തൊഴിലില്ലായ്മ നമ്മുടെ സംസ്ഥാനത്തെ തൊഴിലാളികളെയും സാരമായി ബാധിച്ചിരിക്കുന്ന സാഹചര്യത്തിൽ

അന്യസംസ്ഥാന തൊഴിലാളികളുടെ വരവിനെ ചെറുക്കുന്ന അവസ്ഥയുണ്ടെന്നും കേരളീയരായിട്ടുള്ള തൊഴിലാളികൾ നിലവിൽ ഇവർക്കെതിരാകുന്ന സ്ഥിതിവിശേഷമാണുള്ളതെന്നും സമിതി നിരീക്ഷിച്ചു അന്യസംസ്ഥാന തൊഴിലാളികൾ കേരളത്തിലെ തൊഴിൽ മേഖലകൾ കയ്യടക്കുന്ന പ്രവണത യാഥാർത്ഥ്യം ആണെന്നും ആയതിന്റെ പ്രാധാന്യം തിരിച്ചറിഞ്ഞില്ലെങ്കിൽ തൊഴിൽപരമായി മാത്രമല്ല സാമൂഹ്യപരമായി സംഘർഷം ഉണ്ടാകുമെന്നും സമിതി അഭിപ്രായപ്പെട്ടു.

(ഖണ്ഡിക 11)

## സർക്കാർ സ്വീകരിച്ച നടപടി

സമിതിയുടെ വിലയിരുത്തൽ ശരിയാണ്. എന്നാൽ കേരളത്തിലെ നിർമ്മാണ മേഖലയിൽ കേരളത്തിൽനിന്നുള്ള തൊഴിലാളികളുടെ ലഭ്യത പര്യാപ്തമല്ലാതെ വരുന്ന സാഹചര്യത്തിലാണ് ഇതര സംസ്ഥാന തൊഴിലാളികളെ നിർമ്മാണ മേഖലയ്ക്ക് ആവശ്യമായി വരുന്നത്. കേരളീയ തൊഴിലാളികൾ ഇതര സംസ്ഥാന തൊഴിലാളികൾക്ക് എതിരാകുന്ന സാഹചര്യം ഇതുവരെ ഉരുത്തിരിഞ്ഞതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ലെങ്കിലും ഈ വിഷയത്തിൽ ജാഗ്രത പുലർത്തുന്നതാണ്.

## ശിപാർശ

അന്യസംസ്ഥാന തൊഴിലാളികൾക്കിടയിൽ സ്കിൽഡ് വർക്കേഴ്സ് കുറവാണെന്നും, മേസൺ, ആശാരിപ്പണി എന്നിവയ്ക്ക് സ്കിൽഡ് തൊഴിലാളികൾ ആവശ്യമുണ്ടെന്നും, കുടുംബശ്രീയിലെ അംഗങ്ങൾക്ക് പരിശീലനം നൽകണമെന്നും അന്യസംസ്ഥാന തൊഴിലാളികളുടെ എണ്ണം കൃത്യമായി തിട്ടപ്പെടുത്തുന്നതിനുള്ള സംവിധാനം ഒരുക്കണമെന്നും സമിതി അഭിപ്രായപ്പെട്ടു അന്യസംസ്ഥാന തൊഴിലാളികൾക്കിടയിൽ നേപ്പാൾ, ബംഗ്ലാദേശ് തുടങ്ങിയ

രാജ്യങ്ങളിൽനിന്നുള്ള അനധികൃത കുടിയേറ്റക്കാരും തൊഴിലെടുക്കുന്നുണ്ടെന്നും സമിതി നിരീക്ഷിച്ചു.

(ഖണ്ഡിക 12)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

ഇതര സംസ്ഥാന തൊഴിലാളികൾക്ക് സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയുടെ മാതൃകയിൽ ഒരു ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി (ആവാസ്) നടപ്പിലാക്കുന്നതുവഴി ഇവരുടെ രജിസ്ട്രേഷനും അതോടൊപ്പം സമഗ്രമായ വിവരശേഖരണവും ആരോഗ്യ സുരക്ഷിതത്വവും ഉറപ്പുവരുത്തുവാൻ കഴിയും. ടി വിവരശേഖരണത്തിലൂടെ ഇവരുടെ പൗരത്വം സംബന്ധിച്ചുള്ള വ്യക്തതയും ഉരുത്തിരിയുന്നതാണ്.

<u>ശിപാർശ</u>

അന്യസംസ്ഥാന തൊഴിലാളികളുടെ ക്ഷേമത്തിനായി ഒരു നിയമത്തിന്റെ പ്രാധാന്യം മനസ്സിലാക്കിയില്ലെങ്കിൽ ഗുരുതരമായ പ്രശ്നങ്ങൾ നേരിടേണ്ടി വരുമെന്നും സമിതി അഭിപ്രായപ്പെട്ടു.

(ഖണ്ഡിക 15)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

കേരള സർക്കാർ ഇതര സംസ്ഥാനങ്ങളിൽനിന്ന് വരുന്ന തൊഴിലാളികളുടെ ക്ഷേമം ഉറപ്പുവരുത്തുന്നതിലേക്കായി [29.03.2010-ലെ സർക്കാർ ഉത്തരവ് (എംഎസ്.) നമ്പർ 46/2010/തൊഴിൽ ഉത്തരവ് പ്രകാരം] 2010-ലെ കേരള കുടിയേറ്റ തൊഴിലാളി ക്ഷേമ പദ്ധതി എന്ന പേരിൽ കേരള ബിൽഡിംഗ് & അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ ബോർഡിന്റെ കീഴിൽ ഒരു പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. ഇതര സംസ്ഥാന തൊഴിലാളികളുടെ സുരക്ഷ,

ആരോഗ്യം, ക്ഷേമം, തൊഴിൽ സുരക്ഷ, വേതന സുരക്ഷിതത്വം എന്നിവ കേന്ദ്ര-സംസ്ഥാന തൊഴിൽ നിയമങ്ങൾക്ക് വിധേയമായി ഉറപ്പുവരുത്തുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു.

തിരുവനന്തപുരം,
2017 ആഗസ്റ്റ് 17.

 റ്റി. പി. രാമകൃഷ്ണൻ,
*ചെയർമാൻ,*
*സബ്ജക്ട് കമ്മിറ്റി-VII.*

അനുബന്ധം-I

# I. കെ.എസ്.ഇ.ബി മുഖേന 2015-16-ൽ ഏറ്റെടുത്ത് നടപ്പിലാക്കിവരുന്ന ഊർജ്ജ സംരക്ഷണ പദ്ധതികൾ

| ക്രമ നം. | പദ്ധതിയുടെ വിശദാംശങ്ങൾ | കുറിപ്പ് |
|---|---|---|
| 1 | 2 | 3 |
| 1 | **ഡൊമസ്റ്റിക് എഫിഷ്യന്റ് ലൈറ്റിംഗ് പ്രോഗ്രാം (ഡെൽഹ്)**<br>• എല്ലാ ഉപഭോക്താക്കൾക്കും 9 വാട്ടിന്റെ രണ്ട് എൽ.ഇ.ഡി. ബൾബുകൾ 95 രൂപ നിരക്കിൽ വിതരണം ചെയ്യുന്നു<br>• നോൺ പേയിംഗ് വിഭാഗത്തിൽപ്പെട്ട ഉപഭോക്താക്കൾക്കും 1000 വാട്ട്സിൽ താഴെ കണക്റ്റഡ് ലോഡും പ്രതിമാസം 40 യൂണിറ്റ് വരെ വൈദ്യുതി ഉപയോഗവുമുള്ള ബി.പി.എൽ. ഉപഭോക്താക്കൾക്ക് സൗജന്യമായി ബൾബുകൾ നൽകും<br>• 75 ലക്ഷം ഉപഭോക്താക്കൾക്കായി 150 ലക്ഷം ബൾബുകൾ നൽകാനാണ് ലക്ഷ്യമിടുന്നത്.<br>• പദ്ധതി ചെലവ് 110 കോടി രൂപ<br>• 250 മെഗാവാട്ടിന്റെ ഉപഭോഗക്കുറവും പ്രതിവർഷം 900 ദശലക്ഷം യൂണിറ്റ് വൈദ്യുതി ലാഭവും പ്രതീക്ഷിക്കുന്നു. | കേന്ദ്രസർക്കാർ സ്ഥാപനമായ എനർജി എഫിഷ്യൻസി സർവ്വീസസ് ലിമിറ്റഡ് (ഇ.ഇ.എസ്.എൽ.) എന്ന സ്ഥാപനമാണ് പദ്ധതിയുടെ സാങ്കേതിക ഉപദേഷ്ടാവ്. 2016 ഫെബ്രുവരി ബൾബുകളുടെ വിതരണം ആരംഭിച്ചു. മെയ് മാസത്തോടെ 66 ലക്ഷം ബൾബുകളുടെ വിതരണം പൂർത്തിയാക്കി. 2016 സെപ്റ്റംബറോടെ പദ്ധതി പൂർത്തീകരിക്കുവാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. |
| 2 | **എൽ.ഇ.ഡി തെരുവ് വിളക്ക് പദ്ധതി**<br>• തെരുവ് വിളക്കുകൾ വഴിയുള്ള വൈദ്യുത ഉപയോഗം കുറയ്ക്കാനും അതുവഴി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് തെരുവ് വിളക്കുകളുടെ വൈദ്യുതിക്കായി ചെലവഴിക്കുന്ന തുകയിൽ കുറവ് | 1. ആലപ്പുഴ മുനിസിപ്പാലിറ്റിയിലെ 8051 തെരുവ് വിളക്കുകളും മാറ്റി സ്ഥാപിക്കാനുള്ള ഈ പദ്ധതി ഇപ്പോൾ അന്ത്യഘട്ടത്തിലാണ്. ഈ പദ്ധതിയ്ക്കാവശ്യമായ തുകയുടെ ഒരു ഭാഗം അവരുടെ പദ്ധതി |

| 1 | 2 | 3 |
|---|---|---|
| | വരുത്താൻ അവരെ സഹായിക്കുന്നതുമാണ് ഈ പദ്ധതി<br>• നിലവിലെ തെരുവ് വിളക്കുകൾ മാറ്റി പുതിയ എൽ.ഇ.ഡി. വിളക്കുകൾ സ്ഥാപിച്ച് ആധുനിക സാങ്കേതിക വിദ്യയിലൂടെ തെരുവ് വിളക്കുകൾ നിയന്ത്രിക്കുകയും ഒരു നിശ്ചിത കാലയളവിൽ കാര്യക്ഷമമായി ഇവയുടെ പ്രവർത്തനം ഏറ്റെടുത്ത് നടപ്പാക്കുകയും ചെയ്യുന്നു.<br>• പദ്ധതി വിഹിതത്തിലൂടെയും ജനപ്രതിനിധികളുടെ ആസ്തി വികസന ഫണ്ടുകൾ ഉപയോഗിച്ചും ഈ പദ്ധതിയ്ക്കാവശ്യമായ തുക തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കണ്ടെത്താവുന്നതാണ്.<br>• മുഴുവൻ തുകയും കണ്ടെത്താൻ സാധിക്കാത്ത സ്ഥാപനങ്ങൾക്ക് കേന്ദ്ര സർക്കാർ സ്ഥാപനമായ ഇ.ഇ.എസ്.എൽ. വഴി പദ്ധതി നടപ്പിലാക്കാൻ കഴിയും. വാർഷികാടിസ്ഥാനത്തിൽ തുക തിരിച്ചടച്ചാൽ മതിയാകും. | വിഹിതത്തിലൂടെയും ബാക്കി തുക പദ്ധതിയുടെ നടത്തിപ്പുകാരായ ഇ.ഇ.എസ്.എൽ. എന്ന കേന്ദ്രസർക്കാർ സ്ഥാപനവുമാണ് ചെലവഴിക്കുന്നത്.<br>2. എം.എൽ.എ- ആസ്തി വികസന ഫണ്ട് ഉപയോഗിച്ച് തൃശ്ശൂർ ജില്ലയിലെ വല്ലച്ചിറ ഗ്രാമപഞ്ചായത്തിൽ 407 പുതിയ എൽ.ഇ.ഡി. ലൈറ്റുകൾ സ്ഥാപിക്കുന്ന ജോലികൾ പുരോഗമിക്കുന്നു.<br>3. ആസ്തിവികസന ഫണ്ട് ഉപയോഗിച്ച് വല്ലച്ചിറ, നെന്മണിക്കര എന്നീ പഞ്ചായത്തിലെ നിലവിലെ എല്ലാ തെരുവ് വിളക്കുകളും എൽ.ഇ.ഡി. ആക്കി മാറ്റാനുള്ള പദ്ധതിക്ക് സർക്കാരിന്റെ ഭരണാനുമതി ലഭിച്ചിട്ടുണ്ട്. |
| 3 | **ഊർജ്ജക്ഷമതയ്ക്കായി ഉപഭോക്തൃ ശാക്തീകരണം**<br>• ഗാർഹിക ഉപഭോക്താക്കളുടെ വൈദ്യുതി ഉപയോഗ രീതികൾ പഠിച്ച്, വീടുകളിലെ വൈദ്യുതി ഉപയോഗം ചിട്ടപ്പെടുത്താനും, ഉപകരണങ്ങളിലും അവയുടെ ഉപയോഗ ക്രമത്തിലും മാറ്റം വരുത്താനും അതോടൊപ്പം സൗരോർജ്ജമടക്കമുള്ള സ്രോതസ്സുകൾ ഉപയോഗപ്പെടുത്താനും ഉപഭോക്താക്കളെ ശാക്തീകരിക്കുന്നതിന്റെ ഭാഗമാണ് ഈ പദ്ധതി. | മലപ്പുറം ജില്ലയിലെ ഊർജ്ജ സർവ്വേ നാഷണൽ സർവ്വീസ് സ്കീം - ടെക്നിക്കൽ സെല്ലിന്റെ വോളന്റിയർമാരെ ഉപയോഗപ്പെടുത്തിയാണ് നടത്തിയത്. സർവ്വേയോടൊപ്പം ഊർജ്ജ സംരക്ഷണ ബോധവൽക്കരണ പ്രവർത്തനവും നടത്തിയിരുന്നു. ജില്ലയിലെ ആകെയുള്ള 9 ലക്ഷം ഉപഭോക്താക്കളിൽ 7 ലക്ഷം ഉപഭോക്താക്കളുടെ വിവരങ്ങളും ഈ സർവ്വേയിലൂടെ ശേഖരിക്കാനായി. |

| 1 | 2 | 3 |
|---|---|---|
| | • എല്ലാ വീടുകളും സന്ദർശിച്ച് ഉപഭോക്താക്കളുടെ നിലവിലെ ഉപകരണങ്ങൾ, അവ ഊർജ്ജക്ഷമതയുള്ള ഉപകരണവുമായി മാറ്റി സ്ഥാപിക്കുന്നതിനുള്ള സാധ്യത, അതിനുള്ള ചിലവും അതുകൊണ്ടുള്ള നേട്ടവും, സോളാർ പ്ലാന്റ് സ്ഥാപിക്കാനുള്ള സാഹചര്യം, നിലവിലെ വൈദ്യുതി ഉപയോഗ രീതിയും അവ ക്രമീകരിക്കാനുള്ള സാധ്യതയും തുടങ്ങിയ കാര്യങ്ങളെ മനസ്സിലാക്കാനായി ബൃഹത്തായ ഊർജ്ജ സർവ്വേ നടത്തുകയാണ് ലക്ഷ്യം.<br>• ഓരോ ഉപഭോക്താവിനും അവരവരുടെ ആവശ്യത്തിനനുസൃതമായി, വീടുകളെ ഊർജ്ജക്ഷമമാക്കാനുള്ള നിർദ്ദേശം ഈ സർവ്വേയിലൂടെ നൽകാനാകും.<br>• എഞ്ചിനീയറിംഗ് കോളേജ്, പോളിടെക്നിക്, ഹയർ സെക്കണ്ടറി, വോക്കേഷണൽ ഹയർ സെക്കണ്ടറി, ഐ.ടി.ഐ. എന്നീ സ്ഥാപനങ്ങളിലെ നാഷണൽ സർവ്വീസ് സ്കീം (എൻ.എസ്.എസ്.) -ന്റെ സേവനം ഈ സർവ്വേ പ്രവർത്തനങ്ങൾക്ക് ഉപയോഗപ്പെടുത്താനാകും.<br>• ഊർജ്ജ സർവ്വേ പൂർത്തീകരണത്തിന് ശേഷം, സ്വമേധയാ തയ്യാറാകുന്ന ഉപഭോക്താക്കൾക്ക് നിലവിലെ ഉപകരണങ്ങൾ മാറ്റി ഊർജ്ജക്ഷമതയുള്ള ഉപകരണങ്ങൾ വാങ്ങുന്നതിനായി ബാങ്ക് വഴി വായ്പ ലഭ്യമാക്കാനും വായ്പയുടെ തിരിച്ചടവ് വൈദ്യുതി ബിൽ വഴി അടയ്ക്കാനുമുള്ള സൗകര്യം ഏർപ്പെടുത്തുകയും ചെയ്യാം. | 4500 വിദ്യാർത്ഥികളുടെ നേതൃത്വ- ത്തിലാണ് ഈ പ്രവർത്തനങ്ങൾ നടപ്പാക്കിയത്. ഇതിലേർപ്പെട്ട വിദ്യാർത്ഥികളുടെ യാത്രയും മറ്റ് അനുബന്ധ കാര്യങ്ങൾക്കും ചെലവാകുന്ന തുക എൻ.എസ്.എസ്-ന് കെ.എസ്.ഇ.ബി. തിരികെ നൽകുന്ന തരത്തിലാണ് പദ്ധതി നടപ്പാക്കുന്നത്. ഈ ആവശ്യത്തിലേയ്ക്കായി 245 ലക്ഷം രൂപ ചെലവാകുമെന്നാണ് പ്രതീക്ഷിക്കുന്നത് |

| 1 | 2 | 3 |
|---|---|---|
| | • ഇതിന്റെ ആദ്യ പടിയെന്ന നിലയിൽ മലപ്പുറം ജില്ലിലെ 7 ലക്ഷം ഉപഭോക്താക്കളുടെ വീടുകൾ സന്ദർശിച്ച് ഊർജ്ജ സർവേ പൂർത്തിയാക്കി കഴിഞ്ഞു. | |
| 4 | **സർക്കാർ ആശുപത്രികളിലെ ഊർജ്ജ ക്ഷമതാ പ്രവർത്തനം.**<br>• അടൂർ, പുനലൂർ, പാലക്കാട്, തിരൂർ, നിലമ്പൂർ എന്നീ സർക്കാർ ആശുപത്രികളിലെ ബൾബുകളും ഫാനുകളും മാറ്റി എൽ.ഇ.ഡി. ബൾബുകളും, ഫൈവ് സ്റ്റാർ റേറ്റഡ് ഫാനുകളും സ്ഥാപിച്ചു.<br>• ഈ പ്രവർത്തനത്തിലൂടെ ആശുപത്രിയിലെ വൈദ്യുതി ഉപഭോഗത്തിലും അത് വഴി വൈദ്യുതിചാർജിനത്തിലും കുറവ് വരും.<br>• ഇത്തരത്തിൽ ലാഭിക്കുന്ന തുകയുടെ ഒരു ഭാഗം കെ. എസ്. ഇ. ബി. ക്ക് പ്രതിമാസ തവണകളായി ആശുപത്രി തിരിച്ചടക്കാമെന്ന് സമ്മതിച്ചിട്ടുണ്ട്.<br>• ഇതിലൂടെ പദ്ധതിക്ക് ചിലവായ തുക ബോർഡിന് തിരികെ ലഭിക്കുകയും, ഈ തുക ഉപയോഗിച്ച് വീണ്ടും ഇത് പോലെയുള്ള ഊർജ്ജക്ഷമതാ പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടപ്പാക്കാനും കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. | പദ്ധതി നടത്തിപ്പിലേക്കായി 15 ലക്ഷം രൂപ ചിലവായി |
| 5 | **ഹൈ വോൾട്ടേജ് വിതരണ സംവിധാനം (എച്ച്. വി. ഡി.എസ്.)**<br>• എച്ച്.ടി. (11 കെ.വി.) ലൈനുകളിൽ കേന്ദ്രീകൃതമായി വലിയ ട്രാൻസ്ഫോർമറുകൾ (100 കെ. വി.എക്ക് മുകളിൽ | തിരുവനന്തപുരം ജില്ലയിലെ പേയാട് ഇലക്ട്രിക്കൽ സെക്ഷനിലാണ് 30 ലക്ഷം രൂപ ചെലവഴിച്ച്, എച്ച്. വി. ഡി. എസ്. പൈലറ്റ് പദ്ധതി നടപ്പാക്കിയത്. ഈ |

| 1 | 2 | 3 |
|---|---|---|
| | • ശേഷിയുള്ളവ) സ്ഥാപിച്ച് അവിടെ നിന്നും എൽ. ടി. ലൈനുകൾ (240/440 വോൾട്ട്) വലിച്ചാണ് ഇപ്പോൾ ഉപഭോക്താക്കൾക്ക് വൈദ്യുതി നൽകുന്നത്.<br>• എന്നാൽ എച്ച്.വി.ഡി.എസ്. സംവിധാനത്തിൽ എൽ.ടി. ലൈനുകൾ പൂർണ്ണമായും ഒഴിവാക്കി എച്ച്. ടി. ലൈനുകളിൽ ചെറിയ ട്രാൻസ്ഫോർമറുകൾ (15 കെ.വി.എ.) വികേന്ദ്രീകൃതമായി സ്ഥാപിച്ച് അതിൽ നിന്നും നേരിട്ട് വൈദ്യുതി നൽകുന്നതാണ് പദ്ധതി.<br>• എൽ.ടി. ലൈനുകളുടെ നീളം വർദ്ധിപ്പിക്കുന്നതിനനുസരിച്ച് ഉപഭോക്താവിന് വോൾട്ടേജ് ക്ഷാമം അനുഭവപ്പെടുന്നത് എച്ച്.വി.ഡി.എസ്. സംവിധാനത്തിലൂടെ ഒഴിവാക്കാൻ കഴിയും.<br>• എൽ.ടി ലൈനുകൾ ഒഴിവാക്കുന്ന തിലൂടെ അത് വഴിയുള്ള വിതരണ നഷ്ടം പൂർണ്ണമായും ഇല്ലാതാക്കാനും വൈദ്യുതി തടസ്സം വലിയൊരളവ് വരെ കുറയ്ക്കുന്നതിനും അതോടൊപ്പം വൈദ്യുതി അപകടങ്ങൾ ഇല്ലതാക്കാനും കഴിയും. | പദ്ധതിയിൽ 3.177 കിലോമീറ്റർ ദൂരത്തിലെ എൽ. ടി. ലൈനുകൾ ഒഴിവാക്കി 15 കെ.വി.എ. യുടെ 21 ട്രാൻസ്ഫോർമറുകൾ സ്ഥാപിച്ച് 312 ഉപഭോക്താക്കൾക്ക് വൈദ്യുതി നൽകുകയാണ്. |
| 6 | **പുഞ്ചപ്പാടങ്ങളിൽ ഊർജ്ജക്ഷമതയുള്ള പമ്പിംഗ് സംവിധാനം**<br>• പുഞ്ചപ്പാടങ്ങൾ കൃഷിക്ക് തയ്യാറാക്കുന്നതിന് വെള്ളം പമ്പ്ചെയ്ത് പുറത്തേക്ക് ഒഴുക്കുന്നതിനായി വ്യാപകമായി ഉപയോഗിക്കുന്ന പെട്ടിയും പറയും എന്ന പരമ്പരാഗത രീതി വളരെ ഊർജ്ജക്ഷമത കുറഞ്ഞതും കാര്യക്ഷമമല്ലാത്തതുമാണെന്ന് നേരത്തെ തന്നെ ബോർഡ് കണ്ടെത്തിയിരുന്നു. | ചങ്ങനാശ്ശേരി - കുട്ടനാട് തുടങ്ങിയ മേഖലയിലെ പുഞ്ചപാടങ്ങളിൽ 10 ഇടങ്ങളിലെ പെട്ടി - പറ പമ്പിംഗ് സംവിധാനത്തിന് പകരമായി ഊർജ്ജക്ഷമതയും കാര്യക്ഷമതയുമുള്ള സബ്മേഴ്സിബിൾ പമ്പുകൾ സ്ഥാപിക്കുന്നതിനായി 30 ലക്ഷം രൂപയുടെ പദ്ധതി നടപ്പാക്കി. |

| 1 | 2 | 3 |
|---|---|---|
| | • പാടശേഖരസമിതിയുടെ സഹകരണത്തോടെ ഇവിടങ്ങളിലെ പമ്പിംഗ് സംവിധാനം മെച്ചപ്പെടുത്താൻ നടത്തിയ പഠനത്തിന്റെ അടിസ്ഥാനത്തിൽ പെട്ടിയും പറയും സംവിധാനത്തിനുപകരമായി സബ്മേഴ്സിബിൾ പമ്പ് സ്ഥാപിച്ചത് വിജയകരമാണെന്ന് കണ്ടെത്തിയിരുന്നു.<br>• തുടർന്ന് 10 പാടശേഖരങ്ങളിൽ നിലവിലുണ്ടായിരുന്ന പെട്ടി-പറ എന്ന പരമ്പരാഗത പമ്പിംഗ് സംവിധാനം മാറ്റി സബ്മേഴ്സിബിൾ പമ്പ് സ്ഥാപിച്ച് നൽകുന്ന ഒരു പദ്ധതി നടപ്പാക്കി<br>• ഇതിലൂടെ വൈദ്യുതി ഉപഭോഗം കുറയുകയും അത് വഴി പാടശേഖര സമിതിക്ക് ഉണ്ടാകുന്ന വൈദ്യുതി ചാർജിനത്തിലെ ലാഭം കെ.എസ്.ഇ.ബി.-ക്ക് പ്രതിമാസ തവണകളായി തിരിച്ചടക്കുന്നതിന് പാടശേഖരസമിതിയുമായി കെ.എസ്.ഇ.ബി. കരാറിൽ ഏർപ്പെട്ടിട്ടുണ്ട്.<br>• ഇത് വഴി പദ്ധതിക്ക് ചിലവായ തുക ബോർഡിന് തിരികെ ലഭിക്കുകയും, ഈ തുക ഉപയോഗിച്ച് കൂടുതൽ പാടശേഖരങ്ങളിൽ പദ്ധതി നടപ്പാക്കാനും കഴിയും. | |

## II. എനർജി മാനേജ്മെന്റ് സെന്റർ മുഖേന ഏറ്റെടുത്ത് നടപ്പിലാക്കിവരുന്ന ഊർജ്ജ ഉല്പാദന - ഊർജ്ജ സംരക്ഷണ പദ്ധതികൾ

ഊർജ്ജോത്പാദനം

110 KV-ന്റെ മാങ്കുളം പഞ്ചായത്തിന്റെ മൈക്രോ ജലവൈദ്യുത പദ്ധതി നവീകരിച്ച് കെ.എസ്.ഇ.ബി. സിംക്രൈണസ് ചെയ്യുകയും ഇതിനുള്ള പവർ പർച്ചേഴ്സ് എഗ്രിമെന്റ് കേരള സംസ്ഥാന വൈദ്യുത റെഗുലേറ്ററി കമ്മീഷന്റെ അനുമതി വാങ്ങി നടപ്പിലാക്കുകയും ചെയ്തിട്ടുണ്ട്. ഇന്ത്യയിൽ തന്നെ

ആദ്യമായാണ് ഒരു പഞ്ചായത്ത് ഇപ്രകാരം പവർ പർച്ചേസ് എഗ്രിമെന്റ് വെച്ച് വൈദ്യുതി ഉല്പാദിപ്പിച്ച് വിറ്റ് ആദായം കൈവരിച്ചത്. ഇത് പഞ്ചായത്തുകളുടെ വികസന പ്രവർത്തനങ്ങൾക്ക് ഉപയോഗിക്കാവുന്ന ഒരു മാതൃകയാണ്. മാത്രമല്ല നാട്ടുകാരായ ആളുകളെ പരിശീലിപ്പിച്ച് പദ്ധതി പ്രവർത്തിപ്പിക്കുന്നതിനും തദ്ദേശവാസികൾക്ക് തൊഴിൽ നൽകുന്നതിനും സാധിച്ചിട്ടുണ്ട്.

50 KW-ന്റെ കല്ലാർ മൈക്രോ ജലവൈദ്യുത പദ്ധതി ഇടുക്കി ജില്ലാ പഞ്ചായത്തിനുവേണ്ടി നവീകരിച്ച് ആദ്യമായി L.T. ഗ്രിഡ്ഡിലോട്ട് സിംക്രണൈസ് ചെയ്യുകയും പവർ പർച്ചേസ് വഴി വൈദ്യുതി കെ.എസ്.ഇ.ബി.-യ്ക്ക് വിൽക്കുന്നതിനും സാധിച്ചു.

74 ഓളം 1 KW മുതൽ 5 KW വരെയുള്ള പീക്കോ ജലവൈദ്യുത പദ്ധതികൾ MNRE-യുടെ ധനസഹായത്തോടെ നടപ്പിലാക്കുകയുണ്ടായി. സമയബന്ധിതമായി ഇവ നടപ്പിലാക്കിയതിന് ഇ.എം.സി.-യ്ക്ക് MNRE-യുടെ അവാർഡും 2015 -ൽ ലഭിക്കുകയുണ്ടായി.

കേരള സർക്കാരിനു വേണ്ടി ചെറുകിട ജലവൈദ്യുത പദ്ധതികൾക്കായുള്ള പോളിസി പ്രകാരം Build, Own, Operate & Transfer (BOOT) വ്യവസ്ഥയിൽ 30 കൊല്ലത്തേക്ക് അനുവദിക്കുന്ന പദ്ധതികൾ മത്സരദർഘാസ് അടിസ്ഥാനത്തിൽ അനുവദിക്കുകയും പല പദ്ധതികളും നടപ്പിലാക്കുകയുമുണ്ടായി.

ഇനിയും 55 ചെറുകിട ജലവൈദ്യുത പദ്ധതികൾ ഇതേ രീതിയിൽ അനുവദിക്കുന്നതിനായുള്ള പ്രീക്വാളിഫിക്കേഷൻ ദർഘാസിന്റെ നടപടികൾ നടന്നുകൊണ്ടിരിക്കുന്നു.

## ഊർജ്ജസംരക്ഷണ പ്രവർത്തനങ്ങൾ

### ഊർജ്ജ ഓഡിറ്റിംഗ്

G.O.(Rt.) No.2/2011/PD, തീയതി 01.01.2011 പ്രകാരം കേരളത്തിലെ എല്ലാ വൻകിട ഊർജ്ജ ഉപഭോക്താക്കൾക്കും ഊർജ്ജ ഓഡിറ്റിംഗ് നിർബന്ധമാണ്. ഇവ പ്രകാരം 2011 ജനുവരി മുതൽ നാളിതുവരെ 117 ഊർജ്ജ

ഓഡിറ്റ് നടത്തിയ ഉപഭോക്താക്കളുടെ റിപ്പോർട്ടുകൾ ഇ.എം.സി.-യിൽ ലഭിച്ചിട്ടുണ്ട്. ഈ വ്യവസായ സ്ഥാപനങ്ങളിൽ ഊർജ്ജ ഓഡിറ്റിംഗ് നടത്തുന്നതിനുവേണ്ടി എംപാനൽ ചെയ്തു രജിസ്റ്റേർഡ് ഊർജ്ജ ഓഡിറ്റ് സ്ഥാപനങ്ങളുടെ ലിസ്റ്റ് ഇ.എം.സി.-യുടെ വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

<u>പ്രാഥമിക ഊർജ്ജ ഓഡിറ്റിംഗ്</u>

2015-16 വർഷത്തെ ബഡ്ജറ്റിൽ 10 ലക്ഷം രൂപ ചെറുകിട വൈദ്യുത ഉപഭോക്താക്കളുടെ സ്ഥാപനങ്ങളിൽ പ്രാഥമിക ഊർജ്ജ ഓഡിറ്റ് നടത്തുന്നതിനുവേണ്ടി ലഭിച്ചിരുന്നു. ഈ പദ്ധതി പ്രകാരം നാളിതുവരെ 63 റിപ്പോർട്ടുകൾ ഇ.എം.സി.-യ്ക്ക് ലഭിച്ചിട്ടുണ്ട്.

<u>ഊർജ്ജ ഓഡിറ്റ് സബ്സിഡി</u>

ഈ പദ്ധതി പ്രകാരം 2014-15 സാമ്പത്തിക വർഷത്തിൽ കേരളത്തിലെ സർക്കാർ/പൊതുമേഖലാ സ്ഥാപനങ്ങളിൽ 18 ഓഡിറ്റ് നടത്തി. സബ്സിഡി വിതരണം ചെയ്തു വരുന്നു.

<u>സർക്കാർ കെട്ടിടങ്ങളിലെ ഉർജ്ജ ഓഡിറ്റിംഗ്</u>

ഈ പദ്ധതി പ്രകാരം 2014-15 സാമ്പത്തിക വർഷത്തിൽ 5 കെട്ടിടങ്ങളിലും 2015-16 സാമ്പത്തിക വർഷത്തിൽ 3 സർക്കാർ കെട്ടിടങ്ങളിലും ഊർജ്ജ ഓഡിറ്റി നടത്തി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. 2016-17 സാമ്പത്തിക വർഷത്തിൽ തിരുവനന്തപുരം മെഡിക്കൽ കോളേജ് കെട്ടിടത്തിൽ ഊർജ്ജ ഓഡിറ്റ് നടത്തുന്നതിനുള്ള നടപടികൾ പൂർത്തിയായി വരുന്നു.

<u>തെരുവ് വിളക്കുകൾ</u>

ഊർജ്ജ കാര്യക്ഷമത കൂടിയ തെരുവ് വിളക്കുകളുടെ പ്രചാരം വർദ്ധിപ്പിക്കുന്നതിനായി കേരളത്തിലെ 60 മുനിസിപ്പാലിറ്റികളിലും 5 കോപ്പറേഷനുകളിലും 45 വാട്ട് ശേഷിയുള്ള 100 വീതം എൽ.ഇ.ഡി. അധിഷ്ഠിതമായി തെരുവ് വിളക്കുകൾ സ്ഥാപിച്ചു

<u>സർക്കാർ കെട്ടിടങ്ങളിലെ ഊർജ്ജ കാര്യക്ഷമത</u>

ഈ പദ്ധതി പ്രകാരം സർക്കാർ കെട്ടിടങ്ങളിലെ ഊർജ്ജ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിന് വേണ്ടി സംസ്ഥാന സർക്കാരന്റെ ധനസഹായത്തോടുകൂടി കേരളത്തിലെ താഴെപറയുന്ന 6 സർക്കാർ കെട്ടിടങ്ങളിൽ ഊർജ്ജ കാര്യക്ഷമത കറഞ്ഞ എയർ കണ്ടീഷണറുകൾ, സീലിംഗ് ഫാനുകൾ, ട്യൂബ് ലൈറ്റുകൾ എന്നിവ മാറ്റി ഊർജ്ജ കാര്യക്ഷമത കൂടിയ എയർ കണ്ടീഷണറുകൾ, സ്റ്റാർ റേറ്റഡ് സീലിംഗ് ഫാനുകൾ, എൽ.ഇ.ഡി. ട്യൂബ് ലൈറ്റുകൾ എന്നിവ സ്ഥാപിച്ചു

1. ഗവൺമെന്റ് സെക്രട്ടേറിയറ്റ്, തിരുവനന്തപുരം
2. വികാസ് ഭവൻ, തിരുവനന്തപുരം
3. ഹൈക്കോടതി ബിൽഡിംഗ്, കൊച്ചി
4. സിവിൽ സ്റ്റേഷൻ, എറണാകുളം
5. സിവിൽ സ്റ്റേഷൻ, തൃശ്ശൂർ
6. സിവിൽ സ്റ്റേഷൻ, കോഴിക്കോട്.

2015-16 സാമ്പത്തിക വർഷത്തിൽ കോട്ടയം സിവിൽ സ്റ്റേഷൻ കെട്ടിടത്തിലെ ഊർജ്ജകാര്യക്ഷമത കറഞ്ഞ ട്യൂബ് ലൈറ്റുകൾ മാറ്റി ഊർജ്ജ കാര്യക്ഷമത കൂടിയ എൽ.ഇ.ഡി. ലൈറ്റുകൾ സ്ഥാപിച്ചു.

<u>മാതൃകാ ഊർജ്ജകാര്യക്ഷമമായ പഞ്ചായത്ത്</u>

സംസ്ഥാന ആസൂത്രണ ബോർഡിന്റെ ധനസഹായത്തോടുകൂടി ആലപ്പുഴ ജില്ലയിലെ പെരുമ്പളം ഗ്രാമപഞ്ചായത്ത് മാതൃകാ ഊർജ്ജകാര്യക്ഷമ പഞ്ചായത്ത് ആക്കുന്നതിന് വേണ്ടിയുള്ള പഠനം നടത്തി റിപ്പോർട്ട് സംസ്ഥാന പ്ലാനിംഗ് ബോർഡിന് സമർപ്പിച്ചു.

ശില്പശാലയും പരിശീലനവും

കേരളത്തിലെ പൊതുമേഖല സ്ഥാപനങ്ങളിലെ സാങ്കേതിക വിദഗ്ദ്ധർക്ക് വേണ്ടി എല്ലാ വർഷവും ഊർജ്ജ കാര്യക്ഷമതയും, ഊർജ്ജ സംരക്ഷണവും സംബന്ധിച്ച് ശില്പശാലയും പരിശീലനവും നൽകുന്നു.

സ്മാർട്ട് എനർജി പ്രോഗ്രാം

വിദ്യാർത്ഥികളിൽ ഊർജ്ജസംരക്ഷണ ബോധവൽക്കരണം നടത്തുന്നതിന് സ്മാർട്ട് എനർജി പ്രോഗ്രാം (SEP) എന്ന പേരിൽ പദ്ധതി നടപ്പിലാക്കി വരുന്നു. ഇതിന്റെ ഭാഗമായി സംസ്ഥാന തലത്തിൽ വിദ്യാർത്ഥികൾക്കായി എനർജി കോൺഗ്രസ്സ് നടത്തി വരുന്നു. എസ്.ഇ.പി.-യുടെ കീഴിൽ 2015-16 കാലയളവിൽ 41 വിദ്യാഭ്യാസജില്ലകളിൽ നിന്നായി 1561 സ്കൂളുകൾ ഉൾപ്പെടുത്തുവാൻ സാധിച്ചിട്ടുണ്ട്. എസ്.ഇ.പി. നടത്തിപ്പിനായി ഇ.എം.സി.-യുടെ കീഴിൽ 14 ജില്ലകളിലായി ഒരോന്നിലും ഒന്ന് കണക്കിന് 14 ജില്ലാ കോർഡിനേറ്റർമാരും അവരുടെ കീഴിൽ 41 വിദ്യാഭ്യാസ ജില്ലകളിൽ ഒരോന്നിലും ഒന്ന് എന്ന കണക്കിന് ജോയിന്റ് കോർഡിനേറ്റർമാരും പ്രവർത്തിക്കുന്നു. SEP അംഗങ്ങളായ സ്കൂളുകളിലെ കുട്ടികൾക്കായി ജില്ലാ അടിസ്ഥാനത്തിൽ പ്രോജക്ട് കോമ്പറ്റീഷൻ നടന്നുവരുന്നു. ഇതിൽ വിജയികളാകുന്നവർക്ക് സംസ്ഥാനതലത്തിൽ മത്സരങ്ങൾ ഉണ്ടാകും. തുടർന്ന് വിജയികൾക്ക് കേരള സ്റ്റേറ്റ് എനർജി കൺസർവേഷൻ ആവാർഡ് 2015 -ലെ വിജയികളായ സ്ഥാപനത്തിൽ സന്ദർശനവും ഒരുക്കുന്നതാണ്. കേരളത്തിലെ തെരഞ്ഞെടുക്കപ്പെട്ട എൽ.പി./യു.പി. സ്കൂളുകളിൽ ഒരു ജില്ലയിൽ 5 എണ്ണം എന്ന ക്രമത്തിൽ ഒരോന്നിനും ഒരു സ്കൂളിന് അടങ്കൾ 25000 രൂപ വിലമതിയ്ക്കുന്ന ഊർജ്ജ കാര്യക്ഷമതയുള്ള ഉപകരണങ്ങൾ അതായത്;

| | |
|---|---|
| 5 സ്റ്റാർറേറ്റഡ് സീലിംഗ് ഫാൻ | - 5 എണ്ണം |
| 18 W LED ട്യൂബ് ലൈറ്റ് | - 5 എണ്ണം |

9 W LED ബൾബ് - 5 എണ്ണം

25 W വാൾമൗണ്ട് LED സ്ട്രീറ്റ് ലൈറ്റ് - 1 എണ്ണം

എന്നിവ വിതരണം ചെയ്ത് വരുന്നു. വരും കാലയളവിൽ VHSC, ITI, Polytechnic, Engineering College എന്നിവയിലേക്കുകൂടി SEP വ്യാപിപ്പിക്കാൻ ഉദ്ദേശിക്കുന്നു. വിദ്യാർത്ഥികൾക്ക് ഊർജ്ജസംരക്ഷണ മേഖലയുമായി ബന്ധപ്പെട്ട് പുതുതായി എന്തെങ്കിലും കണ്ടുപിടിത്തങ്ങൾ നടത്തുവാനായി സാമ്പത്തികവും സാങ്കേതികവുമായ സഹായം ഇ.എം.സി. നൽകി വരുന്നു. ഇതിനോടൊപ്പം തന്നെ വിദ്യാർത്ഥികൾക്ക് പുതിയ ആശയങ്ങൾ ഉള്ളപക്ഷം അവ വികസിപ്പിച്ച് എടുക്കുവാൻ സാങ്കേതിക വിദഗ്ധരടങ്ങുന്ന ഒരു ഇൻകുബേഷൻ സെന്റർ ഇ.എം.സി.-യിൽ പ്രവർത്തിക്കുന്നു.

<u>ഊർജ്ജകിരൺ</u>

പൊതുജനങ്ങളിൽ ഊർജ്ജ സംരക്ഷണ അവബോധം വളർത്തുന്നതിലേയ്ക്കായി സർക്കാരേതിര സംഘടനകൾ മുഖാന്തരം നടത്തുന്ന ഊർജ്ജസംരക്ഷണ ബോധവൽക്കരണ പരിപാടിയാണ് ഊർജ്ജകിരൺ. എല്ലാ നിയോജകമണ്ഡലങ്ങളിലും കുറഞ്ഞത് ഒരു ബോധവൽക്കരണ പരിപാടി എന്ന നിലയ്ക്ക് 193 പരിപാടി കേരളമൊട്ടാകെ നടത്തുകയുണ്ടായി. ഊർജ്ജകിരൺ പദ്ധതിയുടെ കീഴിൽ പരിശീലന പരിപാടികൾ നടത്തുന്നതിലേയ്ക്കായി കേരളത്തിലുടനീളം 125 റിസോഴ്സ് പേഴ്സണുകളെ പരിശീലനം നൽകി ഇ.എം.സി. തയ്യാറാക്കിയിരിക്കുന്നു. മൂന്ന് പഞ്ചായത്തുകളിൽ ഒരു പരിപാടി എന്ന നിലയ്ക്ക് ഈ വർഷം ഈ പദ്ധതി വിപുലപ്പെടുത്താൻ പദ്ധതിയുണ്ട്. പ്രസ്തുത ബോധവൽക്കരണ പരിപാടിയുടെ തുടർപ്രവർത്തനം എന്ന നിലയ്ക്ക് അതാത് പ്രദേശത്തിന് ഉതകുന്ന പദ്ധതികൾ ആവിഷ്കരിക്കുവാൻ ഇതുമായി ബന്ധപ്പെട്ട് പ്രവർത്തിച്ച സംഘാടകർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

## കേരളസംസ്ഥാന ഊർജ്ജസംരക്ഷണ അവാർഡ്

സംസ്ഥാനത്ത് ഊർജ്ജസംരക്ഷണ പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനായി കേരള സർക്കാർ സംസ്ഥാന ഊർജ്ജസംരക്ഷണ അവാർഡ് ഇ.എം.സി. മുഖാന്തിരം നടപ്പിലാക്കി വരുന്നു. ഊർജ്ജസംരക്ഷണ അവാർഡ് പദ്ധതി മുഖാന്തിരം 77 മില്യൺ യൂണിറ്റ് വൈദ്യുതിയും 9610 എണ്ണയും 2015-16 കാലയളവിൽ ലാഭിക്കുവാൻ സാധിച്ചിട്ടുണ്ട്. എനർജി കൺസർവേഷൻ അവാർഡ് സ്കീമിന്റെ ഭാഗമായി അവാർഡ് നേടിയ സ്ഥാപനങ്ങളിൽ അവാർഡിന് അപേക്ഷ സമർപ്പിച്ചവർക്ക് സന്ദർശനം ഒരുക്കുകയും, ഊർജ്ജ സംരക്ഷണത്തിനായി അവാർഡ് നേടിയവർ കൈക്കൊണ്ട പുതിയ ടെക്നോളജികൾ ബാക്കിയുള്ളവർക്ക് പരിചയപ്പെടുത്തുകയും അതുവഴി അവർക്ക് ഊർജ്ജലാഭം ഉണ്ടാക്കുവാനും സാധിച്ചു.

## ഊർജ്ജ ക്ലിനിക്ക്

വീട്ടമ്മമാർക്ക് ഊർജ്ജസംരക്ഷണ അവബോധം വർദ്ധിപ്പിക്കുന്നതിനായി ഊർജ്ജക്ലിനിക്ക് പ്രോഗ്രാം നടത്തിവരുന്നു. ഊർജ്ജക്ലിനിക്കിന്റെ ഭാഗമായി ഊർജ്ജസംരക്ഷണ അനിമേറ്റർമാർ (സ്ത്രീകൾ) വീടുകൾ സന്ദർശിക്കുകയും വൈദ്യുതി ഉപകരണങ്ങൾ ഉപയോഗിക്കുന്നതിന്റെ ന്യൂനതകൾ മാറ്റി ശരിയായ രീതി നിർദ്ദേശിക്കുകയും ചെയ്യുന്നു. ഈ പദ്ധതിയിൻ കീഴിൽ 430 എനർജി ക്ലിനിക്ക് വോളണ്ടിയർമാർ സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിലായി പ്രവർത്തിച്ചുവരുന്നു. കേരളത്തിൽ എല്ലാ പഞ്ചായത്തുകളിലും ഒരു എനർജി ക്ലിനിക്ക് വോളണ്ടിയറിന്റെ സേവനം എത്തിക്കുന്നതിലേയ്ക്കായുള്ള പദ്ധതി നടപ്പിലാക്കിവരുന്നു.

## പൊതുജനബോധവൽക്കരണ പരിപാടികൾ

ഊർജ്ജകിരൺ എന്ന പദ്ധതി കൂടാതെ റസിഡന്റ്സ് അസോസിയേഷനുകൾ, മറ്റ് സംഘടനകൾ മുഖാന്തിരവും ഊർജ്ജസംരക്ഷണ

ബോധവൽക്കരണ ക്ലാസ്സുകൾ നടത്തിവരുന്നു. ഊർജ്ജസംരക്ഷണ പ്രവർത്തനങ്ങൾ ജനങ്ങളിൽ എത്തിക്കുന്നതിലേയ്ക്കായി എക്സിബിഷനുകളും ഇ.എം.സി. നടത്തിവരുന്നു.

<u>ഊർജ്ജ ഗവേഷണ പഠന പദ്ധതികൾ</u>

ഊർജ്ജഗവേഷണ പദ്ധതികൾക്കായി ഇ.എം.സി. സാമ്പത്തിക സാങ്കേതിക സഹായങ്ങൾ നൽകിവരുന്നു. പ്രസ്തുത പദ്ധതിയിൻകീഴിൽ എല്ലാ മേഖലകളിൽ നിന്നും ഊർജ്ജവുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ ഗവേഷണവും പഠനവും പ്രോത്സാഹിപ്പിച്ചു വരുന്നു. നൂതനമായ ആശയങ്ങൾ ഈ മേഖലയിൽ പ്രോത്സാഹിപ്പിക്കുന്നതിന് ഗവേഷകരുടെ വിദ്യാഭ്യാസ ആശയങ്ങൾ ഈ മേഖലയിൽ പ്രോത്സാഹിപ്പിക്കുന്നതിന് വേണ്ടി ഗവേഷകരുടെ വിദ്യാഭ്യാസ യോഗ്യത ഒരു മാനദണ്ഡമാക്കിയിട്ടില്ല. 2 ലക്ഷം രൂപവരെ ഈ പദ്ധതിയിൻകീഴിൽ ഒരു പഠനത്തിന് സാമ്പത്തിക സഹായം പരമാവധി നൽകുന്നുണ്ട്. സാങ്കേതികമായും നയപരമായും വ്യത്യസ്തമായ ആശയങ്ങൾ ഉരുതിരിഞ്ഞ് വരുവാൻ വേണ്ടി സെമിനാറുകൾ, വർക്ക്ഷോപ്പുകൾ എന്നിവ നടത്തുന്നതിലേയ്ക്കായി സാങ്കേതിക സഹായങ്ങൾ നൽകിവരുന്നു.

## അനുബന്ധം II

## 2016 ജൂലൈ 26-ാം തീയതിയിലെ യോഗനടപടികുറിപ്പ്

വിദ്യുച്ഛക്തിയും തൊഴിലും തൊഴിലാളിക്ഷേമവും സംബന്ധിച്ച വിഷയനിർണ്ണയ സമിതി VII- 2016 ജൂലൈ മാസം 26-ാം തീയതി ചൊവ്വാഴ്ച രാവിലെ 11.00 മണിക്ക് നിയമസഭാ സമുച്ചയത്തിലെ 'IV എ' സമ്മേളന ഹാളിൽ സമിതി അദ്ധ്യക്ഷൻ ബഹു. തൊഴിലും എക്സൈസും വകുപ്പുമന്ത്രി ശ്രീ. റ്റി. പി . രാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു.

തദവസരത്തിൽ സമിതിയുടെ എക്സ്-ഒഫീഷ്യോ അംഗം, ബഹു. വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി ശ്രീ. കടകംപള്ളി സുരേന്ദ്രനും ഹാജരായിരുന്നു.

**ഹാജരായ അംഗങ്ങൾ :**

1. ശ്രീമതി ഇ. എസ്. ബിജിമോൾ, എം.എൽ.എ.
2. ശ്രീ. കെ. ദാസൻ, ,,
3. ശ്രീ. ടി. വി. ഇബ്രാഹിം, ,,
4. ശ്രീ. എം. രാജഗോപാലൻ, ,,
5. ശ്രീ. വി. പി. സജീന്ദ്രൻ, ,,
6. ശ്രീ. പി. ഉണ്ണി. ,,

**നിയമസഭാ സെക്രട്ടേറിയറ്റ് :**

1. ശ്രീമതി എസ്. ഷാഹിന, ജോയിന്റ് സെക്രട്ടറി
2. ശ്രീമതി എസ്. ജയശ്രീ, ഡെപ്യൂട്ടി സെക്രട്ടറി
3. ശ്രീ. എം. ജി. വിജയൻ, അണ്ടർ സെക്രട്ടറി

<u>ഹാജരായ ഉദ്യോഗസ്ഥർ :</u>

1. ശ്രീ. ടോം ജോസ്, അഡീഷണൽ ചീഫ് സെക്രട്ടറി, തൊഴിൽ വകുപ്പ്
2. ശ്രീ. എൻ. എം. രവീന്ദ്രൻ, അഡീഷണൽ സെക്രട്ടറി, ധനകാര്യ വകുപ്പ്
3. ശ്രീമതി പി. കെ. സീതാലക്ഷ്മി അമ്മ, അഡീഷണൽ സെക്രട്ടറി, തൊഴിൽ വകുപ്പ്
4. ശ്രീ. കെ. ബിജു, ലേബർ കമ്മീഷണർ
5. ശ്രീ. ഡി. ലാൽ, ജോയിന്റ് സെക്രട്ടറി, തൊഴിൽ വകുപ്പ്
6. ശ്രീമതി എസ് . വി. കല, ജോയിന്റ് സെക്രട്ടറി, ധനകാര്യ വകുപ്പ്
7. ശ്രീ. പി. പ്രമോദ്, ഡയറക്ടർ, ഫാക്ടറീസ് ആന്റ് ബോയിലേഴ്സ് ഡിപ്പാർട്ട്മെന്റ്
8. ഡോ. എം. ബീനത്, ഡയറക്ടർ ഇൻഷ്വറൻസ് മെഡിക്കൽ സർവ്വീസസ് ഡിപ്പാർട്ട്മെന്റ്
9. ശ്രീ. കെ. എസ്. ധർമ്മരാജൻ, അഡീഷണൽ ഡയറക്ടർ, ഡയറക്ടറേറ്റ് ഓഫ് എംപ്ലോയ്മെന്റ് & ട്രെയിനിംഗ്
10. ശ്രീ. ബി. ശ്രീകുമാർ, അഡീഷണൽ ഡയറക്ടർ, ഡയറക്ടറേറ്റ് ഓഫ് എംപ്ലോയ്മെന്റ് & ട്രെയിനിംഗ്
11. ശ്രീ. എ. അലക്സാണ്ടർ, അഡീഷണൽ ലേബർ കമ്മീഷണർ
12. ശ്രീ. ബി. ജസ്റ്റിൻ രാജ്, ജോയിന്റ് ഡയറക്ടർ, വ്യാവസായിക പരിശീലന വകുപ്പ്
13. ശ്രീ. വി. വീര കുമാർ, എക്സിക്യൂട്ടീവ് ഡയറക്ടർ, കേരള ഇൻസ്റ്റിറ്റ്യൂട്ട് ലേബർ ആന്റ് എംപ്ലോയ്മെന്റ് (കിലെ)
14. ശ്രീ. എം. എ. ജോർജ് ഫ്രാൻസിസ്, ഡെപ്യൂട്ടി ഡയറക്ടർ, എംപ്ലോയ്മെന്റ് ഡയറക്ടറേറ്റ്
15. ശ്രീ. ഷമീം അഹമ്മദ്, ജനറൽ മാനേജർ, ഓവർസീസ് ഡെവലപ്പ്മെന്റ് & എംപ്ലോയ്മെന്റ് പ്രൊമോഷൻ കൺസൾട്ടന്റ്സ് ലിമിറ്റഡ് (ഒ.ഡി.ഇ.പി.സി.)
16. ശ്രീ. സുധീർ കുമാർ, ഡെപ്യൂട്ടി ഡയറക്ടർ, എംപ്ലോയ്മെന്റ് ഡയറക്ടറേറ്റ്

17. ശ്രീ. ഡി. മനേഷ് പ്രസാദ്, ഡെപ്യൂട്ടി ഡയറക്ടർ, വ്യാവസായിക പരിശീലന വകുപ്പ്
18. ശ്രീമതി കെ. രേണുക, മാനേജർ, കേരള അക്കാഡമി ഫോർ സ്കിൽസ് എക്സലൻസ്.
19. ശ്രീ. കെ. എസ്. ഹരികുമാർ, ഡിവിഷണൽ എംപ്ലോയ്മെന്റ് ഓഫീസർ, എംപ്ലോയ്മെന്റ് ഡയറക്ടറേറ്റ്
20. ശ്രീ. പി. കെ. മാധവൻ, സ്പെഷ്യൽ ഓഫീസർ, സ്കിൽ അപ്ഡേറ്റിംഗ് ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ഇൻഡസ്ട്രിയൽ ട്രെയിനിംഗ്-കേരള.

സമിതി 2016-17 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധനയുടെ ഭാഗമായി ധനാഭ്യർത്ഥന നമ്പർ XVIII-വൈദ്യസഹായരംഗവും പൊതുജനാരോഗ്യവും, XXIV-തൊഴിലും തൊഴിലാളിക്ഷേമവും പ്രവാസിക്ഷേമവും എന്നിവ പരിഗണിക്കുകയും തൊഴിലും നൈപുണ്യവും വകുപ്പ് ഉദ്യോഗസ്ഥരുമായും ധനകാര്യ ഉദ്യോഗസ്ഥരുമായും ചർച്ച നടത്തുകയും താഴെപ്പറയുന്ന ശിപാർശകൾ നൽകുന്നതിന് തീരുമാനിക്കുകയും ചെയ്തു.

1 തൊഴിലും നൈപുണ്യവും വകുപ്പ്

ധനാഭ്യർത്ഥന നമ്പർ XVIII-

വൈദ്യസഹായരംഗവും പൊതുജനാരോഗ്യവും

ഇ.എസ്.ഐ.-യുടെ കീഴിലുള്ള പ്രത്യേക ഘടക പദ്ധതികൾക്കുള്ള ചെലവ് എന്ന ശീർഷകത്തിൽ ഡ്രഗ്സും ഡ്രസ്സിംഗും ഇനത്തിൽ 1932 ലക്ഷം രൂപയും, സൂപ്പർ സ്പെഷ്യാലിറ്റി ചികിത്സ ഇനത്തിൽ 1500 ലക്ഷം രൂപയും, മെഡിക്കൽ ക്ലെയിംസിന്റെ റീ-ഇംബേഴ്സ്മെന്റ് ഇനത്തിൽ 735.20 ലക്ഷം രൂപയും അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്തു.

ധനാഭ്യർത്ഥന നമ്പർ XXIV-

തൊഴിലാളിക്ഷേമവും പ്രവാസിക്ഷേമവും

ആലപ്പുഴ വ്യാവസായിക ട്രൈബ്യൂണലിനായി ഓഫീസ് ചെലവുകൾ-

ടെലിഫോൺ ചാർജ് ഇനത്തിൽ 30,000 രൂപയും, മറ്റിനങ്ങൾ എന്ന ഇനത്തിൽ 1.787 ലക്ഷം രൂപയും, കോഴിക്കോട് വ്യാവസായിക ട്രൈബ്യൂണലിനായി വിവര സാങ്കേതികവിദ്യ ഇനത്തിൽ 2.468 ലക്ഷം രൂപയും, ഈ സ്ഥാപനത്തിന്റെ അടിസ്ഥാന സൗകര്യ വികസനത്തിലേക്കായി ഓഫീസ് ചെലവുകൾ -മറ്റിനങ്ങൾ എന്ന ഇനത്തിൽ 39,000 രൂപയും, കൊല്ലം വ്യാവസായിക ട്രൈബ്യൂണലിനായി യാത്രാബത്ത ഇനത്തിൽ 2.5 ലക്ഷം രൂപയും, മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ് ഇനത്തിൽ 1.46 ലക്ഷം രൂപയും, മറ്റിനങ്ങൾ ഇനത്തിൽ 64,000 രൂപയും അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു

കൊല്ലം തൊഴിൽ കോടതി ഓഫീസിന്റെ പ്രവർത്തനങ്ങൾക്കായി ഓഫീസ് ചെലവുകൾ - മറ്റിനങ്ങൾ ഇനത്തിൽ 80,000 രൂപയും, മോട്ടോർ വാഹനങ്ങൾ ഇനത്തിൽ 9 ലക്ഷം രൂപയും, കോഴിക്കോട് തൊഴിൽ കോടതി പ്രവർത്തനങ്ങൾക്ക് മോട്ടോർ വാഹനങ്ങൾ ഇനത്തിൽ 8.5 ലക്ഷം രൂപയും, യാത്രാചെലവുകൾ സ്ഥലംമാറ്റ ബത്ത ഇനത്തിലും ഓഫീസ് ചെലവുകൾ എന്ന ഇനത്തിലും 50,000 രൂപ വീതവും, എറണാകുളം തൊഴിൽ കോടതിക്കായി ഓഫീസ് ചെലവുകൾ - ടെലിഫോൺ ചെലവ് ഇനത്തിൽ 18,000 രൂപയും, വിവരസാങ്കേതികവിദ്യ ഇനത്തിൽ 15,000 രൂപയും, മോട്ടോർ വാഹനങ്ങൾ ഇനത്തിൽ 10 ലക്ഷം രൂപയും, വാടക കരം നികുതി ഇനത്തിൽ 5.48 ലക്ഷം രൂപയും, ശമ്പളം - റീഇംബേഴ്സ്മെന്റ് ഇനത്തിൽ 50,000 രൂപയും, കണ്ണൂർ തൊഴിൽ കോടതി പ്രവർത്തനങ്ങൾക്ക് മോട്ടോർ വാഹനങ്ങൾ-സംരക്ഷണവും അറ്റകുറ്റപ്പണികളും എന്ന ശീർഷകത്തിൻ കീഴിൽ 2014 മുതൽക്കുള്ള കുടിശ്ശിക നൽകുന്നതിനും 2016-17-ലെ അറ്റകുറ്റപ്പണികൾക്കുമായി 2 ലക്ഷം രൂപയും അധികമായി അനുവദിക്കുന്നതിന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു

വ്യാവസായിക ട്രൈബ്യൂണൽ, ഇടുക്കി ഓഫീസ് പ്രവർത്തനങ്ങൾക്കായി മോട്ടോർ വാഹനങ്ങൾ ഇനത്തിൽ 8 ലക്ഷം രൂപയും, വാഹനങ്ങളുടെ വാടക ഇനത്തിൽ 75,000 രൂപയും, പാലക്കാട് വ്യാവസായിക ട്രൈബ്യൂണൽ

ഓഫീസിന് വാടക ഇനത്തിൽ 2.15 ലക്ഷം രൂപയും, വിവര സാങ്കേതികവിദ്യാ ഇനത്തിൽ 2.92 ലക്ഷം രൂപയും, ഓഫീസ് ചെലവുകൾ മറ്റിനങ്ങൾ ഇനത്തിൽ 2.95 ലക്ഷം രൂപയും, മോട്ടോർ വാഹനങ്ങൾ ഇനത്തിൽ 8.35 ലക്ഷം രൂപയും അധികമായി അനുവദിക്കുവാൻ സമിതി ശിപാർശ ചെയ്യു.

കശുവണ്ടി തൊഴിലാളി ക്ഷേമനിധി അംശദാനം എന്ന ശീർഷകത്തിൽ 2015-16-ലെ പെൻഷൻ കൊടുത്തുതീർക്കുന്നതിനും നടപ്പു സാമ്പത്തിക വർഷത്തെ വിതരണം ചെയ്യുന്നതിനുമായി 5,653.53 ലക്ഷം രൂപ അധികമായി അനുവദിക്കുന്നതിന് സമിതി തീരുമാനിച്ചു.

മരംകയറ്റ തൊഴിലാളികൾക്ക് ജോലിക്കിടയിൽ അപകടം സംഭവിക്കുകയാണെങ്കിൽ അവർക്കോ ആശ്രിതർക്കോ ഈ പദ്ധതി പ്രകാരം നൽകിവരുന്ന സാമ്പത്തിക സഹായം വർദ്ധിപ്പിച്ചതായി നിരീക്ഷിച്ച സമിതി വർദ്ധിപ്പിച്ച നിരക്കിലുള്ള 2015-16-ലെ കുടിശ്ശികയും, 2016-17-ലെ ധനസഹായവും വിതരണം ചെയ്യുന്നതിനായി മരംകയറ്റ തൊഴിലാളികൾക്കുള്ള സാമ്പത്തിക സഹായം (ജനറൽ) സംഭാവന എന്ന ശീർഷകത്തിൽ 111.40 ലക്ഷം രൂപ അധികമായി അനുവദിക്കുവാൻ ശിപാർശ ചെയ്യു. കൂടാതെ, തൊഴിലിനിടയിൽ അപകടപ്പെട്ടു മരണം സംഭവിക്കുന്ന മരംകയറ്റ തൊഴിലാളിയുടെ ആശ്രിതർക്ക് നിലവിൽ നൽകിവരുന്ന ധനസഹായം വളരെ പരിമിതമാണെന്ന് നിരീക്ഷിച്ച സമിതി ആയത് 10 ലക്ഷം രൂപയായി ഉയർത്താനും, അപകടത്തെ തുടർന്ന് സ്ഥായിയായ അംഗവൈകല്യം സംഭവിക്കുന്ന തൊഴിലാളികൾക്ക് നൽകിവരുന്ന ധനസഹായം 5 ലക്ഷം രൂപയായി വർദ്ധിപ്പിക്കുന്നതിനും ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു

കേരളത്തിലെ കൈത്തറി തൊഴിലാളികൾക്ക് വേണ്ടിയുള്ള ക്ഷേമ പദ്ധതിക്കായി 742 ലക്ഷം രൂപയും, തൊഴിൽ വകുപ്പിന്റെ നവീകരണത്തിനും വേതനം ഇ-പേയ്മെന്റ് മുഖേനയാക്കുന്നതിനുമായി 50 ലക്ഷം രൂപയും, കേരള ആർട്ടിസാൻസ് & സ്കിൽഡ് വർക്കേഴ്സ് ബെനിഫിറ്റ് സ്കീം എന്ന ശീർഷകത്തിൽ

141.68 ലക്ഷം രൂപയും, കേരളത്തിലെ തയ്യൽ തൊഴിലാളികൾക്കുള്ള ക്ഷേമ പദ്ധതിയിൻ കീഴിലും മറ്റ് പുതിയ ക്ഷേമ പദ്ധതിയിൻ കീഴിലും 2015-16-ലെ പെൻഷൻ കുടിശ്ശിക നൽകുന്നതിനും, 2016-17-ലെ പെൻഷൻ വിതരണം നടത്തുന്നതിനുമായി 5604.62 ലക്ഷം രൂപയും അധികമായി അനുവദിക്കുന്നതിന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു

തൊഴിൽ വകുപ്പിന്റെ പ്രവർത്തനങ്ങളെക്കുറിച്ചും തൊഴിൽ വകുപ്പിന്റെ സേവനങ്ങളെ സംബന്ധിച്ചുമുള്ള വിവരങ്ങൾ കൃത്യമായി ജനങ്ങളിലേക്ക് എത്തിക്കുന്നതിന് സാധിക്കാതെ വരുന്നതായി വിലയിരുത്തിയ സമിതി പ്രസ്തുത ബോധവൽക്കരണ പരിപാടികൾ ആസൂത്രണം ചെയ്തു നടപ്പിലാക്കുന്നതിനായി 2016-17 ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമാണെന്ന് നിരീക്ഷിച്ചു. ആയതിനാൽ, പ്രസ്തുത ശീർഷകത്തിൽ 50 ലക്ഷം രൂപ അധികമായി വകയിരുത്തുന്നതിന് ശിപാർശ ചെയ്യാൻ തീരുമാനിച്ചു

കേരള ചെത്തുതൊഴിലാളി ക്ഷേമനിധി ബോർഡിലേക്ക് തൊഴിലാളികളുടെ വിഹിതം അടക്കുന്നതിനുള്ള ഗ്രാന്റ് എന്ന ശീർഷകത്തിൽ 413 ലക്ഷം രൂപയും, 1-4-1997-ന് അറുപത് വയസ്സ് തികയുന്ന ചുരുട്ടുതൊഴിലാളികൾക്ക് പെൻഷൻ നൽകുന്നതിന് 3.22 ലക്ഷം രൂപയും, കേരള ഓട്ടോറിക്ഷാ തൊഴിലാളി ക്ഷേമനിധിയിലേക്ക് സംഭാവന എന്ന ശീർഷകത്തിൽ 48,000 രൂപയും അധികമായി അനുവദിക്കുന്നതിന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു

കേരള ബീഡി - സിഗാർ തൊഴിലാളി ക്ഷേമനിധി എന്ന ശീർഷകത്തിൽ 204.94 ലക്ഷം രൂപയും, കേരള കർഷക തൊഴിലാളിക്ഷേമ ബോർഡ് എന്ന ശീർഷകത്തിൽ 3,293 ലക്ഷം രൂപയും, കേരള ഈറ്റ കാട്ടുവള്ളി തഴപ്പായ് തൊഴിലാളി ക്ഷേമ ബോർഡ് എന്ന ശീർഷകത്തിൽ 723.60 ലക്ഷം രൂപയും അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്തു.

പൂട്ടിക്കിടക്കുന്ന കമ്പനികളിലേയും എസ്റ്റേറ്റുകളിലേയും തൊഴിലാളികൾക്ക് നൽകിവരുന്ന ഉത്സവ ബത്തയിൽ വർഷം തോറും ആനുകാലിക വർദ്ധനവ് വരുത്തുന്നതിനാൽ പൂട്ടിക്കിടക്കുന്ന കമ്പനികളിലേയും എസ്റ്റേറ്റുകളിലേയും തൊഴിലാളികൾക്ക് നൽകിവരുന്ന പ്രത്യേക ഉത്സവ ആനുകൂല്യം എന്ന ശീർഷകത്തിൽ, 50 ലക്ഷം രൂപ അധികം വകയിരുത്തുന്നതിന് സമിതി ശിപാർശ ചെയ്യു.

രാഷ്ട്രീയ സ്വസ്ഥ്യ ബീമ യോജന (60% കേന്ദ്രസഹായം) എന്ന ശീർഷകത്തിൽ 1374 ലക്ഷം രൂപയും, പ്ലാന്റേഷൻ തൊഴിലാളികൾക്കുള്ള ആശ്വാസനിധിക്കായി 450 ലക്ഷം രൂപയും, കേരള ബാർബർ ബ്യൂട്ടീഷ്യൻ ക്ഷേമപദ്ധതിക്കായി 326.13 ലക്ഷം രൂപയും, കേരള പീടിക വാണിജ്യത്തൊഴിലാളി ക്ഷേമനിധി 609.68 ലക്ഷം രൂപയും, കേരള ചെറുകിട തോട്ടം തൊഴിലാളി ക്ഷേമനിധി ബോർഡ് സംഭാവന എന്ന ശീർഷകത്തിൽ 100 ലക്ഷം രൂപയും, കേരള ആഭരണ തൊഴിലാളി ക്ഷേമനിധി സംഭാവന എന്ന ശീർഷകത്തിൽ 17.50 ലക്ഷം രൂപയും അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യു.

ഇതര സംസ്ഥാന തൊഴിലാളികൾക്കുള്ള ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയായ ആവാസ് മുഖേന പ്രസ്തുത തൊഴിലാളികളെ മുഴുവൻ രജിസ്റ്റർ ചെയ്യുവാനും മൂന്നു വർഷത്തിൽ കുറയാതെ സംസ്ഥാനത്ത് താമസിച്ച് ജോലി ചെയ്യുവരുന്ന ഇതര സംസ്ഥാന തൊഴിലാളികൾക്ക് ആരോഗ്യ ഇൻഷ്വറൻസ് നൽകുന്നതിനായുള്ള പദ്ധതിയുടെ ഒന്നാം പാദത്തിൽ 5 ലക്ഷത്തോളം തൊഴിലാളികളെ തെരഞ്ഞെടുത്ത് അംഗത്വം നൽകുന്നതിനും, തെരഞ്ഞെടുക്കപ്പെട്ട ഏജൻസിയെക്കൊണ്ട് ഉചിതമായ പദ്ധതി നടപ്പിലാക്കാനുമാണ് ഉദ്ദേശിക്കുന്നതെന്ന് സമിതി നിരീക്ഷിച്ചു. ഇതര സംസ്ഥാന തൊഴിലാളികൾ വാഹകരായി കൊണ്ടുവരുന്ന രോഗങ്ങളും ഇവർ താമസിക്കുന്ന വൃത്തിഹീനമായ സാഹചര്യങ്ങളിൽ നിന്നും പൊട്ടിപ്പുറപ്പെടുന്ന പുതിയ രോഗങ്ങളും ഭീഷണിയാകുന്ന സാഹചര്യത്തിൽ ആവാസ് പോലുള്ള ആരോഗ്യ ഇൻഷ്വറൻസ് പദ്ധതികൾ

പ്രാധാന്യമർഹിക്കുന്നതായി ചൂണ്ടിക്കാട്ടിയ സമിതി പ്രസ്തുത പദ്ധതിയുടെ നടത്തിപ്പിനായി 10 കോടി രൂപ വകയിരുത്തണമെന്ന് ശക്തമായി ശിപാർശ ചെയ്യു.

കൂടാതെ ഇതര സംസ്ഥാന തൊഴിലാളികളുടെ അംഗസംഖ്യ തിട്ടപ്പെടുത്തുന്നതിനും അത് കൃത്യമായി അപ്ഡേറ്റ് ചെയ്യുന്നതിനും സംവിധാനമുണ്ടാക്കേണ്ടതാണെന്നും സമിതി അഭിപ്രായപ്പെട്ടു

സംസ്ഥാനത്തെ എഴുത്താശ്ശാൻ-ആശാട്ടി തുടങ്ങി അസംഘടിത മേഖലയിലെ 60 വയസ്സായ തൊഴിലാളികൾക്ക് പെൻഷൻ നൽകുന്നതിനായി സാമൂഹ്യ സുരക്ഷയ്ക്കായുള്ള സുപ്രധാന പരിപാടി എന്ന ശീർഷകത്തിൽ 575.12 ലക്ഷം രൂപയും, കേരള അലക്ക തൊഴിലാളി ക്ഷേമ പദ്ധതി എന്ന ശീർഷകത്തിൽ 180.24 ലക്ഷം രൂപയും, കേരള ചുമട്ട തൊഴിലാളി (വിഭിന്ന മേഖലയിൽ പണിയെടുക്കുന്നവർ) ക്ഷേമ പദ്ധതിക്കായി 1,056 ലക്ഷം രൂപയും, അസംഘടിത മേഖലയിലെ തൊഴിലാളികൾക്കുള്ള പ്രസവാനുകൂല്യങ്ങൾ എന്ന ശീർഷകത്തിൽ 500 ലക്ഷം രൂപയും, ചുമട്ടുതൊഴിലാളി (അൺ അറ്റാച്ച്ഡ് വിഭാഗം) ക്ഷേമ പദ്ധതി എന്ന ശീർഷകത്തിൽ 9.19 ലക്ഷം രൂപയും അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യു.

അന്യസംസ്ഥാന കുടിയേറ്റ തൊഴിലാളികളുടെ പുനരധിവാസ പദ്ധതിയുടെ ഭാഗമായി ഇതര സംസ്ഥാന തൊഴിലാളികൾക്ക് മെച്ചപ്പെട്ട താമസസൗകര്യം നൽകുന്നതിനായി തൊഴിലും നൈപുണ്യവും വകുപ്പ് വീടുകൾ നിർമ്മിച്ച് ചെറിയ പ്രതിശീർഷ വാടക ഈടാക്കി നൽകുന്നതായുള്ള ഒരു പദ്ധതി 'അപ്നാഘർ' എന്ന പേരിൽ ആരംഭിച്ചിട്ടുള്ളതായി മനസ്സിലാക്കിയ സമിതി പ്രസ്തുത ശീർഷകത്തിൽ 600 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യു.

എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ എന്ന ശീർഷകത്തിൻ കീഴിൽ യാത്രാബത്ത ഇനത്തിൽ 5 ലക്ഷം രൂപയും, അവധിയാത്രാനുകൂല്യം വൈദ്യുതി ചെലവ് എന്നീ ഇനങ്ങളിൽ 3 ലക്ഷം രൂപ വീതവും, ടെലിഫോൺ ചെലവ് ഇനത്തിൽ 2 ലക്ഷം രൂപയും, മറ്റിനങ്ങൾ ഇനത്തിൽ 10 ലക്ഷം രൂപയും,

ഔദ്യോഗിക ഭാഷാ പ്രയോഗം ഇനത്തിൽ 70,000 രൂപയും, വാഹനങ്ങളുടെ വാടക ഇനത്തിൽ 3.5 ലക്ഷം രൂപയും, വിവര സാങ്കേതികവിദ്യാ ഇനത്തിൽ 10 ലക്ഷം രൂപയും, എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളുടെയും എംപ്ലോയ്മെന്റ് ഡയറക്ടറേറ്റിന്റെയും കമ്പ്യൂട്ടർവൽക്കരണത്തിനായി 50 ലക്ഷം രൂപയും, തൊഴിലില്ലാത്തവർക്ക് സഹായം നൽകാനുള്ള പദ്ധതിയ്ക്കായും, രജിസ്റ്റർ ചെയ്തിട്ടുള്ള തൊഴിലില്ലാത്തവർക്കുവേണ്ടി കേരള സ്വയം തൊഴിൽ കണ്ടെത്തൽ പദ്ധതിയ്ക്കായും 16.90 ലക്ഷം രൂപയും അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്തു.

വികലാംഗർക്കായുള്ള പ്രത്യേക എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് എന്ന ശീർഷകത്തിൽ യാത്രാബത്ത, സ്ഥലംമാറ്റ ബത്ത എന്നീ ഇനങ്ങളിൽ 10,000 രൂപ വീതവും, മറ്റിനങ്ങൾ ഇനത്തിൽ 50,000 രൂപയും അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്തു.

അംഗവൈകല്യം ബാധിച്ചിട്ടുള്ളവർക്കുവേണ്ടി എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ സ്പെഷ്യൽ സെൽ എന്ന ശീർഷകത്തിൽ യാത്രാബത്ത ഇനത്തിൽ 30,000 രൂപയും, സ്ഥലംമാറ്റ ബത്ത ഇനത്തിൽ 10,000 രൂപയും അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്തു.

എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ രജിസ്റ്റർ ചെയ്ത ഭിന്നശേഷിയുള്ളവർക്കായുള്ള പുനരധിവാസവും ക്ഷേമപ്രവർത്തനവും (കൈവല്യ) എന്ന ശീർഷകത്തിൽ 50 ലക്ഷം രൂപയും, മൾട്ടി പർപ്പസ് ജോബ് ക്ലബ്ബുകൾക്കായി 50 ലക്ഷം രൂപയും, രജിസ്റ്റർ ചെയ്തിട്ടുള്ള തൊഴിൽരഹിതരായ വിധവകൾ/ ഉപേക്ഷിക്കപ്പെട്ടവർ/ വേർപിരിഞ്ഞവർ/ അവിവാഹിതർ/ വിവാഹം കഴിക്കാത്ത അമ്മമാർ എന്നിവർക്കായുള്ള സ്വയംതൊഴിൽ പദ്ധതിക്കായി (ശരണ്യ) 400 ലക്ഷം രൂപയും, പട്ടികജാതി പട്ടികവർഗ്ഗക്കാർക്ക് പരിശീലനവും നിർദ്ദേശങ്ങളും നൽകാൻ കേന്ദ്രം സ്ഥാപിക്കാൻ എന്ന ശീർഷകത്തിൽ മറ്റിനങ്ങൾ ഇനത്തിൽ 2 ലക്ഷം രൂപയും, മറ്റു ചെലവുകൾ ഇനത്തിൽ 7.50 ലക്ഷം രൂപയും അധികമായി അനുവദിക്കുന്നതിന് സമിതി ശിപാർശ ചെയ്തു.

ട്രെയിനിംഗ് ഡയറക്ടറേറ്റിന് യാത്രാചെലവുകൾ, ഓഫീസ് ചെലവുകൾ, മോട്ടോർ വാഹന അറ്റകുറ്റപ്പണികൾ എന്നിവയ്ക്കായി 30.47 ലക്ഷം രൂപയും, സ്റ്റാഫ് ട്രെയിനിംഗ് സംവിധാനം വികസിപ്പിക്കൽ എന്ന ശീർഷകത്തിൽ 1.15 ലക്ഷം രൂപയും, വ്യാവസായിക പരിശീലന വകുപ്പിന്റെ നൈപുണ്യം മെച്ചപ്പെടുത്തൽ പദ്ധതിക്കായി 2800 ലക്ഷം രൂപയും, തൊഴിലുകളുടെ വൈവിധ്യവത്കരണം എന്ന ശീർഷകത്തിൽ 17,000 രൂപയും, കേരള ലേബർ വെൽഫെയർ ഫണ്ട് നിർദ്ദേശിക്കുന്ന വ്യക്തികൾക്കുള്ള പരിശീലനത്തിനായി 1.95 ലക്ഷം രൂപയും, വ്യാവസായിക പരിശീലന കേന്ദ്രങ്ങൾ എന്ന ശീർഷകത്തിൽ 494.47 ലക്ഷം രൂപയും, വനിതാ വ്യാവസായിക പരിശീലന കേന്ദ്രം, തിരുവനന്തപുരം എന്ന ശീർഷകത്തിൽ 29.01 ലക്ഷം രൂപയും അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യു.

മോഡൽ ഐ.ടി.ഐ.- കൾ സ്ഥാപിക്കൽ എന്ന ശീർഷകത്തിൽ 499.99 ലക്ഷം രൂപയും, ഐ.ടി.ഐ.- കൾ ഉത്കൃഷ്ട സ്ഥാപനങ്ങളായി ഉയർത്തൽ എന്ന ശീർഷകത്തിൽ 225 ലക്ഷം രൂപയും, പുതിയ ഐ.ടി.ഐ.- കൾ സ്ഥാപിക്കൽ എന്ന ശീർഷകത്തിൽ 180.05 ലക്ഷം രൂപയും അധികമായി വകയിരുത്തുന്നതിന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു

വ്യാവസായിക തൊഴിലാളികൾക്കും പരിശീലകർക്കും ആധുനിക തൊഴിൽ പരിശീലനം എന്ന ശീർഷകത്തിൽ 17.99 ലക്ഷം രൂപയും, വനിതാ ഐ.ടി.ഐ.- കൾ സ്ഥാപിക്കൽ (തൊഴിൽ പരിശീലനത്തിലെ ലിംഗ വിവേചനം ലഘൂകരിക്കൽ) എന്ന ശീർഷകത്തിൽ 24.90 ലക്ഷം രൂപയും, ദേശീയ തൊഴിലഭ്യാസന പരിപാടികൾ എന്ന ശീർഷകത്തിൽ 27.54 ലക്ഷം രൂപയും, കേരള ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ലേബർ ആന്റ് എംപ്ലോയ്മെന്റ് എന്ന ശീർഷകത്തിൽ സഹായധനം-ശമ്പളേതരം (കീലെ) ഇനത്തിൽ 421 ലക്ഷം രൂപയും അധികമായി വകയിരുത്തുന്നതിന് സമിതി തീരുമാനിച്ചു

പുതിയ ഐ.ടി.ഐ.- കൾ സ്ഥാപിക്കൽ എന്ന ശീർഷകത്തിൽ പേരാമ്പ്ര (കോഴിക്കോട്), പെരുമാട്ടി (ചിറ്റൂർ), വാമനപുരം (തിരുവനന്തപുരം), കല്ല്യാട് (കണ്ണൂർ) എന്നിവിടങ്ങളിൽ പുതുതായി ആരംഭിക്കുന്ന ഐ.ടി.ഐ.- കൾക്കായി 20 കോടി രൂപ വകയിരുത്തുന്നതിന് സമിതി ശക്തമായി ശിപാർശ ചെയ്തു. കൂടാതെ, നിലവിൽ കേന്ദ്ര സർക്കാർ നിർത്തലാക്കിയ സ്കിൽ ഡെവലപ്പ്മെന്റ് ഇൻഷ്യേറ്റീവ് സ്കീമിൽ സംസ്ഥാന സർക്കാർ വിഹിതമായി വകയിരുത്തിയിരിക്കുന്ന തുകയിൽ നിന്നും 1998 ലക്ഷം രൂപ വകമാറ്റി, പുതിയ ഐ.ടി.ഐ.- കൾ സ്ഥാപിക്കൽ എന്ന ടി ശീർഷകത്തിൽ വകയിരുത്തുന്നതിനും, ഇടുക്കി ജില്ലയിലെ ഏലപ്പാറ ഗ്രാമപഞ്ചായത്ത് സ്ഥലം ലഭ്യമാകുന്ന മുറയ്ക്ക് ഒരു ഐ.ടി.ഐ. സ്ഥാപിക്കുന്നതിനും അതിനായി 5 കോടി രൂപ വകയിരുത്തുന്നതിനും ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

നിയമസഭാ സാമാജികർക്കായുള്ള പ്രത്യേക വികസന ഫണ്ട് എന്ന ശീർഷകത്തിൽ നിയമസഭാ സാമാജികരുടെ മണ്ഡല ആസ്തി വികസനത്തിനായി അനുവദിച്ച ഓരോ കോടി രൂപ വികസന പ്രവർത്തനങ്ങൾക്ക് അപര്യാപ്തമാണെന്ന് വിലയിരുത്തിയ സമിതി പ്രസ്തുത തുക രണ്ട് കോടി രൂപയായി ഉയർത്തണമെന്ന് ശിപാർശ ചെയ്തു.

സമിതിയുടെ അടുത്ത യോഗം 2016 ആഗസ്റ്റ് മാസം 4-ാം തീയതി തിരുവനന്തപുരത്ത് വച്ച് കൂടാൻ തീരുമാനിച്ചു.

യോഗം ഉച്ചയ്ക്കുശേഷം 12.40-ന് പിരിഞ്ഞു.

## 2016 ആഗസ്റ്റ് 4-ാം തീയതിയിലെ യോഗനടപടിക്കുറിപ്പ്

വിഷയനിർണ്ണയ സമിതി VII (വിദ്യുച്ഛക്തിയും തൊഴിലും തൊഴിലാളി ക്ഷേമവും) 2016 ആഗസ്റ്റ് മാസം 4-ാം തീയതി വ്യാഴാഴ്ച രാവിലെ 11.00 മണിക്ക്

നിയമസഭാ സമുച്ചയത്തിലെ 4 'എ' സമ്മേളനഹാളിൽ സമിതി അദ്ധ്യക്ഷൻ ബഹു. തൊഴിലും എക്സൈസും വകുപ്പുമന്ത്രിയുടെ അസാന്നിദ്ധ്യത്തിൽ സമിതിയുടെ എക്സ് ഒഫിഷ്യോ അംഗം ബഹു. വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി ശ്രീ. കടകംപള്ളി സുരേന്ദ്രന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. തദവസരത്തിൽ താഴെപ്പറയുന്ന അംഗങ്ങളും സന്നിഹിതരായിരുന്നു.

ഹാജരായ അംഗങ്ങൾ

1. ശ്രീമതി ഇ. എസ്. ബിജിമോൾ, എം. എൽ. എ.
2. ശ്രീ. കെ. ദാസൻ, എം. എൽ. എ.
3. ശ്രീ. ടി. വി. ഇബ്രാഹിം, എം. എൽ. എ.
4. ശ്രീ. എം. രാജഗോപാലൻ, എം. എൽ. എ.
5. ശ്രീ. പി. ഉണ്ണി, എം. എൽ. എ.
6. ശ്രീമതി വീണാ ജോർജ്ജ്, എം. എൽ. എ.

നിയമസഭാ സെക്രട്ടേറിയറ്റ് :

1. ശ്രീമതി എസ്. ഷാഹിന, ജോയിന്റ് സെക്രട്ടറി
2. ശ്രീമതി എസ്. ജയശ്രീ, ഡെപ്യൂട്ടി സെക്രട്ടറി
3. ശ്രീ. എം. ജി. വിജയൻ, അണ്ടർ സെക്രട്ടറി

ഹാജരായ ഉദ്യോഗസ്ഥർ :

1. ശ്രീ. പോൾ ആന്റണി, അഡീഷണൽ ചീഫ് സെക്രട്ടറി, ഊർജ്ജ വകുപ്പ് & ചെയർമാൻ ആന്റ് മാനേജിംഗ് ഡയറക്ടർ, കേരള സംസ്ഥാന വൈദ്യുതി ബോർഡ് ലിമിറ്റഡ്
2. ശ്രീ. എൻ. എസ്. പിള്ള, ഡയറക്ടർ (ഫിനാൻസ്), കേരള സംസ്ഥാന വൈദ്യുതി ബോർഡ് ലിമിറ്റഡ്
3. ശ്രീ. ജെ. വിജയമോഹനൻ, അഡീഷണൽ സെക്രട്ടറി, ധനകാര്യ വകുപ്പ്
4. ശ്രീമതി വി. രത്നമ്മ, അഡീഷണൽ സെക്രട്ടറി, ഊർജ്ജ വകുപ്പ്

5. ശ്രീമതി റ്റി. മിത്ര, ഡയറക്ടർ ഏജൻസി ഫോർ നോൺ കൺവെൻഷണൽ എനർജി ആന്റ് റൂറൽ ടെക്നോളജി (അനർട്ട്)

6. ശ്രീ. എൻ. വേണുഗോപാൽ, ഡയറക്ടർ (ഡിസ്ട്രിബ്യൂഷൻ), കേരള സംസ്ഥാന വൈദ്യുതി ബോർഡ് ലിമിറ്റഡ്

7. ശ്രീ. അശോകൻ, ഡയറക്ടർ, (പ്ലാനിംഗ്) കേരള സംസ്ഥാന വൈദ്യുതി ബോർഡ് ലിമിറ്റഡ്

8. ശ്രീമതി പി. വിജയകുമാരി, ഡയറക്ടർ, (ട്രാൻസ്മിഷൻ & സിസ്റ്റം ഓപ്പറേഷൻ), കേരള സംസ്ഥാന വൈദ്യുതി ബോർഡ് ലിമിറ്റഡ്

9. ശ്രീ. കെ. എം. ധരേശൻ ഉണ്ണിത്താൻ, ഡയറക്ടർ, എനർജി മാനേജ്മെന്റ് സെന്റർ

10. ശ്രീ. വി. സി. അനിൽ കുമാർ, ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടർ, ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ്

11. ശ്രീ. എ. ഷിബു, ജോയിന്റ് സെക്രട്ടറി, ധനകാര്യ വകുപ്പ്

12. ശ്രീമതി ബി. എസ്. പ്രീത, ജോയിന്റ് സെക്രട്ടറി, ധനകാര്യ വകുപ്പ്

13. ശ്രീ. കെ. എൻ. അജിത് കുമാർ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ്എഞ്ചിനീയർ, കേരള സംസ്ഥാന വൈദ്യുതി ബോർഡ് ലിമിറ്റഡ്

14. ശ്രീ. എസ്. പത്മകുമാർ, രജിസ്ട്രാർ, എനർജി മാനേജ്മെന്റ് സെന്റർ

15. ശ്രീ. ആർ. ബിജു, ഫിനാൻഷ്യൽ അഡ്വൈസർ, കേരള സംസ്ഥാന വൈദ്യുതി ബോർഡ് ലിമിറ്റഡ്.

സമിതി 2016-17 സാമ്പത്തികവർഷത്തെ ധനാഭ്യർത്ഥനകളുടെ സൂക്ഷ്മ പരിശോധനയുടെ ഭാഗമായി ധനാഭ്യർത്ഥന നമ്പർ XXXIX-വൈദ്യുത പദ്ധതിയിൻ കീഴിലുള്ള വിവിധ കണക്കശീർഷകങ്ങൾ പരിഗണിക്കുകയും ഊർജ്ജ, ധനകാര്യവകുപ്പ് ഉദ്യോഗസ്ഥരുമായി വിശദമായി ചർച്ച നടത്തുകയും താഴെപ്പറയുന്ന ശിപാർശകൾ നൽകുന്നതിന് തീരുമാനിക്കുകയും ചെയ്തു

<u>ധനാഭ്യർത്ഥന നമ്പർ XXXIX – വൈദ്യുത പദ്ധതികൾ</u>

എനർജി മാനേജ്മെന്റ് സെന്റർ, ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ്, അനർട്ട് തുടങ്ങിയ സ്ഥാപനങ്ങൾ സംബന്ധിച്ച് സമിതി ചർച്ച ചെയ്തു എനർജി

മാനേജ്മെന്റ് സെന്റർ ധനസഹായം എന്ന ശീർഷകത്തിൻ കീഴിൽ പദ്ധതിയേതര ഇനത്തിൽ അനുവദിച്ചിരിക്കുന്ന 75.66 ലക്ഷം രൂപയ്ക്കു പുറമെ 91.19 ലക്ഷം രൂപ കൂടി അധികമായി ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു

ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റിന്റെ പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്തുന്നതിനും ഫലപ്രദമാക്കുന്നതിനുമായി മീറ്റർ ടെസ്റ്റിംഗ് ആന്റ് സ്റ്റാന്റേർഡ് ലബോറട്ടറി (എം.റ്റി.എസ്.എൽ) എന്ന ശീർഷകത്തിൽ 88.71 ലക്ഷം രൂപയും, മീറ്റർ ടെസ്റ്റിംഗ് ആന്റ് സ്റ്റാന്റേർഡ് ലബോറട്ടറി മരാമത്ത് പണികൾ (പ്ലാൻ) എന്ന ശീർഷകത്തിൽ 63.44 ലക്ഷം രൂപയും, അധികമായി അനുവദിക്കുന്നതിന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു

ഗ്രാമീണ സാങ്കേതികവിദ്യയും പാരമ്പര്യേതര ഊർജ്ജ ഏജൻസിയും (അനർട്ട്) ധനസഹായം എന്ന ശീർഷകത്തിൽ പദ്ധതിയേതരം ഇനത്തിൽ കഴിഞ്ഞ കാലങ്ങളിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ പദ്ധതി ഇനത്തിൽ വകകൊള്ളിച്ചിരിക്കുന്ന തുകയിൽ നിന്നും പദ്ധതിയേതര ചെലവുകൾ വഹിക്കുന്ന സാഹചര്യം അനർട്ടിൽ നിലനിൽക്കുന്നുണ്ടെന്നും ഇത്തരത്തിൽ പദ്ധതിയിനത്തിൽ വികസന പ്രവർത്തനങ്ങൾക്കായി വകയിരുത്തിയിരിക്കുന്ന തുക വകമാറ്റി ചെലവഴിക്കുന്നത് ഗുരുതരമായ വീഴ്ചയാണെന്നും സമിതി അഭിപ്രായപ്പെട്ടു ആയതിനാൽ അനർട്ടിന്റെ പദ്ധതിയേതര ചെലവുകൾക്കായി 2016-17 സാമ്പത്തിക വർഷത്തിൽ ഈ ശീർഷകത്തിൽ വകയിരുത്തിയിരിക്കുന്ന തുകയ്ക്കു പുറമെ 353.78 ലക്ഷം രൂപ അധികം വകയിരുത്തുന്നതിന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു

കൂടാതെ അനർട്ടിന്റെ പ്രവർത്തനങ്ങൾ കൂടുതൽ മെച്ചപ്പെടുത്തുന്നതിനും വിവിധങ്ങളായ സാധ്യതകൾ ഉപയോഗപ്പെടുത്തി പുതിയ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിനുമായി കൂടുതൽ ജീവനക്കാരെ ജില്ലാ അടിസ്ഥാനത്തിൽ നിയമിക്കുവാനും അനർട്ടിന്റെ സമഗ്രവികസനത്തിനായി സാമ്പത്തിക വിഭാഗം കൂടുതൽ ശക്തിപ്പെടുത്തണമെന്ന് ശിപാർശ ചെയ്യുവാനും

സമിതി തീരുമാനിച്ചു

ഇതേ തുടർന്നുണ്ടായ ചർച്ചകളിൽ ഉപയോഗശൂന്യമായ സി.എഫ്. ലാമ്പുകളിലും ട്യൂബ്‌ലൈറ്റുകളിലും മറ്റും അടങ്ങിയിരിക്കുന്ന മെർക്കുറിയും മറ്റ് രാസപദാർത്ഥങ്ങളും മണ്ണിൽ കലരുന്നതുമൂലം മനുഷ്യനും പ്രകൃതിക്കും മൃഗങ്ങൾക്കും ദോഷകരമായി വരികയും കാൻസർ മുതലായ മാരകമായ രോഗങ്ങൾക്കും ഗുരുതരമായ ആരോഗ്യപ്രശ്നങ്ങൾക്കും കാരണമാകുന്നതായി സമിതി ആശങ്കപ്പെട്ടു

ആയതിനാൽ ഗുരുതരമായ ഈ സാഹചര്യം കണക്കിലെടുത്ത് ഇ.എം.സി. നടത്തിയ പഠനറിപ്പോർട്ട് സർക്കാർ പരിശോധിച്ച് കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ കീഴിൽ ഒരു സി.എഫ്.എൽ. റീസൈക്ലിംഗ് പ്ലാന്റ് അടിയന്തരമായി സ്ഥാപിക്കുവാനും ആതിലേക്കായി 36 കോടി രൂപ പുതിയ ശീർഷകത്തിൽ വകയിരുത്തുന്നതിന് ശിപാർശ ചെയ്യുന്നതിനും സമിതി തീരുമാനിച്ചു

തുടർന്ന് സമിതി കേരള സംസ്ഥാന വൈദ്യുതി ബോർഡ് ലിമിറ്റഡ് സംബന്ധിച്ച് ചർച്ച ചെയ്യുകയും താഴെപ്പറയുന്ന തീരുമാനങ്ങൾ കൈക്കൊള്ളുകയും ചെയ്തു.

വിദ്യുച്ഛക്തി സൗജന്യ നിരക്കിൽ വിതരണം ചെയ്യുന്നതിന് വിദ്യുച്ഛക്തി ബോർഡിനുള്ള ദ്രവ്യസഹായം-സബ്സിഡികൾ എന്ന ശീർഷകത്തിൽ പദ്ധതിയേതരയിനത്തിൽ പ്രതിമാസം 120 യൂണിറ്റിൽ താഴെയുള്ള ഗാർഹിക ഉപഭോക്താക്കളെയും കാർഷിക ഉപഭോക്താക്കളെയും താരിഫ് വർദ്ധനയിൽ നിന്നും ഒഴിവാക്കിയതുമൂലമുള്ള സാമ്പത്തികനഷ്ടം നികത്തുന്നതിനായി ബോർഡിനനുവദിച്ച സബ്സിഡി ഇനത്തിൽ 2015-16 സാമ്പത്തികവർഷത്തിൽ ലഭിക്കേണ്ട തുക ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിട്ടില്ലെന്ന് മനസ്സിലാക്കിയ സമിതി ആയത് ഉൾപ്പെടുത്തുന്നതിനും 2016-17 സാമ്പത്തികവർഷം ഈ ഇളവ് തുടരുന്നതിനും ഈ ഇനത്തിൽ 384 കോടി രൂപ അനുവദിക്കുന്നതിനും ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു

പ്രതിമാസം 20 യൂണിറ്റ് വരെ ഉപഭോഗമുള്ള ഗാർഹിക ഉപഭോക്താക്കൾക്ക് വൈദ്യുതി സൗജന്യനിരക്കിൽ വിതരണം ചെയ്യുന്ന പദ്ധതി 2016-17 സാമ്പത്തിക

വർഷം തുടരുന്നതിനായി 40 ലക്ഷം രൂപ അധികമായി വകയിരുത്തുന്നതിന് സമിതി തീരുമാനിച്ചു.

കേരള വാട്ടർ അതോറിറ്റിയിൽ നിന്നും ലഭിക്കേണ്ട വൈദ്യുതി ചാർജ്ജിന്റെ കുടിശ്ശിക എഴുതിത്തള്ളിയതുമൂലമുണ്ടായ നഷ്ടം പരിഹരിക്കുന്നതിന് കേരള സംസ്ഥാന വിദ്യുച്ഛക്തി ബോർഡിനു നൽകുന്ന ധനസഹായം എന്ന ശീർഷകത്തിൽ പദ്ധതിയേതര ഇനത്തിൽ 4240 ലക്ഷം രൂപയും നവീകരണ നിധി (ഊർജ്ജ സമ്പാദ്യ ഏകോപനസമിതി) എന്ന ശീർഷകത്തിൽ പദ്ധതി ഇനത്തിൽ 2.6 കോടി രൂപയും അധികമായി അനുവദിക്കുന്നതിന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

രാജീവ്ഗാന്ധി ഗ്രാമീണ വൈദ്യുതീകരണ പദ്ധതി (സംസ്ഥാനവിഹിതം) എന്ന ശീർഷകത്തിൽ 10 കോടി രൂപയും ദീനദയാൽ ഉപാദ്ധ്യായ ഗ്രാമജ്യോതി യോജന (ഡി.ഡി.യു.ജി.ജെ.വൈ.) (സംസ്ഥാനവിഹിതം) എന്ന ശീർഷകത്തിൽ സംസ്ഥാന വിഹിതത്തിന്റെ ഒന്നാം ഗഡുവായി 1999.20 ലക്ഷം രൂപയും അനുവദിക്കുന്നതിന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

സംയോജിത ഊർജ്ജ വികസന പദ്ധതി [ഐ.പി.ഡി.എസ്.] (സംസ്ഥാനവിഹിതം) ശീർഷകത്തിൽ 3,000 ലക്ഷം രൂപയും 'ട്രാൻസ് ഗ്രിഡ് 2.0 (ന്യൂ ജനറേഷൻ ട്രാൻസ്മിഷൻ ഇൻഫ്രാസ്ട്രക്ച്ചർ) പദ്ധതി ശീർഷകത്തിൽ 9,999 ലക്ഷം രൂപയും (അധികം) അനുവദിക്കുന്നതിന് സമിതി ശിപാർശ ചെയ്തു.

നിയമസഭാമണ്ഡല ആസ്തിവികസന പദ്ധതികൾ കേരള പരിപ്രേക്ഷ്യ പദ്ധതി 2030-ലെ മുൻഗണനാ പരിപാടികളുടെ നിർവ്വഹണം എന്നീ ശീർഷകങ്ങളിലായി യഥാക്രമം 124.44 ലക്ഷം രൂപയും 50 ലക്ഷം രൂപയും അധികമായി അനുവദിക്കുന്നതിന് സമിതി ശിപാർശ ചെയ്തു.

കൂടാതെ കെ. എസ്. ഇ. ബി. ലിമിറ്റഡ് നിക്ഷേപങ്ങൾ എന്ന ശീർഷകത്തിൽ മുട്ടത്തറയിൽ ഇൻഡ്യൻ എയർഫോഴ്സിനുവേണ്ടി അനുവദിച്ച 20 ഏക്കർ ഭൂമിയിൽ സബ്സ്റ്റേഷൻ പണിയുന്നതുമായി ബന്ധപ്പെട്ട് ശേഷിക്കുന്ന പ്രവർത്തികൾ പൂർത്തീകരിക്കുന്നതിനായി 4163.19 ലക്ഷം രൂപ അനുവദിക്കുന്നതിന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

ഇടമൺ കൊച്ചി പാതയിൽ 400 കെ.വി. പ്രസരണ ലൈൻ വലിക്കുന്നതിന് നഷ്ടപരിഹാരതുക നൽകുന്നതിനായി 2016-17 സാമ്പത്തിക വർഷത്തെ ബജറ്റിൽ ശീർഷകം അനുവദിച്ചിട്ടില്ലാത്തതിനാൽ പുതിയൊരു ശീർഷകം (റവന്യൂ വിഭാഗത്തിൽ) അനുവദിക്കാനും ആകെ നഷ്ടപരിഹാര തുകയിൽ സർക്കാർ വിഹിതമായി 510 കോടി രൂപ പ്രസ്തുത ശീർഷകത്തിൽ അനുവദിക്കുന്നതിനും സമിതി തീരുമാനിച്ചു. സർവ്വേ നടപടികൾ പൂർത്തീകരിച്ച് സ്ഥലം ഏറ്റെടുക്കുമ്പോൾ ഈ ഇനത്തിൽ കൂടുതൽ തുക ആവശ്യമായി വരുമെന്ന് നിരീക്ഷിച്ച സമിതി കൂടുതൽ തുക ആവശ്യമായി വരുന്ന മുറയ്ക്ക് ആയത് വകയിരുത്തേണ്ടതായും തീരുമാനിച്ചു.

പുതിയ സൗരോർജ്ജ പദ്ധതികളുടെ നടത്തിപ്പിനായി 2016-17 സാമ്പത്തിക വർഷത്തെ ബജറ്റിൽ പുതിയ ശീർഷകം അനുവദിച്ച് 14,578 ലക്ഷം രൂപ പ്രസ്തുത ശീർഷകത്തിൽ വകയിരുത്തുന്നതിനും സമിതി ശിപാർശ ചെയ്തു.

സമിതിയുടെ അടുത്തയോഗം 11-8-2016-ന് തിരുവനന്തപുരത്ത് വച്ച് കൂടാൻ തീരുമാനിച്ചു.

യോഗം ഉച്ചയ്ക്ക് ശേഷം 1.00 മണിക്ക് പിരിഞ്ഞു.

## 2016 ആഗസ്റ്റ് 11-ാം തീയതിയിലെ യോഗനടപടികളെക്കുറിച്ച്

വിഷയനിർണ്ണയ സമിതി VII (വിദ്യുച്ഛക്തിയും തൊഴിലും തൊഴിലാളിക്ഷേമവും) 2016 ആഗസ്റ്റ് മാസം 11-ാം തീയതി വ്യാഴാഴ്ച രാവിലെ 11.00 മണിക്ക് നിയമസഭാ സമുച്ചയത്തിലെ IV A സമ്മേളന ഹാളിൽ സമിതി അദ്ധ്യക്ഷൻ ബഹു. തൊഴിലും എക്സൈസും വകുപ്പുമന്ത്രി ശ്രീ. റ്റി. പി. രാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. തദവസരത്തിൽ സമിതിയുടെ എക്സ് ഒഫീഷ്യോ അംഗം ബഹു. വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി ശ്രീ. കടകംപള്ളി സുരേന്ദ്രനും ഹാജരായിരുന്നു.

ഹാജരായ അംഗങ്ങൾ :

1. ശ്രീമതി ഇ. എസ്. ബിജിമോൾ, എം.എൽ.എ
2. ശ്രീ. കെ. ദാസൻ, ”
3. ശ്രീ. എം. രാജഗോപാലൻ, ”

4. ശ്രീ. പി. ഉണ്ണി, ,,
5. ശ്രീമതി വീണാ ജോർജ്ജ്, ,,

<u>നിയമസഭാ സെക്രട്ടേറിയറ്റ് :</u>

1. ശ്രീമതി എസ്. ഷാഹിന, ജോയിന്റ് സെക്രട്ടറി
2. ശ്രീമതി എസ്. ജയശ്രീ, ഡെപ്യൂട്ടി സെക്രട്ടറി
3. ശ്രീ. എം. ജി. വിജയൻ, അണ്ടർ സെക്രട്ടറി.

സമിതി 2016-17 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ ഉൾക്കൊള്ളിച്ചിരിക്കുന്ന XVIII-വൈദ്യസഹായരംഗവും പൊതുജനാരോഗ്യവും, XXIV-തൊഴിലും തൊഴിലാളിക്ഷേമവും പ്രവാസിക്ഷേമവും, XXXIX-വൈദ്യുത പദ്ധതികൾ എന്നീ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച റിപ്പോർട്ടിന്റെ കരട് പരിഗണനയ്ക്കെടുക്കുകയും താഴെപ്പറയുന്ന ഭേദഗതികളോടുകൂടി അംഗീകരിക്കുകയും ചെയ്തു

നമ്പർ XVIII-വൈദ്യസഹായരംഗവും പൊതുജനാരോഗ്യവും, XXIV-തൊഴിലും തൊഴിലാളിക്ഷേമവും പ്രവാസിക്ഷേമവും എന്നീ ധനാഭ്യർത്ഥനകളുടെ കീഴിലുള്ള ഖണ്ഡിക (1) മുതൽ (82) വരെയുള്ള ശിപാർശകളിൽ, ഖണ്ഡിക (15), ഖണ്ഡിക (27) എന്നിവ ഒഴികെയുള്ള ശിപാർശകൾ ഭേദഗതികളൊന്നും കൂടാതെ അംഗീകരിച്ചു.

മരംകയറ്റ തൊഴിലാളികൾക്കുള്ള സാമ്പത്തിക സഹായം (ജനറൽ) സംഭാവന എന്ന ശിപാർശയുമായി ബന്ധപ്പെട്ട ഖണ്ഡിക (15)-ലെ അവസാന വരിയിലെ 'ആനുപാതികമായും' എന്നതിനു പകരം '5 ലക്ഷം രൂപ' എന്ന് ചേർക്കാൻ സമിതി തീരുമാനിച്ചു

പൂട്ടിക്കിടക്കുന്ന കമ്പനികളിലെയും എസ്റ്റേറ്റുകളിലെയും തൊഴിലാളികൾക്ക് നൽകിവരുന്ന പ്രത്യേക ഉത്സവ ആനുകൂല്യം എന്ന ശിപാർശയുമായി ബന്ധപ്പെട്ട ഖണ്ഡിക (27)-ലെ മൂന്നാമത്തെ വരിയിലെ 'ആനുപാതികമായി' എന്ന വാക്ക് ഒഴിവാക്കുന്നതിന് സമിതി തീരുമാനിച്ചു

ധനാഭ്യർത്ഥന നമ്പർ XXXIX-(വൈദ്യുത പദ്ധതികൾ) എന്ന ധനാഭ്യർത്ഥനയുടെ കീഴിൽ വിദ്യുച്ഛക്തി സൗജന്യ നിരക്കിൽ വിതരണം ചെയ്യുന്നതിന്

വിദ്യുച്ഛക്തി ബോർഡിനുള്ള ദ്രവ്യസഹായം-സബ്സിഡികൾ എന്ന ശിപാർശയുമായി ബന്ധപ്പെട്ട ഖണ്ഡിക (84)-ൽ 'പ്രതിമാസം 20 യൂണിറ്റുവരെ ഉപഭോഗമുള്ള ഗാർഹിക ഉപഭോക്താക്കളെ വൈദ്യുത ചാർജ്ജ് വർദ്ധനവിൽ നിന്ന് ഒഴിവാക്കുന്ന പദ്ധതി' എന്നതിനു പകരം 'പ്രതിമാസം 20 യൂണിറ്റുവരെ വൈദ്യുതി ഉപഭോഗമുള്ള ഗാർഹിക ഉപഭോക്താക്കൾക്ക് സൗജന്യമായി വൈദ്യുതി നൽകുന്ന പദ്ധതി' എന്ന് ഭേദഗതി ചെയ്യുന്നതിന് സമിതി തീരുമാനിച്ചു

ഖണ്ഡിക (83), (85) മുതൽ (100) വരെയുള്ള ശിപാർശകൾ സമിതി ഭേദഗതി കൂടാതെ അംഗീകരിച്ചു

ഇടമൺ-കൊച്ചി പാതയിൽ 400 കെ.വി. പ്രസരണ ലൈൻ വലിക്കുന്നതിന് നഷ്ടപരിഹാരം എന്ന ശീർഷകത്തിൻ കീഴിലുള്ള ഖണ്ഡിക (101)-ലെ ശിപാർശയുടെ അഞ്ചാമത്തെ വരിയിൽ 'കണക്കാക്കിയിരിക്കുന്ന' എന്ന വാക്കിനു പകരം 'പ്രാഥമികമായി കണക്കാക്കിയ' എന്നീ വാക്കുകൾ ചേർക്കുന്നതിന് സമിതി തീരുമാനിച്ചു

പ്രസ്തുത ശിപാർശയ്ക്കുശേഷം 102-ാം നമ്പരായി ഇനിപ്പറയുന്ന ശിപാർശ ഉൾപ്പെടുത്തുന്നതിനും അതിനുശേഷമുള്ളവ പുനരക്കം ചെയ്യുന്നതിനും സമിതി തീരുമാനിച്ചു. " സർവ്വേ നടപടികൾ പൂർത്തീകരിച്ചു സ്ഥലം ഏറ്റെടുക്കുമ്പോൾ ഈ ഇനത്തിൽ കൂടുതൽ തുക ആവശ്യമായി വരുമെന്ന് സമിതി നിരീക്ഷിക്കുന്നു ആയതിനാൽ കൂടുതൽ തുക ആവശ്യമായി വരുന്ന മുറയ്ക്ക് ആയത് വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു."

പ്രസ്തുത ശിപാർശയ്ക്കു ശേഷമുള്ളവ 103 മുതൽ 106 വരെയുള്ള ശിപാർശകൾ ഭേദഗതികളൊന്നും കൂടാതെ അംഗീകരിച്ചു

വിഷയനിർണ്ണയ സമിതി VII-ന്റെ (വിദ്യുച്ഛക്തിയും തൊഴിലും തൊഴിലാളിക്ഷേമവും) 2015 ഏപ്രിൽ 1 മുതൽ 2016 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ടിന്റെ കരട് പരിഗണനയ്ക്കെടുക്കുകയും അംഗീകരിക്കുകയും ചെയ്തു.

സമിതിയുടെ അടുത്തയോഗം 2016 ആഗസ്റ്റ് മാസം 31-ാം തീയതി തിരുവനന്തപുരത്തു വച്ച് കൂടാൻ തീരുമാനിച്ചു.

യോഗം രാവിലെ 11.45- ന് പിരിഞ്ഞു.

## 2016 ആഗസ്റ്റ് 31-ാം തീയതിയിലെ യോഗനടപടിക്കുറിപ്പ്

വിദ്യുച്ഛക്തിയും തൊഴിലും തൊഴിലാളിക്ഷേമവും സംബന്ധിച്ച വിഷയ നിർണ്ണയ സമിതി VII, 2016 ആഗസ്റ്റ് മാസം 31-ാം തീയതി ബുധനാഴ്ച രാവിലെ 11.30-ന് നിയമസഭാ സമുച്ചയത്തിലെ 5 ഡി കോൺഫറൻസ് ഹാളിൽ, സമിതി അദ്ധ്യക്ഷൻ ബഹു. തൊഴിലും എക്സൈസും വകുപ്പുമന്ത്രി ശ്രീ. റ്റി. പി. രാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. തദവസരത്തിൽ സമിതിയുടെ എക്സ്-ഒഫീഷ്യോ അംഗം ബഹു. വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി ശ്രീ. കടകംപള്ളി സുരേന്ദ്രനും ഹാജരായിരുന്നു.

ഹാജരായ അംഗങ്ങൾ :

1. ശ്രീമതി ഇ. എസ്. ബിജിമോൾ, എം.എൽ.എ.
2. ശ്രീ. ടി. വി. ഇബ്രാഹിം, എം.എൽ.എ.
3. ശ്രീ. എം. രാജഗോപാലൻ, എം.എൽ.എ.
4. ശ്രീ. പി. ഉണ്ണി, എം.എൽ.എ.

നിയമസഭാ സെക്രട്ടേറിയറ്റ് :

1. ശ്രീമതി എസ്. ഷാഹിന, ജോയിന്റ് സെക്രട്ടറി
2. ശ്രീമതി എസ്. ജയശ്രീ, ഡെപ്യൂട്ടി സെക്രട്ടറി
3. ശ്രീ. എം. ജി. വിജയൻ, അണ്ടർ സെക്രട്ടറി

ഹാജരായ ഉദ്യോഗസ്ഥർ :

1. ശ്രീ. ടോം ജോസ്, അഡീഷണൽ ചീഫ് സെക്രട്ടറി, തൊഴിൽ വകുപ്പ്.
2. ശ്രീ. പോൾ ആന്റണി, അഡീഷണൽ ചീഫ് സെക്രട്ടറി, ഊർജ്ജ വകുപ്പ് & സി.എം.ഡി, കേരള സംസ്ഥാന വൈദ്യുതി ബോർഡ് ലിമിറ്റഡ്.
3. ശ്രീ. എം. ജി. രാജ്തിലകൻ, സെക്രട്ടറി, കേരള സംസ്ഥാന വൈദ്യുതി ബോർഡ് ലിമിറ്റഡ്.

4. ശ്രീ. കെ. ബിജു, ലേബർ കമ്മീഷണർ.

5. ശ്രീ. ജേക്കബ് കോശി, അഡീഷണൽ സെക്രട്ടറി, ധനകാര്യ വകുപ്പ്.

6. ശ്രീമതി വി. രത്നമ്മ, അഡീഷണൽ സെക്രട്ടറി, ഊർജ്ജ വകുപ്പ്.

7. ശ്രീ. എസ്. രാജീവ്, ഡയറക്ടർ, കേരള സംസ്ഥാന വൈദ്യുതി ബോർഡ് ലിമിറ്റഡ്.

8. ശ്രീ. എൻ. എസ്. പിള്ള, ഡയറക്ടർ (ഫിനാൻസ്), കേരള സംസ്ഥാന വൈദ്യുതി ബോർഡ് ലിമിറ്റഡ്.

9. ശ്രീ. എൻ. വേണുഗോപാൽ, ഡയറക്ടർ (ഡിസ്ട്രിബ്യൂഷൻ), കേരള സംസ്ഥാന വൈദ്യുതി ബോർഡ് ലിമിറ്റഡ്.

10. ശ്രീ. അശോകൻ, ഡയറക്ടർ (പ്ലാനിംഗ്), കേരള സംസ്ഥാന വൈദ്യുതി ബോർഡ് ലിമിറ്റഡ്.

11. ശ്രീ. കെ. എം. ധരേശൻ ഉണ്ണിത്താൻ, ഡയറക്ടർ, എനർജി മാനേജ്മെന്റ് സെന്റർ.

12. ശ്രീ. പി. പ്രമോദ്, ഡയറക്ടർ, ഫാക്ടറീസ് ആന്റ് ബോയിലേഴ്സ് ഡിപ്പാർട്ട്മെന്റ്.

13. ശ്രീ. എ. അലക്സാണ്ടർ, അഡീഷണൽ ലേബർ കമ്മീഷണർ.

14. ശ്രീ. പി. ജെ. ജോയി, അഡീഷണൽ ലേബർ കമ്മീഷണർ.

15. ശ്രീ. വി. വീരകുമാർ, എക്സിക്യൂട്ടീവ് ഡയറക്ടർ, കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലേബർ ആന്റ് എംപ്ലോയ്മെന്റ് (കിലെ).

16. ശ്രീ. ബി. ജസ്റ്റിൻ രാജ്, ജോയിന്റ് ഡയറക്ടർ, വ്യാവസായിക പരിശീലന വകുപ്പ്.

17. ശ്രീ. മുഹമ്മദ് റഷീദ്, സെക്രട്ടറി, കേരള ചുമട്ടു തൊഴിലാളി ക്ഷേമനിധി ബോർഡ്.

18. ശ്രീ. വി. കെ. ബാലചന്ദ്രകുമാർ, ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കേരള കള്ള് ചെത്ത് തൊഴിലാളി ക്ഷേമനിധി ബോർഡ്.

19. ശ്രീ. രഞ്ജിത്ത്, പി., ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കേരള തയ്യൽ തൊഴിലാളിക്ഷേമനിധി ബോർഡ്.

20. ശ്രീമതി ഇ. എച്ച്. റംല, ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കേരള കർഷക തൊഴിലാളി ക്ഷേമനിധി ബോർഡ്.
21. ശ്രീ. എസ്. വി. കലേശൻ, ഫിനാൻസ് മാനേജർ, ഏജൻസി ഫോർ നോൺ കൺവെൻഷണൽ എനർജി ആന്റ് റൂറൽ ടെക്നോളജി (അനെർട്ട്)
22. ശ്രീ. കെ. സി. ബിനു, ഫിനാൻസ് ഓഫീസർ, ഫാക്ടറീസ് ആന്റ് ബോയിലേഴ്സ് ഡിപ്പാർട്ട്മെന്റ്.
23. ശ്രീ. എസ്. ജയചന്ദ്രൻ, ജൂനിയർ സൂപ്രണ്ട്, കേരള ആർട്ടിസാൻസ് & സ്കിൽഡ് വർക്കേഴ്സ് വെൽഫെയർ സ്കീം.
24. ശ്രീ. എം. എസ്. ജയകുമാർ, ജൂനിയർ സൂപ്രണ്ട്, കേരള ലേബർ വെൽഫെയർ ഫണ്ട് ബോർഡ്.

സമിതി, വിവിധ സാമ്പത്തിക വർഷങ്ങളിലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച റിപ്പോർട്ടുകളിലെയും സ്പെഷ്യൽ റിപ്പോർട്ടുകളിലെയും ശിപാർശകളിന്മേൽ ലഭിച്ച നടപടി സ്റ്റേറ്റ്മെന്റുകൾ പരിഗണനയ്ക്കെടുക്കുകയും അംഗീകരിക്കുകയും താഴെപ്പറയുന്ന അഭിപ്രായങ്ങൾ രേഖപ്പെടുത്തുകയും ചെയ്തു.

## നടപടി സ്റ്റേറ്റ്മെന്റുകളുടെ പരിഗണന

1. 2015-16 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ട് (ഫയൽ നമ്പർ 3511/ സബ്.സി.സി1/ 2015/ നി.സെ.)

2015-16 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടി സംബന്ധിച്ച സ്റ്റേറ്റ്മെന്റുകൾ പരിഗണിക്കുകയും ഖണ്ഡിക 8, 9, 10, 11 മുതൽ 33 വരെയും, 34 മുതൽ 38 വരെയും, 43, 45, 46, 49, 50, 51, 52, 53, 54, 55, 57, 58, 59, 60, 61, 62, 69, 63 മുതൽ 76 വരെയും, 90, 91, 93 മുതൽ 96 വരെയും, 97, 98, 99, 100, 101, 102, 103, 104, 105, 106 എന്നീ ശിപാർശകളിന്മേലുള്ള നടപടി സ്റ്റേറ്റ്മെന്റുകൾ അംഗീകരിക്കുകയും ചെയ്തു.

അലക്കുതൊഴിലാളി ക്ഷേമ പദ്ധതിയുമായി ബന്ധപ്പെട്ട ഖണ്ഡിക 59-ലെ ശിപാർശയിന്മേൽ സർക്കാർ സ്വീകരിച്ച നടപടി സ്റ്റേറ്റ്മെന്റ് പരിഗണിക്കവേ പ്രസ്തുത ക്ഷേമ പദ്ധതിക്ക് ബഡ്ജറ്റ് വിഹിതത്തിനുപുറമേ അഡീഷണൽ ആതറൈസേഷനിലൂടെ ലഭിക്കുന്ന പണം ചെലവഴിക്കാത്തതിന്റെ കാരണം സമിതി ആരായുകയുണ്ടായി. ആയതിന്റെ മറുപടി ആയി പ്ലാന്റേഷൻ റിലീഫ് കമ്മിറ്റികൾ കൂടുന്നതിനും പണം വിതരണം ചെയ്യുന്നതിനും കാലതാമസം നേരിടുമ്പോഴാണ് തുക സറണ്ടർ ചെയ്യേണ്ടിവരുന്നതെന്നും, സാമ്പത്തിക വർഷം അവസാനം അഡീഷണൽ ആതറൈസേഷൻ അനുവദിച്ചു കൊണ്ടും പണം ആവശ്യപ്പെട്ടുകൊണ്ടുള്ള ലിസ്റ്റ് ലഭിക്കാത്തതിനാലുമാണ് തുക യഥാസമയം ചെലവഴിക്കാൻ സാധിക്കാത്ത സാഹചര്യമുണ്ടായതെന്നും ലേബർ കമ്മീഷണർ സമിതിയെ അറിയിച്ചു. സമിതിയുടെ ശിപാർശയിന്മേൽ അധിക തുക നേടിയെടുത്തതിനുശേഷം ടി തുക ചെലവഴിച്ചിട്ടില്ലെന്ന് നിരീക്ഷിച്ച സമിതി തുടർന്നും ഇത്തരത്തിൽ സംഭവിക്കാതിരിക്കാൻ ശ്രദ്ധിക്കണമെന്നും തൊഴിലാളി ക്ഷേമത്തിനുള്ള പണം തൊഴിലാളികൾക്കുതന്നെ പ്രയോജനപ്പെടുത്തണമെന്നും നിർദ്ദേശിച്ചു.

തുടർന്നു നടന്ന ചർച്ചയിൽ ഏതെല്ലാം ക്ഷേമനിധി പെൻഷനുകളാണ് കുടിശ്ശികയുള്ളതെന്ന് സമിതി ആരാഞ്ഞതിനു മറുപടിയായി കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള ഈറ്റ, കാട്ടുവള്ളി തഴപ്പായ് തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള കൈത്തറിത്തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള ബീഡി ആന്റ് സിഗാർ തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള കശുവണ്ടി തൊഴിലാളി ആശ്വാസക്ഷേമനിധി ബോർഡ് എന്നിവിടങ്ങളിൽ 2015 ജൂലൈ മുതലുള്ള പെൻഷൻ കുടിശ്ശികയുണ്ടെന്നും ഓണത്തിനു മുൻപ് അതെല്ലാം കൊടുത്തു തീർക്കാൻ സാധിക്കുമെന്നും കർഷക തൊഴിലാളി പെൻഷൻ ഇതിൽ ഉൾപ്പെടുന്നില്ല എന്നും ലേബർ കമ്മീഷണർ സമിതിയെ അറിയിച്ചു

ക്ഷേമനിധി ബോർഡുകൾ കൂടുതൽ സജീവമാക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് സമിതി ചെയർമാൻ നിർദ്ദേശിക്കുകയും എല്ലാ പെൻഷനുകളും കൃത്യമായി നൽകുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടെന്നും ക്ഷേമനിധി ബോർഡുകൾ നൽകിവരുന്ന പെൻഷൻ ബാങ്ക് വഴി നൽകുന്നതിനുള്ള നടപടി സ്വീകരിച്ചുവെന്നും അറിയിക്കുകയും ചെയ്തു.

2. <u>2014-15 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ട്. (ഫയൽ നമ്പർ 3216/ സബ്.സി.സി1/ 2014/ നി.സെ.)</u>

2014-15 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ടിലെ ഖണ്ഡിക 42, 47, 51 മുതൽ 62 വരെ എന്നീ ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടി സംബന്ധിച്ച സ്റ്റേറ്റ്മെന്റുകളും ഖണ്ഡിക 36-നു ലഭിച്ച അധികവിവരവും സമിതി പരിശോധിച്ചു

പ്രസ്തുത റിപ്പോർട്ടിലെ 47, 51 മുതൽ 62 വരെ എന്നീ ഖണ്ഡികകളിലെ ശിപാർശകളിലെല്ലാം തന്നെ അധിക തുക ശിപാർശ ചെയ്തിട്ടുണ്ടെങ്കിലും 2014-15 സാമ്പത്തിക വർഷത്തിൽ എംപ്ലോയ്മെന്റ് ഡയറക്ടർ യുക്തമായ ധന പുനർവിനിയോഗ നിർദ്ദേശം സമർപ്പിച്ചിട്ടില്ലാത്തതിനാൽ അധിക സഹായം അനുവദിക്കാൻ സാധിച്ചിട്ടില്ല എന്ന് തൊഴിൽ വകുപ്പിൽ നിന്നും ലഭിച്ച മറുപടിയിൽ പറഞ്ഞിരിക്കുന്നതിന്റെ കാരണം സമിതി ആരാഞ്ഞു.

അധിക തുക ശിപാർശ ചെയ്യാറുണ്ടെങ്കിലും ധനകാര്യ വകുപ്പിൽ നിന്നും കൃത്യമായി തുക അനുവദിക്കാത്തതു കൊണ്ടാണ് തുക യഥാസമയം വിനിയോഗിക്കാൻ സാധിക്കാത്തത് എന്ന് ലേബർ കമ്മീഷണർ സമിതിയെ അറിയിച്ചു.

ധനകാര്യ വകുപ്പ് തുക അനുവദിക്കാത്ത അവസ്ഥ കഴിഞ്ഞ കുറെ കാലങ്ങളായി ഉണ്ടായിരുന്നെന്നും, ധനപുനർവിനിയോഗ നിർദ്ദേശം സമർപ്പി-ച്ചിട്ടില്ലാത്തതാണ് അധിക സഹായം അനുവദിക്കാൻ സാധിക്കാത്തതിനുള്ള

കാരണമായി വകുപ്പിൽ നിന്നും ലഭിച്ച നോട്ടിൽ പറഞ്ഞിരിക്കുന്നതെന്നും സമിതി ചൂണ്ടിക്കാട്ടി. ഇത്തരത്തിൽ ധനപുനർവിനിയോഗ നിർദ്ദേശം സമർപ്പിക്കാത്തത് എന്തുകൊണ്ടാണെന്ന് ആരാഞ്ഞ സമിതി ഇക്കാര്യം പരിശോധിച്ചതിനുശേഷം വിശദമായ മറുപടി നൽകാൻ വകുപ്പിനോട് ആവശ്യപ്പെട്ടു

ഖണ്ഡിക 36 സംബന്ധിച്ച് വകുപ്പിൽ നിന്നും ലഭിച്ച അധിക വിവരം പരിഗണിച്ച സമിതി, ചുരുട്ട തൊഴിലാളികൾക്ക് പെൻഷൻ നൽകാനായി അനുവദിച്ച തുക വകുപ്പുതല ഉദ്യോഗസ്ഥരുടെ അനാസ്ഥ കാരണം കൃത്യമായി വിതരണം ചെയ്യാൻ സാധിച്ചില്ലായെന്നും, പെൻഷൻ നൽകുന്നതിന് യഥാസമയം റിക്വയർമെന്റ് നൽകാത്ത ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കണമെന്ന് നേരത്തെ നിർദ്ദേശിച്ചിരുന്നതാണെന്നും ചൂണ്ടിക്കാട്ടി. പ്രസ്തുത വിഷയം പരിശോധിച്ചതിനുശേഷം വിശദമായ മറുപടി നൽകാമെന്ന് ലേബർ കമ്മീഷണർ സമിതിയെ അറിയിച്ചു

3. <u>2013-14 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ട്</u>

<u>(ഫയൽ നമ്പർ 2849/സബ്.സി.സി1/ 2013/നി.സെ.)</u>

2013-14 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ടിലെ ഖണ്ഡിക 13-ലെ ശിപാർശയിന്മേൽ സർക്കാർ സ്വീകരിച്ച നടപടി സംബന്ധിച്ച സ്റ്റേറ്റ്മെന്റ് സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

4. <u>2009-10 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ട്</u>

<u>(ഫയൽ നമ്പർ 15562/സബ്.സി.സി1/2009/നി.സെ.)</u>

2009-10 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ടിന്മേലുള്ള ഖണ്ഡിക 54-ലെ ശിപാർശയിന്മേൽ സമിതി ആരാഞ്ഞ അധിക വിവരം ലഭ്യമാക്കുന്നത് സംബന്ധിച്ച് തൊഴിൽ വകുപ്പ് നൽകിയ മറുപടി സമിതി പരിഗണിച്ചു

5. <u>തൊഴിലും നൈപുണ്യവും വകുപ്പ് സ്കിൽ ഡെവലപ്മെന്റ് പ്രോഗ്രാം ഐ.ടി.ഐ.-കൾ മികവിന്റെ കേന്ദ്രമാക്കി ഉയർത്തൽ, എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളെ നൈപുണ്യ തൊഴിൽക്ഷമതാ വികസന കേന്ദ്രങ്ങളാക്കുക എന്നീ വിഷയങ്ങളെ സംബന്ധിച്ച റിപ്പോർട്ട്.</u>

<u>(ഫയൽ നമ്പർ 5097/ സബ്.സി.സി1/ 2012/നി.സെ.)</u>

ഖണ്ഡിക 21-ലെ ശിപാർശ സംബന്ധിച്ച് ലഭിച്ച മറുപടിയുടെ പരിഗണനാവേളയിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിലെ കമ്പ്യൂട്ടറൈസേഷൻ പൂർത്തിയായോ എന്ന് സമിതി ആരാഞ്ഞു. 84 എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ കമ്പ്യൂട്ടറൈസേഷൻ പൂർത്തീകരിച്ച് ഒക്ടോബർ ആദ്യവാരം ഉദ്ഘാടനം നടത്താനുദ്ദേശിക്കുന്നുവെന്നും, ആയതിനുശേഷം രജിസ്ട്രേഷൻ, റിന്യൂവൽ തുടങ്ങിയ എല്ലാ കാര്യങ്ങളും ഓൺലൈനായി ചെയ്യാൻ കഴിയുമെന്നും ലേബർ കമ്മീഷണർ അറിയിച്ചു. പ്രൈവറ്റ് സ്ഥാപനങ്ങളിൽ ജോലി നൽകുന്നത് സീനിയോറിറ്റി അടിസ്ഥാനത്തിലാണോയെന്നും സമിതി ആരാഞ്ഞു. ആയതിന്റെ മറുപടിയായി പ്രൈവറ്റ് സെക്ടറിൽ ജോലി നൽകുന്നത് സീനിയോറിറ്റി അടിസ്ഥാനത്തിലല്ലായെന്നും, പ്രൈവറ്റ് എംപ്ലോയർ ആവശ്യപ്പെടുകയാണെങ്കിൽ അവരുടെ ആവശ്യം അനുസരിച്ചുള്ള ലിസ്റ്റ് നൽകുകയും, ഇന്റർവ്യൂ നടത്താനുള്ള സാഹചര്യം എംപ്ലോയബിലിറ്റി സെന്ററുകളിൽ ഒരുക്കി കൊടുക്കുകയും ചെയ്യുന്നുണ്ടെന്നും, എംപ്ലോയ്മെന്റ് ഓഫീസറും ഇന്റർവ്യൂ ബോർഡിൽ ഉണ്ടാകുമെന്നും കമ്മീഷണർ അറിയിച്ചു. കൂടാതെ, ജോബ് മേളകൾ സംഘടിപ്പിച്ചും പ്രൈവറ്റ് സ്ഥാപനങ്ങൾക്ക് ഇന്റർവ്യൂ നടത്തുന്നതിനുള്ള സാഹചര്യമൊരുക്കി കൊടുക്കാറുണ്ടെന്നും ലേബർ കമ്മീഷണർ അറിയിച്ചു.

ലേബർ ഡിപ്പാർട്ട്മെന്റിൽ നിന്നും നൽകാനുള്ള മറുപടികൾ സമയബന്ധിതമായി ലഭ്യമാക്കണമെന്ന സമിതിയുടെ നിർദ്ദേശത്തിന്, എത്രയും വേഗം ആയത് നൽകാമെന്ന് ലേബർ കമ്മീഷണർ ഉറപ്പ് നൽകി.

6. <u>കേരളത്തിലെ വിവിധ ഊർജ്ജ പദ്ധതികളുടെയും എനർജി മാനേജ്മെന്റിന്റെയും പ്രവർത്തനങ്ങൾ സംബന്ധിച്ച റിപ്പോർട്ട്</u>

<u>(ഫയൽ നമ്പർ 3833/സബ്.സി.സി1/2014/നി.സെ.)</u>

കേരളത്തിലെ വിവിധ ഊർജ്ജ പദ്ധതികളുടെയും എനർജി മാനേജ്മെന്റിന്റെയും പ്രവർത്തനങ്ങൾ സംബന്ധിച്ച റിപ്പോർട്ടിലെ 11 മുതൽ 18 വരെയും, 19 മുതൽ 21 വരെയും, 24 മുതൽ 26 വരെയുമുള്ള ഖണ്ഡികകളിന്മേലുള്ള ശിപാർശകളിൻമേൽ സർക്കാർ സ്വീകരിച്ച നടപടി സംബന്ധിച്ച സ്റ്റേറ്റ്മെന്റുകൾ സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

പ്രസ്തുത പരിഗണനാ ചർച്ചയിൽ, വൈദ്യുതി ബോർഡിന് അധിക അലോട്ട്മെന്റുകൾ ലഭിച്ചിട്ടില്ലെന്നും തിരുവനന്തപുരം മുട്ടത്തറയിൽ സബ്സ്റ്റേഷൻ പണിയുന്നതുമായി ബന്ധപ്പെട്ട് ഭൂമി ഏറ്റെടുക്കാൻ സാധിച്ചിട്ടില്ലായെന്നും സർക്കാർ ആശുപത്രികൾ, വാട്ടർ അതോറിറ്റി തുടങ്ങിയ സ്ഥാപനങ്ങളിൽ നിന്നാണ് വൈദ്യുത ബോർഡിന് കൂടുതൽ കുടിശ്ശിക ലഭിക്കാനുള്ളതെന്നും 800 കോടി രൂപയാണ് വാട്ടർ അതോറിറ്റിയിൽ നിന്നും വൈദ്യുതി ചാർജ്ജിനത്തിൽ ലഭിക്കാനുള്ളതെന്നും ഊർജ്ജ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി & സി.എം.ഡി. സമിതിയെ അറിയിച്ചു.

മറ്റ് സംസ്ഥാനങ്ങൾ കോടിക്കണക്കിന് രൂപ ബഡ്ജറ്റ് പ്രൊവിഷൻ വയ്ക്കുമ്പോൾ സംസ്ഥാന സർക്കാർ കെ.എസ്.ഇ.ബി-ക്കുവേണ്ടി ബഡ്ജറ്റിൽ തുകയൊന്നും വകയിരുത്തുന്നില്ലായെന്നും അനർട്ടുമായി ബന്ധപ്പെട്ട ശിപാർശകൾ അംഗീകരിക്കേണ്ടതായിരുന്നുവെന്നും അനർട്ടിന്റെ പ്രവർത്തനങ്ങൾക്ക് നിലവിലുള്ള ജീവനക്കാർ മതിയാകില്ലയെന്നും കൂടുതൽ ജീവനക്കാരെ അനുവദിക്കാതെ മുന്നോട്ട് പോകുന്നത് പ്രയാസമുള്ള കാര്യമാണെന്നും, ആയതിന് കൂടുതൽ തുക ആവശ്യമാണെന്നും സമിതി ചൂണ്ടിക്കാട്ടി.

സമ്പൂർണ്ണ വൈദ്യുതീകരണം പദ്ധതിയുമായി ബന്ധപ്പെട്ട് വീടുകളിൽ വയറിംഗ് നടത്തുന്നത് സന്നദ്ധ സംഘടനകളോ വീട്ടുകാരോ പഞ്ചായത്തോ ആയിരിക്കുമെങ്കിലും ലൈൻ എക്സ്റ്റൻഷൻ ഉൾപ്പെടെ വൈദ്യുതി

എത്തിക്കുന്നതിനുള്ള ചെലവ് വഹിക്കുന്നത് വൈദ്യുതി ബോർഡാണെന്നും അഭിപ്രായപ്പെട്ട സമിതി ചെയർമാൻ കിലോമീറ്ററുകളോളം ദൂരമുള്ള സ്ഥലങ്ങളിൽ ലൈൻ എക്സ്റ്റെൻഡ് ചെയ്ത് വൈദ്യുതി എത്തിക്കുന്നത് ബുദ്ധിമുട്ടുള്ള കാര്യമാണെന്നും അഭിപ്രായപ്പെട്ടു.

ഒറ്റപ്പെട്ട കെട്ടിടങ്ങളുടെ കാര്യത്തിൽ റൂഫ്-ടോപ്പ് സോളാർ സിസ്റ്റം സജസ്റ്റ് ചെയ്യാനേ സാധിക്കുകയുള്ളൂ എന്നും, വോൾട്ടേജ് ഇംപ്രൂവ്മെന്റിനായി ട്രാൻസ്മിഷനും ഡിസ്ട്രിബ്യൂഷൻ സിസ്റ്റവും അപ്ഗ്രേഡ് ചെയ്യുക എന്നതാണ് വൈദ്യുതി ബോർഡ് നേരിടുന്ന ഏറ്റവും വലിയ പ്രശ്നം എന്നും ഊർജ്ജ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി സമിതിയെ അറിയിച്ചു.

ജോലിക്കിടയിൽ പോസ്റ്റിൽ നിന്നും വീണു മരിക്കുന്ന കരാർ തൊഴിലാളികളുടെ ആശ്രിതർക്ക് നൽകുന്ന നഷ്ടപരിഹാരം സംബന്ധിച്ച് കൂടുതൽ വിവരങ്ങൾ സമിതി ആരാഞ്ഞതിന് മൂന്നു ലക്ഷം രൂപയിൽ താഴെ കരാറുള്ള ജോലി ചെയ്യുമ്പോൾ അപകടം സംഭവിച്ചാൽ ചികിത്സാ സഹായവും അപകട മരണം സംഭവിച്ചവരുടെ ആശ്രിതർ കോടതിയിൽ കേസ് നൽകിയാൽ 5 ലക്ഷം രൂപ മുതൽ 7 ലക്ഷം രൂപ വരെ നഷ്ടപരിഹാരവും നൽകുന്നുണ്ടെന്ന് കേരള സംസ്ഥാന വൈദ്യുതി ബോർഡ് ലിമിറ്റഡ് ഡയറക്ടർ മറുപടി നൽകി.

എന്നാൽ മൂന്നു ലക്ഷം രൂപയിൽ കവിയുന്ന അടങ്കൽ തുകയുള്ള കരാർ ജോലികളിൽ സംഭവിക്കുന്ന അപകടങ്ങൾക്ക് നഷ്ടപരിഹാരം നൽകുന്നതിനുള്ള ബാധ്യത അതത് കരാറുകാരനായിരിക്കുമെന്നാണ് വ്യവസ്ഥ ചെയ്തിട്ടുള്ളതെന്നും കരാർ ഏറ്റെടുക്കുന്നതോടെ അയാൾ തൊഴിലാളികൾക്കായി അപകട ഇൻഷ്വറൻസ് എടുക്കേണ്ടതാണെന്നും അങ്ങനെയുള്ള ബാധ്യതകൾ കെ.എസ്.ഇ.ബി. ലിമിറ്റഡിന് നിയമപ്രകാരം ഏറ്റെടുക്കാൻ സാധിക്കില്ലെന്നും, എന്നാൽ കരാറുകാരൻ ഇൻഷ്വറൻസ് എടുക്കാതെ വന്നിട്ടുള്ള സന്ദർഭങ്ങളിൽ കെ.എസ്.ഇ.ബി. ലിമിറ്റഡ് നഷ്ടപരിഹാരം നൽകിയിട്ടുണ്ടെന്നും, നഷ്ടപരിഹാരം ലഭിക്കാത്ത സ്ഥിതി ഇപ്പോഴില്ലെന്നും ഡയറക്ടർ വ്യക്തമാക്കി.

കരാർ വ്യവസ്ഥയിലല്ലാതെ ജോലി ചെയ്യുന്ന ആളുകൾക്കും പോസ്റ്റിൽ കയറുമ്പോൾ അപകടം സംഭവിക്കുന്നുണ്ടെന്ന് സമിതി നിരീക്ഷിച്ചു മേൽപ്പറഞ്ഞ രീതിയിൽ അപകടം സംഭവിക്കുന്നവർക്കും നിലവിൽ വ്യവസ്ഥ ഇല്ലെങ്കിൽ പോലും നഷ്ടപരിഹാരം നൽകുന്നുണ്ടെന്നും അപകട മരണം സംഭവിച്ചവരുടെ ആശ്രിതർ കോടതിയിൽ പരാതി കൊടുത്താൽ ഡിസ്ട്രിക്ട് ജഡ്ജിന്റെ നേതൃത്വത്തിലുള്ള ലീഗൽ വിംഗ് ശിപാർശ ചെയ്യുന്ന തുക നഷ്ടപരിഹാരമായി നൽകാറുണ്ടെന്നും, ഇത്തരത്തിൽ നൽകുന്ന ഏറ്റവും കുറഞ്ഞ തുക 5 ലക്ഷം രൂപയാണെന്നും ഡയറക്ടർ സമിതിയെ അറിയിച്ചു മൂന്ന് ലക്ഷത്തിനു മുകളിലുള്ള കരാർ ജോലികൾക്ക് കരാറുകാരൻ അപകട ഇൻഷ്വറൻസ് എടുക്കുന്നുണ്ടെന്ന് കെ.എസ്.ഇ.ബി. ഉറപ്പുവരുത്താറുണ്ടെന്നും ഡയറക്ടർ തുടർന്നറിയിച്ചു

കമിളിയിൽ കരാർ ജോലിക്കാരനല്ലാത്ത ഒരാൾ ബോർഡ് ഉദ്യോഗസ്ഥർ നൽകിയ ഉറപ്പിൻമേൽ പോസ്റ്റിൽ കയറുകയും ഷോക്കേറ്റ് മരിക്കുകയും ചെയ്തു സംഭവത്തിൽ ഇതേവരെ നഷ്ടപരിഹാരം ലഭിച്ചിട്ടില്ലെന്ന് സമിതി ചൂണ്ടിക്കാട്ടി. പ്രസ്തുത വ്യക്തിക്ക് 5 ലക്ഷത്തിൽ കുറയാത്ത തുക നഷ്ടപരിഹാരം ലഭിക്കുമെന്ന് ഡയറക്ടർ ഉറപ്പുനൽകുകയും, ഈ കേസ് പ്രത്യേകമായി പരിഗണിക്കണമെന്ന് സമിതി നിർദ്ദേശിക്കുകയും ചെയ്തു.

വാടകക്കെട്ടിടത്തിൽ പ്രവർത്തിക്കുന്ന കെ.എസ്.ഇ.ബി. സെക്ഷൻ ഓഫീസുകളുടെ വാടക കെ.എസ്.ഇ.ബി.എൽ. തന്നെ നൽകണമെന്ന വ്യവസ്ഥയുണ്ടോ എന്ന് സമിതി ആരാഞ്ഞതിന്, പഞ്ചായത്തുകൾ വാടകക്കെട്ടിടം നൽകിയാൽ മാത്രമേ പുതിയ സെക്ഷൻ ഓഫീസുകൾ ആരംഭിക്കാവൂ എന്ന വ്യവസ്ഥയുണ്ടെന്നും, അതു ലംഘിച്ച് ആരംഭിച്ച കെട്ടിടങ്ങളുടെ വാടക കെ.എസ്.ഇ.ബി.എൽ. നൽകുകയില്ല എന്നും എന്നാൽ വൈദ്യുതി ബോർഡ് തീരുമാനമെടുത്ത് വാടകക്കെട്ടിടത്തിൽ തുടങ്ങിയ സെക്ഷൻ ഓഫീസാണെങ്കിൽ അതിന്റെ വാടക കെ.എസ്.ഇ.ബി.എൽ. തന്നെയാണ് നൽകുന്നതെന്നും ഡയറക്ടർ അറിയിച്ചു. കെ.എസ്.ഇ.ബി.എൽ.-ന്റെ തീരുമാനമില്ലാതെ വാടക കെട്ടിടങ്ങളിൽ ആരംഭിച്ച സെക്ഷൻ ഓഫീസുകളുടെ വാടക ഏറ്റെടുക്കുന്നതിന്

കെ.എസ്.ഇ.ബി.എല്ല്. ന് സാധിക്കുമോ എന്നതിന് അക്കാര്യം പരിശോധിച്ചതിനു ശേഷം അറിയിക്കാം എന്ന് ഡയറക്ടർ മറുപടി നൽകി.

7. തൊഴിലും നൈപുണ്യവുമായി ബന്ധപ്പെട്ട ആധുനിക സങ്കേതങ്ങൾ, ഊർജ്ജ ആവശ്യങ്ങൾക്കായി സ്ഥാപിതമായ ഊർജ്ജ പദ്ധതികൾ എന്നിവ സംബന്ധിച്ച അഖിലേന്ത്യാ പര്യടനം സംബന്ധിച്ച റിപ്പോർട്ട്

(ഫയൽ നമ്പർ 4139/സബ്.സി.സി1/2013/നി.സെ.)

പ്രസ്തുത റിപ്പോർട്ടിലെ ഖണ്ഡിക 11, 57 എന്നീ ശിപാർശകളിന്മേലുള്ള നടപടി സ്റ്റേറ്റ്മെന്റുകൾ സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

8. വ്യാവസായിക പരിശീലന വകുപ്പിന്റെ നൈപുണ്യ വികസന പരിപാടി സംബന്ധിച്ച റിപ്പോർട്ട്

(ഫയൽ നമ്പർ 5225/സബ്.സി.സി1/2015/നി.സെ.)

വ്യാവസായിക പരിശീലന വകുപ്പിന്റെ നൈപുണ്യ വികസന പരിപാടി സംബന്ധിച്ച കേരള നിയമസഭയുടെ ചട്ടം 235(i)(ii) പ്രകാരമുള്ള സ്പെഷ്യൽ റിപ്പോർട്ടിലെ 8, 10, 12, 16, 21, 23, 26, 30, 32, 37 എന്നീ ഖണ്ഡികകളിലെ ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടി സ്റ്റേറ്റ്മെന്റുകൾ സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

9. അന്യസംസ്ഥാന തൊഴിലാളി ക്ഷേമ പദ്ധതി സംബന്ധിച്ച സ്പെഷ്യൽ റിപ്പോർട്ട്

(ഫയൽ നമ്പർ 5602/സബ്.സി.സി1/2013/നി.സെ.)

അന്യസംസ്ഥാന തൊഴിലാളി ക്ഷേമപദ്ധതി സംബന്ധിച്ച റിപ്പോർട്ടിലെ 3, 4(i), 4(ii), 4(iii), 7, 11, 12, 15 എന്നീ ഖണ്ഡികകളിലെ ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടി സ്റ്റേറ്റ്മെന്റുകൾ സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

സമിതി യോഗം ഉച്ചയ്ക്കുശേഷം 1.00 മണിയ്ക്ക് പിരിഞ്ഞു.

## 2016 ഒക്ടോബർ 18-ാം തീയതിയിലെ യോഗനടപടികളെക്കുറിച്ച്

വിദ്യുച്ഛക്തിയും തൊഴിലും തൊഴിലാളിക്ഷേമവും സംബന്ധിച്ച വിഷയനിർണ്ണയ സമിതി VII 2016 ഒക്ടോബർ മാസം 18-ാം തീയതി ചൊവ്വാഴ്ച സഭ പിരിഞ്ഞതിനുശേഷം 3.35-ന് നിയമസഭാ സമുച്ചയത്തിലെ V A സമ്മേളന ഹാളിൽ സമിതി ചെയർമാൻ ബഹു. തൊഴിലും എക്സൈസും വകുപ്പുമന്ത്രി ശ്രീ. റ്റി. പി. രാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു.

തദവസരത്തിൽ സമിതിയുടെ എക്സ്-ഒഫീഷ്യോ അംഗം ബഹു. വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി ശ്രീ. കടകംപള്ളി സുരേന്ദ്രനും ഹാജരായിരുന്നു.

ഹാജരായ അംഗങ്ങൾ :

1. ശ്രീമതി ഇ. എസ്. ബിജിമോൾ, എം.എൽ.എ.
2. ശ്രീ. കെ. ദാസൻ, "
3. ശ്രീ. ടി. വി. ഇബ്രാഹിം, "
4. ശ്രീ. എം. രാജഗോപാലൻ, "
5. ശ്രീ. പി. ഉണ്ണി, "

നിയമസഭാ സെക്രട്ടേറിയറ്റ് :

ശ്രീമതി എസ്. ഷാഹിന, ജോയിന്റ് സെക്രട്ടറി

സമിതി വിദ്യുച്ഛക്തിയും തൊഴിലും തൊഴിലാളിക്ഷേമവും സംബന്ധിച്ച വിഷയനിർണ്ണയ സമിതി VII-ന്റെ 2015-16 വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച റിപ്പോർട്ടിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടിന്റെ കരട് പരിഗണിക്കുകയും ഭേദഗതികൾ കൂടാതെ അംഗീകരിക്കുകയും ചെയ്തു.

യോഗം വൈകുന്നേരം 3.45-ന് പിരിഞ്ഞു.

## 2016 ഡിസംബർ 28-ാം തീയതിയിലെ യോഗനടപടിക്കുറിപ്പ്

വിദ്യുച്ഛക്തിയും തൊഴിലും തൊഴിലാളിക്ഷേമവും സംബന്ധിച്ച വിഷയനിർണ്ണയ സമിതി VII, 2016 ഡിസംബർ 28-ാം തീയതി ബുധനാഴ്ച രാവിലെ 11.00 മണിക്ക് നിയമസഭാ സമുച്ചയത്തിലെ V A സമ്മേളന ഹാളിൽ സമിതി അദ്ധ്യക്ഷൻ ബഹു. തൊഴിലും എക്സൈസും വകുപ്പ് മന്ത്രി ശ്രീ. റ്റി. പി. രാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു.

തദവസരത്തിൽ സമിതിയുടെ എക്സ് - ഒഫീഷ്യോ അംഗം ബഹു. വൈദ്യുതി വകുപ്പ് മന്ത്രി ശ്രീ. എം. എം. മണിയും ഹാജരായിരുന്നു.

ഹാജരായ അംഗങ്ങൾ :

1. ശ്രീ. കെ. ദാസൻ, എം.എൽ.എ.
2. ശ്രീ. എം. രാജഗോപാലൻ, എം.എൽ.എ.
3. ശ്രീ. പി. ഉണ്ണി, എം.എൽ.എ.

നിയമസഭാ സെക്രട്ടേറിയറ്റ് :

ശ്രീമതി എസ്. ഷാഹിന, ജോയിന്റ് സെക്രട്ടറി

ഹാജരായ ഉദ്യോഗസ്ഥർ :

1. ശ്രീ. ടോം ജോസ്, അഡീഷണൽ ചീഫ് സെക്രട്ടറി, തൊഴിൽ വകുപ്പ്.
2. ശ്രീ. എൻ. ശങ്കർ റെഡ്ഡി, ഡയറക്ടർ ജനറൽ ഓഫ് പോലീസ്, സ്റ്റേറ്റ് ക്രൈം റിക്കോർഡ്സ് ബ്യൂറോ.
3. ശ്രീ. എ. ഷാജഹാൻ, സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്.
4. ശ്രീമതി എൽ. ഗീത, അഡീഷണൽ സെക്രട്ടറി, ആരോഗ്യവും കുടുംബക്ഷേമവും വകുപ്പ്.
5. ശ്രീ. എസ്. കാളിരാജ് മഹേഷ് കുമാർ, സൂപ്രണ്ട് ഓഫ് പോലീസ്, പോലീസ് ഹെഡ്ക്വാർട്ടേഴ്സ്.

6. ശ്രീ. കെ.ബി. ബാഹുലേയൻ, ജോയിന്റ് സെക്രട്ടറി, ആഭ്യന്തര വകുപ്പ്.

7. ശ്രീമതി പി. ശോഭന, ജോയിന്റ് സെക്രട്ടറി, ഭവന നിർമ്മാണ വകുപ്പ്.

8. ഡോ. ബിനോയി എസ്. ബാബു, ജൂനിയർ അഡ്മിനിസ്ട്രേറ്റീവ് മെഡിക്കൽ ഓഫീസർ, ഡയറക്ടറേറ്റ് ഓഫ് ഹെൽത്ത് സർവ്വീസസ്.

ഇതര സംസ്ഥാന തൊഴിലാളികളുടെ ആരോഗ്യ/പാർപ്പിട/ സുരക്ഷാ പ്രശ്നങ്ങൾ, രജിസ്ട്രേഷൻ എന്നീ വിഷയങ്ങൾ സംബന്ധിച്ച് മേൽപ്പറഞ്ഞ ഉദ്യോഗസ്ഥരുമായി സമിതി ചർച്ച ചെയ്യുകയും താഴെപ്പറയുന്ന ശിപാർശകൾ നൽകുന്നതിന് തീരുമാനിക്കുകയും ചെയ്തു.

ആമുഖമായി സംസാരിച്ച ബഹു. ചെയർമാൻ എല്ലാ രേഖകളിലും അന്യസംസ്ഥാന തൊഴിലാളികൾ എന്ന് രേഖപ്പെടുത്തുന്നത് ഒഴിവാക്കി ഇതരസംസ്ഥാന തൊഴിലാളികൾ എന്ന വാക്ക് ഉപയോഗിക്കണമെന്ന് നിർദ്ദേശിച്ചു. ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിനാൻസ് ആന്റ് ടാക്സേഷൻ (GIFT) നടത്തിയ പഠന റിപ്പോർട്ടിൽ കേരളത്തിൽ ജോലി ചെയ്യുന്ന ഇതര സംസ്ഥാന തൊഴിലാളികളുടെ എണ്ണം ഏകദേശം 25 ലക്ഷത്തിലധികമായി പറഞ്ഞിട്ടുണ്ടെങ്കിലും ഇവരുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് കൃത്യമായ കണക്ക് ആവശ്യമാണെന്നവ്യക്തമാക്കിയ ചെയർമാൻ ദേശീയ ഭക്ഷ്യഭദ്രതാ നിയമം നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന സാഹചര്യത്തിൽ കേരളത്തിന്റെ ഭക്ഷ്യധാന്യവിഹിതം വർദ്ധിപ്പിക്കുന്നതിനായി ഇവിടെ വന്ന് ജോലി ചെയ്യുന്നവരുടെയും തിരിച്ച് പോകുന്നവരുടെയും കൃത്യമായി കണക്ക് ആവശ്യമാണെന്ന് അറിയിച്ചതോടൊപ്പം തൊഴിൽ വകുപ്പ് ഇതിനായി 'ആവാസ്' എന്നൊരു ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി രൂപീകരിച്ചിട്ടുണ്ടെന്നും ഗവൺമെന്റ് ചെലവിൽ ഇതര സംസ്ഥാന തൊഴിലാളികളെ ഒരു പ്രത്യേക ആരോഗ്യ ഇൻഷ്വറൻസ് സ്കീമിൽ കൊണ്ട് വന്ന് രജിസ്ട്രേഷൻ നടപടി പൂർത്തിയാക്കുകയാണ് ഉദ്ദേശം എന്നും അറിയിച്ചു. 'ആവാസ്' പദ്ധതിയുടെ ഉദ്ദേശലക്ഷ്യങ്ങൾ വിവരിക്കുന്ന 27.10.2016-ലെ സ.ഉ. (സാധാ) നമ്പർ 1325/2016/തൊഴിൽ ഉത്തരവിൽ ചികിത്സാ സഹായമായി നിർദ്ദേശിച്ചിരിക്കുന്ന 15,000 രൂപ കുറവായതിനാൽ

മാറ്റം വരുത്തേണ്ടതുണ്ടെന്നും ഒരു ഇതര സംസ്ഥാന തൊഴിലാളി മരണപ്പെട്ടാൽ രണ്ട് ലക്ഷം രൂപയുടെ ധനസഹായം ആശ്രിതർക്ക് കൊടുക്കാവുന്ന നിലയിൽ ആവാസ് ഇൻഷ്വറൻസ് പദ്ധതിയുമായി ലിങ്ക് ചെയ്താൽ ഉണ്ടാകുന്ന സാമ്പത്തിക ബാധ്യത നിർണ്ണയിക്കുവാൻ ഇൻഷ്വറൻസ് സർവ്വീസ് പ്രൊവൈഡേഴ്സുമായി സർക്കാർ ചർച്ച നടത്തി പ്രസ്തുത പ്രൊപ്പോസൽ അംഗീകരിക്കുകയും വേണമെന്ന് സമിതി ചെയർമാൻ അറിയിച്ചു

കെട്ടിട നിർമ്മാണത്തൊഴിലാളി ക്ഷേമനിധിബോർഡിന്റെ ഭാഗമായി 2010-ൽ നിലവിൽവന്ന പദ്ധതി പ്രകാരം കുറേ തൊഴിലാളികൾക്ക് ആനുകൂല്യങ്ങൾ ലഭിക്കുന്നുണ്ടെങ്കിലും അതിന്റെ കൃത്യമായ കണക്ക് ലഭ്യമല്ലെന്ന് അറിയിച്ച ചെയർമാൻ തൊഴിലാളികൾക്ക് അർഹമായ ആനുകൂല്യങ്ങൾ നേടിക്കൊടുക്കുന്നത് ട്രേഡ് യൂണിയനുകൾ ആയതിനാൽ 'ആവാസ്' പദ്ധതിയിൽ അംഗങ്ങളാകാൻ ആഗ്രഹിക്കുന്ന ഇതര സംസ്ഥാനത്തൊഴിലാളികൾക്ക് ട്രേഡ് യൂണിയനിൽ ചേരുന്നതിനുള്ള അവസരമുണ്ടാക്കണമെന്നും, എൻഫോഴ്സ്മെന്റ് ഉദ്യോഗസ്ഥർ ഇക്കാര്യങ്ങളിൽ ഇവരെ സഹായിക്കണമെന്നും, ഇവരുടെ എണ്ണം നിർണ്ണയിച്ച് സംരക്ഷണവും ആനുകൂല്യങ്ങളും നൽകുന്നതിനാവശ്യമായ നടപടികൾ ഫലപ്രദമായി നടപ്പിലാക്കണമെന്നും ചെയർമാൻ നിർദ്ദേശിച്ചു പരമ്പരാഗത മേഖലകളിൽ ജോലി ചെയ്തുവരുന്ന ഇതര സംസ്ഥാന തൊഴിലാളികൾ നേരിടുന്ന സാമൂഹ്യസുരക്ഷ പ്രശ്നങ്ങൾക്ക് നിലവിലുള്ള നിയമവ്യവസ്ഥ അനുസരിച്ചതന്നെ പരിഹാരം കണ്ടെത്തുന്നതിനുള്ള ഇടപെടൽ ഗവൺമെന്റിന്റെ ഭാഗത്തു നിന്നുമുണ്ടാകണമെന്നും കേരളത്തിലെ തൊഴിലാളികൾക്ക് ലഭ്യമാകുന്ന എല്ലാ നിയമപരിരക്ഷയും ഇതര സംസ്ഥാന തൊഴിലാളികൾക്കും ലഭിക്കത്തക്ക നിലയിലുള്ള പ്രവർത്തനം തൊഴിൽ വകുപ്പ് ഉദ്യോഗസ്ഥർ ഇടപെട്ട് നടപ്പിലാക്കണം എന്നും ചെയർമാൻ നിർദ്ദേശിച്ചു

വാടക അടിസ്ഥാനത്തിൽ ഉള്ള ഇതര സംസ്ഥാന തൊഴിലാളികൾക്കുള്ള പാർപ്പിട പദ്ധതിയായ 'അപ്നാഘർ' പദ്ധതിയുടെ കീഴിൽ ഫ്ലാറ്റ് മോഡൽ വീട് നിർമ്മിച്ച് വൃത്തിയുള്ള താമസ സൗകര്യങ്ങൾ ഇവർക്ക് ഒരുക്കണമെന്നും ഭക്ഷണം പാകം ചെയ്യാനും പ്രാഥമികാവശ്യങ്ങൾ നിറവേറ്റുന്നതിനും ഉണ്ണി

അലക്കുന്നതിനും, വിനോദത്തിനും, ആരോഗ്യ പരിശോധനയ്ക്കും സൗകര്യങ്ങളുണ്ടാക്കണമെന്നും പാലക്കാട് കഞ്ചിക്കോട്ട് നിർമ്മിച്ച ഫ്ലാറ്റ് മാതൃകയിലുള്ള കെട്ടിടം പോലെ തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് ജില്ലകളിലും ക്രമേണ എല്ലാ ജില്ലകളിലും പ്രസ്തുത മോഡൽ വീടുകൾ നിർമ്മിക്കുവാനും പദ്ധതി ശക്തിപ്പെടുത്തുന്നതിനും നടപടി സ്വീകരിക്കണമെന്നും ചെയർമാൻ നിർദ്ദേശിച്ചു. ഇപ്പോൾതന്നെ കെട്ടിട നിർമ്മാണത്തിനാവശ്യമായ സ്ഥലം കണ്ടെത്തുന്നതിനുള്ള ശ്രമം നടത്തണമെന്നും, സ്ഥലം വിലയ്ക്ക് വാങ്ങാതെ റവന്യൂ ഭൂമിയോ മറ്റേതെങ്കിലും ഏജൻസികളുടെ ഭൂമിയോ ലഭ്യമാക്കി കെട്ടിടം നിർമ്മിക്കാനാവശ്യമായ നടപടിയുണ്ടാകണമെന്നും ചെയർമാൻ നിർദ്ദേശിച്ചു

ഇതര സംസ്ഥാന തൊഴിലാളികളുടെ ക്ഷേമ പദ്ധതികൾ നടപ്പാക്കുന്നതിന് എല്ലാ ഏജൻസികളുടേയും സഹായം ആവശ്യമാണെന്ന് പറഞ്ഞ ചെയർമാൻ ഇവർക്കുവേണ്ടി സംഘടിപ്പിക്കുന്ന മെഡിക്കൽ ക്യാമ്പുകളിൽ ആയിരക്കണക്കിനുപേരാണ് പങ്കെടുക്കുന്നതെന്നും തിരുവനന്തപുരത്ത് സംഘടിപ്പിച്ച ക്യാമ്പുകളിൽ മലമ്പനിയും കുഷ്ഠവും ശ്വാസകോശ രോഗങ്ങളും റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്നും അറിയിച്ചു. മാത്രമല്ല ഇവരിൽ കണ്ടുവരുന്ന ലഹരി മരുന്ന് ഉപയോഗം നിയന്ത്രിക്കുന്നതിനുവേണ്ട ബോധവൽക്കരണ പരിപാടികളും ഇവരെ അതിൽ നിന്നും പൂർണ്ണമായി മുക്തമാക്കാനാവശ്യമായ നടപടികളും സ്വീകരിക്കണമെന്നും ഇതിനായി നിലവിലുള്ള ഗവ. ഉത്തരവുകൾ പ്രാവർത്തികമാക്കണമെന്നും ചെയർമാൻ നിർദ്ദേശിച്ചു

തുടർന്ന്, വർഷങ്ങൾക്ക് മുൻപ് GIFT നടത്തിയ പഠനത്തിന് ശേഷം, ഇതര സംസ്ഥാനങ്ങളിൽ നിന്നും ധാരാളം തൊഴിലാളികൾ കേരളത്തിൽ വന്നതായും, 'ആവാസ് ' പദ്ധതി നടപ്പിലാവുന്നതോടുകൂടി ഇവരുടെ എണ്ണം സംബന്ധിച്ച് ഒരു വ്യക്തത വരുമെന്നും തൊഴിൽ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി സമിതിയെ അറിയിച്ചു. ഈ പദ്ധതിയെ സംബന്ധിച്ചുള്ള നോട്ടിഫിക്കേഷൻ കൊടുത്തു കഴിഞ്ഞതായും, തിരിച്ചറിയൽ കാർഡ് നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചതായും പ്രസ്തുത ഉദ്യോഗസ്ഥൻ സമിതിയെ അറിയിച്ചു

തിരിച്ചറിയൽ കാർഡിലെ വിശദാംശങ്ങൾ ചെയർമാൻ ആരാഞ്ഞപ്പോൾ, പേര്, സംസ്ഥാനം, ബ്ലഡ് ഗ്രൂപ്പ്, അഡ്രസ്സ് തുടങ്ങിയ വിവരങ്ങളാണ് ശേഖരിക്കുന്നതെന്നും ഇവർക്കുള്ള ക്ഷേമപദ്ധതികൾ നടപ്പിലാക്കുവാൻ സഹായകരമാകുന്ന രീതിയിലാണ് കാർഡ് തയ്യാറാക്കുന്നതെന്നും, ഇതിനുള്ള ഓർഡർ കൊടുത്തു കഴിഞ്ഞാൽ ഏതാനും മാസങ്ങൾക്കുള്ളിൽ കാർഡ് നൽകാനും, രജിസ്ട്രേഷൻ നടത്താനും സാധിക്കുമെന്നും തൊഴിൽ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി സമിതിയെ അറിയിച്ചു.

ഇതര സംസ്ഥാന തൊഴിലാളികളുടെ കൃത്യമായ കണക്കെടുക്കുന്നതിനും അവരുമായി ആശയവിനിമയം നടത്തുന്നതിനും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ ഉൾപ്പെടുത്തി നടപടി സ്വീകരിക്കണമെന്ന് സമിതി ആവശ്യപ്പെടുകയും, മറുപടിയായി നടപടിക്രമങ്ങളൊക്കെ പൂർത്തിയായി രജിസ്ട്രേഷൻ നടത്താവുന്ന തലത്തിലേക്ക് എത്തുമ്പോൾ പഞ്ചായത്ത് പ്രതിനിധികളുമായി ചർച്ച നടത്തി അവരെക്കൂടി നിശ്ചയമായും ഉൾപ്പെടുത്തി പദ്ധതിയുമായി മുന്നോട്ടുപോകും എന്ന് തൊഴിൽ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി സമിതിക്ക് മറുപടി നൽകുകയുമുണ്ടായി.

കേരളത്തിൽ വന്ന് ജോലി ചെയ്യുന്നവർ നിർബന്ധമായും രജിസ്റ്റർ ചെയ്തിരിക്കണമെന്ന് വ്യവസ്ഥ ചെയ്യാൻ ഇപ്പോഴത്തെ നിലയിൽ സാധിക്കുകയില്ലെന്നും, തുടക്കത്തിൽ 5 ലക്ഷം ആളുകളെയും ഒന്നോ രണ്ടോ വർഷത്തിനുള്ളിൽ മുഴുവൻ പേരെയും രജിസ്റ്റർ ചെയ്യിക്കുകയാണ് ലക്ഷ്യമെന്നും സമിതി ചെയർമാൻ അറിയിച്ചു.

ഭാഷാ തടസ്സം തരണം ചെയ്യുന്നതിനായി ഇതര സംസ്ഥാന തൊഴിലാളികൾക്കായി ഹിന്ദി, ബംഗാളി എന്നിവക്ക് പുറമേ ആസാമീസ്, ബീഹാറി ഭാഷകളിലും ബ്രോഷറുകൾ/ലഘുലേഖകൾ അച്ചടിക്കുന്ന കാര്യം പരിഗണനയിലാണെന്ന് തൊഴിൽ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി സമിതിയെ അറിയിച്ചു. കേരളം എടുത്തിരിക്കുന്ന നടപടികൾ മാതൃകാപരമാണെന്നും ഇവിടെയുള്ളവർക്കൊപ്പം ഇതര സംസ്ഥാനക്കാരെയും

കാണുകയും അവർക്ക് ആനുകൂല്യങ്ങൾ നൽകുകയും ചെയ്യുക എന്നതാണ് തൊഴിൽ വകുപ്പിന്റെ പോളിസി എന്നും പ്രസ്തുത ഉദ്യോഗസ്ഥൻ സമിതിയെ അറിയിച്ചു

കേന്ദ്ര ഗവൺമെന്റ് സബ്സിഡിയോടുകൂടി കെട്ടിടങ്ങളുടെ മുകളിൽ സൗരോർജ്ജ പ്ലാന്റ് സ്ഥാപിക്കുന്ന പദ്ധതി നിലവിലുണ്ടെന്നും, ഇതര സംസ്ഥാന ജീവനക്കാർ റോഡ് സൈഡിൽ താമസിക്കുന്ന താൽക്കാലിക ഷെഡ്ഡുകളിൽ ഇത് നടപ്പാക്കാൻ പറ്റുമോ എന്ന കാര്യം ആലോചിക്കേണ്ടതുണ്ടെന്നും ബഹു. വൈദ്യുത വകുപ്പുമന്ത്രി സമിതിയെ അറിയിച്ചു

ഇതര സംസ്ഥാന ജീവനക്കാർക്ക് ഏർപ്പെടുത്തേണ്ട താമസസൗകര്യം 3-8-2016-ലെ സ.ഉ.(സാധാ) നമ്പർ 960/2016/തൊഴിൽ സർക്കാർ ഉത്തരവിൽ വ്യക്തമായി സൂചിപ്പിക്കുന്നുണ്ടെങ്കിലും അതൊന്നും ഒരിടത്തും പാലിക്കപ്പെടുന്നില്ലെന്നും, ഇവരുടെ താമസകേന്ദ്രങ്ങൾ നിർബന്ധമായും പരിശോധനയ്ക്ക് വിധേയമാക്കണമെന്നും, ടോയ്ലെറ്റ് ഇല്ലാത്ത സ്ഥലങ്ങളിൽ ഗവൺമെന്റ് പദ്ധതി പ്രകാരം അവ നിർമ്മിച്ചുകൊടുക്കണമെന്നും, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും, തൊഴിൽ വകുപ്പും ഈ വിഷയത്തിൽ ശക്തമായി ഇടപെടണമെന്നും, സർക്കാർ ഉത്തരവ് പാലിക്കപ്പെടുന്നുവെന്ന് ഉറപ്പാക്കണമെന്നും ചെയർമാൻ നിർദ്ദേശിച്ചു

പൊതുജനങ്ങൾക്കായി എന്തെല്ലാം കാര്യങ്ങളാണ് നിയമപ്രകാരം ചെയ്യേണ്ടതെന്നുള്ള അവബോധം ജനപ്രതിനിധികൾക്കില്ലാത്തതിനാൽ, ഇതു നൽകുന്നതിനായി ഒരു സംവിധാനം ഏർപ്പെടുത്തണമെന്നും, ഇതര സംസ്ഥാന തൊഴിലാളികളുടെ രജിസ്ട്രേഷൻ നടപ്പാക്കുമ്പോൾ തദ്ദേശസ്വയംഭരണ സ്ഥാപനാടിസ്ഥാനത്തിലുള്ള ജനപ്രതിനിധികളെക്കൂടി ഉൾപ്പെടുത്തി ജില്ലാടിസ്ഥാനത്തിൽ മീറ്റിംഗ് കൂടണമെന്നും സമിതി നിർദ്ദേശിച്ചു

ശുചീകരണത്തിനുള്ള ബോധവൽക്കരണം അത്യാവശ്യമാണെന്ന് പറഞ്ഞ സമിതി ഹരിത കേരളം പദ്ധതി ഇതിനു സഹായകരമാകും എന്നും അഭിപ്രായപ്പെട്ടു.

ഇതര സംസ്ഥാന തൊഴിലാളികൾ കേരളത്തിൽ ജോലിക്കായി വരുമ്പോൾ അവരുടെ സംസ്ഥാനത്തിന്റെ ലേബർ/പോലീസ് വകുപ്പുകളിൽ നിന്നുമുള്ള ഒരു വെരിഫിക്കേഷൻ സർട്ടിഫിക്കറ്റോ, ആധാർ നമ്പറും ഫോട്ടോയുമുള്ള ഒരു ഐ.ഡി. കാർഡോ സഹിതം ഇവിടെ വരികയും, ഇത് തൊഴിൽ വകുപ്പ് രജിസ്റ്റർ ചെയ്ത് ഒരു ഐ.ഡി. കാർഡ് നൽകുകയും ചെയ്താൽ ഇവർ ജോലി ചെയ്യുന്ന സ്ഥാപനങ്ങൾ മനസ്സിലാക്കുവാനും ഇവരുടെ കുടുംബത്തിന് ആനുകൂല്യങ്ങൾ എത്തിക്കുവാനും, കുറ്റവാളികളെ ഒഴിവാക്കാനും, തീവ്രവാദികൾ കടന്നുവരുന്നത് തടയാനും സഹായകമാകുമെന്ന് സ്റ്റേറ്റ് ക്രൈം റിക്കോർഡ്സ് ബ്യൂറോ ഡയറക്ടർ ജനറൽ ഓഫ് പോലീസ് സമിതിയെ അറിയിച്ചു.

ഇന്ത്യയിലുള്ള ഏതൊരു മനുഷ്യനും ഇന്ത്യയിൽ എവിടെയും പോയി ജോലി ചെയ്യാനുള്ള അവകാശമുള്ളതിനാൽ ഇതര സംസ്ഥാന തൊഴിലാളികൾ അവരുടെ സംസ്ഥാനങ്ങളിൽ നിന്നുമൊരു തിരിച്ചറിയൽ കാർഡ് കൊണ്ടുവരണമെന്ന നിബന്ധന ഇപ്പോൾ പ്രാവർത്തികമാക്കാൻ ബുദ്ധിമുട്ടാണെന്നും, എല്ലാ സംസ്ഥാനങ്ങളും കേന്ദ്ര ഗവൺമെന്റും ഇപ്രകാരം ഒരു നിയമമുണ്ടാക്കി നടപ്പിലാക്കുന്ന വേളയിൽ ഇതു നിർബന്ധമാക്കാമെന്നും ചെയർമാൻ അറിയിച്ചു

ആരോഗ്യ ഇൻഷ്വറൻസിന്റെ ഭാഗമായുള്ള ആനുകൂല്യം, ചികിത്സാ സൗകര്യം എന്നിവ ലഭിക്കുന്നതിന് ഐഡന്റിറ്റി കാർഡ് ആവശ്യമാണെന്നതിനാൽ, കൂടുതൽ തൊഴിലാളികൾ രജിസ്ട്രേഷനിലേക്കു വരുമെന്നും, മെഡിക്കൽ ക്യാമ്പുകൾ എട്ട് ജില്ലകളിൽ നടന്നുകഴിഞ്ഞതായും ബാക്കിയുള്ള 6 ജില്ലകളിൽ രണ്ട് മാസം കൊണ്ട് ക്യാമ്പുകൾ പൂർത്തീകരിക്കുമെന്നും ചെയർമാൻ അറിയിച്ചു

ഇതര സംസ്ഥാന തൊഴിലാളികളെല്ലാം ക്രിമിനലുകളാണെന്ന് വ്യാഖ്യാനിക്കുന്നത് ശരിയല്ലെന്നും, ഒറ്റപ്പെട്ട ഇത്തരം സംഭവങ്ങളും, ലഹരി മരുന്നിന്റെ ഉപയോഗവും തടയാൻ പോലീസ് ഫലപ്രദമായി ഇടപെടണമെന്നും, ഇതര സംസ്ഥാന തൊഴിലാളികൾ താമസിക്കുന്ന മേഖലകളിൽ പട്രോളിംഗ് നടത്തുകയും പോലീസിന്റെ സാന്നിദ്ധ്യം ഉറപ്പു വരുത്തുകയും, അവരുടെ

പരാതികൾ സ്വീകരിക്കുവാനും നടപടി എടുക്കുവാനും ലോക്കൽ പോലീസ് സ്റ്റേഷനുകൾക്ക് ആഭ്യന്തരവകുപ്പ് ഡയറക്ഷൻ നൽകണമെന്നും ചെയർമാൻ നിർദ്ദേശിച്ചു.

തൊഴിൽ വകുപ്പ് സെൻട്രലൈസ്ഡായി ഒരു തിരിച്ചറിയൽ കാർഡ് തൊഴിലാളികൾക്കു നൽകി രജിസ്ട്രേഷൻ നടത്തുന്നതാണ് ഉചിതമെന്നും ഇതര സംസ്ഥാന തൊഴിലാളികൾ താമസിക്കുന്ന ഏരിയാകളിൽ പോലീസ് പട്രോളിംഗ് നടത്തുന്നുണ്ടെന്നും സ്റ്റേറ്റ് ക്രൈം റിക്കോർഡ്സ് ബ്യൂറോ ഡയറക്ടർ ജനറൽ ഓഫ് പോലീസ് സമിതിയെ അറിയിക്കുകയും ചെയ്തു.

എട്ട് ജില്ലകളിൽ ഇതര സംസ്ഥാന തൊഴിലാളികൾ താമസിക്കുന്ന/ജോലി ചെയ്യുന്ന സ്ഥലങ്ങളിൽ വാഹനത്തിൽ പോയി ആരോഗ്യ പരിശോധന, ഫസ്റ്റ് എയ്ഡ് സഹായം എന്നിവ നടത്തുന്നതിനായി 'മൈഗ്രന്റ് സ്ക്രീനിംഗ് ടീം' എന്ന പേരിൽ ഒരു സോഷ്യൽ വർക്കർ, കോ-ഓർഡിനേറ്ററായി ഒരു ഡോക്ടർ, രണ്ട് ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർമാർ, ഒരു ലാബ് ടെക്നീഷ്യൻ എന്നിവർ ഉൾപ്പെട്ട ഒരു ടീം രൂപീകരിക്കുവാൻ പ്ലാൻ ചെയ്തിരിക്കുന്നതായും, നിലവിലുള്ള 'ഹെൽത്തി കേരള' എന്ന പ്രോജക്ട് പ്രകാരം ലേബർ ക്യാമ്പുകളിലെ ശുചിത്വം പരിശോധിച്ച് നടപടി എടുക്കുവാൻ സാധിക്കുമെന്നും ഡയറക്ടറേറ്റ് ഓഫ് ഹെൽത്ത് സർവ്വീസസിലെ ജൂനിയർ അഡ്മിനിസ്ട്രേറ്റീവ് മെഡിക്കൽ ഓഫീസർ സമിതിയെ അറിയിച്ചു.

കോഴിക്കോട് ഫറോക്കിൽ നടത്തിയ മെഡിക്കൽ ക്യാമ്പിൽ ഗവൺമെന്റ് ഡോക്ടർമാർ പങ്കെടുക്കാതിരുന്നതിന്റെ കാരണം ആരോഗ്യ വകുപ്പ് പരിശോധിക്കണമെന്നും ഇതര സംസ്ഥാന തൊഴിലാളികളുടെ ആരോഗ്യ വിഷയത്തിൽ തൊഴിൽ വകുപ്പും ആരോഗ്യ വകുപ്പും കോ-ഓർഡിനേറ്റ് ചെയ്തു പ്രവർത്തിക്കണമെന്നും, തൊഴിൽ വകുപ്പ് നൽകുന്ന തിരിച്ചറിയൽ കാർഡ് എല്ലാത്തിനും അടിസ്ഥാനമാക്കണമെന്നും ഇതര സംസ്ഥാന തൊഴിലാളികൾക്ക് ഒരു ജനറൽ ഐഡന്റിറ്റി ഉണ്ടാകണമെന്നും ചെയർമാൻ നിർദ്ദേശിച്ചു

ആരോഗ്യ വകുപ്പിന്റെ കീഴിൽ 'ഇ-ഹെൽത്ത്' പ്രോഗ്രാം മാർച്ച് മാസത്തോടുകൂടി തിരുവനന്തപുരത്ത് നടപ്പാക്കാൻ ഉദ്ദേശിക്കുന്നുവെന്നും ഇതിൽ ഇവരുടെ ഡാറ്റാ കളക്ഷൻ, ഇലക്ട്രോണിക് മെഡിക്കൽ/ഹെൽത്ത് റിക്കോർഡ്സ് അപ്പ്-കീപ്പ് എന്നിവ ഉൾപ്പെടുമെന്നും ഹെൽത്ത് സർവ്വീസസിലെ ഉദ്യോഗസ്ഥൻ സമിതിയെ അറിയിച്ചു. എന്നാൽ ഡ്യൂപ്ലിക്കേഷൻ ഒഴിവാക്കുന്നതിനായി ആരോഗ്യവകുപ്പിന് മാത്രമായ പ്രത്യേക കാർഡ് വേണ്ട, ഒറ്റ ഐഡന്റിറ്റി കാർഡ് മതിയാകും എന്ന് തൊഴിൽ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി അഭിപ്രായപ്പെട്ടു. ഇതര സംസ്ഥാന തൊഴിലാളികളുടെ പാർപ്പിട പ്രശ്നങ്ങൾ സംബന്ധിച്ച് ഭവനനിർമ്മാണ വകുപ്പിന്റെ അഭിപ്രായം സമിതി ആരാഞ്ഞതിന്, ഇതര സംസ്ഥാന തൊഴിലാളികൾക്കുവേണ്ടിയുള്ള ഭവന നിർമ്മാണ പദ്ധതി നടപ്പിലാക്കുന്നതിന് സർക്കാർ സ്ഥലം കണ്ടെത്തി നൽകുകയും ധനസഹായം നൽകുകയും ചെയ്യുകയാണെങ്കിൽ സർക്കാർ ഉദ്ദേശിക്കുന്ന സൗകര്യങ്ങൾ ഉൾപ്പെടുത്തി പദ്ധതി നടപ്പിലാക്കാമെന്ന് ഹൗസിംഗ് ബോർഡ് അറിയിച്ചിട്ടുണ്ടെന്ന് ഭവന നിർമ്മാണ ബോർഡ് ജോയിന്റ് സെക്രട്ടറി മറുപടി നൽകി.

തൊഴിലാളികളുടെ രജിസ്ട്രേഷൻ ഫലപ്രദമായി നടപ്പാക്കണമെങ്കിൽ തൊഴിലാളികൾ താമസിക്കുന്ന ലേബർ ക്യാമ്പുകളുടെ വീടുകളുടെ ഉടമസ്ഥർ തൊഴിലാളികളുമായോ ലേബർ കോൺട്രാക്ടേഴ്സുമായോ ഉണ്ടാക്കുന്ന വാടകക്കരാർ നിർബന്ധമായും രജിസ്റ്റർ ചെയ്യുന്നതിനുള്ള സംവിധാനം ഉണ്ടാകണമെന്ന് തദ്ദേശ സ്വയംഭരണ വകുപ്പ് സെക്രട്ടറി സമിതിയെ അറിയിച്ചു

ഒരു പഞ്ചായത്തിലെയോ നഗരസഭയിലെയോ ഒരു വാർഡിൽ ഏതെങ്കിലും മേഖലയിൽ ഇതര സംസ്ഥാനത്തൊഴിലാളികൾ വരുന്നതും പോകുന്നതുമായ വിവരം വാർഡ് മെമ്പർ അറിയണമെന്നും അവരെ രജിസ്ട്രേഷനിലേക്കു കൊണ്ടുവരേണ്ടതാണെന്നുള്ള ധാരണ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ജീവനക്കാർക്കുണ്ടാകണമെന്നും, തൊഴിൽ വകുപ്പുമായി സഹകരിച്ച് പ്രാദേശിക തലത്തിൽ ഇതിനായി ഒരു പ്രത്യേക സെൽ/കമ്മിറ്റി രൂപീകരിക്കണമെന്നും

സമിതി നിർദ്ദേശിച്ചു. ഇത് വിവരങ്ങൾ ശേഖരിക്കുന്നതിന്റെ ഭാഗമാണെന്ന കാര്യം എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെയും അറിയിക്കത്തക്ക നിലയിലുള്ള ഒരു സംവിധാനമുണ്ടാക്കണമെന്നും സമിതി നിർദ്ദേശിച്ചു.

ഓരോ വകുപ്പിൽ നിന്നും വേണ്ട സഹായങ്ങൾ സംബന്ധിച്ച രൂപരേഖ തയ്യാറാക്കാമെന്ന് തൊഴിലും നൈപുണ്യവും വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി സമിതിയെ അറിയിക്കുകയും രജിസ്ട്രേഷന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള പങ്കിനെ സംബന്ധിച്ച് എല്ലാ പഞ്ചായത്ത് മെമ്പർമാരെയും സെക്രട്ടറിമാരെയും ബോധ്യപ്പെടുത്തേണ്ടതുണ്ടെന്നും ജനങ്ങൾക്കും ഇതിനായി വേണ്ട ബോധവൽക്കരണം കൊടുക്കാവുന്നതാണെന്നും ആയതിലേക്ക് ജില്ലാടിസ്ഥാനത്തിൽ ഒരു സെൽ ഉണ്ടാക്കാനായി ഓർഡർ പുറപ്പെടുവിച്ചിട്ടുണ്ടെന്നും പ്രസ്തുത ഉദ്യോഗസ്ഥർ സമിതിയെ അറിയിച്ചു. ഇതിനായിട്ടുള്ള ടെണ്ടർ നടപടികൾ പൂർത്തിയായി കഴിഞ്ഞാൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ജനപ്രതിനിധികളെ ഉൾപ്പെടുത്തി ജില്ലാതലത്തിൽ ഒരു മീറ്റിംഗ്/ചർച്ചാ പ്രോഗ്രാം സംഘടിപ്പിക്കണമെന്നും, ജില്ലാ-ബ്ലോക്ക്-പഞ്ചായത്ത് തലത്തിൽ കോ-ഓർഡിനേറ്റ് ചെയ്യുന്നതിനുള്ള ഒരു സംവിധാനം കൂടി ഉണ്ടാക്കിയാൽ പൂർണ്ണമായും ഇത് നടപ്പിലാക്കുവാൻ സാധിക്കുമെന്നും സമിതി അഭിപ്രായപ്പെട്ടു.

ഇതര സംസ്ഥാന തൊഴിലാളികളുടെ കൾച്ചറൽ ഇന്റഗ്രേഷനുവേണ്ടി ഫുഡ് ഫെസ്റ്റ്/ഫിലിം ഫെസ്റ്റ് സംഘടിപ്പിക്കുവാനും, അയൽക്കൂട്ടങ്ങളുമായി ഇവരെ ലിങ്ക് ചെയ്യുവാനും ഉള്ള പ്രൊപ്പോസൽ സമിതി അംഗീകരിക്കുകയും പദ്ധതി നടപ്പിലാക്കിയതിനുശേഷം ഇതു സംബന്ധിച്ച പരിശോധനയ്ക്കായി ഒരു യോഗം ചേരാമെന്ന് തീരുമാനിക്കുകയും ചെയ്തു.

യോഗം ഉച്ചയ്ക്കുശേഷം 12.15-ന് പിരിഞ്ഞു.

## 2017 ഫെബ്രുവരി 3-ാം തീയതിയിലെ യോഗനടപടിക്കുറിപ്പ്

വിദ്യുച്ഛക്തിയും തൊഴിലും തൊഴിലാളിക്ഷേമവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VII, 2017 ഫെബ്രുവരി 3-ാം തീയതി വെള്ളിയാഴ്ച ഉച്ചയ്ക്കുശേഷം 2.00 മണിയ്ക്ക് നിയമസഭാ സമുച്ചയത്തിലെ 'V-എ' സമ്മേളനഹാളിൽ സമിതി ചെയർമാൻ ബഹു. തൊഴിലും എക്സൈസും വകുപ്പ് മന്ത്രി ശ്രീ. റ്റി.പി. രാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. തദവസരത്തിൽ സമിതിയുടെ എക്സ്-ഒഫീഷ്യോ അംഗം ബഹു. വൈദ്യുതി വകുപ്പുമന്ത്രി ശ്രീ. എം.എം. മണി ഹാജരായിരുന്നു.

ഹാജരായ അംഗം :

ശ്രീ. എം. രാജഗോപാലൻ, എം.എൽ.എ.

നിയമസഭാ സെക്രട്ടേറിയറ്റ്

1. ശ്രീമതി എസ്. ഷാഹിന, ജോയിന്റ് സെക്രട്ടറി
2. ശ്രീമതി എസ്. ജയശ്രീ, ഡെപ്യൂട്ടി സെക്രട്ടറി
3. ശ്രീമതി ജയശ്രീ. എം., അണ്ടർ സെക്രട്ടറി

ഹാജരായ ഉദ്യോഗസ്ഥർ :

1. ശ്രീ. ടോം ജോസ്, അഡീഷണൽ ചീഫ് സെക്രട്ടറി, തൊഴിലും നൈപുണ്യവും വകുപ്പ്.
2. ശ്രീമതി പി.കെ. സീതാലക്ഷ്മി അമ്മ, അഡീഷണൽ സെക്രട്ടറി, തൊഴിൽ വകുപ്പ്
3. ശ്രീ. ആർ. ബൈജു, ജോയിന്റ് ലേബർ കമ്മീഷണർ.
4. ശ്രീമതി പി. ശോഭന, ജോയിന്റ് സെക്രട്ടറി, ഹൗസിംഗ് ഡിപ്പാർട്ട്മെന്റ്
5. ശ്രീ. രാജീവ് കരിയിൽ, ചീഫ് എഞ്ചിനീയർ, കേരള സംസ്ഥാന ഭവനനിർമ്മാണ ബോർഡ്.
6. ശ്രീ. ജയൻ, ആർ., ചീഫ് എഞ്ചിനീയർ, കേരള സംസ്ഥാന നിർമ്മിതി കേന്ദ്രം
7. ശ്രീ. നിരഞ്ജൻ ജെ. നായർ, പ്രോജക്ട് എക്സിക്യൂട്ടീവ്, ഭവനം ഫൗണ്ടേഷൻ, കേരള.

സമിതി 'നഗരങ്ങളിലെ അസംഘടിതരായ ദരിദ്രതൊഴിലാളികൾക്കുള്ള ചെലവ് കുറഞ്ഞ ഭവനനിർമ്മാണവും പ്ലാന്റേഷൻ പുനരധിവാസ പദ്ധതിയും' എന്ന വിഷയം ചർച്ച ചെയ്യുകയും താഴെപ്പറയുന്ന ശിപാർശകൾ നൽകുകയും ചെയ്തു

അസംഘടിതരായ ദരിദ്രതൊഴിലാളികൾക്കുള്ള ഭവനനിർമ്മാണം സംബന്ധിച്ച് നിലവിലുള്ള അവസ്ഥ ചെയർമാൻ ആരാഞ്ഞതിനെത്തുടർന്ന് നഗരങ്ങളിലെ അസംഘടിതമേഖലയിലുള്ള തൊഴിലാളികൾക്കുവേണ്ടിയും തോട്ടം മേഖലയിലെ വീടില്ലാത്ത തൊഴിലാളികൾക്കുവേണ്ടിയും പാർപ്പിടം നിർമ്മിക്കുന്നതിനുള്ള പദ്ധതികളെക്കുറിച്ചാണ് പ്രധാനമായും പരാമർശി ക്കുന്നതെന്നും 'ഭവനം ഫൗണ്ടേഷൻ കേരള' എന്ന കമ്പനിയുടെ ആഭിമുഖ്യത്തിൽ ചെലവ് കുറഞ്ഞ ഹൗസിംഗ് സ്കീമുകളാണ് ലേബർ ഡിപ്പാർട്ട്മെന്റ് ഏറ്റെടുത്ത് നടപ്പാക്കി കൊണ്ടിരിക്കുന്നതെന്നും, 19 കോടിയോളം രൂപ ചെലവ് വരുന്ന വീടുകൾ/അപ്പാർട്ട്മെന്റുകൾ നിർമ്മിച്ച് കൊടുക്കാനുള്ള അഡ്മിനിസ്ട്രേറ്റീവ് സാങ്ഷൻ നൽകിയിട്ടുള്ളതായും തൊഴിലും നൈപുണ്യവും വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി സമിതിയെ അറിയിച്ചു. ഏറ്റവും കൂടുതൽ അസംഘടിതരായ തൊഴിലാളികൾ ജോലി ചെയ്യുന്നത് നഗരപ്രദേശങ്ങളിലായതിനാൽ, ഇവിടെ അനുയോജ്യമായ ഭൂമി ഈ പദ്ധതികൾക്കായി കണ്ടെത്തിയത് വളരെയധികം ശ്രമങ്ങൾക്കുശേഷമാണെന്നും 'അപ്നാ ഘർ' പദ്ധതിയിൽ ഉൾപ്പെട്ട 768 യൂണിറ്റുകളുടെ പണി പാലക്കാട് കിൻഫ്ര പാർക്കിൽ ഏകദേശം പൂർത്തീകരിച്ചതായും, വീട് കൈമാറ്റം ഫെബ്രുവരി അവസാനത്തോടുകൂടി, നടത്തുമെന്നും ഇതുപോലെ എറണാകുളം, കോഴിക്കോട് ജില്ലകളിൽ ഭൂമി കണ്ടെത്തി പണി ആരംഭിക്കുന്നതിനുള്ള സംവിധാനങ്ങൾ പുരോഗമിച്ചു വരികയാണെന്നും തൊഴിൽവകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി സമിതിയെ അറിയിച്ചു.

ഭവനം ഫൗണ്ടേഷൻ ബോർഡിന്റെ ചെയർമാൻ ബഹു. തൊഴിൽ വകുപ്പ് മന്ത്രിയാണെന്നും, ലേബർ സെക്രട്ടറി, ലേബർ കമ്മീഷണർ, അഡീഷണൽ ലേബർ കമ്മീഷണർ, ധനകാര്യ വകുപ്പ് ഡെപ്യൂട്ടി സെക്രട്ടറി തുടങ്ങിയവർ

ബോർഡ് അംഗങ്ങളാണെന്നും സമിതിയെ അറിയിച്ച തൊഴിലും നൈപുണ്യവും വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി അസംഘടിതരായ തൊഴിലാളികൾക്ക് താങ്ങാവുന്ന നിരക്കിൽ സ്വന്തമായി അപ്പാർട്ട്മെന്റുകൾ നിർമ്മിച്ചുകൊടുക്കുക എന്ന ഉദ്ദേശത്തോടെയുള്ള ഭവനം ഫൗണ്ടേഷന്റെ മറ്റൊരു പദ്ധതിയാണ് 'ജനനി' പദ്ധതിയെന്നും സമിതിയെ അറിയിക്കുകയുണ്ടായി. 2017 മേയ് മാസത്തിൽ ഇടുക്കി ജില്ലയിലെ അടിമാലിയിൽ 'ജനനി' പദ്ധതിയ്ക്കായി രണ്ട് ബെഡ്റൂം വീടും, 2018-ഓടുകൂടി എറണാകുളത്ത് 290-ഓളം രണ്ട് ബെഡ്റൂം അപ്പാർട്ട്മെന്റുകളും ഏകദേശം 70 കോടി രൂപ ചെലവിൽ പൂർത്തകരിക്കുമെന്നും, വൈകാതെ തിരുവനന്തപുരത്തും ഈ പദ്ധതി ആരംഭിക്കുമെന്നും, കൂടാതെ ഇതര സംസ്ഥാന തൊഴിലാളികൾക്ക് താമസസൗകര്യം ഏർപ്പെടുത്തുന്നതിനായി ലേബർ കമ്മീഷണർക്ക് ഒരു കോടി രൂപ വിനിയോഗിക്കുന്നതിനുള്ള അഡ്മിനിസ്ട്രേറ്റീവ് സാങ്ഷൻ നൽകിയിട്ടുണ്ടെന്നും അദ്ദേഹം സമിതിയെ അറിയിച്ചു

തോട്ടം മേഖലയിൽ ഭവനം ഫൗണ്ടേഷൻ നടത്തിയ സർവ്വേയിൽ 22679 കുടുംബങ്ങൾക്ക് സ്വന്തമായി വീടും സ്ഥലവുമില്ലെന്നും, 8208 കുടുംബങ്ങൾക്ക് സ്വന്തമായി സ്ഥലമുണ്ടെങ്കിലും വീടില്ലെന്ന് കണ്ടെത്തിയിട്ടുണ്ടെന്നും സ്വന്തമായി ഭൂമിയുള്ളവർക്ക് 400 സ്ക്വയർ ഫീറ്റ് ഏരിയയുള്ള വീടുകൾ നിർമ്മിച്ച് നൽകുവാൻ വ്യക്തിഗത വീടുകൾക്ക് ഏകദേശം 5 ലക്ഷം രൂപയും ഫ്ലാറ്റുകൾക്ക് 6 ലക്ഷം രൂപയും ചെലവിൽ ഒരു പദ്ധതി തയ്യാറാക്കിയിട്ടുണ്ടെന്നും, പ്ലാൻ സെലക്ഷന ശേഷം ഏതെല്ലാം മെറ്റീരിയലുകൾ ഉപയോഗിക്കണമെന്ന തീരുമാനിക്കുമ്പോൾ മാത്രമേ കൃത്യമായ ചെലവ് കണക്കാക്കാൻ സാധിക്കുവെന്നും തൊഴിൽ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി സമിതിയെ അറിയിച്ചു

പ്ലാന്റേഷൻ സെക്ടറിൽ മാത്രമല്ല എല്ലാ പട്ടണങ്ങളിലും മുംബൈ ഇന്റർനാഷണൽ എയർപോർട്ടിൽ സംഭവിച്ചപോലെ ചേരികൾ സൃഷ്ടിക്കപ്പെടുമെന്ന പ്രശ്നം ഒഴിവാക്കുവാൻ അസംഘടിതരായ ദരിദ്രതൊഴിലാളികൾക്ക് വീട് നിർമ്മിച്ച് നൽകുന്നതിനും ഇവരുടെ പാർപ്പിട പ്രശ്നങ്ങൾ അടിയന്തരമായി ദൂരീകരിക്കുന്നതിനും ഒരു നാഷണൽ ലെവൽ ടാസ്ക്

ഹോസ്റ്റ് രൂപീകരിക്കുവാൻ കേന്ദ്ര ഗവൺമെന്റിനോട് ലേബർ മിനിസ്റ്റർമാരുടെ യോഗത്തിൽ ആവശ്യപ്പെട്ടതായും അദ്ദേഹം സമിതിയെ അറിയിച്ചു.

പട്ടണ പ്രദേശങ്ങളിൽ നിന്നും വ്യത്യസ്തമായി തൊഴിൽ ചെയ്യുന്ന സ്ഥലത്ത് തന്നെ തോട്ടം മേഖലയിലെ തൊഴിലാളികൾക്ക് താമസസൗകര്യം ഉണ്ടാകേണ്ടതുണ്ടെന്ന് ബഹു. വൈദ്യുതി മന്ത്രി അഭിപ്രായപ്പെട്ടതിന്, ശ്രീ. എസ്. രാജേന്ദ്രൻ, എം.എൽ.എ. യുടെ മണ്ഡലത്തിൽ തൊഴിലാളികൾക്ക് പട്ടയം ലഭിച്ച ഭൂമിയിൽ വീട് നിർമ്മിക്കാമെന്നും ചെയർമാൻ അറിയിച്ചു. എന്നാൽ തോട്ടം തൊഴിലാളികൾക്ക് നാല്, അഞ്ച് സെന്റ് വീതം നൽകിയ സ്ഥലം അവർ ജോലി ചെയ്യുന്ന തോട്ടങ്ങളിൽ നിന്നും വളരെ അകലെയാണെന്നും പാട്ടഭൂമിയിൽ ജോലി ചെയ്യുന്ന തൊഴിലാളികൾക്ക് വീട് നിർമ്മിക്കുന്ന കാര്യം ടാറ്റ, കണ്ണൻ ദേവൻ ഹിൽസ് (കെ.ഡി.എച്ച്) കമ്പനികളുമായി ചർച്ച ചെയ്ത് ധാരണയുണ്ടാക്കണമെന്നും ബഹു. വൈദ്യുതി വകുപ്പ്മന്ത്രി അഭിപ്രായപ്പെട്ടു. തോട്ടം ഉടമകളുമായി ചർച്ച ചെയ്തപ്പോൾ പ്ലാന്റേഷൻ ലേബർ ആക്ട് പ്രകാരം വീട് നിർമ്മിക്കുന്ന കാര്യത്തിൽ സഹകരിക്കാമെന്ന് അറിയിച്ചതായും, 200 സിംഗിൾ വീടുകളും 200 ഫ്ലാറ്റ് മോഡൽ വീടുകളുമാണ് നിർമ്മിക്കാൻ ഉദ്ദേശിക്കുന്നതെന്നും, ഒരു ഫ്ലാറ്റിന് 6 ലക്ഷം രൂപ ചെലവ് വരുമെന്നും അത് 200 കുടുംബങ്ങൾക്ക് നൽകാൻ സാധിക്കുമെന്നും അറിയിച്ച ചെയർമാൻ സ്ഥലമുള്ള ആളുകൾക്കെല്ലാം വീടു വച്ച് നൽകുന്ന ഒരു പദ്ധതിയുണ്ടാക്കാൻ അസ്സോസിയേഷൻ ഓഫ് പ്ലാന്റേഴ്സ് ഓഫ് കേരള (APK), വേറെചില ഘടകകക്ഷികൾ എന്നിവരുമായി ചർച്ച നടത്തിയതായും, പരിശോധന നടത്തി സ്ഥലം ഐഡന്റിഫൈ ചെയ്തതായും അറിയിച്ചു.

പല തോട്ടം മാനേജ്മെന്റുകളും തൊഴിലാളികൾക്ക് താമസസൗകര്യം കൊടുക്കുന്നില്ലെന്നും, ഇവർ താമസിക്കുന്ന ലയങ്ങൾ നന്നാക്കേണ്ടതുണ്ടെന്നും, പ്രീ-ഫാബ് ടെക്നോളജി ഉപയോഗിച്ച് നിർമ്മിതി കേന്ദ്രം ചുരുങ്ങിയ ചെലവിൽ, ഭൂമിയും വീടുമില്ലാത്ത തോട്ടം തൊഴിലാളികൾക്ക് സ്വന്തമായി വീട് നിർമ്മിച്ചു കൊടുക്കുന്നുണ്ടെന്നും ചെയർമാൻ അറിയിച്ചു.

തുടർന്ന്, പ്രീ-ഫാബ് ടെക്നോളജി സംബന്ധിച്ച് ചെയർമാൻ ആരാഞ്ഞതിന് പ്രീ-ഫാബ് ടെക്നോളജിയിൽ റൂഫിംഗ്/വാളിംഗ് മെറ്റീരിയൽസ് കമ്പനിയിൽ നിന്നും തന്നെ നിർമ്മിച്ചുകൊണ്ടുവരികയും, തോട്ടങ്ങളിൽ വച്ച് ഫിറ്റ് ചെയ്യുകയുമാണ് ചെയ്യുന്നതെന്നും, 400 സ്ക്വയർ ഫീറ്റുള്ള വീട് മൂന്നാഴ്ച കൊണ്ട് പൂർത്തിയാക്കാമെന്നും, സ്ക്വയർ ഫീറ്റിന് 800 രൂപയാണ് ചെലവെന്നും, 25 വർഷം ഇവ നിലനിൽക്കുമെന്നും കേരള സ്റ്റേറ്റ് നിർമ്മിതി കേന്ദ്രം ചീഫ് എഞ്ചിനീയർ സമിതിയെ അറിയിച്ചു.

ശക്തമായ കാറ്റും, മഴയും, തണുപ്പും അതുപോലെ ചൂടും ഉള്ള തോട്ടം മേഖലയിൽ ഈ മെറ്റീരിയൽസ്വച്ച് പരീക്ഷണം നടത്താൻ സാധിക്കുകയില്ലെന്നും, ഇവിടെ ഭൂമിക്ക് അനുയോജ്യവും, ഉറപ്പുള്ളതും, പരമാവധി ലൈഫ് കിട്ടുന്നതുമായ വീടുകളുമാണ് ആവശ്യമെന്നും, ഈ മെറ്റീരിയൽസ് തോട്ടം മേഖലയിൽ പ്രായോഗികമാക്കാൻ സാധിക്കുമോ എന്ന് പരിശോധിക്കണമെന്നും ചെയർമാൻ നിർദ്ദേശിച്ചു.

തോട്ടം തൊഴിലാളികൾക്ക് ഗവൺമെന്റ് പട്ടയ ഭൂമി അനുവദിച്ചിട്ടുള്ള 4 സെന്റ്, 5 സെന്റ് സ്ഥലങ്ങളിൽ ഫ്ലാറ്റ് നിർമ്മാണം പ്രായോഗികമല്ലെന്നും, ഇവിടെ വേറെ എന്തെങ്കിലും മാർഗ്ഗം കണ്ടെത്തണമെന്നും ബഹു. വൈദ്യുതി വകുപ്പ്മന്ത്രി നിർദ്ദേശിച്ചു.

പ്രീ-ഫാബ് ടെക്നോളജി ഉപയോഗിച്ച് നിർമ്മിക്കുവാൻ കേരള സ്റ്റേറ്റ് നിർമ്മിതി കേന്ദ്രം സ്ക്വയർ ഫീറ്റിന് 800 രൂപ ചെലവ് കണക്കാക്കുന്ന വീടിലും, 'ഭവനം ഫൗണ്ടേഷൻ കേരള' 1500 രൂപ സ്ക്വയർ ഫീറ്റ് നിരക്കിൽ നിർമ്മിക്കാൻ ഉദ്ദേശിക്കുന്ന വീടിലും ഉപയോഗിക്കുന്ന മെറ്റീരിയൽസ്, കോസ്റ്റിംഗ് എന്നിവ പരിശോധിക്കേണ്ടതുണ്ടെന്ന് തൊഴിലും നൈപുണ്യവും അഡീഷണൽ ചീഫ് സെക്രട്ടറി സമിതിയെ അറിയിച്ചു.

തൊഴിലാളികൾക്ക് ഡെയ്‌ലി കമ്മ്യൂട്ടേഷൻ ഒഴിവാക്കുന്നതിനായി വീട് നിർമ്മിച്ച് വാടകയ്ക്കു നൽകുന്ന പദ്ധതിപ്രകാരം പൂജപ്പുരയിൽ 88 ഫ്ലാറ്റുകൾ

പണിഞ്ഞതായും, 48 ഫ്ലാറ്റുകൾ പണി പൂർത്തിയായി വരുന്നതായും ഒരു ബ്ലോക്കിൽ 300 സ്ക്വയർ ഫീറ്റ് വീതമുള്ള 24 ഫ്ലാറ്റുകൾ ഉണ്ടെന്നും, പ്രതിമാസ വാടക ആയിരം രൂപയാണെന്നും, ഒരു മുറിയിൽ 12 പേരെ താമസിപ്പിക്കാൻ കഴിയുമെന്നും ഇത്തരത്തിൽ കോഴിക്കോട് 40 ഫ്ലാറ്റുകളും, തൃശ്ശൂരിൽ 72 എണ്ണവും നിർമ്മിച്ചതായും കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡ് ചീഫ് എഞ്ചിനീയർ സമിതിയെ അറിയിച്ചു.

തൊഴിൽ വകുപ്പിന്റെ ഭവനം ഫൗണ്ടേഷന്റെ നേതൃത്വത്തിൽ ഇതര സംസ്ഥാന തൊഴിയാളികൾക്ക് പ്രതിമാസ വാടകയ്ക്ക് പാലക്കാട് കഞ്ചിക്കോടിൽ ഫ്ലാറ്റ് മോഡൽ താമസസൗകര്യമൊരുക്കിയത് മൂന്ന് ജില്ലകളിൽ കൂടി നടത്തുമെന്നും, ഇത് പ്രോത്സാഹിക്കപ്പെടണമെന്നും, LIFE പ്രോജക്ട് പൂർത്തിയാകുന്നതോടെ കേരളത്തിലെ ആകെ വീടുകളുടെ പ്രശ്നം പരിഹരിക്കാൻ ശ്രമിക്കുമെന്നും ചെയർമാൻ അറിയിച്ചു.

പ്രീ-ഫാബ് ടെക്നോളജി ഉപയോഗിച്ചുള്ള വീട് നിർമ്മിക്കുവാൻ ക്വട്ടേഷൻ സ്വീകരിച്ചപ്പോൾ കല്ല്, സിമെന്റ്, സ്റ്റീൽ എന്നിവ ഉപയോഗിക്കുന്നതിനെക്കാൾ സ്ക്വയർ ഫീറ്റിന് 2700 രൂപയെന്ന ഉയർന്ന നിരക്കാണ് ക്വാട്ട് ചെയ്തതെന്നും ഇതു കാരണം സംരംഭം വേണ്ടെന്ന് തീരുമാനിച്ചതായും എന്നാൽ നിർമ്മിതി കേന്ദ്രം ഡെമോ പ്രോജക്ട് അനുയോജ്യമാണോ എന്നു പരിശോധിച്ചു തീരുമാനിക്കണമെന്നും തൊഴിലും നൈപുണ്യവുംവകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി സമിതിയെ അറിയിച്ചു.

ഒളിംമ്പിക്സ്, ഗെയിംസ് എന്നിവ വരുമ്പോൾ വിദേശരാജ്യങ്ങളിൽ 6-7 നില വരെ പ്രീ - ഫാബ് ടെക്നോളജി ഉപയോഗിച്ച് വേഗത്തിൽ നിർമ്മാണം നടത്തുന്നത് പരിശോധിക്കണമെന്ന് ചെയർമാൻ നിർദ്ദേശിച്ചു.

തോട്ടം മേഖലയിലെ തൊഴിലാളികൾക്ക് അടിയന്തരമായി ഏതെങ്കിലും പദ്ധതിയിലൂടെ വീട് നിർമ്മിച്ച് നൽകണമെന്നും ഇത് സർക്കാരിന്റെ വീടില്ലാത്ത മുഴുവൻ കുടുംബങ്ങൾക്കും വീട് നിർമ്മിച്ചു നൽകുന്ന LIFE പദ്ധതിയുമായി ലിങ്ക് ചെയ്യാൻ ഉദ്ദേശിക്കുന്നതായും ചെയർമാൻ അറിയിച്ചു.

ഫ്രീ-ഫാബ് ടെക്നോളജിയിൽ എഫ്.എ.സി.റ്റി- യുടെ GFRG (Glass Fibre Reinforced Gypsum) പാനൽ ഉപയോഗിച്ച് സ്ക്വയർഫീറ്റിന് 1500 രൂപ നിരക്കിൽ ചോറ്റാനിക്കരയിൽ മൂന്ന് നില കെട്ടിടം നിർമ്മിച്ചിട്ടുള്ളത് പ്രകൃതിക്ക് അനുയോജ്യമാണെന്ന് കേരള സംസ്ഥാന ഭവനനിർമ്മാണ ബോർഡ് ചീഫ് എഞ്ചിനീയർ സമിതിയെ അറിയിച്ചു

കല്ല്, മണൽ, സിമെന്റ് എന്നിവ ഉപയോഗിച്ച് നിർമ്മിക്കുന്ന വീടുകളും പ്രീ-ഫാബ് ടെക്നോളജി ഉപയോഗിച്ച് നിർമ്മിക്കുന്ന വീടുകളും തമ്മിലുള്ള വ്യത്യാസവും തുകയും പരിശോധിക്കണമെന്ന് ബഹു. വൈദ്യുതി വകുപ്പ്മന്ത്രി അറിയിക്കുകയും ഈ മോഡലെല്ലാം പരിശോധിക്കുന്നത് നല്ലതായിരിക്കും എന്ന് ചെയർമാൻ നിർദ്ദേശിക്കുകയുമുണ്ടായി.

ഭവനം ഫൗണ്ടേഷൻ പറഞ്ഞിട്ടുള്ള നിർമ്മാണ രീതിയിലെ ടെക്നോളജി, തുക, മെറ്റീരിയൽസ്, കാലാവസ്ഥയ്ക്ക് അനുയോജ്യമാണോ എന്നതും സംബന്ധിച്ച താരതമ്യപഠന സ്റ്റേറ്റ്മെന്റ് തയ്യാറാക്കാമെന്ന് തൊഴിലും നൈപുണ്യവുംവകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി സമിതിയെ അറിയിച്ചു

ഇതോടൊപ്പം കല്ലും, മണലും, സിമെന്റും, കമ്പിയും ഉപയോഗിച്ച് സാധാരണ നിലയിൽ നിർമ്മിക്കുന്ന കെട്ടിടത്തിന്റെ കാര്യം കൂടി പരിശോധിക്കണമെന്നും ശേഷം ഏത് മോഡലാണ് നല്ലതെന്ന് തീരുമാനിക്കാമെന്നും സമിതി നിർദ്ദേശിച്ചു

അടുത്ത യോഗം 10.02.17- ൽ തിരുവനന്തപുരത്ത് വച്ച് കൂടുവാൻ തീരുമാനിച്ചതിനുശേഷം യോഗം ഉച്ചയ്ക്ക് ശേഷം 2.55 -ന് പിരിഞ്ഞു.

## 2017 ഫെബ്രുവരി 10 -ാം തീയതിയിലെ യോഗനടപടിക്കുറിപ്പ്

വിദ്യുച്ഛക്തിയും തൊഴിലും തൊഴിലാളിക്ഷേമവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി-VII 2017 ഫെബ്രുവരി മാസം 10 -ാം തീയതി വെള്ളിയാഴ്ച ഉച്ചയ്ക്കുശേഷം 2.00 മണിക്ക് നിയമസഭാ സമുച്ചയത്തിലെ '5 എ' സമ്മേളനഹാളിൽ സമിതി

അദ്ധ്യക്ഷൻ ബഹു. തൊഴിലും എക്സൈസും വകുപ്പുമന്ത്രി ശ്രീ. റ്റി.പി. രാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ യോഗംചേർന്നു. തദവസരത്തിൽ സമിതിയുടെ എക്സ്- ഒഫിഷ്യോ അംഗം, ബഹു. വൈദ്യുതി വകുപ്പുമന്ത്രി ശ്രീ. എം.എം. മണിയും ഹാജരായിരുന്നു.

ഹാജരായ അംഗങ്ങൾ :

1. ശ്രീ. കെ. ദാസൻ, എം.എൽ.എ.
2. ശ്രീ. എം. രാജഗോപാലൻ, എം.എൽ.എ.
3. ശ്രീ. വി. പി. സജീന്ദ്രൻ, എം.എൽ.എ.

നിയമസഭാ സെക്രട്ടേറിയറ്റ് :

1. ശ്രീമതി എസ്. ഷാഹിന, ജോയിന്റ് സെക്രട്ടറി.
2. ശ്രീമതി എസ്. ജയശ്രീ, ഡെപ്യൂട്ടി സെക്രട്ടറി.
3. ശ്രീമതി ജയശ്രീ. എം., അണ്ടർ സെക്രട്ടറി.

ഹാജരായ ഉദ്യോഗസ്ഥർ :

1. ശ്രീ. പോൾ ആന്റണി, അഡീഷണൽ ചീഫ് സെക്രട്ടറി, ഊർജ്ജവകുപ്പ്.
2. ശ്രീ. മിൻഹാജ് ആലം, സെക്രട്ടറി, ധനകാര്യവകുപ്പ്.
3. ശ്രീമതി എൻ.എൽ. കല, സ്പെഷ്യൽ സെക്രട്ടറി, ധനകാര്യവകുപ്പ്.
4. ശ്രീമതി വി. രത്നമ്മ, അഡീഷണൽ സെക്രട്ടറി, ഊർജ്ജവകുപ്പ്.
5. ശ്രീ. ആർ. ബാബു, അഡീഷണൽ സെക്രട്ടറി, ധനകാര്യവകുപ്പ്.
6. ശ്രീമതി പി.കെ. സേതുലക്ഷ്മി അമ്മ, അഡീഷണൽ സെക്രട്ടറി, തൊഴിൽവകുപ്പ്.
7. ശ്രീ. ഡി. ലാൽ, ജോയിന്റ് സെക്രട്ടറി, തൊഴിൽ വകുപ്പ്.
8. ശ്രീ. കെ. എം. ധരേശൻ ഉണ്ണിത്താൻ, ഡയറക്ടർ, എനർജി മാനേജ്മെന്റ് സെന്റർ.
9. ശ്രീ. ആർ. ഹരികുമാർ, ഡയറക്ടർ, അനെർട്ട്.
10. ശ്രീ. എൻ. വേണുഗോപാൽ, ഡയറക്ടർ (ഡിസ്ട്രിബ്യൂഷൻ ആന്റ് സേഫ്റ്റി) കെ.എസ്.ഇ.ബി.എൽ.

11. ശ്രീ. പി. പ്രമോദ്, ഡയറക്ടർ, ഫാക്ടറീസ് ആന്റ് ബോയ്‌ലേഴ്സ്.

12. ശ്രീമതി പി. ഇന്ദു കല, ഡെപ്യൂട്ടി സെക്രട്ടറി, തൊഴിൽവകുപ്പ്.

13. ശ്രീമതി എസ്. ഗീതാകുമാരി, ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ, കെ.എസ്.ഇ.ബി.എൽ.

14. ശ്രീ. വിനോദ് ജേക്കബ്, എ.ഇ.ഇ, കെ.എസ്.ഇ.ബി.എൽ.

15. ശ്രീ. ജി. ശ്രീനിവാസൻ, ഇ.ഇ, കെ.എസ്.ഇ.ബി.എൽ.

സമിതിയുടെ പരിഗണനയ്ക്കായി ലഭിച്ച കരട് ചട്ടം, വിവിധ സമിതി റിപ്പോർട്ടുകളിന്മേൽ സർക്കാരിൽ നിന്നും ലഭിച്ച മറുപടി സ്റ്റേറ്റുമെന്റുകൾ, എന്നിവ സമിതി പരിശോധിച്ച് ബന്ധപ്പെട്ട വകുപ്പ് ഉദ്യോഗസ്ഥരുമായി ചർച്ച നടത്തുകയും താഴെപ്പറയുന്ന തീരുമാനങ്ങൾ എടുക്കുകയും ചെയ്തു.

I. സമിതി പരിഗണിച്ച കരട് വിജ്ഞാപനം

ഇൻഷ്വറൻസ് മെഡിക്കൽ സർവ്വീസസ് (അമെന്റ്മെന്റ്) സ്പെഷ്യൽ റൂൾസ്, 2014-നുള്ള തിരുത്തൽ ഉത്തരവിന്റെ കരട്(ഫയൽ നം.4164/ സബ്.സി.സി/ 2016/ നി.സെ.)

ഇൻഷ്വറൻസ് മെഡിക്കൽ സർവ്വീസസ് സ്പെഷ്യൽ റൂൾസിൽ ആയുർവേദ സ്റ്റാഫ് നഴ്സ് തസ്തികയുടെ ഗ്രേഡും വിദ്യാഭ്യാസ യോഗ്യതയും ഉൾപ്പെടുത്തികൊണ്ട് S.R.O. 374/2014 ആയി കേരള ഗസറ്റിൽ (അസാധാരണം) പ്രസിദ്ധപ്പെടുത്തിയതിൽ ഉണ്ടായ പിശക് തിരുത്തിയും, ടി തസ്തികയുടെ വിദ്യാഭ്യാസ യോഗ്യതയായി നൽകിയിരുന്ന 'Degree/Certificate course in Ayurveda Nurses Training recognized by the Government of Kerala' എന്ന ഭാഗത്തിൽ 'Diploma' യോഗ്യത പബ്ലിക് സർവ്വീസ് കമ്മീഷന്റെ ശിപാർശ പ്രകാരം ഭേദഗതി വരുത്തിയും തൊഴിലും നൈപുണ്യവും (എഫ്) വകുപ്പ് തയ്യാറാക്കിയ കരട് വിജ്ഞാപനം സമിതി അംഗീകരിച്ചു.

II. സർക്കാരിൽ നിന്നു ലഭിച്ച മറുപടി സ്റ്റേറ്റുമെന്റുകളുടെ പരിഗണന :

1. കേരളത്തിലെ വിവിധ ഊർജ്ജ പദ്ധതികളുടെയും എനർജി മാനേജ്മെന്റ് സെന്ററിന്റേയും പ്രവർത്തനങ്ങൾ സംബന്ധിച്ച ചട്ടം 235 (1) (iii) പ്രകാരമുള്ള റിപ്പോർട്ട് സംബന്ധിച്ച് (ഫയൽ നം. 3833/സബ്.സി-സി1/2014/നി.സെ)

പ്രസ്തുത റിപ്പോർട്ടിലെ 23,22,2 എന്നീ ഖണ്ഡികകളിലെ ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടി സംബന്ധിച്ച സ്റ്റേറ്റ്മെന്റുകൾ സമിതി പരിഗണിക്കുകയും, താഴെപ്പറയുന്ന ചർച്ചകൾക്ക് ശേഷം നിർദ്ദേശങ്ങളോടെ അംഗീകരിക്കുകയും ചെയ്തു.

ഖണ്ഡിക 23-ൽ ഊർജ്ജോല്പാദനത്തിനും ഊർജ്ജസംരക്ഷണത്തിനും വിഭാവനം ചെയ്തിട്ടുള്ളതും ഏറ്റെടുത്തിട്ടുള്ളതും, പുതിയതും നിലവിലുള്ളതും പരിഗണനയിലുള്ളതുമായ വിവിധ പദ്ധതികൾ നടപ്പിലാക്കിയതു സംബന്ധിച്ച വിശദാംശങ്ങളടങ്ങിയ റിപ്പോർട്ട് ലഭ്യമാക്കുവാൻ സമിതി ശിപാർശ ചെയ്തതനുസരിച്ച് ഊർജ്ജ (സി) വകുപ്പ് ലഭ്യമാക്കിയ റിപ്പോർട്ട് സമിതി പരിശോധിച്ച് അംഗീകരിച്ചു. എനർജി മാനേജ്മെന്റ് സെന്റർ മുഖേന ഏകദേശം 55 ചെറുകിട ജലവൈദ്യുത പദ്ധതികളുടെ ടെണ്ടർ നടപടികൾ പൂർത്തീകരിച്ചു കഴിഞ്ഞതായും, ഏകദേശം 50 മെഗാവാട്ട് ശേഷിയുള്ള 20 പദ്ധതികൾക്ക് ടെണ്ടർ ആയിട്ടുണ്ടെന്നും സെന്ററിന്റെ ഡയറക്ടർ സമിതിയെ അറിയിച്ചു.

വില കൂടുതലാണെന്ന കാരണത്താൽ ബ്രഹ്മപുരം ഡീസൽ നിലയത്തിലെ കേടായ രണ്ട് ജനറേറ്ററുകൾക്ക് പകരം 39.86 മെഗാവാട്ട് ശേഷിയുള്ള വാതകാധിഷ്ഠിത ജനറേറ്ററുകൾ സ്ഥാപിച്ച് വൈദ്യുതി ഉല്പാദിപ്പിക്കുന്ന പ്രോജക്ടിന്റെ മുതൽമുടക്കിനുള്ള അനുമതി കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി റഗുലേറ്ററി കമ്മീഷൻ നിരസിച്ചിരിക്കുന്നതിനാൽ പ്രസ്തുത പ്രോജക്ട് റിജക്ട് ചെയ്യേണ്ടതായി വന്നുഎന്നും, വാതക പൈപ്പ് ലൈൻ പ്രസ്തുത പ്രദേശത്തുകൂടി കടന്നുപോകുന്നതുകൊണ്ട് ബ്രഹ്മപുരം ഡീസൽനിലയത്തിൽ കുറച്ച് കൺവെർഷൻ വരുത്തി 40 മെഗാവാട്ട് ശേഷിയുള്ള വാതകാധിഷ്ഠിത ജനറേറ്ററുകൾ സ്ഥാപിക്കാനാണ് ഉദ്ദേശിച്ചിരുന്നതെന്നും ഒരു യൂണിറ്റിന് പരമാവധി പറഞ്ഞിരിക്കുന്ന നിരക്ക് 4.29 രൂപയാണെങ്കിൽ ഇതിന് 6 രൂപയാണ് ചെലവ് വരുന്നതെന്നും എന്നാൽ കൺസ്യൂമേഴ്സിൽനിന്നും ശരാശരി 5.30 രൂപയാണ് ഈടാക്കുന്നതെന്നും ഊർജ്ജ വകുപ്പ് അഡീഷണൽ സെക്രട്ടറി സമിതിയെ അറിയിച്ചു.

ഇതിനായി ചെലവഴിക്കുന്ന പണം പൊതുജനങ്ങളിൽ നിന്നും താരിഫായി റെഗുലേറ്ററി കമ്മീഷൻ കളക്ട്ചെയ്യു തരണമെന്നതിനാൽ, ഇത്രയും വിലയുള്ള വൈദ്യുതി ഉൽപാദിപ്പിച്ച് പൊതുജനങ്ങളുടെമേൽ അമിതഭാരം ഏൽപ്പിക്കേണ്ടതില്ലെന്നാണ് റെഗുലേറ്ററി കമ്മീഷന്റെ ഇപ്പോഴത്തെ നിലപാടെന്നും, അതുകൊണ്ട് ഈ പദ്ധതിയുടെ തുടർ നടപടികൾ ഉണ്ടാകുന്നില്ലെന്നും എനർജി മാനേജ്മെന്റ് സെന്റർ ഡയറക്ടർ സമിതിയെ അറിയിച്ചു.

പ്രകൃതി വാതകം വളരെ സബ്സിഡൈസ്ഡ് റേറ്റിൽ ഇംപോർട്ട് ചെയ്തു കിട്ടിയാൽ മാത്രമേ ചെറിയ തുകയ്ക്ക് ഈ രീതിയിൽ വൈദ്യുതി ഉൽപ്പാദിപ്പിക്കാൻ കഴിയൂ എന്നും, പുറത്തുനിന്നും ഉച്ചമായ വിലയ്ക്ക് വൈദ്യുതി കൊണ്ടുവരികയോ ജലവൈദ്യുത പദ്ധതികൾ പരമാവധി പൂർത്തിയാക്കുകയോ, പുതിയവ ആരംഭിക്കുകയോ ചെയ്യുന്നില്ലെങ്കിൽ കേരളത്തിന്റെസ്ഥിതി വളരെ പരിതാപകരമാകുംഎന്നും, കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി റഗുലേറ്ററി കമ്മീഷന്റേയും കേന്ദ്ര സർക്കാരിന്റെയും നയമനുസരിച്ച് കൺസംപ്ഷനാവശ്യമായ എനർജിയുടെ നിശ്ചിത ശതമാനം സോളാർ എനർജിയിൽ നിന്നും ഉൽപ്പാദിപ്പിക്കണമെന്ന് പറയുന്നുണ്ടെങ്കിലും കേരളം ഇപ്പോഴും ഇതിൽ വീഴ്ച വരുത്തുന്നതായും ഊർജ്ജവകുപ്പ് അഡീഷണൽ സെക്രട്ടറി സമിതിയെ അറിയിച്ചു വാട്ടർ അതോറിറ്റി പോലുള്ള സ്ഥാപനങ്ങൾക്കുമേൽ വൈദ്യുതി ചാർജ്ജിനത്തിലുള്ള കുടിശ്ശിക അടിയന്തരമായി അടച്ചുതീർക്കാൻ സമ്മർദ്ദം ചെലുത്താൻ ചെയർമാൻ നിർദ്ദേശിച്ചു.

ചീമേനിയിൽ ഒരു കൽക്കരി അധിഷ്ഠിത താപവൈദ്യുത നിലയം സ്ഥാപിക്കണമെന്ന സമിതിയുടെ ശിപാർശ സമിതി ചൂണ്ടിക്കാട്ടിയതിനെത്തുടർന്ന് കാസർഗോഡ് കേന്ദ്ര സർക്കാരിന്റെ ഏജൻസിയുമായി ടൈഅപ്പ് ചെയ്തുകൊണ്ട് 200 മെഗാവാട്ട് വൈദ്യുതി ഉല്പാദിപ്പിക്കുന്നതിനായി ഒരു സോളാർ പാർക്ക് ആരംഭിച്ചതായി ഊർജ്ജ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി സമിതിയെ അറിയിച്ചു. നാളിതുവരെ 32 മെഗാവാട്ട് വൈദ്യുതി ഉല്പാദിപ്പിച്ചതായും, മാർച്ച് 31 ആകുമ്പോഴേയ്ക്കും ഉല്പാദനം 50 മെഗാവാട്ടിലേക്ക് ഉയരുമെന്നും ബാക്കി 150

മെഗാവാട്ടിന്റെ സൗരോർജ്ജ വൈദ്യുതോൽപ്പാദന പ്രവർത്തനങ്ങൾ നടന്നുവരികയാണെന്നും അദ്ദേഹം അറിയിക്കുകയുണ്ടായി.

ഒരു വർഷം 4200 മെഗാവാട്ട് വൈദ്യുതി ആവശ്യമുള്ള കേരളത്തിൽ കാസർഗോഡ് സോളാർ പാർക്കിൽനിന്നുള്ള 50 മെഗാവാട്ട് വൈദ്യുതി ഉൾപ്പെടെ ആകെ 65 മെഗാവാട്ട് സോളാർ വൈദ്യുതി മാത്രമേ ഉത്പാദിപ്പിക്കാൻ കഴിയുന്നുള്ളൂ എന്നും ഒരു മെഗാവാട്ട് വൈദ്യുതി ഉത്പാദിപ്പിക്കുന്നതിന് അഞ്ച് ഏക്കർ ഭൂമി ആവശ്യമുള്ളതിനാൽ 7 കോടിയോളം ചെലവു വരുമെന്നും, സ്ഥലവില ഉൾപ്പെടെ കണക്കാക്കിയാൽ ഒരു യൂണിറ്റ് വൈദ്യുതിക്ക് 7 രൂപയ്ക്ക് മുകളിൽ ഈടാക്കേണ്ടിവരുമെന്നും അദ്ദേഹം സമിതിയെ അറിയിച്ചു.

വ്യാവസായിക അടിസ്ഥാനത്തിൽ ഈ വിഷയം വീക്ഷിക്കുന്നതിനുപകരം ഗാർഹികാവശ്യത്തിനായി ഓരോ വീടുകളിലും സ്കൂളുകളിലും സോളാർ എനർജി ഉപയോഗം പ്രോത്സാഹിപ്പിക്കുകയാണ് വേണ്ടതെന്ന് സമിതി അഭിപ്രായപ്പെട്ടതിന്, കേന്ദ്ര സർക്കാർ സബ്സിഡി ലഭിക്കുന്നതിനാൽ കേരളത്തിലെ ഗാർഹിക ഉപഭോക്താക്കൾക്ക് വീടുകളിൽ സോളാർ പാനൽ വയ്ക്കുന്നതിന് തടസ്സമില്ലെന്ന് എനർജി മാനേജ്മെന്റ് സെന്റർ ഡയറക്ടർ സമിതിയെ അറിയിച്ചു. ബഡ്ജറ്റിൽ പ്ലാൻ ഫണ്ടിൽ ആവശ്യമായ തുക അനുവദിക്കുകയാണെങ്കിൽ രണ്ടു വർഷക്കാലയളവിനുള്ളിൽ റൂഫ് ടോപ്പ് സോളാർ പദ്ധതി നടപ്പിലാക്കാൻ സാധിക്കുമെന്നും എനർജി മാനേജ്മെന്റ് സെന്റർ ഡയറക്ടർ സമിതിയെ അറിയിച്ചു.

കേരളത്തിന്റെ കൺസംപ്ഷനാവശ്യമായ 865 മെഗാവാട്ട് വൈദ്യുതി പുറത്തുനിന്നും വാങ്ങുന്നതിനായി വൈദ്യുതി ബോർഡ് 25 വർഷത്തെ കരാറിൽ ഏർപ്പെട്ടിരിക്കുകയാണെന്നറിയിച്ച ഊർജ്ജവകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി പ്രസ്തുത കരാർപ്രകാരം പുറത്തുനിന്നും വൈദ്യുതി വാങ്ങിയാലും ഇല്ലെങ്കിലും 25 വർഷത്തേക്ക് പണം കൊടുക്കാൻ ബോർഡ് ബാദ്ധ്യസ്ഥരാണെന്നും, പ്രസ്തുത കരാർ പ്രകാരം പുറത്തുനിന്നും വൈദ്യുതി വാങ്ങി വിതരണം ചെയ്യുന്നതുകൊണ്ടാണ് വേനൽകാലത്ത് ലോഡ് ഷെഡ്ഡിംഗ്

ഒഴിവാക്കാനാവുന്നതെന്നും അറിയിച്ചു. എന്നാൽ ഏതാണ്ട് അയ്യായിരത്തോളം വരുന്ന ഇ.എച്ച്.റ്റി. & എച്ച്.റ്റി. (Extra High Tension and High Tension കൺസ്യൂമേഴ്സിൽ 19 പേർ പുറത്തുനിന്നും 2.30 രൂപയ്ക്കുള്ള വൈദ്യുതിയാണ് ഇപ്പോൾ വാങ്ങി ഉപയോഗിക്കുന്നതെന്നും, 1000 മുതൽ 1500 രൂപവരെ വൈദ്യുതി ചാർജ്ജ് അടയ്ക്കുന്ന മിഡിൽ ക്ലാസ്/അതിനുമുകളിലുള്ള ഗാർഹിക ഉപഭോക്താക്കൾ സോളാർ പാനൽ വയ്ക്കുകയാണെങ്കിൽ അവരുടെ വൈദ്യുതി ചാർജ്ജ് വെറും 89 രൂപ മാത്രമാകുമെന്നും ഇത് കെ.എസ്.ഇ.ബി.ക്ക് നഷ്ടമുണ്ടാക്കുമെന്നുംകൂടി അദ്ദേഹം സമിതിയെ അറിയിച്ചു.

ഓരോ നിയോജകമണ്ഡലത്തിലും ഊർജ്ജവിതരണ പ്രവർത്തികൾക്കായി 10 ലക്ഷം രൂപ വീതം അനുവദിക്കുന്നതിനുള്ള പദ്ധതി സംബന്ധിച്ച് KSEB-ൽ നിന്നും ഉത്തരവായിട്ടുണ്ടെന്നും, ഇതു സംബന്ധിച്ച് സർക്കാരിൽ നിന്നും ഉത്തരവ് പുറപ്പെടുവിക്കേണ്ടതുണ്ടെന്നുമുള്ള ഖണ്ഡിക 22-ലെ ശിപാർശയിന്മേലുള്ള മറുപടി സമിതി അംഗീകരിച്ചു. പദ്ധതി സംബന്ധിച്ച് സർക്കാരിൽ നിന്നും ഉത്തരവ് പുറപ്പെടുവിച്ചിട്ടില്ലെന്നും, KSEB-യ്ക്ക് ആവശ്യമായ ഫണ്ട് ധനകാര്യ വകുപ്പ് അനുവദിച്ചു തരുന്നില്ലെന്നും, ഇപ്പോൾ ബഹു. വൈദ്യുതി വകുപ്പ്മന്ത്രിയുടെ നേതൃത്വത്തിൽ പുതിയ പദ്ധതികളെപ്പറ്റിയാണ് ആലോചിക്കുന്നതെന്നും, എം.എൽ.എ.-മാരുടെയും പഞ്ചായത്തുകളുടെയും സഹായം ലഭിച്ചാൽ മാത്രമേ ഈ പദ്ധതി പൂർത്തിയാക്കാൻ സാധിക്കുകയുള്ളൂ എന്നും ഊർജ്ജവകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി സമിതിയെ അറിയിച്ചു.

ഈ പദ്ധതിക്കാവശ്യമായ ഫണ്ട് 50% ബോർഡും, 50% മറ്റ് ഏജൻസികളും വഹിക്കുമെന്നും, ഇത് ഏകദേശം പൂർത്തിയായിട്ടുണ്ടെന്നും, മണ്ഡലാടിസ്ഥാനത്തിൽ ഇക്കാര്യങ്ങൾ വേഗത്തിൽ നടപ്പിലാക്കുന്നതിനായി വൈദ്യുതി വകുപ്പ് ഉദ്യോഗസ്ഥരെ ചുമതലപ്പെടുത്തിയിട്ടുണ്ടെന്നും, എം.എൽ.എ-മാർ റിവ്യൂ മീറ്റിംഗ് നടത്തി തടസ്സങ്ങൾ പരിശോധിക്കുന്നുണ്ടെന്നും വൈദ്യുതിയുമായി ബന്ധപ്പെട്ട് ഒരു പ്രവൃത്തിയും നടക്കാത്ത ഏതെങ്കിലും നിയോജക മണ്ഡലമുണ്ടെങ്കിൽ പരിശോധിച്ച് 31.03.2017-ന് മുൻപ് വൈദ്യുതി കണക്ഷൻ

നൽകുമെന്നും, സമ്പൂർണ്ണ വൈദ്യുതീകരണം പൂർത്തിയാക്കുന്നതോടുകൂടി പ്രശ്നങ്ങൾക്ക് പരിഹാരമുണ്ടാകുമെന്നും ചെയർമാൻ അറിയിച്ചു.

എൽ.ഇ.ഡി. ബൾബ് നിർമ്മിക്കുന്നതിന് വേണ്ടി 200 കോടി രൂപ അനുവദിക്കാമെന്ന് ധനകാര്യവകുപ്പ് വ്യക്തമാക്കിയിട്ടുള്ളതിന്റെ നടപടികൾ ബഹു. വൈദ്യുതി വകുപ്പ്മന്ത്രി ആരാഞ്ഞതിന് കേന്ദ്ര സർക്കാരിന്റെ E.E.S.L. (Energy Efficient Service Limited) എന്ന കമ്പനിയാണ് എൽ.ഇ.ഡി. ബൾബുകൾക്കുവേണ്ടി ടെണ്ടർ ചെയ്യുന്നതെന്നും, ക്വാളിറ്റിയിൽ മാറ്റമില്ലാതെതന്നെ ഇവയുടെ വില 95 രൂപയിൽ നിന്നും 45 രൂപയായി കുറഞ്ഞതായും ഊർജ്ജവകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി സമിതിയെ അറിയിച്ചു. തന്റെ നിയോജകമണ്ഡലത്തിലെ മൂന്ന് പഞ്ചായത്തുകളിൽ സ്ട്രീറ്റ് ലൈറ്റുകൾ മുഴുവനും എൽ.ഇ.ഡി. ആക്കാൻ തീരുമാനിച്ചതായും, ഇതിലൂടെ 50% ഊർജ്ജം ലഭിക്കാൻ കഴിയുമെന്നും, 26 ലക്ഷം രൂപ ചെലവ് കണക്കാക്കിയിട്ടുള്ള ഈ പദ്ധതിയിൽ നിലവിൽ കുടുംബശ്രീ അംഗങ്ങൾക്ക് പരിശീലനം നൽകി അവർ എൽ.ഇ.ഡി. ബൾബുകൾ നിർമ്മിക്കുന്നതായും ശ്രീ. കെ. ദാസൻ, എം.എൽ.എ. അറിയിച്ചു.

എൽ.ഇ.ഡി. ബൾബുകൾ ഉപയോഗിക്കുന്നത് സംബന്ധിച്ച ഒരു സ്കീം ഗവൺമെന്റ് തന്നെ തയ്യാറാക്കണമെന്ന് നിർദ്ദേശിച്ച ചെയർമാൻ ഇതിനായി ധനകാര്യ വകുപ്പ്മന്ത്രിയുമായി സംസാരിച്ചിട്ടുണ്ടെന്നും അറിയിച്ചു.

കേന്ദ്ര നവീകരണീയ ഊർജ്ജ മന്ത്രാലയത്തിന്റെയും (എം.എൻ.ആർ.ഇ.), സംസ്ഥാന സർക്കാരിന്റെയും ധനസഹായത്തോടെ അനെർട്ട് ആവിഷ്കരിച്ച് നടപ്പിലാക്കുന്ന പദ്ധതിയായ 1000 സൗരഗൃഹ പദ്ധതിയിൽ 9500 ലധികം സൗരനിലയങ്ങൾ സ്ഥാപിച്ചതായും, 2016 സെപ്റ്റംബർ 30-ടുകൂടി ശേഷിക്കുന്ന 500-ഓളം സൗരനിലയങ്ങൾ സ്ഥാപിച്ച് പദ്ധതിയുടെ ലക്ഷ്യം പൂർത്തിയാക്കുമെന്നുമുള്ള ഖണ്ഡിക 2-ലെ ശിപാർശയുള്ള മറുപടി സമിതി അംഗീകരിച്ചു.

2. <u>തൊഴിലും നൈപുണ്യവുമായി ബന്ധപ്പെട്ട ആധുനിക സങ്കേതങ്ങൾ സംബന്ധിച്ച അഖിലേന്ത്യാ പഠനപരിപാടി സംബന്ധിച്ച റിപ്പോർട്ട് (ഫയൽ നമ്പർ 4139/സബ്.സി-സി1/2013/നി.സെ.</u>

പ്രസ്തുത റിപ്പോർട്ടിലെ 42,43,57 എന്നീ ഖണ്ഡികകളിലെ ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടി സ്റ്റേറ്റ്മെന്റുകൾ സമിതി പരിഗണിക്കുകയും, താഴെപ്പറയുന്ന ചർച്ചകൾക്കുശേഷം ശിപാർശകളോടെ അംഗീകരിക്കുകയും ചെയ്തു.

<u>ഖണ്ഡിക 42- ൽ,</u> വൈദ്യുതി ഉൽപ്പാദനം, പ്രസരണം, വിതരണം എന്നിവ ഒരു കമ്പനിയുടെ കീഴിലാക്കിയാൽ മാത്രമെ ക്രോസ് സബ്സിഡിയുടെ വിതരണം കാര്യക്ഷമമാക്കുവാൻ സാധ്യമാകുകയുള്ളൂ എന്ന സമിതിയുടെ ശിപാർശയ്ക്ക് ലഭിച്ച മറുപടി പരിഗണിക്കവേ വേൾഡ് ബാങ്കിന്റെ നിയമമനുസരിച്ച് വൈദ്യുതി ഉല്പാദനം, പ്രസരണം, വിതരണം എന്നിവ മൂന്ന് കമ്പനികളായിവരണമെന്നുള്ളത് കേരളമൊഴികെ മറ്റ് സംസ്ഥാനങ്ങൾ എല്ലാം നിലനിർത്തിയിട്ടുണ്ടെന്ന് ഊർജ്ജ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി അറിയിച്ചപ്പോൾ, ഒറ്റ കമ്പനിയുടെ കീഴിൽ തുടരാൻ നടപടി സ്വീകരിക്കുവാൻ വൈദ്യുതി വകുപ്പ് മന്ത്രി നിർദ്ദേശിച്ചു

<u>ഖണ്ഡിക 43 ൽ,</u> ചീമേനിയിലെ പ്ലാന്റേഷൻ കോർപ്പറേഷന്റെ കൈവശമുള്ള 2500 ഏക്കർ സ്ഥലത്ത് കൽക്കരി ഉപയോഗിച്ച് വൈദ്യുതി ഉൽപ്പാദിപ്പിക്കുന്നതോടൊപ്പം എൽ.എൻ.ജി ഉപയോഗിച്ചു വൈദ്യുതി ഉൽപാദിപ്പിക്കുന്ന സംയുക്ത പദ്ധതിക്ക് മുൻതൂക്കം നൽകണമെന്നും, പദ്ധതി പ്രദേശത്ത് മരങ്ങൾ നട്ടുപിടിപ്പിക്കേണ്ടതാണെന്നുമുള്ള സമതിയുടെ ശിപാർശക്ക് കാസർഗോഡ് ജില്ലയിലെ ചീമേനിയിൽ പ്രകൃതിവാതകാധിഷ്ഠിതമായ വൈദ്യുതിനിലയം സ്ഥാപിക്കാനുള്ള പദ്ധതിക്ക് പരിസ്ഥിതി അനുമതി ലഭ്യമായില്ലെന്നും, കൽക്കരി ഇന്ധനമായുള്ള ഒരു താപ വൈദ്യുതി നിലയം

സ്ഥാപിക്കുന്നത് സംബന്ധിച്ച് ചീമേനിയിലെ ജനങ്ങളെ വിശ്വാസത്തിലെടുത്തും, പരിസ്ഥിതി മലിനീകരണം ഏറ്റവും കുറഞ്ഞതും, ഈ പ്രദേശത്തിന്റെ സമഗ്ര വികസനത്തിനുതകുന്നതുമായ പദ്ധതികളുള്ള സാധ്യത പരിശോധിച്ചുവരുന്നു എന്നുള്ള ഊർജ്ജ വകുപ്പിന്റെ മറുപടി സമിതി പരിശോധിച്ചു. ചീമേനി പ്ലാന്റേഷൻ കോർപ്പറേഷന്റെ കൈവശമുള്ള 2500 ഏക്കർ സ്ഥലം ഏറ്റെടുക്കാനുള്ള ഒരു മൂവ്മെന്റ് നടത്തുന്നതായും, സ്ഥലം ഏറ്റെടുത്തതിനുശേഷം ഉചിതമായ തീരുമാനം എടുക്കുന്നതാണെന്നും ഊർജ്ജ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി സമിതിയെ അറിയിച്ചു. വാതകാധിഷ്ഠിത നിലയങ്ങളാണ് വരുന്നതെങ്കിൽ ജനങ്ങൾക്ക് യാതൊരു പ്രശ്നവുമില്ലെന്നും, കൽക്കരി നിലയങ്ങൾ ഒരു കാരണവശാലും ആരംഭിക്കാൻ പാടില്ലെന്നും സമിതി അഭിപ്രായപ്പെട്ടു.

ശിപാർശ ഖണ്ഡിക നമ്പർ 57-ന്റെ മറുപടി അംഗീകരിച്ചു.

3. <u>2009-10 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ട് (ഫയൽനം.15562/ സബ്.സി.സി1/ 2009/ നി.സെ.)</u>

<u>ഖണ്ഡിക 54-ൽ,</u> പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് മത്സര പരീക്ഷകളിൽ പങ്കെടുക്കുന്നതിന് പരിശീലന പരിപാടികൾ പട്ടികജാതി-പട്ടികവർഗ്ഗ വകുപ്പിന് ഫണ്ട് ഉണ്ടാകുവാൻ സാധ്യതയുള്ളതിനാൽ ടി വകുപ്പിന്റെ സഹകരണത്തോടെ നടപ്പിലാക്കുവാൻ സാധിക്കുമോ എന്ന് പരിശോധിക്കുവാൻ സമിതി അധിക വിവരം ആവശ്യപ്പെട്ടതിൽ, പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് മത്സര പരീക്ഷകളിൽ പങ്കെടുക്കുന്നതിന് പരിശീലന പരിപാടികൾ വകുപ്പ് നേരിട്ട് നടപ്പിലാക്കുന്നതിനാൽ ഈ ആവശ്യത്തിന് പട്ടികവർഗ്ഗ വികസന വകുപ്പിൽനിന്നും ഫണ്ട് അനുവദിക്കുവാൻ നിർവ്വാഹമില്ലെന്ന മറുപടിയിന്മേൽ, ഈ ആവശ്യത്തിന് പ്രസ്തുത വകുപ്പിൽനിന്നും ഫണ്ട് അനുവദിക്കണമെന്ന് പട്ടികജാതി/പട്ടികവർഗ്ഗ വികസന വകുപ്പിനോട് നേരിട്ട് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

4. 2013-14 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ട് (ഫയൽനം 2849/സബ്.സി.സി1/ 2013/നി.സെ.)

ഖണ്ഡിക 13-ൽ, വ്യവസായശാല ഡയറക്ടാഫീസിന് വാങ്ങുവാൻ അനുമതി ലഭിച്ച 2 വാഹനങ്ങൾ വാങ്ങുന്നതിന് ഈ ശീർഷകത്തിൽ 19.99 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന സമിതി ശിപാർശയിന്മേൽ അധിക വിവരം ആരാഞ്ഞതിൽ, പ്രസ്തുത തുക വകയിരുത്തണമെന്ന ശിപാർശ ധനകാര്യ വകുപ്പ് അംഗീകരിച്ചിട്ടില്ല എന്ന് തൊഴിലും നൈപുണ്യവും (ബി) വകുപ്പിന്റെ മറുപടി സമിതി അംഗീകരിച്ചു.

5. 2014-15 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ട് (ഫയൽ നം 3216/സബ്.സി.സി1/ 2014/നി.സെ.)

ഖണ്ഡിക 77-ൽ, പ്രതിമാസം 120 യൂണിറ്റിന് താഴെ വൈദ്യുതി ഉപയോഗിക്കുന്ന ഗാർഹിക ഉപഭോക്താക്കളെ ഒക്ടോബർ 2012 മുതൽ ഡിസംബർ 2012 വരെ തെർമൽ സർചാർജ്ജിൽ നിന്നും ഒഴിവാക്കിയ ഇനത്തിൽ വൈദ്യുതി ബോർഡിന് അനുവദിക്കാൻ തീരുമാനിച്ച 25 കോടി രൂപയും, 2012-13 മുതൽ 2014-15 വരെയുള്ള കാലയളവിൽ പ്രതിമാസം 20 യൂണിറ്റിന് താഴെ വൈദ്യുതി ഉപയോഗിക്കുന്ന ഗാർഹിക ഉപഭോക്താക്കളെ വൈദ്യുതി ചാർജ്ജ് അടയ്ക്കുന്നതിൽനിന്നും ഒഴിവാക്കുന്നതിനായി പ്രതിവർഷം 40 ലക്ഷം രൂപ വീതം ആകെ അനുവദിച്ച 1.20 കോടി രൂപയും സർക്കാരിൽ നിന്നും നാളിതുവരെ ബോർഡിനു ലഭ്യമാക്കാൻ കഴിഞ്ഞിട്ടില്ലാത്തതിനാൽ, ഇതു സംബന്ധിച്ച അധിക വിവരം സമിതി ആരാഞ്ഞതിന് മറുപടിയായി, ഈ ഇനത്തിൽ യഥാക്രമം ചെലവായ 26.46 കോടി രൂപയും, 2012-13 മുതൽ 2015-16 വരെയുള്ള കാലയളവിൽ അനുവദിച്ച 1.60 കോടി രൂപയും സർക്കാർ ഉത്തരവുകൾ പ്രകാരം ബോർഡ് സർക്കാരിന് നൽകേണ്ട ഇലക്ട്രിസിറ്റി ഡ്യൂട്ടിയുമായി

തട്ടിക്കിഴിക്കുന്നതിന് അനുവദിച്ച എന്ന ഊർജ്ജ (സി) വകുപ്പ് ലഭ്യമാക്കിയ മറുപടി സമിതി ചർച്ചചെയ്ത് അംഗീകരിച്ചു.

കേന്ദ്ര നിയമത്തിലെ 65-ാം വകുപ്പു പ്രകാരം ഇലക്ട്രിസിറ്റി ബോർഡ് നൽകുന്ന സബ്സിഡികൾ റെഗുലേറ്ററി കമ്മീഷൻ അനുവദിച്ചു നൽകണമെങ്കിൽ സംസ്ഥാന സർക്കാർ ആ തുക ബഡ്ജറ്റിൽ വകയിരുത്തേണ്ടതുണ്ടെന്നും കഴിഞ്ഞ മൂന്നുവർഷമായി കെ.എസ്.ഇ.ബി. ഇത്തരത്തിൽ സബ്സിഡി നൽകുന്നുണ്ടെങ്കിലും ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടില്ലെന്നും എനർജി മാനേജ്മെന്റ് സെന്റർ ഡയറക്ടർ അറിയിച്ചതിന് എസ്.സി./എസ്.ടി. സങ്കേതങ്ങളിലെ വൈദ്യുതീകരണ പ്രവർത്തനങ്ങൾക്കായി കേന്ദ്ര ഗവൺമെന്റിൽ സമ്മർദ്ദം ചെലുത്തി, കൂടുതൽ ഫണ്ട് ആവശ്യപ്പെടണമെന്ന് സമിതി നിരീക്ഷിച്ചു. ഈ പ്രദേശങ്ങളിൽ ലൈൻ വലിക്കുകയെന്ന ജോലി മാത്രമേ ബോർഡിന് ചെയ്യാൻ സാധിക്കുകയുള്ളൂ എന്നും ലോക്കൽ ബോഡികളും, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും ചേർന്ന് വീടുകളിൽ വയറിംഗ് നടത്തുന്നതിനായി പഞ്ചായത്തുകൾക്ക് നിർദ്ദേശം നൽകി വരികയാണെന്നും ഊർജ്ജ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി സമിതിയെ അറിയിച്ചു.

6. <u>2016-17 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ട്. (ഫയൽ നം 4802/സബ്.സി.സി1/ 2016/നി.സെ.)</u>

<u>ഖണ്ഡിക നം.82</u> - നിയമസഭാ സാമാജികരുടെ മണ്ഡല ആസ്തി വികസനത്തിനായി അനുവദിക്കുന്ന 1 കോടി രൂപ അപര്യാപ്തമായതിനാൽ, 2 കോടി രൂപയായി ഉയർത്തണമെന്ന ഖണ്ഡിക 82-ലെ ശിപാർശയിന്മേൽ, ഓരോ എം.എൽ.എ.-യ്ക്കും പ്രത്യേക വികസന ഫണ്ട്, നിയോജകമണ്ഡല ആസ്തിവികസന ഫണ്ട് എന്നീ ഇനങ്ങളിൽ യഥാക്രമം 1 കോടി രൂപയും, 5 കോടി രൂപയും ഉൾപ്പെടെ ആകെ 6 കോടി രൂപ വകയിരുത്തിയിട്ടുള്ളതിനാലും, നിലവിലെ സാമ്പത്തിക സ്ഥിതിയിലും 1 കോടി രൂപ എന്നത് 2 കോടി രൂപയായി വർദ്ധിപ്പിക്കുവാൻ നിർവാഹമില്ല എന്ന ധനകാര്യ (നോഡൽ-സെന്റർ-ബി)

വകുപ്പിന്റെ മറുപടി സമിതി പരിശോധിക്കുകയും കുറഞ്ഞത് 50 ലക്ഷം രൂപയെങ്കിലും ആവശ്യമുണ്ടെന്ന് ശിപാർശ ചെയ്യുവാനും തീരുമാനിച്ചു

III. സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തിയ ഫയലുകൾ

1. പാലക്കാട് കഞ്ചിക്കോട് സ്റ്റീൽ ഫാക്ടറി സന്ദർശനം സംബന്ധിച്ച്

(ഫയൽ നം.5957/സബ്.സി.സി1/2014/നി.സെ.)

2. പാലക്കാട് കഞ്ചിക്കോട് സ്റ്റീൽ ഫാക്ടറികളിലെ തൊഴിലാളികളുടെ സുരക്ഷയുമായി ബന്ധപ്പെട്ട സബ്ജക്ട് കമ്മിറ്റിയുടെ നിർദ്ദേശങ്ങൾ അവഗണിക്കുന്നത് സംബന്ധിച്ച് ശ്രീ.ജയപ്രകാശ്, പാലക്കാട് സമർപ്പിച്ച പരാതി സംബന്ധിച്ച്.

(ഫയൽ നം.308/സബ്.സി.സി1/2015/നി.സെ.)

പാലക്കാട് ജില്ലയിലെ കഞ്ചിക്കോട് പ്രദേശത്തെ സ്റ്റീൽ ഫാക്ടറികളിൽ അപകടംമൂലം രണ്ടുപേർ മരിക്കാനിടയായെന്നും, പതിമൂന്നാം കേരള നിയമസഭയുടെ വിദ്യുച്ഛക്തിയും തൊഴിലും തൊഴിലാളിക്ഷേമവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി-VII 27.11.2014-ൽ ഈ സ്ഥലത്തെ 44 ഫാക്ടറികൾ സന്ദർശിക്കുകയും യാതൊരു സുരക്ഷാക്രമീകരണങ്ങളും ഇല്ലാതെ 28 എണ്ണം നിയമവിരുദ്ധമായി പ്രവർത്തിക്കുന്നത് കണ്ടെത്തുകയും ചെയ്തതിനാൽ ഇവയ്ക്ക് സ്റ്റോപ്പ് മെമ്മോ നൽകുവാൻ ആവശ്യപ്പെടുകയും, എന്നാൽ സ്റ്റോപ്പ് മെമ്മോ നൽകി രണ്ട്ദിവസം കഴിഞ്ഞ് അത് പിൻവലിച്ച് ഫാക്ടറികൾ തുറന്നു പ്രവർത്തിപ്പിക്കുന്നതായി പരാതി ലഭിച്ചിട്ടുണ്ടെന്നും ആമുഖമായി സമിതിയുടെ ചുമതലയുള്ള ജോയിന്റ് സെക്രട്ടറി അറിയിച്ചു. ഈ പ്രദേശം വീണ്ടും സന്ദർശിക്കുന്നതിനും ഇതൊരു പരാതിയായി കണക്കാക്കി സബ്ജക്ട് കമ്മിറ്റി ഇടപെട്ടാൽ നിയമവിരുദ്ധമായി മാറും എന്നതിനാൽ, പൊതുതാല്പര്യമായി കണക്കാക്കി ബന്ധപ്പെട്ട ഉദ്യോഗസ്ഥരെ തെളിവെടുപ്പിന് വിളിക്കാമെന്നുമാണ് തീരുമാനിച്ചതെന്നും ജോയിന്റ് സെക്രട്ടറി സമിതിയെ അറിയിച്ചു

75% തൊഴിലാളികൾ ഇതര സംസ്ഥാനക്കാരാണെന്നും, തൊഴിലാളികൾ പേഴ്സണൽ പ്രൊട്ടക്റ്റീവ് എക്വിപ്പ്മെന്റ്സ് ശരിയായ രീതിയിൽ ഉപയോഗിക്കാത്തതു കൊണ്ടാണ് അപകടങ്ങൾ ഉണ്ടാകുന്നതെന്നും ഫാക്ടറീസ് ആന്റ് ബോയ്ലേഴ്സ് വകുപ്പ് ഡയറക്ടർ സമിതിയെ അറിയിച്ചു. സമിതിയുടെ സന്ദർശനത്തിന് കാത്തുനിൽക്കാതെ, നിയമാനുസൃതം ഫാക്ടറികൾ പ്രവർത്തിക്കണമെന്നും, അപകടസാധ്യതകൾ ഒഴിവാക്കി തൊഴിലാളികൾക്കുള്ള സുരക്ഷാ മുൻകരുതൽ നടപടികൾ എല്ലാം കൃത്യമായി പാലിക്കപ്പെടുന്നുണ്ടോ എന്ന് ബന്ധപ്പെട്ട വകുപ്പ് പരിശോധിച്ച് ഉറപ്പുവരുത്തണമെന്നും സമിതി നിർദ്ദേശിച്ചു.

കഴിഞ്ഞ സബ്ജക്ട് കമ്മിറ്റി ഈ വിഷയത്തിൽ ആവശ്യപ്പെട്ട റിപ്പോർട്ട് ബന്ധപ്പെട്ട വകുപ്പ് സമർപ്പിക്കണമെന്ന് നിർദ്ദേശിച്ച സമിതി, ഇതിനുശേഷം ഒരിക്കൽക്കൂടി ഈ പ്രദേശം സന്ദർശിക്കുന്നതാണെന്നും, പിന്നീടൊരു ദിവസം മലബാർ സിമെന്റ്സ് കൂടി സന്ദർശിക്കുന്നതാണെന്നും അറിയിച്ചു.

യോഗം വൈകുന്നേരം 3.10-ന് പിരിഞ്ഞു.

## 2017 മാർച്ച് 13-ാം തീയതിയിലെ യോഗനടപടിക്കുറിപ്പ്

വിദ്യുച്ഛക്തിയും തൊഴിലും തൊഴിലാളിക്ഷേമവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി - VII 2017 മാർച്ച് 13-ാം തീയതി തിങ്കളാഴ്ച ഉച്ചയ്ക്കുശേഷം 2.30-ന് നിയമസഭാ സമുച്ചയത്തിലെ V-എ സമ്മേളനഹാളിൽ സമിതി ചെയർമാൻ ബഹു.തൊഴിലും എക്സൈസും വകുപ്പുമന്ത്രിയുടെ അസാന്നിധ്യത്തിൽ സമിതിയുടെ എക്സ്-ഒഫീഷ്യോ അംഗവും വൈദ്യുതി വകുപ്പുമന്ത്രിയുമായ ശ്രീ.എം.എം.മണിയുടെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു.

ഹാജരായ അംഗങ്ങൾ

1. ശ്രീമതി ഇ.എസ്.ബിജിമോൾ, എം.എൽ.എ.
2. ശ്രീ.കെ.ദാസൻ, ”
3. ശ്രീ.ടി.വി.ഇബ്രാഹിം, ”
4. ശ്രീ.എം.രാജഗോപാലൻ, ”

5. ശ്രീ.വി.പി.സജീന്ദ്രൻ, എം.എൽ.എ.

6. ശ്രീ.പി.ഉണ്ണി "

<u>നിയമസഭാ സെക്രട്ടേറിയറ്റ്:</u>

1. ശ്രീ.എസ്.പ്രസന്നകുമാർ, ജോയിന്റ് സെക്രട്ടറി
2. ശ്രീമതി എസ്.ജയശ്രീ, ഡെപ്യൂട്ടി സെക്രട്ടറി
3. ശ്രീമതി എം.ജയശ്രീ, അണ്ടർ സെക്രട്ടറി

<u>ഹാജരായ ഉദ്യോഗസ്ഥർ :</u>

1. ശ്രീ.ടോം ജോസ്, അഡീഷണൽ ചീഫ് സെക്രട്ടറി, തൊഴിലും നൈപുണ്യവും വകുപ്പ്.
2. ശ്രീ.ബി.ജി.ഹരീന്ദ്രനാഥ്, സെക്രട്ടറി, നിയമവകുപ്പ്
3. ശ്രീമതി പി.കെ.സീതാലക്ഷ്മി അമ്മ, അഡീഷണൽ സെക്രട്ടറി, തൊഴിൽ വകുപ്പ്.
4. ശ്രീമതി കെ. എ. ശ്രീലത, അഡീഷണൽ സെക്രട്ടറി, നിയമവകുപ്പ്.
5. ശ്രീ.കെ.ബിജു, ലേബർ കമ്മീഷണർ
6. ശ്രീ.എ.അലക്സാണ്ടർ, അഡീഷണൽ ലേബർ കമ്മീഷണർ
7. ശ്രീ. ബി.എസ്. ജയകുമാർ, ജോയിന്റ് സെക്രട്ടറി, നിയമവകുപ്പ്
8. ശ്രീ.ബി.അരുൺ, ഡെപ്യൂട്ടി ലേബർ കമ്മീഷണർ
9. ശ്രീമതി ബീനാമോൾ വർഗ്ഗീസ്, സി.ഇ.ഒ., കേരള ഷോപ്സ് ആന്റ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് വെൽഫയർ ഫണ്ട് ബോർഡ്.

ബഹു.ചെയർമാന് യോഗത്തിൽ ഹാജരാകാൻ കഴിയാത്ത സാഹചര്യത്തിൽ കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിൽ, ചട്ടം 184 (3) അനുസരിച്ച് സമിതിയുടെ എക്സ്-ഒഫീഷ്യോ അംഗമായ ബഹു.വൈദ്യുതി വകുപ്പ്മന്ത്രിയെ സമിതിയുടെ ചെയർമാനായും, ചട്ടം 202 (2)-ന്റെ പ്രൊവൈസോ പ്രകാരം റിപ്പോർട്ടിൽ ഒപ്പിടുന്നതിനും സമിതി തെരഞ്ഞെടുത്തു.

2016-ലെ വ്യവസായിക തർക്കങ്ങൾ (കേരള ഭേദഗതി) ബിൽ, 2016-ലെ ഏറ്റവും കുറഞ്ഞ കൂലി (കേരള ഭേദഗതി) ബിൽ, 2016-ലെ കേരള ഷോപ്പ് ആന്റ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ എന്നീ മൂന്ന് ബില്ലുകൾ സമിതി പരിഗണനയ്ക്കെടുക്കുകയും താഴെപ്പറയുന്ന ഭേദഗതികളോടുകൂടി അംഗീകരിക്കുകയും ചെയ്തു.

I. <u>2016-ലെ വ്യവസായിക തർക്കങ്ങൾ (കേരള ഭേദഗതി) ബിൽ</u>

In clause (s) of section 2 of the Industrial Disputes Act, 1947, for the words "clerical or supervisory work", the words "clerical, supervisory work or any work for the promotion of sales' shall be substituted".

II. <u>2016-ലെ ഏറ്റവും കുറഞ്ഞ കൂലി (കേരള ഭേദഗതി) ബിൽ</u>

In sub-section (b), of clause 2 of the Bill, for the words "one thousand rupees", the words "one hundred rupees" shall be substituted.

2. In clause 3 of the Bill, for the words "five thousand rupees", the words "one lakh rupees" shall be substituted.

3. For clause (4), the following shall be substituted namely:-

*Substitution of Section 22 A*-For section 22 A of the Principal Act, the following section shall be substituted,-

'*Section 22 A-General Provision for punishment of other offences* – (1) Whoever contravenes the provisions of this Act or the rules made thereunder shall be punishable with fine which may extend to two lakh rupees and in the case of a continuing contravention, with an additional fine which may extend to two thousand rupees for every day during which such contravention continues:

Provided that the total amount of fine shall not exceed two thousand rupees per worker employed.

(2)If any person who has been convicted of any offence punishable under sub-section (1) is again guilty of an offence involving a contravention or failure of compliance of the same provision, he shall be punishable on a subsequent conviction with fine which shall not be less than one lakh rupees but which may extent to five lakh rupees.

സർവ്വശ്രീ ടി.വി.ഇബ്രാഹിം, എം.എൽ.എ., വി.പി.സജീന്ദ്രൻ, എം.എൽ.എ. എന്നിവർ പ്രസ്തുത ബിൽ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടിന്മേൽ ഭിന്നാഭിപ്രായം രേഖപ്പെടുത്തി.

III. <u>2016-ലെ കേരള ഷോപ്പ് ആന്റ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ.</u>

<u>2-ാം ഖണ്ഡം</u>

ബില്ലിന്റെ 2-ാം ഖണ്ഡപ്രകാരം ആക്റ്റിന്റെ 3-ാം വകുപ്പ് (4)-ാം ഉപവകുപ്പിൽ ചേർക്കാനുദ്ദേശിക്കുന്ന (ജി) ഖണ്ഡത്തിൽ "സ്ഥാപനങ്ങളിലോ സ്ഥിരമായോ" എന്ന വാക്കുകൾക്ക് പകരം "സ്ഥാപനങ്ങളിൽ" എന്ന വാക്ക് ചേർക്കുക.

സമിതി വൈകുന്നേരം 4.00 മണിക്ക് പിരിഞ്ഞു.

## <u>2017 മാർച്ച് 27-ാം തീയതിയിലെ യോഗനടപടിക്കുറിപ്പ്</u>

വിദ്യുച്ഛക്തിയും തൊഴിലും തൊഴിലാളി ക്ഷേമവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി -VII 2017 മാർച്ച് 27-ാം തീയതി തിങ്കളാഴ്ച ഉച്ചയ്ക്ക് 12.00 മണിക്ക് നിയമസഭാ സമുച്ചയത്തിലെ 'V-എ' സമ്മേളനഹാളിൽ യോഗം ചേർന്നു. തദവസരത്തിൽ ബഹു. സമിതി ചെയർമാന്റെ അഭാവത്തിൽ കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടം 184(3) അനുസരിച്ച് സമിതിയുടെ എക്സ്-ഒഫീഷ്യോ അംഗവും ബഹു. വൈദ്യുതി വകുപ്പ് മന്ത്രിയുമായ ശ്രീ. എം.എം. മണിയെ സമിതിയുടെ അധ്യക്ഷനായി സമിതിയിൽ ഹാജരായ അംഗങ്ങൾ തിരഞ്ഞെടുത്തു.

<u>ഹാജരായ അംഗങ്ങൾ:</u>

1. ശ്രീമതി ഇ.എസ്. ബിജിമോൾ, എം.എൽ.എ.
2. ശ്രീ. കെ. ദാസൻ, എം.എൽ.എ.
3. ശ്രീ. എം. രാജഗോപാലൻ, എം.എൽ.എ.
4. ശ്രീ. പി. ഉണ്ണി, എം.എൽ.എ.

<u>നിയമസഭാ സെക്രട്ടേറിയറ്റ്:</u>

1. ശ്രീ. എസ്. പ്രസന്നകുമാർ, ജോയിന്റ് സെക്രട്ടറി
2. ശ്രീമതി എസ്. ജയശ്രീ, ഡെപ്യൂട്ടി സെക്രട്ടറി
3. ശ്രീമതി ജയശ്രീ. എം, അണ്ടർ സെക്രട്ടറി

<u>ഹാജരായ ഉദ്യോഗസ്ഥർ:</u>

1. ശ്രീ. ടോം ജോസ്, അഡീഷണൽ ചീഫ് സെക്രട്ടറി, തൊഴിലും നൈപുണ്യവും വകുപ്പ്.
2. ഡോ. ആർ. അജിത നായർ, ഡയറക്ടർ, ഇൻഷ്വറൻസ് മെഡിക്കൽ സർവ്വീസസ്.
3. ശ്രീ. പി. പ്രമോദ്, ഡയറക്ടർ, ഫാക്ടറീസ് ആന്റ് ബോയിലേഴ്സ്.
4. ശ്രീ. എ. ഷിബു. ജോയിന്റ് സെക്രട്ടറി, ധനകാര്യ വകുപ്പ്
5. ശ്രീമതി എസ്.വി. കല, ജോയിന്റ് സെക്രട്ടറി, ധനകാര്യ വകുപ്പ്
6. ശ്രീ. ബി. ശ്രീകുമാർ, അഡീഷണൽ ഡയറക്ടർ, വ്യാവസായിക പരിശീലനം
7. ശ്രീ. ഷമീം അഹമ്മദ്, മാനേജിംഗ് ഡയറക്ടർ, ഓവർസീസ് ഡെവലപ്പ്മെന്റ് ആന്റ് എംപ്ലോയ്മെന്റ് പ്രൊമോഷൻ കൺസൾട്ടന്റ്സ് ലിമിറ്റഡ്
8. ശ്രീ. ജെ.വി. കിരൺ, എക്സിക്യൂട്ടീവ് ഡയറക്ടർ, കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലേബർ ആന്റ് എംപ്ലോയ്മെന്റ് (KILE)
9. ശ്രീ. കെ.എസ്. ധർമ്മരാജൻ, അഡീഷണൽ ഡയറക്ടർ, വ്യാവസായിക പരിശീലനം
10. ശ്രീമതി ആർ. താരാ ദേവി, ജോയിന്റ് സെക്രട്ടറി, തൊഴിൽ വകുപ്പ്
11. ശ്രീ. ഡി. ലാൽ, ജോയിന്റ് സെക്രട്ടറി, തൊഴിലും നൈപുണ്യവും വകുപ്പ്

12. ശ്രീ. ആർ. ബൈജു, ജോയിന്റ് ലേബർ കമ്മീഷണർ

13. ശ്രീ. എം.എ. ജോർജ് ഫ്രാൻസിസ്, ഡെപ്യൂട്ടി ഡയറക്ടർ, നാഷണൽ എംപ്ലോയ്മെന്റ് സർവ്വീസസ്

14. ശ്രീ. റ്റി. എൻ. മുഹമ്മദ് ഫയാസ്, സെക്രട്ടറി, ലേബർ കോർട്ട്,കണ്ണൂർ

15. ശ്രീ. ആനന്ദ്, ജനറൽ മാനേജർ, ഭവനം ഫൗണ്ടേഷൻ കേരള

16. ശ്രീമതി കെ. രേണുക, മാനേജർ, കേരള അക്കാഡമി ഫോർ സ്കിൽ എക്സലൻസ് (KASE)

17. ശ്രീ. ജെ. ഹരികൃഷ്ണൻ, കോ-ഓർഡിനേറ്റർ, കേരള അക്കാഡമി ഫോർ സ്കിൽ എക്സലൻസ് (KASE)

18. ശ്രീ. പി.കെ. മാധവൻ, സ്പെഷ്യൽ ഓഫീസർ, സ്കിൽ അപ്ഡേറ്റിംഗ് ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ഇൻഡസ്ട്രിയൽ ട്രെയിനിംഗ്

19. ശ്രീമതി കെ. സോഫിയ, സീനിയർ ഫിനാൻസ് ഓഫീസർ, ഇൻഷ്വറൻസ് മെഡിക്കൽ സർവ്വീസസ്.

20. ശ്രീ. കെ. രാജശേഖരൻ നായർ, അക്കൗണ്ട്സ് ഓഫീസർ, ഡയറക്ടറേറ്റ് ഓഫ് എംപ്ലോയ്മെന്റ്

21. ശ്രീമതി എം.ഡി. മേരി, അക്കൗണ്ട്സ് ഓഫീസർ, ഡയറക്ടറേറ്റ് ഓഫ് ട്രെയിനിംഗ്

22. ശ്രീ. കെ.സി. ഷാജിമോൻ, ഫിനാൻസ് ഓഫീസർ, തൊഴിൽ വകുപ്പ്.

പ്രസ്തുത യോഗത്തിൽ ബഹു. സമിതി ചെയർമാന്റെ അഭാവത്തിൽ കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടം 184(3) അനുസരിച്ച് സമിതിയുടെ എക്സ്-ഒഫീഷ്യോ അംഗമായ ബഹു. വൈദ്യുതി വകുപ്പ മന്ത്രിയെ സമിതിയുടെ അധ്യക്ഷനായി തിരഞ്ഞെടുത്തു.

സമിതി 2017-18 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധനയുടെ ഭാഗമായി ധനാഭ്യർത്ഥന നമ്പർ XXIV (തൊഴിലും തൊഴിലാളിക്ഷേമവും പ്രവാസിക്ഷേമവും), XVIII (വൈദ്യസഹായവും പൊതുജനാരോഗ്യവും) എന്നിവ സംബന്ധിച്ച വിവിധ ചെലവിനങ്ങൾ

പരിഗണിക്കുകയും, തൊഴിലും നൈപുണ്യവും വകുപ്പ് ഉദ്യോഗസ്ഥരുമായും ധനകാര്യ വകുപ്പ് ഉദ്യോഗസ്ഥരുമായും ചർച്ച നടത്തുകയും താഴെപ്പറയുന്ന ശിപാർശകൾ നൽകുന്നതിന് തീരുമാനിക്കുകയും ചെയ്തു

ധനാഭ്യർത്ഥന നമ്പർ XXIV –

തൊഴിലും തൊഴിലാളിക്ഷേമവും പ്രവാസിക്ഷേമവും

I. തൊഴിലും നൈപുണ്യവും വകുപ്പ്

ലേബർ കമ്മീഷണറുടെയും അദ്ദേഹത്തിന്റെ ഓഫീസിലെ ജീവനക്കാരുടെയും വേതനം, വെള്ളക്കരം, ഇലക്ട്രിസിറ്റി ചാർജ്ജ്, ടെലിഫോൺ ചെലവ്, ഔദ്യോഗിക ഭാഷാപ്രയോഗം, ഇന്ധനം, വാഹനങ്ങളുടെ അറ്റകുറ്റപ്പണികൾ എന്നീ ഇനങ്ങളിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കിയതിന്റെ അടിസ്ഥാനത്തിൽ ഭരണവും നടത്തിപ്പും-വേതനം ഇനത്തിൽ 6,00,000 രൂപയും, വെള്ളക്കരം ഇനത്തിൽ 2,00,000 രൂപയും, ടെലിഫോൺ ചെലവ് ഇനത്തിൽ 1,00,000 രൂപയും, ഔദ്യോഗിക ഭാഷാ പ്രയോഗം ഇനത്തിൽ 1,00,000 രൂപയും, വാഹനങ്ങളുടെ സംരക്ഷണവും അറ്റകുറ്റപ്പണികളും ഇനത്തിൽ 3,00,000 രൂപയും, ഇന്ധനം ഇനത്തിൽ 2,00,000 രൂപയും, വൈദ്യുത ചെലവ് ഇനത്തിൽ 7,00,000 രൂപയും ഉൾപ്പടെ ആകെ 22,00,000 രൂപ ഈ ശീർഷകത്തിൽ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യാൻ തീരുമാനിച്ചു

മൂന്ന് റീജിയണൽ ജോയിന്റ് ലേബർ കമ്മീഷണർമാരുടെ ഓഫീസുകളിലെയും, നാല് ഡെപ്യൂട്ടി ലേബർ കമ്മീഷണർമാരുടെ ഓഫീസുകളിലെയും 14 ജില്ലാ ലേബർ ഓഫീസുകളിലെയും ചെലവുകൾ നിർവ്വഹിക്കുന്ന ജില്ലാ ഓഫീസുകൾ എന്ന ശീർഷകത്തിൽ മെഡിക്കൽ റീ-ഇമ്പേഴ്സ്മെന്റ് ഇനത്തിൽ 4,00,000 രൂപയും, സ്ഥലംമാറ്റ ബത്ത ഇനത്തിൽ 2,00,000 രൂപയും, വിവരസാങ്കേതിക വിദ്യ ഇനത്തിൽ 1,00,000 രൂപയും ഉൾപ്പടെ ആകെ 7,00,000 രൂപ അധികമായി വകയിരുത്തുവാൻ സമിതി ശിപാർശ ചെയ്യുന്നതിന് തീരുമാനിച്ചു

മിനിമം വേജസ് അഡ്വൈസറി ബോർഡിന്റെയും സർക്കാർ കാലാകാലങ്ങളിൽ രൂപീകരിക്കുന്ന മിനിമം വേജസ് കമ്മിറ്റികളിലെ ജീവനക്കാരുടെയും യാത്രാബത്ത ഇനത്തിൽ വകയിരുത്തിയിട്ടുള്ള തുക കുറവാകയാൽ, യാത്രാബത്ത ഇനത്തിൽ 5,00,000 രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നതിനു തീരുമാനിച്ചു

101 അസിസ്റ്റന്റ് ലേബർ ഓഫീസുകളുടെയും, 5 ഡെപ്യൂട്ടി ലേബർ ഓഫീസുകളുടെയും ചെലവുകൾ നിർവ്വഹിക്കുന്ന ശീർഷകത്തിൽ വേതനം, ടെലിഫോൺ ചാർജ്ജസ് എന്നീ ഇനങ്ങളിൽ വകയിരുത്തിയിട്ടുള്ള തുക കുറവായതിനാൽ, വേതനം ഇനത്തിൽ 5,00,000 രൂപയും, ടെലിഫോൺ ചാർജ്ജസ് ഇനത്തിൽ 7,00,000 രൂപയും ഉൾപ്പെടെ ആകെ 12,00,000 രൂപ ഈ ശീർഷകത്തിൽ അധികമായി വകയിരുത്തുന്നതിന് സമിതി ശിപാർശ ചെയ്യുന്നതിനു തീരുമാനിച്ചു

കേരള കശുവണ്ടി തൊഴിലാളി ക്ഷേമനിധി നിയമപ്രകാരം 2016-17 ലെ പെൻഷൻ കുടിശ്ശിക കൊടുത്തു തീർക്കുന്നതിനും, 2017-18-ലെ പെൻഷൻ വിതരണത്തിനുമായി അധിക തുക ബോർഡിന് ആവശ്യമാണെന്ന് സമിതി മനസ്സിലാക്കിയതിന്റെ അടിസ്ഥാനത്തിൽ, കശുവണ്ടിതൊഴിലാളി ക്ഷേമനിധി അംശദാനം-സംഭാവന എന്ന ശീർഷകത്തിൽ 115,99,04,000 രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നതിനു തീരുമാനിച്ചു

മരംകയറ്റ തൊഴിലാളികൾക്ക് ജോലിക്കിടയിൽ അപകടം സംഭവിക്കുകയാണെങ്കിൽ അവർക്കോ ആശ്രിതർക്കോ സാമ്പത്തിക സഹായം നൽകുന്ന വകയിൽ 2016-17-ലെ കുടിശ്ശിക ഉൾപ്പെടെ 2017-18-ലെ ചെലവുകൾക്കായി 'മരംകയറ്റ തൊഴിലാളികൾക്കുള്ള സാമ്പത്തിക സഹായം(ജനറൽ) - സംഭാവന' എന്ന ശീർഷകത്തിൽ 3,70,00,000 രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നതിനു തീരുമാനിച്ചു

2016-17-ലെ പെൻഷൻ കുടിശ്ശിക കൊടുത്തു തീർക്കുന്നതിനും, 2017-18-ലെ പെൻഷൻ വിതരണത്തിനുള്ള തുകയും ഉൾപ്പടെ അധിക തുക ആവശ്യമാണെന്നു കണ്ടതിനാൽ, 'കേരളത്തിലെ കൈത്തറി തൊഴിലാളികൾക്കു വേണ്ടിയുള്ള ക്ഷേമ പദ്ധതി - സംഭാവന' എന്ന ശീർഷകത്തിൽ 19,52,10,000 രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നതിനു തീരുമാനിച്ചു

മറ്റ് ക്ഷേമനിധികളുടെ പരിധിയിൽ വരാത്ത കൈത്തൊഴിലുകാർക്കും അസംഘടിത തൊഴിലാളികൾക്കും വേണ്ടി ഏർപ്പെടുത്തിയിട്ടുള്ള ക്ഷേമ പദ്ധതിക്കായി വകയിരുത്തിയ തുക അപര്യാപ്തമാണെന്നു വിലയിരുത്തിയ സമിതി 'കേരള ആർട്ടിസാൻസ് ആന്റ് സ്കിൽഡ് വർക്കേഴ്സ് ബെനിഫിറ്റ് സ്കീം - സംഭാവന' എന്ന ശീർഷകത്തിൽ 1,45,68,000 രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നതിനു തീരുമാനിച്ചു

നിലവിൽ 50% കശുവണ്ടി ഫാക്ടറികൾ പൂട്ടികിടക്കുന്നതിനാൽ, 2017-18 സാമ്പത്തിക വർഷത്തേക്കു പൂട്ടിക്കിടക്കുന്ന കശുവണ്ടി ഫാക്ടറികളിലെ തൊഴിലാളികൾക്കു ധനസഹായം നൽകുന്നതിന് കൂടുതൽ തുക ആവശ്യമാണെന്നു കണ്ടതിനാൽ, 'പൂട്ടിക്കിടക്കുന്ന കശുവണ്ടി ഫാക്ടറികളിലെ തൊഴിലാളികൾക്കുള്ള ധനസഹായം - സംഭാവന' എന്ന ശീർഷകത്തിൽ 40,00,000 രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നതിനു തീരുമാനിച്ചു

തയ്യൽ തൊഴിലാളികൾക്കായുള്ള ക്ഷേമ പദ്ധതികളിൽ 2016-17 ലെ പെൻഷൻ കുടിശ്ശികയും, 2017-18-ലെ പെൻഷൻ ഉൾപ്പെടെയുള്ള ക്ഷേമപദ്ധതികൾക്കും കൂടുതൽ തുക ആവശ്യമാണെന്ന് കണ്ടതിനാൽ 'കേരളത്തിലെ തയ്യൽ തൊഴിലാളികൾക്കുള്ള ക്ഷേമ പദ്ധതിയും മറ്റ് പുതിയ ക്ഷേമപദ്ധതികളും - സംഭാവന' എന്ന ശീർഷകത്തിൽ 84,93,75,000 രൂപ അധികമായി വകയിരുത്തുവാൻ സമിതി ശിപാർശ ചെയ്യുന്നതിനു തീരുമാനിച്ചു

കേരള ചെത്ത് തൊഴിലാളി ക്ഷേമനിധി ബോർഡിന് കുടിശ്ശിക ഉൾപ്പെടെ അധിക സർക്കാർ ഗ്രാന്റ് ആവശ്യമാണെന്ന് കണ്ടതിനാൽ, 'കേരള ചെത്തു തൊഴിലാളി ക്ഷേമനിധി ബോർഡിലേയ്ക്കു തൊഴിലാളികളുടെ വിഹിതം

അടയ്ക്കുന്നതിനുള്ള ഗ്രാന്റ് - സംഭാവന' എന്ന ശീർഷകത്തിൽ 4,86,00,000 രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നതിനു തീരുമാനിച്ചു

2016-17-ലെ പെൻഷൻ കുടിശ്ശികയും, 2017-18-ലെ പെൻഷൻ വിതരണത്തിനും അധിക തുക ആവശ്യമായതിനാൽ, '1-4-1997-ന് അറുപത് വയസ്സ് തികയുന്ന ചുരുട്ട് തൊഴിലാളികൾക്ക് പെൻഷൻ നൽകുന്നതിന് സംഭാവന' എന്ന ശീർഷകത്തിൽ 12,95,000 രൂപ അധികമായി വകയിരുത്തുവാൻ സമിതി ശിപാർശ ചെയ്യുന്നതിനു തീരുമാനിച്ചു

2016-17-ലെ പെൻഷൻ കുടിശ്ശികയും 2017-18-ലെ പെൻഷൻ വിതരണത്തിനും അധിക തുക ആവശ്യമായതിനാൽ, 'കേരള ബീഡി-സിഗാർ തൊഴിലാളി ക്ഷേമനിധി - അംശദാനം- സംഭാവന' എന്ന ശീർഷകത്തിൽ 6,24,18,000 രൂപ അധികമായി വകയിരുത്തുവാൻ സമിതി ശിപാർശ ചെയ്യുന്നതിനു തീരുമാനിച്ചു.

മുൻ വർഷങ്ങളിലെ മാച്ചിംഗ് ഗ്രാന്റ് കുടിശ്ശിക, 2017-18 ലെ മാച്ചിംഗ് ഗ്രാന്റ് എന്നിവ നൽകുന്നതിന് അധിക തുക ബോർഡിന് ആവശ്യമായതിനാൽ, 'കേരള കർഷക തൊഴിലാളി ക്ഷേമബോർഡ് - അംശദാനം -സംഭാവന' എന്ന ശീർഷകത്തിൽ 38,06,80,000 രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നതിനു തീരുമാനിച്ചു.

2016-17-ലെ പെൻഷൻ കുടിശ്ശിക നൽകുന്നതിനും, 2017-18 ലെ പെൻഷൻ വിതരണത്തിനും അധിക തുക ആവശ്യമായതിനാൽ, 'കേരള ഈറ്റ, കാട്ടുവള്ളി, തഴപ്പായ് തൊഴിലാളി ക്ഷേമ ബോർഡ്-അംശദാനം - സംഭാവന' എന്ന ശീർഷകത്തിൽ 26,38,53,000 രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നതിനു തീരുമാനിച്ചു

ഇടുക്കി ഉൾപ്പെടെ തിരുവനന്തപുരം, കൊല്ലം, പാലക്കാട്, വയനാട് എന്നീ ജില്ലകളിലെ അടഞ്ഞുകിടക്കുന്ന തോട്ടങ്ങളിലെ തൊഴിലാളികളുടെ കുട്ടികൾക്ക്

പഠനോപകരണങ്ങൾ, ഉച്ചക്കഞ്ഞി എന്നിവ നൽകുന്നതിനും, ആരോഗ്യ പ്രവർത്തനങ്ങൾക്കും, ആശ്രിതർക്കുള്ള വിവാഹ ധനസഹായം, വിദ്യാഭ്യാസ ധനസഹായം, മരണാനന്തര സഹായം എന്നിവയ്ക്കും കൂടാതെ തിരുവനന്തപുരം ബോണക്കാട് എസ്റ്റേറ്റിലെ ലയങ്ങളുടെ പുനരുദ്ധാരണത്തിനുമായി വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമാണെന്ന് വിലയിരുത്തിയ സമിതി, 'പ്ലാന്റേഷൻ തൊഴിലാളികൾക്കുള്ള ആശ്വാസനിധി - സംഭാവന' എന്ന ശീർഷകത്തിൽ 2,87,00,000 രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നതിനു തീരുമാനിച്ചു

2016-17-ലെ പെൻഷൻ കുടിശ്ശിക നൽകുന്നതിനും, 2017-18-ലെ പെൻഷൻ വിതരണത്തിനും അധിക തുക ആവശ്യമാണെന്നു ബോദ്ധ്യപ്പെട്ട സമിതി 'കേരള ബാർബർ - ബ്യൂട്ടീഷ്യൻ ക്ഷേമ പദ്ധതി - സംഭാവന' എന്ന ശീർഷകത്തിൽ 6,65,30,000 രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നതിനു തീരുമാനിച്ചു

മാച്ചിംഗ് ഗ്രാന്റ് ഇനത്തിൽ 2016-17 വരെ സർക്കാരിൽ നിന്നും ലഭിക്കേണ്ട കുടിശ്ശികയുക കുറവാണെന്ന് കണ്ടതിനാൽ, 'കേരള പീടിക വാണിജ്യ സ്ഥാപന തൊഴിലാളി ക്ഷേമനിധി ബോർഡ് - സംഭാവന' എന്ന ശീർഷകത്തിൽ 5,38,51,000 രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നതിനു തീരുമാനിച്ചു.

2017-18 - ലെ ബഡ്ജറ്റ് വിഹിതത്തിനു പുറമേ ഭരണ ചെലവുകൾക്കായി അധിക തുക ആവശ്യമായതിനാൽ, 'കേരള ചെറുകിട തോട്ടം തൊഴിലാളി ക്ഷേമനിധി ബോർഡ് -സംഭാവന' എന്ന ശീർഷകത്തിൽ 10,42,000 രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നതിനു തീരുമാനിച്ചു

കേരള ജുവലറി വർക്കേഴ്സ് വെൽഫെയർ ഫണ്ട് ആക്ട് പ്രകാരം അംഗങ്ങളുടെ സബ്സ്ക്രിപ്ഷന്റെ 5% ഷെയറായി ബോർഡിന് നൽകുമ്പോൾ, 2017-18-ൽ കൂടുതൽ തുക ആവശ്യമായതിനാൽ, 'കേരള ആഭരണ തൊഴിലാളി

ക്ഷേമനിധി - സംഭാവന' എന്ന ശീർഷകത്തിൽ 5,11,000 രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നതിനു തീരുമാനിച്ചു

സംസ്ഥാനത്തെ എഴുത്താശാൻ - ആശാട്ടി തുടങ്ങിയ അസംഘടിത മേഖലയിലെ 60 വയസ്സ് കഴിഞ്ഞ തൊഴിലാളികൾക്കുള്ള ക്ഷേമ പെൻഷൻ പദ്ധതിയിൽ 2016-17 ലെ പെൻഷൻ കുടിശ്ശികയും, 2017-18-ലെ പെൻഷൻ വിതരണത്തിനും കൂടുതൽ തുക ആവശ്യമാണെന്നു കണ്ടെത്തിയ സമിതി, 'സാമൂഹ്യ സുരക്ഷയ്ക്കായുള്ള സുപ്രധാന പരിപാടി' എന്ന ശീർഷകത്തിൽ 16,27,65,000 രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നതിനു തീരുമാനിച്ചു

സർക്കാർ നൽകുവാനുള്ള അംശദായ കുടിശ്ശിക ഉൾപ്പെടെ, 2016-17 ലെ പെൻഷൻ കുടിശ്ശികയും, 2017-18- ലെ പെൻഷൻ വിതരണത്തിനും കൂടുതൽ തുക ആവശ്യമാണെന്ന് ബോധ്യപ്പെട്ടതിനാൽ, 'കേരള അലക്കുതൊഴിലാളി ക്ഷേമപദ്ധതി -സംഭാവന' എന്ന ശീർഷകത്തിൽ 1,42,82,000 രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു

സംസ്ഥാനത്തെ വിഭിന്ന മേഖലകളിൽ പണിയെടുക്കുന്ന ചുമട്ടുതൊഴിലാളികൾക്ക് വിവിധ ആനുകൂല്യങ്ങളും പെൻഷനും നൽകിവരുന്ന പദ്ധതിക്ക് 2016-17 ലെ പെൻഷൻ കുടിശ്ശികയുൾ ഉൾപ്പെടെ അധിക തുക ആവശ്യമുള്ളതിനാൽ, 'കേരള ചുമട്ടു തൊഴിലാളി (വിഭിന്ന മേഖലകളിൽ പണിയെടുക്കുന്നവർ) ക്ഷേമ പദ്ധതി - സംഭാവന' എന്ന ശീർഷകത്തിൽ 6,54,30,000 രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

ഇതര സംസ്ഥാന തൊഴിലാളികളുടെ പുനരധിവാസ പദ്ധതി (അപ്നാഘർ) നടപ്പിലാക്കുന്നതിനായി തിരുവനന്തപുരം, എറണാകുളം, കോഴിക്കോട്, പാലക്കാട് എന്നീ ജില്ലകളിൽ പ്ലോട്ട് ലഭ്യമാക്കുന്നതിന് അധിക തുക ഭവനം ഫൗണ്ടേഷൻ ആവശ്യപ്പെട്ടതിനാൽ, 'അന്യ സംസ്ഥാന കുടിയേറ്റ തൊഴിലാളികളുടെ

പുനരധിവാസ പദ്ധതി എന്ന ശീർഷകത്തിൽ 7,50,00,000 രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു

## II. വ്യാവസായിക പരിശീലന വകുപ്പ്

ട്രെയിനിംഗ് ഡയറക്ടേറ്റിന് വിവിധ ചെലവുകൾക്കായി അനുവദിച്ച തുക അപര്യാപ്തമായതിനാൽ, യാത്രാബത്ത ഇനത്തിൽ 1,00,000 രൂപയും, സ്ഥലംമാറ്റ ബത്ത ഇനത്തിൽ 21,000 രൂപയും, അവധി യാത്രാനുകൂല്യം ഇനത്തിൽ 2,13,000 രൂപയും, ടെലഫോൺ ചെലവ് ഇനത്തിൽ 1,27,000 രൂപയും, ഉൾപ്പടെ ആകെ 4,61,000 രൂപ പ്രസ്തുത ശീർഷകത്തിൽ അധികം വകയിരുത്തുന്നതിനും ഡയറക്ടേറ്റിലെ പഴയ വാഹനം മാറ്റി പുതിയ വാഹനം വാങ്ങുന്നതിനായി മോട്ടോർ വാഹനങ്ങൾ ഇനത്തിൽ 10,00,000 രൂപ വകയിരുത്തുന്നതിനും ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു

സ്റ്റാഫ് ട്രെയിനിംഗ് സംവിധാനം വികസിപ്പിക്കുന്നതിനായി ബഡ്ജറ്റ് പ്രൊപ്പോസലിൽ ആവശ്യപ്പെട്ട തുക മുഴുവനും അനുവദിക്കാത്തതിനാൽ പ്രസ്തുത ശീർഷകത്തിൽ വൈദ്യുതചെലവ് ഇനത്തിൽ 19,000 രൂപയും, മറ്റിനങ്ങൾ ഇനത്തിൽ 9,000 രൂപയും ഉൾപ്പടെ ആകെ 28,000 രൂപ അധികമായി വകയിരുത്തുന്നതിന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു

സംസ്ഥാനത്ത് സ്കിൽ ഡെവലപ്പ്മെന്റ് പ്രോഗ്രാം നടപ്പിലാക്കുന്നതിനായി 'കേരള അക്കാഡമി ഫോർ സ്കിൽസ് എക്സലൻസ് ' എന്ന നോൺ പ്രോഫിറ്റ് കമ്പനിയുടെ പ്രവർത്തനങ്ങളായ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ഇൻഫ്രാസ്ട്രക്ചർ & കൺസ്ട്രക്ഷൻ (IIIC) അക്കാഡമിയുടെ ഒന്നാംഘട്ട നിർമ്മാണത്തിന്റെ പൂർത്തീകരണം, നഴ്സിംഗ് & സെക്യൂരിറ്റി അക്കാഡമി, കേരള സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡിസൈന്റെ രണ്ടാം ഘട്ട നിർമ്മാണം, നൈപുണ്യ വികസനത്തെക്കുറിച്ച് അവബോധം വർദ്ധിപ്പിക്കൽ, കൗശൽ കേന്ദ്ര, i-STEP സംരംഭങ്ങൾ തുടങ്ങിയവയ്ക്ക് 2017-18 വർഷത്തേയ്ക്ക് അനുവദിച്ച തുക അപര്യാപ്തമായതിനാൽ, 'വ്യാവസായിക പരിശീലന വകുപ്പിന്റെ നൈപുണ്യം മെച്ചപ്പെടുത്തൽ പദ്ധതി എന്ന

ശീർഷകത്തിൽ 11,00,00,000 രൂപ അധികമായി വകയിരുത്തുന്നതിന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു

വിവിധ വ്യാവസായിക പരിശീലന കേന്ദ്രങ്ങളുടെ നടത്തിപ്പിനായി പ്രസ്തുത ശീർഷകത്തിൽ യാത്രാബത്ത ഇനത്തിൽ 1,50,00,000 രൂപയും, സ്ഥലംമാറ്റ ബത്ത ഇനത്തിൽ 4,00,000 രൂപയും, അവധി യാത്രാനുകൂല്യം ഇനത്തിൽ 15,00,000 രൂപയും, ടെലഫോൺ ചെലവ് ഇനത്തിൽ 4,00,000 രൂപയും, വാടക, കരം, നികുതി ഇനത്തിൽ 2,00,000 രൂപയും, സ്കോളർഷിപ്പുകളും സ്റ്റൈപ്പന്റുകളും ഇനത്തിൽ 30,00,000 രൂപയും, ഔദ്യോഗികഭാഷാ പ്രയോഗം ഇനത്തിൽ, 1,75,000 രൂപയും, തൊഴിൽപരവും പ്രത്യേക സേവനങ്ങൾക്കുമുള്ള ചെലവുകൾ ഇനത്തിൽ 65,00,000 രൂപയും, വെള്ളക്കരം ഇനത്തിൽ 3,00,000 രൂപയും, വൈദ്യുതി ചെലവ് ഇനത്തിൽ 16,50,000 രൂപയും, മറ്റിനങ്ങളിൽ 1,00,00,000 രൂപയും ഉൾപ്പെടെ ആകെ 3,91,25,000 രൂപ അധികമായി വകയിരുത്തുന്നതിന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു

തിരുവനന്തപുരം വനിതാ വ്യാവസായിക പരിശീലന കേന്ദ്രത്തിന്റെ നടത്തിപ്പിനായി അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമാണെന്നു ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ, യാത്രാബത്ത ഇനത്തിൽ 2,28,000 രൂപയും, സ്ഥലംമാറ്റബത്ത ഇനത്തിൽ 33,000 രൂപയും, വെള്ളക്കരം ഇനത്തിൽ 9,000 രൂപയും ഉൾപ്പെടെ ആകെ 2,70,000 രൂപ പ്രസ്തുത ശീർഷകത്തിൽ അധികമായി വകയിരുത്തുന്നതിന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു

ഐ.ടി.ഐ.-കളെ മികവിന്റെ കേന്ദ്രങ്ങളാക്കുന്ന വേൾഡ് ബാങ്ക് പ്രോജക്ട് പൂർത്തിയായിട്ടുള്ളതിനാൽ, ടി പ്രോജക്ടിന്റെ ഫണ്ട് വിനിയോഗത്തിന്റെ കണക്കെടുപ്പ്, ആഡിറ്റ് പരിശോധന തുടങ്ങിയ പ്രക്രിയകൾ പൂർത്തിയാക്കുന്നതിനായി രൂപീകരിച്ചിട്ടുള്ള സ്റ്റേറ്റ് പ്രോജക്ട് ഇംപ്ലിമെന്റേഷൻ യൂണിറ്റിൽ സേവനമനുഷ്ഠിക്കുന്ന ഒരു അഡീഷണൽ സ്റ്റേറ്റ് പ്രോജക്ട് ഡയറക്ടർ, ഒരു ജൂനിയർ സൂപ്രണ്ട്, ഒരു ക്ലാർക്ക് എന്നീ തസ്തികകളിലെ ജീവനക്കാരുടെ

ശമ്പളവും അലവൻസുകളും മറ്റ് ചെലവുകളും നൽകുന്നതിനായി, 'ഐ.റ്റി.ഐ.-കൾ ഉൽകൃഷ്ട സ്ഥാപനങ്ങളായി ഉയർത്തൽ (75% കേന്ദ്ര സഹായം)' എന്ന ശീർഷകത്തിൽ 28,48,000 രൂപ വകയിരുത്തുന്നതിന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

സർക്കാർ തലത്തിൽ നൈപുണ്യ വികസന സ്ഥാപനങ്ങളുടെ എണ്ണം വർദ്ധിപ്പിക്കുന്നതിനായി പടിയൂർ, പേരാമ്പ്ര, പെരുമാട്ടി, വാമനപുരം എന്നിവിടങ്ങളിൽ പൂർണ്ണ തോതിലുള്ള ഐ.റ്റി.ഐ. നിർമ്മാണത്തിനും, കോടോംബേളൂർ, ധർമ്മടം, ചാത്തമംഗലം, കൊട്ടാരക്കര, വർക്കല എന്നിവിടങ്ങളിൽ പൂർണ്ണതോതിലുള്ള ഐ.റ്റി.ഐ. നിർമ്മാണത്തിനും, കോടോംബേളൂർ, ധർമ്മടം, ചാത്തമംഗലം, കൊട്ടാരക്കര, വർക്കല എന്നിവിടങ്ങളിൽ പുതിയ ഐ.റ്റി.ഐ.-കൾ സ്ഥാപിക്കുന്നതിനും 2017-18 വർഷത്തേക്ക് അനുവദിച്ച തുക അപര്യാപ്തമായതിനാൽ 'പുതിയ ഐ.റ്റി.ഐ.-കൾ സ്ഥാപിക്കൽ' എന്ന ശീർഷകത്തിൽ 2,00,00,000 രൂപ അധികമായി വകയിരുത്തുന്നതിന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

വ്യാവസായിക തൊഴിലാളികൾക്കും പരിശീലകർക്കും ആധുനിക തൊഴിൽ പരിശീലനം നൽകുന്നതിനായി സ്ഥാപിച്ചിട്ടുള്ള എ.വി.റ്റി.എസ്. കളമശ്ശേരി എന്ന സ്ഥാപനത്തിന് യാത്രാബത്ത ഇനത്തിൽ 1,00,000 രൂപയും, സ്ഥലംമാറ്റ ബത്ത ഇനത്തിൽ 7,000 രൂപയും, ടെലഫോൺ ചെലവ് ഇനത്തിൽ 3,000 രൂപയും, മറ്റിനങ്ങൾ ഇനത്തിൽ 3,000 രൂപയും, മറ്റിനം ഇനത്തിൽ 29,000 രൂപയും, ഉൾപ്പടെ ആകെ 1,42,000 രൂപ 'വ്യാവസായിക തൊഴിലാളികൾക്കും പരിശീലകർക്കും ആധുനിക തൊഴിൽ പരിശീലനം' എന്ന ശീർഷകത്തിൽ അധികമായി വകയിരുത്തുന്നതിന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

തൊഴിൽ പരിശീലനത്തിലെ ലിംഗ വിവേചനം ലഘൂകരികരിക്കാൻ ഉദ്ദേശിച്ച് സ്ഥാപിക്കുന്ന വനിതാ ഐ.റ്റി.ഐ.-കൾക്ക് യാത്രാബത്ത ഇനത്തിൽ 4,00,000 രൂപയും, സ്ഥലംമാറ്റബത്ത ഇനത്തിൽ 20,000 രൂപയും, ടെലഫോൺ

ചെലവ് ഇനത്തിൽ 37,000 രൂപയും, മറ്റിനങ്ങൾ ഇനത്തിൽ 12,000 രൂപയും ഉൾപ്പടെ ആകെ 4,69,000 രൂപ 'വനിതാ ഐ. ടി. ഐ.- കൾ സ്ഥാപിക്കൽ (തൊഴിൽ പരിശീലനത്തിലെ ലിംഗ വിവേചനം ലഘൂകരിക്കൽ)' എന്ന ശീർഷകത്തിൽ അധികമായി വകയിരുത്തുന്നതിന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

. ദേശീയ തൊഴിലഭ്യസന പരിപാടികൾക്കായി സ്ഥാപിച്ചിട്ടുള്ള ആർ.ഐ. സെന്ററുകൾക്ക് അവധി യാത്രാനുകൂല്യം ഇനത്തിൽ 50,000 രൂപയും, വെള്ളക്കരം ഇനത്തിൽ 10,000 രൂപയും, സ്കോളർഷിപ്പുകളും സ്റ്റൈപ്പന്റുകളും ഇനത്തിൽ 1,97,00,000 രൂപയും ഉൾപ്പടെ ഈ ശീർഷകത്തിൽ ആകെ 1,97,60,000 രൂപ അധികമായി വകയിരുത്തുന്നതിന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

## III. <u>നാഷണൽ എംപ്ലോയ്മെന്റ് സർവ്വീസ് (കേരളം)</u>

ആന്വൽ മെയിന്റനൻസ് കോൺട്രാക്റ്റുകൾ (എ.എം.സി.) നൽകുന്നതിലേയ്ക്കായി 'എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ' എന്ന ശീർഷകത്തിൽ വിവരസാങ്കേതികവിദ്യ ഇനത്തിൽ 10,00,000 രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

അനുവദിച്ചിട്ടുള്ള തുക അപര്യാപ്തമാകയാൽ, യാത്രാബത്ത ഇനത്തിൽ 20,000 രൂപയും, സ്ഥലംമാറ്റബത്ത ഇനത്തിൽ 10,000 രൂപയും, ഉൾപ്പടെ 'എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ രജിസ്റ്റർ ചെയ്ത ഭിന്നശേഷിയുള്ളവർക്കായുള്ള നിയമനത്തിനായുള്ള സ്പെഷ്യൽ സെൽ എന്ന ശീർഷകത്തിൽ ആകെ 30,000 രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

സംരംഭകത്വ അഭിരുചിയുള്ള ഭിന്നശേഷിക്കാരായ ഉദ്യോഗാർത്ഥികൾക്ക് സംരംഭങ്ങൾ ആരംഭിക്കുവാനുള്ള സാമ്പത്തിക സഹായവും പരിശീലനവും നൽകുന്നതിനും, അനുയോജ്യമായ തൊഴിൽ കണ്ടെത്തുന്നതിനുള്ള

മാർഗ്ഗനിർദ്ദേശം നൽകുന്നതിനും, മത്സരപരീക്ഷകൾക്കുള്ള പരിശീലനം നൽകുന്നതിനും ലക്ഷ്യമിടുന്ന ഈ പദ്ധതിയിൽ ഉദ്യോഗാർത്ഥികളിൽനിന്നും ലഭിച്ച അപേക്ഷകൾ പൂർണ്ണമായും പരിഗണിക്കണമെങ്കിൽ കൂടുതൽ തുക ആവശ്യമായി വരുമെന്ന് സമിതി നിരീക്ഷിച്ചതിനാൽ, 'എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ രജിസ്റ്റർ ചെയ്ത ഭിന്നശേഷിയുള്ളവർക്കായുള്ള പുനരധിവാസവും ക്ഷേമപ്രവർത്തനവും (കൈവല്യ)' എന്ന ശീർഷകത്തിൽ 2,00,00,000 രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

ശരണ്യാ പദ്ധതി പ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ള തൊഴിൽരഹിതരായ ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള വിധവകൾ, നിയമാനുസൃതം വിവാഹബന്ധം വേർപെടുത്തിയവർ, ഭർത്താവിനാൽ ഉപേക്ഷിക്കുകയോ/ഭർത്താവിനെ കാണാതാകുകയോ ചെയ്തവർ, 30 വയസ്സ് കഴിഞ്ഞ അവിവാഹിതകൾ, പട്ടികവർഗ്ഗത്തിലെ അവിവാഹിതരായ അമ്മമാർ എന്നിവർക്കുപുറമേ അംഗപരിമിതരായ വനിതകളെയും ഭർത്താവ് ശയ്യാവലംബരായ വനിതകളെയും കൂടി അർഹരാക്കിയും, കൂടാതെ നിലവിൽ വായ്പ അനുവദിച്ചിട്ടുള്ളവർക്ക് സംരംഭങ്ങൾ വിപുലീകരിക്കാൻ തുടർവായ്പ നൽകുന്നതിനും ഉത്തരവായിട്ടുള്ളതിനാൽ ബഡ്ജറ്റിൽ അനുവദിച്ച തുക വളരെ കുറവാണെന്ന് സമിതി വിലയിരുത്തി. ആയതിനാൽ, 'രജിസ്റ്റർ ചെയ്തിട്ടുള്ള തൊഴിൽരഹിതരായ വിധവകൾ/ ഉപേക്ഷിക്കപ്പെട്ടവർ/ വേർപിരിഞ്ഞവർ/ അവിവാഹിതർ/വിവാഹം കഴിക്കാത്ത അമ്മമാർ എന്നിവർക്കായുള്ള സ്വയം തൊഴിൽ പദ്ധതി എന്ന ശീർഷകത്തിൽ 14,00,00,000 രൂപ അധികമായി വകയിരുത്തുന്നതിന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

ഉദ്യോഗാർത്ഥികൾക്ക് നൽകുന്ന സ്റ്റൈപ്പന്റുകളും ഫാക്കൽറ്റികൾക്കുള്ള ഓണറേറിയവും വർദ്ധിപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ, 'പട്ടികജാതി പട്ടികവർഗ്ഗക്കാർക്ക് പരിശീലനവും നിർദ്ദേശങ്ങളും നൽകാൻ കേന്ദ്രം

സ്ഥാപിക്കൽ എന്ന ശീർഷകത്തിൽ 3,00,000 രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു

## IV. ഫാക്ടറീസ് & ബോയിലേഴ്സ് വകുപ്പ്

ഫാക്ടറീസ് & ബോയിലേഴ്സ് വകുപ്പിന് കീഴിൽ ഫാക്ടറി പരിശോധനയ്ക്കു പോകുന്നതിനുവേണ്ടി വാഹനങ്ങളുടെ ഇന്ധനവും, അറ്റകുറ്റപ്പണികളും ഇനത്തിൽ 1,40,000 രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

## V. കേരളാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലേബർ ആന്റ് എംപ്ലോയ്മെന്റ് (കിലെ)

ജീവനക്കാരുടെ ശമ്പളവും ആനുകൂല്യങ്ങൾക്കും മറ്റ് ദൈനംദിന ചെലവുകൾക്കും കൂടി അനുവദിച്ചിട്ടുള്ള തുക അപര്യാപ്തമായതിനാൽ, 'കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലേബർ ആന്റ് എംപ്ലോയ്മെന്റ്-സഹായധനം- ശമ്പളേതരം' എന്ന ശീർഷകത്തിൽ 14,87,000 രൂപ അധികമായി വകയിരുത്തുന്നതിന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു

ഒരു ദിവസത്തെ വേതനം നഷ്ടപ്പെടുത്തി ട്രെയിനിംഗ് പ്രോഗ്രാമുകളിൽ പങ്കെടുക്കുന്ന തൊഴിലാളികൾക്ക് ദിനബത്ത നൽകുക, പരമ്പരാഗത വ്യവസായങ്ങളിലെ തൊഴിലാളികൾക്ക് വേണ്ടിയുള്ള ഇൻഡസ്ട്രിയൽ കം എന്റർടെയിൻമെന്റ് ടൂർ, ILSM-ന്റെ അടിസ്ഥാന നിർമ്മാണ പുരോഗതിയ്ക്കായി സ്ഥലം വാങ്ങുക (ഒന്നാം ഘട്ടം), തൊഴിൽവകുപ്പിന്റെ വേതന സുരക്ഷാ പദ്ധതിയുടെയും, ഓൺലൈൻ രജിസ്ട്രേഷന്റെയും ബഹുമുഖ ബോധവല്ക്കരണം എന്നിവയ്ക്കായി അധിക തുക ആവശ്യമായതിനാൽ, 4,34,00,000 രൂപ 'കേരള ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ലേബർ ആന്റ് എംപ്ലോയ്മെന്റ്-സഹായധനം - ശമ്പളേതരം' എന്ന ശീർഷകത്തിൽ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

## VI. ഇൻഡസ്ട്രിയൽ ട്രിബ്യൂണലുകൾ & ലേബർ കോടതികൾ

വ്യാവസായിക ട്രിബ്യൂണൽ, ആലപ്പുഴ എന്ന സ്ഥാപനത്തിന് ആലപ്പുഴയ്ക്കു പുറമെ എറണാകുളം, പത്തനംതിട്ട ജില്ലകൾ കൂടി അധികാര പരിധിയിൽ വരുന്നതിനാൽ, എറണാകുളം, പത്തനംതിട്ട, മൂവാറ്റുപുഴ എന്നീ സ്ഥലങ്ങളിൽ കക്ഷികളുടെ സൗകര്യാർത്ഥം ക്രമമായി ക്യാമ്പ് സിറ്റിംഗ് നടത്തേണ്ടതിനാൽ, ഈ ആവശ്യത്തിലേക്കായി യാത്രാബത്ത ഇനത്തിൽ 1,23,000 രൂപയും, പി.ഒ.എൽ. ഇനത്തിൽ 27,000 രൂപയും, ഉൾപ്പടെ ആകെ 1,50,000 രൂപ അധികമായി വകയിരുത്തുന്നതിന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു

വ്യാവസായിക ട്രിബ്യൂണൽ, കോഴിക്കോടിന് ഓഫീസ് ചെലവുകൾ - മറ്റിനങ്ങൾ ഇനത്തിൽ 40,000 രൂപ അധികമായി വകയിരുത്തുന്നതിന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു

കൊല്ലം വ്യാവസായിക ട്രിബ്യൂണൽ കാര്യാലയത്തിലെ കമ്പ്യൂട്ടറുകളുടെയും ഫോട്ടോസ്റ്റാറ്റ് മെഷീന്റെയും വാർഷിക പരിപാലന കരാർ പുതുക്കുന്നതിനും അനുബന്ധ ഉപകരണങ്ങൾ വാങ്ങുന്നതിനുമായി വിവരസാങ്കേതിക വിദ്യ ഇനത്തിൽ 15,000 രൂപ അധികമായി വകയിരുത്തുന്നതിന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു

വ്യാവസായിക ട്രിബ്യൂണൽ, ഇടുക്കിയുടെ ദൈനംദിന പ്രവർത്തനങ്ങൾക്ക് യാത്രാബത്ത ഇനത്തിൽ 2,83,000 രൂപയും, ടെലഫോൺ ചെലവ് ഇനത്തിൽ 16,000 രൂപയും, മറ്റിനങ്ങൾ ഇനത്തിൽ 99,000 രൂപയും, ഈ കാര്യാലയത്തിലെ ഔദ്യോഗിക ആവശ്യങ്ങൾക്ക് പുതിയ വാഹനം വാങ്ങുന്നതിനായി മോട്ടോർ വാഹനങ്ങൾ ഇനത്തിൽ 8,00,000 രൂപയും, ഈ ഓഫീസ് പൂർണ്ണമായി ഡിജിറ്റലൈസ് ചെയ്യുന്നതിലേക്കായി വിവരസാങ്കേതികവിദ്യ ഇനത്തിൽ 9,73,000 രൂപയും ഉൾപ്പടെ ആകെ 21,71,000 രൂപ അധികമായി വകയിരുത്തുന്നതിന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു

പാലക്കാട് വ്യാവസായിക ട്രിബ്യൂണൽ ഓഫീസ് കെട്ടിടത്തിന്റെ വാടക കുടിശ്ശിക നൽകുന്നതിനും, മേയ് മാസം മുതൽ ജഡ്ജിയുടെ വീട്ടുവാടക പുതുക്കി നിശ്ചയിക്കേണ്ടതിനാലും വാടക, കരം, നികുതി ഇനത്തിൽ 2,75,000 രൂപയും, ഓഫീസ് കമ്പ്യൂട്ടർവൽക്കരണത്തിന് വിവരസാങ്കേതികവിദ്യ ഇനത്തിൽ 2,85,000 രൂപയും ഉൾപ്പെടെ ആകെ 5,60,000 രൂപ അധികമായി വകയിരുത്തുന്നതിന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

തിരുവനന്തപുരം ആസ്ഥാനമായി വ്യാവസായിക ട്രിബ്യൂണൽ രൂപീകരിക്കുവാൻ 8-12-2015-ൽ ഉത്തരവായിട്ടുള്ളതിനാൽ, തിരുവനന്തപുരം വ്യാവസായിക ട്രിബ്യൂണലിന് ഓഫീസ് പ്രവർത്തനം ആരംഭിക്കുന്നതിലേയ്ക്കായി കെട്ടിടവാടക, ജീവനക്കാരുടെ ശമ്പളം, മറ്റ് അത്യാവശ്യ അടിസ്ഥാന സൗകര്യങ്ങൾ എന്നിവയ്ക്കായി ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ, 35,58,000 രൂപ അധികമായി വകയിരുത്തുവാൻ ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

വ്യാവസായിക ട്രിബ്യൂണൽ, തൃശ്ശൂരിന്റെ ദൈനംദിന പ്രവർത്തനങ്ങൾക്ക് ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ, വേതനം ഇനത്തിൽ 12,96,000 രൂപയും, വാഹനത്തിന്റെ ഇന്ധനത്തിന് തുക ഒന്നും അനുവദിച്ചിട്ടില്ലാത്തതിനാൽ പി.ഒ.എൽ. ഇനത്തിൽ 80,000 രൂപയും, വാഹനത്തിന്റെ അറ്റകുറ്റപ്പണികൾക്കായി തുകയൊന്നും അനുവദിച്ചിട്ടില്ലാത്തതിനാൽ, ഈ ഇനത്തിൽ 30,000 രൂപയും ഉൾപ്പെടെ ആകെ 14,06,000 രൂപ അധികമായി വകയിരുത്തുന്നതിന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

## ധനാഭ്യർത്ഥന നമ്പർ XVIII (വൈദ്യസഹായരംഗവും പൊതുജനാരോഗ്യവും)

## I. ഇൻഷ്വറൻസ് മെഡിക്കൽ സർവ്വീസസ്

2016 സെപ്റ്റംബർ മുതലുള്ള മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ് അപേക്ഷകളിന്മേൽ തുകകൾ നൽകേണ്ടതിനാലും, ESI-യുടെ പുതിയ നയമനുസരിച്ച് ESIC 2.0 നിലവിൽവന്ന സാഹചര്യത്തിൽ ഐ.പി.-കളുടെ

എണ്ണത്തിൽ വർദ്ധനയുണ്ടാകാൻ സാധ്യതയുള്ളതിനാലും ഡ്രഗ്സും ഡ്രസ്സിംഗും ഇനത്തിൽ 20,00,00,000 രൂപയും, സൂപ്പർ സ്പെഷ്യാലിറ്റി ചികിത്സ ഇനത്തിൽ 5,00,00,000 രൂപയും, മെഡിക്കൽ ക്ലെയിംസിന്റെ റീ-ഇംബേഴ്സ്മെന്റ് ഇനത്തിൽ 7,75,48,000 രൂപയും ഉൾപ്പെടെ 'ഇ.എസ്.ഐ.-യുടെ കീഴിലുള്ള പ്രത്യേക ഘടക പദ്ധതികൾക്കുള്ള ചെലവ് ' എന്ന ശീർഷകത്തിൽ ആകെ 32,75,48,000 രൂപ അധികമായി വകയിരുത്തുന്നതിന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു

സമിതിയുടെ അടുത്ത യോഗം 2017 ഏപ്രിൽ മാസം 5-ാം തീയതി തിരുവനന്തപുരത്തുവച്ച് കൂടാൻ തീരുമാനിച്ചു

യോഗം ഉച്ചയ്ക്കുശേഷം 1.50-ന് പിരിഞ്ഞു.

---

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2017

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.